# യുഗാന്ത്യ ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# യുഗാന്ത്യ ദൈവശാസ്ത്രം

**Title:** Eschatology
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 July 28 (St. Alphonsa)

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith KC
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. ശരീരത്തിന്റെ ഉയിർപ്പിൽ ഞാൻ വിശ്വസിക്കുന്നു .................................... 5
2. മരണം: ദൈവശാസ്ത്ര വീക്ഷണത്തിൽ ...................................................... 23
3. വിധി ......................................................................................................... 37
4. ശുദ്ധീകരണം .............................................................................................. 67
5. നരകശിക്ഷ ................................................................................................ 93
6. സ്വർഗ്ഗസൗഭാഗ്യം ...................................................................................... 107
7. തെയ്യാർദ് ഷർദാന്റെ ദൃഷ്ടിയിൽ
പ്രപഞ്ചത്തിന്റെ ക്രിസ്തൂന്മുഖത ............................................................... 117

*Published for the use of the students of Alpha Institute of Theology and Science*

# 01

## “ശരീരത്തിന്റെ ഉയിർപ്പിൽ ഞാൻ വിശ്വസിക്കുന്നു”

(*മരണാനന്തര ജീവിതത്തെക്കുറിച്ച് പരി.കത്തോലിക്കാ സഭയുടെ സാർവ്വത്രിക മതബോധനഗ്രന്ഥം നൽകുന്ന പ്രബോധനങ്ങളാണ് ഈ പ്രാരംഭ പാഠത്തിന്റെ ഉള്ളടക്കം*)

ക്രൈസ്തവ വിശ്വാസപ്രമാണം, അതായത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിലും, ദൈവത്തിന്റെ സൃഷ്ടിപരവും രക്ഷാകരവും വിശുദ്ധീകരണാത്മകവുമായ പ്രവൃത്തിയിലും നമുക്കുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം, മരിച്ചവരുടെ അന്ത്യദിനത്തിലെ ഉത്ഥാനത്തിലും നിത്യജീവിതത്തിലുമുള്ള പ്രഖ്യാപനത്തിൽ മകുടമണിയുന്നു.

989 ക്രിസ്തു മരിച്ചവരിൽനിന്നു യഥാർത്ഥത്തിൽ ഉയിർത്തെഴുന്നേൽക്കുകയും നിത്യമായി ജീവിക്കുകയും ചെയ്യുന്നതുപോലെ നീതിമാന്മാർ ഉത്ഥിതനായ ക്രിസ്തുവിനോടുകൂടെ മരണശേഷം എന്നേക്കും ജീവിക്കുമെന്നും, അവിടുന്ന് അവരെ അവസാന ദിവസം ഉയിർപ്പിക്കുമെന്നും നാം ഉറച്ചു വിശ്വസിക്കുകയും തന്മൂലം അങ്ങനെ നാം പ്രതീക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ ഉത്ഥാനം അവിടുത്തേതെന്നപോലെ പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തിയായിരിക്കും:

> യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ ക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങ

ളുടെ മർത്ത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും. (Rom 8:11; cf. 1Th 4:14; 1Cor 6:14; 2Cor 4:14; Phil 3:10-11)

990 "ശരീരം" എന്ന പദം, മനുഷ്യനെ അവന്റെ ദുർബലതയുടെയും മർത്ത്യതയുടെയും അവസ്ഥയിൽ സൂചിപ്പിക്കുന്നു. "ശരീരത്തിന്റെ ഉയിർപ്പ്" എന്നതിന്, മരണശേഷം അമർത്ത്യമായ ആത്മാവു ജീവിക്കു മെന്നുമാത്രമല്ല, നമ്മുടെ "മർത്ത്യമായ ശരീരം" പോലും ജീവനിലേക്കു വരുമെന്നുകൂടി അർത്ഥമുണ്ട്.

991 മരിച്ചവരുടെ ഉത്ഥാനത്തിലുള്ള വിശ്വാസം ആരംഭംമുതലേ ക്രൈസ്തവവിശ്വാസത്തിന്റെ സത്താപരമായ ഒരു ഘടകമായിരുന്നു. ക്രിസ്ത്യാനികളുടെ ആത്മവിശ്വാസം മരിച്ചവരുടെ ഉയിർപ്പാണ്. ഇതു വിശ്വസിച്ചുകൊണ്ടു നമ്മൾ ജീവിക്കുന്നു.

മരിച്ചവരുടെ പുനരുത്ഥാനമില്ലെന്നു നിങ്ങളിൽ ചിലർക്ക് എങ്ങനെ പറയാൻ കഴിയും? എന്നാൽ മരിച്ചവർക്കു പുനരുത്ഥാനമില്ലെങ്കിൽ ക്രിസ്തു ഉയിർപ്പിക്ക പ്പെട്ടില്ല. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാണ്.... എന്നാൽ നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെയിടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. (1Cor 15:12-14,20)

## ക്രിസ്തുവിന്റെ ഉത്ഥാനവും നമ്മുടെ ഉത്ഥാനവും

### ഉത്ഥാനത്തെ സംബന്ധിച്ച ക്രമപ്രവൃദ്ധമായ വെളിപാട്

992 മരിച്ചവരുടെ ഉത്ഥാനത്തെ സംബന്ധിച്ച വെളിപാട് ദൈവം തന്റെ ജനത്തിനു പടിപടിയായിട്ടാണു നൽകിയത്. ആത്മാവും ശരീരവുമുള്ള സംപൂർണ്ണ മനുഷ്യന്റെ സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസത്തിന്റെ ആന്തരികപരിണിതഫലമാണ്, മരണമടഞ്ഞവരുടെ ശാരീരികമായ ഉത്ഥാ നത്തിലുള്ള പ്രത്യാശ. സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവ്, അബ്രാഹത്തോടും അവന്റെ സന്തതികളോടും താൻ ചെയ്ത ഉടമ്പടി വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിക്കുന്നവനുമാണ്. ഈ ദ്വിമാനവീക്ഷ ണത്തിലാണ്, ഉത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസം അവതരിപ്പിക്കപ്പെട്ടു തുടങ്ങിയത്. രക്തസാക്ഷികളായ മക്കബായർ തങ്ങളുടെ പരീക്ഷകളിൽ ഏറ്റുപറഞ്ഞു:

പ്രപഞ്ചത്തിന്റെ രാജാവ് അനശ്വരമായ നവജീവിതത്തിലേക്കു ഞങ്ങളെ ഉയിർപ്പി ക്കും. എന്തെന്നാൽ അവിടുത്തെ നിയമങ്ങൾക്കുവേണ്ടിയാണു ഞങ്ങൾ മരിക്കു ന്നത്. മനുഷ്യകരങ്ങളിൽ നിന്നുള്ള മരണത്തെ തിരഞ്ഞെടുക്കാതിരിക്കാനോ, ദൈവം ഉയിർപ്പിക്കുമെന്ന് അവിടുന്നു നൽകുന്ന പ്രത്യാശ പുലർത്താതിരിക്കാനോ ഒരുവനും സാധ്യമല്ല. (2Macc 7:14; cf. 7:29; Dan 12:1-13)

993 ഫരിസേയരും കർത്താവിന്റെ കാലത്തു ജീവിച്ചിരുന്ന അനേ കരും പുനരുത്ഥാനത്തിൽ പ്രത്യാശവച്ചിരുന്നു. യേശു അത് അസന്ദി ഗ്ധമായി പഠിപ്പിച്ചു. അതു നിഷേധിക്കുന്ന സദുക്കായരോട് അവിടുന്ന്

ഇങ്ങനെ ഉത്തരം പറഞ്ഞു: "വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്കു തെറ്റു പറ്റുന്നത്?" ദൈവം മരിച്ചവരുടെ ദൈവമല്ല, പിന്നെയോ ജീവിക്കുന്നവരുടെ ദൈവമാണ്" എന്ന വിശ്വാസത്തിന്മേലാണു പുനരുത്ഥാനത്തിലുള്ള വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത്.

994 ഇതുമാത്രമല്ല, പുനരുത്ഥാനത്തിലുള്ള വിശ്വാസത്തെ യേശു തന്നോടുതന്നെ ബന്ധിപ്പിക്കുന്നു: "ഞാനാണു പുനരുത്ഥാനവും ജീവനും." യേശുതന്നെയാണു തന്നിൽ വിശ്വസിക്കുന്നവരെ, തന്റെ ശരീരം ഭക്ഷിക്കുകയും തന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവരെ, അവസാനദിവസം ഉയിർപ്പിക്കുന്നത്. മരണമടഞ്ഞ ചിലർക്കു ജീവൻ നൽകിക്കൊണ്ട് അവിടുന്ന് ഇപ്പോൾ ഈ ജീവിതത്തിൽതന്നെ അതിന്റെ അടയാളവും അച്ചാരവും നൽകുന്നു. തന്റെതന്നെ പുനരുത്ഥാനം മറ്റൊരു ക്രമത്തിലുള്ളതാണെങ്കിലും മറ്റുള്ളവരെ ഉയിർപ്പിക്കുന്ന സംഭവങ്ങളിൽ അതു മുൻകൂട്ടി പ്രഖ്യാപിക്കപ്പെടുകയാണ്. അനന്യമായ ഈ സംഭവം "യോനായുടെ അടയാളവും" ദൈവാലയത്തിന്റെ അടയാളവുമാണെന്ന് അവിടുന്നു പറയുന്നു. താൻ വധിക്കപ്പെടുമെന്നും എന്നാൽ അതിനു ശേഷം മൂന്നാംദിവസം ഉത്ഥാനം ചെയ്യുമെന്നും അവിടുന്ന് അറിയിക്കുന്നു.

995 ക്രിസ്തുവിന്റെ സാക്ഷിയായിരിക്കുക എന്നത് "അവിടുത്തെ ഉത്ഥാനത്തിന് സാക്ഷി"യായിരിക്കുക എന്നതാണ്; അവിടുന്നു "മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തതിനുശേഷം അവിടുത്തോടൊപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു എന്നതാണ്." ഉത്ഥിതനായ ക്രിസ്തുവുമായുള്ള സമാഗമങ്ങൾ ഉത്ഥാനത്തെക്കുറിച്ചുള്ള ക്രൈസ്തവപ്രതീക്ഷയുടെ സവിശേഷ ലക്ഷണമാണ്. നാം അവിടുത്തെപ്പോലെ അവിടുത്തോടുകൂടെ, അവിടുന്നിലൂടെ ഉത്ഥാനം ചെയ്യും.

996 ഉത്ഥാനത്തിലുള്ള ക്രൈസ്തവവിശ്വാസം ആരംഭകാലം മുതൽ അഗ്രാഹ്യതയും എതിർപ്പുകളും നേരിട്ടിട്ടുണ്ട്. ക്രൈസ്തവവിശ്വാസം ശരീരത്തിന്റെ ഉത്ഥാനമെന്ന വിഷയത്തിൽ നേരിടേണ്ടിവരുന്നതിലേറെ എതിർപ്പ് വേറെ ഒരു വിഷയത്തിലും നേരിടേണ്ടി വരുന്നില്ല. മനുഷ്യവ്യക്തിയുടെ ജീവിതം മരണാനന്തരം അധ്യാത്മികമായ ഒരു രീതിയിൽ തുടരുവെന്നതു പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. പക്ഷേ, സുവ്യക്തമായും മർത്ത്യവുമായിട്ടുള്ള ഈ ശരീരം നിത്യജീവിതത്തിലേക്ക് ഉയിർത്തെഴുന്നേൽക്കുമെന്നു നമുക്ക് എങ്ങനെ വിശ്വസിക്കാനാവും?

## മരിച്ചവർ എങ്ങനെയാണ് ഉയിർത്തെഴുന്നേൽക്കുന്നത്?

997 *എന്താണ് "ഉയിർത്തെഴുന്നേൽക്കൽ?"* മരണത്തിൽ, ശരീരത്തിൽനിന്നുള്ള ആത്മാവിന്റെ വേർപാടിൽ മനുഷ്യശരീരം ജീർണ്ണിക്കുന്നു. ആത്മാവു ദൈവത്തെ കണ്ടുമുട്ടാനായി യാത്രയാവുന്നു. അതേസമയം മഹത്ത്വീകൃത ശരീരവുമായുള്ള പുനരൈക്യത്തിനായി കാത്തിരി

ക്കുകയും ചെയ്യുന്നു. ദൈവം തന്റെ സർവാതീതശക്തികൊണ്ട്, യേശുവിന്റെ ഉത്ഥാനത്തിന്റെ ശക്തിയിലൂടെ നമ്മുടെ ശരീരങ്ങളെ നമ്മുടെ ആത്മാക്കളോടു വീണ്ടും ചേർത്തുകൊണ്ടു നമ്മുടെ ശരീരങ്ങൾക്ക് അനശ്വരമായ ജീവിതം ആത്യന്തികമായി പ്രദാനം ചെയ്യും.

998 *ആരാണ് ഉയിർത്തെഴുന്നേൽക്കുന്നത്?* മരിച്ചവരെല്ലാവരും ഉയിർത്തെഴുന്നേൽക്കും. "നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിലേക്കും തിന്മ പ്രവർത്തിച്ചവർ വിധിയുടെ ഉയിർപ്പിലേക്കും."

999 എങ്ങനെ? മിശിഹാ ശരീരത്തോടെ ഉയിർപ്പിക്കപ്പെട്ടു: "എന്റെ കൈകളും കാലുകളും കാണുക, ഇതു ഞാൻ തന്നെയാണെന്നു മനസ്സിലാക്കുവിൻ." പക്ഷേ, അവിടുന്നു ഭൗമിക ജീവിത്തിലേക്കു തിരിച്ചുവന്നില്ല. അതുപോലെ അവിടുന്നിൽ എല്ലാവരും അവർ ഇപ്പോൾ ധരിക്കുന്ന ശരീരങ്ങളോടെ ഉത്ഥാനം ചെയ്യും. എന്നാൽ ഈ ശരീരം മഹത്ത്വപൂർണ്ണമായ ശരീരമായി രൂപാന്തരപ്പെടും."– "ആധ്യാത്മിക ശരീര"മായി മാറും.

> ആരെങ്കിലും ചോദിച്ചേക്കാം, മരിച്ചവർ എങ്ങനെയാണ് ഉയിർപ്പിക്കപ്പെടുക? ഏതുതരം ശരീരത്തോടുകൂടെയായിരിക്കും അവർ വരുന്നത്? വിഡ്ഢിയായ മനുഷ്യാ നീ വിതയ്ക്കുന്നതു നശിക്കുന്നില്ലെങ്കിൽ അത് പുനർജീവിക്കുകയില്ല. ഉണ്ടാകാനിരിക്കുന്ന പദാർഥമല്ല നീ വിതയ്ക്കുന്നത്... വെറുമൊരു മണിമാത്രമാണ്. നശ്വരതയിൽ വിതയ്ക്കപ്പെടുന്നത് അനശ്വരതയിൽ ഉയിർക്കുന്നു. മരിച്ചവർ അനശ്വരരായി ഉയിർപ്പിക്കപ്പെടും... എന്തെന്നാൽ നശ്വരമായ ഈ പ്രകൃതി അനശ്വരമായതിനെ ധരിക്കണം. മർത്യമായ ഈ പ്രകൃതി അമർത്യത ധരിക്കുകയും വേണം. (1Cor 15:35-37, 42,52,53)

1000 "എങ്ങനെ ഉത്ഥാനം സംഭവിക്കുന്നു" എന്നതു നമ്മുടെ ഭാവനയ്ക്കും ഗ്രഹണശക്തിക്കും അതീതമാണ്; അതു വിശ്വാസത്തിനു മാത്രം അഭിഗമ്യമാണ്. എന്നാലും കുർബാനയിലുള്ള നമ്മുടെ ഭാഗഭാഗിത്വം, നമ്മുടെ ശരീരങ്ങൾ ക്രിസ്തുവിലൂടെ രൂപാന്തരപ്പെടുന്നതിന്റെ ഒരു മുന്നാസ്വാദനം നമുക്കു പ്രദാനം ചെയ്യുന്നു.

> ഭൂമിയിൽനിന്നുള്ള അപ്പം, അതിന്മേൽ ദൈവത്തിന്റെ ആശീർവാദത്തിനായുള്ള പ്രാർത്ഥന ചൊല്ലിക്കഴിയുമ്പോൾ സാധാരണ അപ്പമല്ല ഭൗതികവും സ്വർഗീയവുമായ രണ്ടു യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന കുർബാനയായിത്തീരുന്നു. അതുപോലെതന്നെ കുർബാനയിൽ പങ്കുകൊള്ളുന്ന നമ്മുടെ ശരീരങ്ങളും, നശ്വരമല്ല, പ്രത്യുത, ഉത്ഥാനത്തിന്റെ പ്രത്യാശ ഉൾക്കൊള്ളുന്നതായിത്തീരുന്നു. (St. Irenaeus, *Adv.haere.* 4,18, 4-5:PG7/1,1028-1029)

1001 *എപ്പോൾ?* തീർച്ചയായും "അവസാനദിവസം," "ലോകാവസാനത്തിൽ." യഥാർത്ഥത്തിൽ, മൃതരുടെ ഉത്ഥാനം ക്രിസ്തുവിന്റെ പ്രത്യാഗമനവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു:

> എന്തെന്നാൽ അധികാരപൂർണമായ ആജ്ഞാവചനത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളധ്വനിയോടുംകൂടി കർത്താവുതന്നെ സ്വർഗ

ത്തിൽനിന്ന് ഇറങ്ങിവരും. ക്രിസ്തുവിലായിരിക്കുന്ന മരിച്ചവർ ആദ്യം ഉയിർത്തെ ഴുന്നേൽക്കും. (1TH 4:16)

## ക്രിസ്തുവിനോടുകൂടി ഉത്ഥാനം ചെയ്തവർ

1002 "അവസാനദിവസം" ക്രിസ്തു നമ്മെ ഉയിർപ്പിക്കുമെന്നത് സത്യ മെങ്കിൽ, ഒരുവിധത്തിൽ, നാം ക്രിസ്തുവിനോടുകൂടി ഉത്ഥാനം ചെയ്തു കഴിഞ്ഞു എന്നതും സത്യമാണ്. എന്തെന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തീയജീവിതം ഭൂമിയിൽ ഇപ്പോൾത്തന്നെ, ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണ്.

> മാമ്മോദീസാവഴി നിങ്ങൾ അവനോടൊപ്പം സംസ്കരിക്കപ്പെട്ടു. മരിച്ചവരിൽനിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു... ക്രിസ്തു വിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേ ഷിക്കുവിൻ. (Col 2:12; 3:1)

1003 മാമ്മോദീസവഴി ക്രിസ്തുവിനോട് ഐക്യപ്പെട്ട വിശ്വാസികൾ ഉത്ഥിതനായ ക്രിസ്തുവിന്റെ സ്വർഗീയജീവിതത്തിൽ ഇപ്പോൾത്തന്നെ പങ്കുപറ്റുന്നു. പക്ഷേ, ഈ ജീവിതം "ദൈവത്തിൽ ക്രിസ്തുവിനോടു കൂടെ നിഗൂഢമായിരിക്കുന്നു." പിതാവ്, "അവിടുത്തോടുകൂടെ നമ്മെ ഉയിർപ്പിച്ചു സ്വർഗത്തിൽ യേശുക്രിസ്തുവിൽ അവിടുത്തോടുകൂടി ഇരു ത്തുകയും ചെയ്തു." കുർബാനയിൽ അവിടുത്തെ ശരീരംകൊണ്ടു പരി പോഷിപ്പിക്കപ്പെട്ട നാം അവിടുത്തെ ശരീരത്തിന്റെ ഭാഗമായിത്തീരുന്നു. നാം അവസാനദിവസം ഉയിർത്തെഴുന്നേൽക്കുമ്പോൾ "അവിടുത്തോടു കൂടെ നാമും മഹത്ത്വത്തിൽ കാണപ്പെടുകയും ചെയ്യും."

1004 ആ ദിവസത്തിന്റെ പ്രത്യാശയിൽ വിശ്വാസികളുടെ ശരീരവും ആത്മാവും ക്രിസ്തുവിൽ ആയിരിക്കുക എന്ന മഹത്ത്വത്തിൽ പങ്കുപ റ്റുന്നു: സ്വന്തം ശരീരത്തെ മാത്രമല്ല, ഏതൊരു വ്യക്തിയുടെയും, പ്രത്യേ കിച്ച്, പീഡസഹിക്കുന്ന ഓരോ വ്യക്തിയുടെയും ശരീരത്തെ ബഹുമാ നത്തോടെ കൈകാര്യം ചെയ്യണമെന്ന് ഇത് ആവശ്യപ്പെടുന്നു:

> ശരീരം കർത്താവിനും കർത്താവു ശരീരത്തിനും (വേണ്ടിയുള്ളതാണ്). ദൈവം കർത്താവിനെ ഉയിർപ്പിച്ചു. അവിടുത്തെ ശക്തിയിൽ നമ്മെയും അവിടുന്ന് ഉയിർപ്പിക്കും. നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ?... നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല... അതുകൊണ്ടു നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുവിൻ. (1Cor 6:13-15,19-20)

## യേശുക്രിസ്തുവിലുള്ള മരണം

1005 ക്രിസ്തുവിനോടുകൂടി ഉയിർക്കാൻ നാം ക്രിസ്തുവിനോടുകൂടി മരിക്കണം: "നാം ശരീരത്തിൽനിന്ന് അകലുകയും കർത്താവിനോട് അടു

ത്തിരിക്കുകയും" വേണം. മരണമാകുന്ന ആ വേർപാടിൽ ആത്മാവു ശരീരത്തിൽനിന്നു വേർതിരിക്കപ്പെടുന്നു. മൃതരുടെ ഉത്ഥാനദിവസം അതു ശരീരവുമായി വീണ്ടും യോജിപ്പിക്കപ്പെടും.

**മരണം**

1006 "മരണത്തെ സംബന്ധിച്ചാണു മനുഷ്യന്റെ അവസ്ഥ ഏറ്റവും കൂടുതൽ ദുരൂഹമായിരിക്കുന്നത്." ഒരർത്ഥത്തിൽ ശാരീരിക മരണം സ്വാഭാവികമാണ്, പക്ഷേ വിശ്വാസമനുസരിച്ച് അതു യഥാർത്ഥത്തിൽ "പാപത്തിന്റെ വേതനം" ആണ്. ക്രിസ്തുവിന്റെ കൃപാവരത്തിൽ മരിക്കന്നവർക്കു മരണം കർത്താവിന്റെ മരണത്തിലുള്ള ഭാഗഭാഗിത്വമാണ്. അതിനാൽ അവർക്ക് അവിടുത്തെ ഉത്ഥാനത്തിലും പങ്കുചേരാൻ സാധിക്കും.

1007 *മരണം ഭൗമികജീവിതത്തിന്റെ അന്ത്യമാണ്.* നമ്മുടെ ജീവിതം സമയംകൊണ്ട് അളക്കപ്പെടുന്നു. അതിന്റെ ഗതിയിൽ നമുക്കു മാറ്റം സംഭവിക്കുകയും നാം വാർധക്യത്തിലെത്തുകയും ചെയ്യുന്നു. ഭൂമിയിലെ സർവജീവജാലങ്ങൾക്കുമെന്നപോലെ, മരണം ജീവിതത്തിന്റെ സ്വാഭാവികമായ അന്ത്യംപോലെ കാണപ്പെടുന്നു. മരണത്തിന്റെ ഈ പ്രത്യേകത നമ്മുടെ ജീവിതത്തിന് അടിയന്തിരസ്വഭാവം നൽകുന്നു; നമ്മുടെ ജീവിതത്തെ സാക്ഷാത്കാരത്തിലേക്ക് എത്തിക്കുന്നതിനു പരിമിതമായ സമയമേ ഉള്ളൂ എന്നു മനസ്സിലാക്കാൻ, മർത്ത്യതയെപ്പറ്റിയുള്ള സ്മരണ നമ്മെ സഹായിക്കുന്നു:

> നിന്റെ യൗവനത്തിന്റെ നാളുകളിൽ നിന്റെ സ്രഷ്ടാവിനെയും നീ സ്മരിക്കുക... പൂഴി അതിന്റെ ഉറവിടമായ ഭൂമിയിലേക്കും ആത്മാവ് അതിന്റെ ദാതാവായ ദൈവത്തിലേക്കും തിരിച്ചുപോകുന്നതിനു മുൻപ്. (Eccl. 12:1,7)

1008 *മരണം പാപത്തിന്റെ ഫലമാണ്.* മരണം മനുഷ്യന്റെ പാപംമൂലം ലോകത്തിൽ പ്രവേശിച്ചുവെന്ന്, വിശുദ്ധലിഖിതത്തിന്റെയും പാരമ്പര്യത്തിന്റെയും യഥാർത്ഥ വ്യാഖ്യാതാവ് എന്ന നിലയിൽ സഭയുടെ പ്രബോധനാധികാരം പഠിപ്പിക്കുന്നു. മനുഷ്യന്റെ പ്രകൃതി മരണാത്മകമാണെങ്കിലും, അവൻ മരിക്കരുതെന്നായിരുന്നു ദൈവനിയോഗം. അങ്ങനെ മരണം സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതികൾക്കു വിപരീതമായിരുന്നു. അതു പാപത്തിന്റെ ഫലമായി ലോകത്തിൽ പ്രവേശിക്കുകയും ചെയ്തു. "പാപം ചെയ്യാതിരുന്നെങ്കിൽ ശാരീരികമരണം മനുഷ്യനെ സ്പർശിക്കുമായിരുന്നില്ല." അത്, ഇനിയും കീഴടക്കപ്പെടേണ്ട "അവസാനത്തെ ശത്രു" ആണ്.

1009 മരണം ക്രിസ്തുവിനാൽ രൂപാന്തീകൃതമായി. ദൈവപുത്രനായ യേശുതന്നെയും മാനുഷികാവസ്ഥയുടെ ഭാഗമായ മരണം സഹിച്ചു. എന്നാലും, അവിടുന്നു മരണത്തെ നേരിട്ടപ്പോൾ കഠിനവേദനയനുഭവിച്ചെങ്കിലും, തന്റെ പിതാവിന്റെ ഹിതത്തോടു പൂർണവും സ്വതന്ത്രവുമായ വിധേയത്വം പ്രകടമാക്കിക്കൊണ്ട് അവിടുന്ന് അതു സ്വീകരിച്ചു. യേശു

വിന്റെ അനുസരണം മരണത്തിന്റെ ശാപത്തെ ഒരു അനുഗ്രഹമായി രൂപാന്തരപ്പെടുത്തി.

## ക്രൈസ്തവമരണത്തിന്റെ അർത്ഥം

1010 ക്രൈസ്തവ മരണത്തിനു ക്രിസ്തുമൂലം ഭാവാത്മകമായ ഒരർത്ഥം കൈവന്നിരിക്കുന്നു: "എന്തെന്നാൽ, എന്നെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നതു ക്രിസ്തുവാകുന്നു; മരിക്കുക എന്നതു ലാഭമാകുന്നു." "നാം അവനോടുകൂടെ മരിച്ചെങ്കിൽ നാം അവനോടുകൂടെ ജീവിക്കും" എന്ന വചനം വിശ്വാസയോഗ്യമാണ്." ക്രൈസ്തവ മരണത്തെ സംബന്ധിച്ചു സത്താപരമായി നവീനമായിട്ടുള്ളത് ഇതാണ്; മാമ്മോദീസയിലൂടെ ക്രൈസ്തവർ, ഒരു പുതിയജീവിതം നയിക്കുന്നതിനുവേണ്ടി കൗദാശികമായി "ക്രിസ്തുവിനോടുകൂടെ മരിച്ചു" കഴിഞ്ഞു. നാം ക്രിസ്തുവിന്റെ കൃപാവരത്തിൽ മരിക്കുന്നെങ്കിൽ, ശാരീരികമരണം "ക്രിസ്തുവിനോടുകൂടിയുള്ള ഈ മരണത്തെ" പൂർണമാക്കുന്നു. അങ്ങനെ, അവിടുത്തോടുള്ള നമ്മുടെ ഏകീഭവിക്കൽ, അവിടുത്തെ രക്ഷാകരപ്രവൃത്തിയിൽ നിറവേറുന്നു:

> ഭൂമിയുടെ അതിർത്തികളോളം ആധിപത്യം നടത്തുന്നതിനെക്കാൾ യേശുക്രിസ്തുവിൽ മരിക്കുകയാണ് എനിക്കു നല്ലത്. നമുക്കുവേണ്ടി മരിച്ച അവിടുത്തെയാണു ഞാൻ അന്വേഷിക്കുന്നത്. നമുക്കുവേണ്ടി ഉത്ഥാനം ചെയ്ത അവിടുത്തെയാണു ഞാൻ ആഗ്രഹിക്കുന്നത്. ജന്മമരുളുന്ന നിമിഷത്തിലാണു ഞാൻ... നിർമ്മലമായ പ്രകാശം ഞാൻ സ്വീകരിക്കട്ടെ; ഞാനവിടെ ചെന്നെത്തുമ്പോൾ ഞാൻ ഒരു മനുഷ്യനായിരിക്കും. (St. Ignatius of Antioch, *Ad Rom.,* 6,1-2: *Apostolic Fathers*, 11/2,217-220)

1011 മനുഷ്യനെ അവന്റെ മരണത്തിൽ ദൈവം തന്നിലേക്കു വിളിക്കുന്നു. അതുകൊണ്ടു വി. പൗലോസ് അപ്പസ്തോലനുണ്ടായിരുന്നതുപോലെ മരിക്കാനുള്ള ആഗ്രഹം ക്രൈസ്തവന് അനുഭവിച്ചറിയാൻ കഴിയും: വേർപിരിയുകയും ക്രിസ്തുവിനോടു കൂടിയായിരിക്കുകയും ചെയ്യുക എന്നതാണ് എന്റെ ആഗ്രഹം. തന്റെ മരണത്തെ, ക്രിസ്തുവിന്റെ മാതൃകയനുസരിച്ച്, പിതാവിനോടുള്ള അനുസരണത്തിന്റെയും സ്നേഹത്തിന്റെയും ഒരു പ്രകരണമാക്കി രൂപാന്തരപ്പെടുത്തുവാൻ അവനു കഴിയും.

> എന്റെ ഭൗമികമായ ആഗ്രഹം ക്രൂശിക്കപ്പെട്ടുകഴിഞ്ഞു... എന്നിൽ സജീവജലമുണ്ട്. എന്റെ ഉള്ളിൽ നിമന്ത്രിക്കുകയും പിതാവിന്റെയടുക്കലേക്ക വരുക എന്നു മൊഴിയുകയും ചെയ്യുന്ന ജലം. (St. Ignatius of Antioch, *Ad Rom.*, 6,1-2: *Apostolic Fathers,* 11/2,217-220)

> എനിക്ക് അങ്ങയെ കാണണം. അതിനായി ഞാൻ മരിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ മരിക്കുകയല്ല, ജീവനിലേക്കു പ്രവേശിക്കുകയാണ്. (St. Therese of Lisieux, The *Last Conversations.*)

1012 മരണത്തെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണം, സഭയുടെ ആരാധനാക്രമത്തിൽ സവിശേഷമായി പ്രകാശിപ്പിക്കപ്പെടുന്നു.

> കർത്താവേ അങ്ങേ വിശ്വസ്തരുടെ ജീവിതത്തിനു മാറ്റം വരുന്നു, അത് അവസാനിക്കുന്നില്ല. ഞങ്ങളുടെ ഭൗമികവാസം അവസാനിക്കുമ്പോൾ സ്വർഗത്തിൽ ഞങ്ങൾ ശാശ്വതമായ വാസസ്ഥലം നേടുന്നു. (*Roman Missal,* Preface of Christian death 1)

1013 മരണം മനുഷ്യന്റെ ഭൗമികതീർത്ഥാടനത്തിന്റെ അവസാനമാണ്. ദൈവിക പദ്ധതിക്കനുസൃതമായി തന്റെ ഭൗമികജീവിതം നയിക്കാനും തന്റെ പരമമായ ഭാഗധേയത്തെ നിശ്ചയിക്കാനുമായി ദൈവം നൽകുന്ന കൃപാവരത്തിന്റെയും കാരുണ്യത്തിന്റെയും സമയത്തിന്റെ അന്ത്യമാണു മരണം. ഭൗമികജീവിതത്തിന്റെ ഒരേയൊരുയാത്ര പൂർത്തിയായിക്കഴിയുമ്പോൾ നാം മറ്റു ഭൗമികജീവിതങ്ങളിലേക്കു തിരിക്കുന്നില്ല: "മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു." മരണത്തിനുശേഷം പുനർജന്മമില്ല.

1014 നമ്മുടെ മരണത്തിന്റെ മണിക്കൂറിനായി നമ്മെത്തന്നെ ഒരുക്കാൻ സഭ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. വിശുദ്ധന്മാരുടെ ലുത്തിനിയായിൽ സഭ, "പെട്ടെന്നുള്ളതും മുൻകൂട്ടിക്കാണാത്തതുമായ മരണത്തിൽനിന്ന്, കർത്താവേ ഞങ്ങളെ രക്ഷിക്കണമേ" എന്നു പ്രാർത്ഥിക്കുന്നു. നന്മനിറഞ്ഞ മറിയമേ എന്ന ജപത്തിൽ ഞങ്ങളുടെ മരണസമയത്തു ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ എന്നു ദൈവമാതാവിനോടു യാചിക്കാനും സൗഭാഗ്യപൂർണമായ മരണത്തിന്റെ മധ്യസ്ഥനായ വി. യൗസേപ്പിനു നമ്മെത്തന്നെ ഭരമേൽപിക്കാനും സഭ ആവശ്യപ്പെടുന്നു.

> നിന്റെ ഓരോ പ്രവൃത്തിയും ഓരോ ചിന്തയും, ദിവസം അവസാനിക്കുംമുൻപു മരിക്കുമെന്നു പ്രതീക്ഷിക്കുന്ന ഒരാളുടേതായിരിക്കണം. ഒരു നല്ല മനഃസാക്ഷി നിനക്കുണ്ടെങ്കിൽ നീ മരണത്തെ അമിതമായി ഭയപ്പെടുകയില്ല... അതിനാൽ, മരണത്തിൽനിന്ന് ഓടുന്നതിനേക്കാൾ പാപമില്ലാതെ കഴിയാൻ ശ്രദ്ധിക്കുന്നതാണ് ഭേദം. ഇന്നു മരണത്തെ നേരിടാനുള്ള ഒരുക്കം നിനക്കില്ലെങ്കിൽ, നാളെ നിനക്ക് അതെങ്ങിനെ ഉണ്ടാകും? (*The Imitation of Christ,* 1,23,1)

> കർത്താവേ, ശാരീരികമരണമാകുന്ന ഞങ്ങളുടെ സഹോദരിയെപ്രതി അങ്ങു സ്തുതുക്കപ്പെടട്ടെ. ജീവിക്കുന്ന ഒരു മനുഷ്യനും അവളെ ഒഴിവാക്കാനാവുകയില്ല. മാരക പാപത്തിൽ മരിക്കുന്നവർക്കു ഹാ കഷ്ടം! അങ്ങയുടെ പരിശുദ്ധമായ ഹിതത്തിൽ ചരിക്കുന്നവരായി കാണപ്പെടുന്നവർ ഭാഗ്യവാന്മാരാകുന്നു. എന്തെന്നാൽ രണ്ടാമത്തെ മരണം അവരെ ഉപദ്രവിക്കുകയില്ല. (St. Francis of Assisi, *Canticle of the Creatures*)

**സംഗ്രഹം**

> "*ശരീരം രക്ഷയുടെ വിജാഗിരിയാണ്.*" (Tertullian Deres.8,2:PL2, 852)ശരീരത്തിന്റെ സ്രഷ്ടാവായ ദൈവത്തിൽ നാം വിശ്വസിക്കുന്നു. ശരീരത്തെ രക്ഷി

ക്കാൻ വേണ്ടി ശരീരം ധരിച്ച വചനത്തിൽ നാം വിശ്വസിക്കുന്നു. സൃഷ്ടിയുടെയും ശരീരത്തിന്റെ വീണ്ടെടുപ്പിന്റെയും പരമകാഷ്ഠയായ ശരീരത്തിന്റെ ഉത്ഥാനത്തിൽ നാം വിശ്വസിക്കുന്നു. മരണംമൂലം ആത്മാവു ശരീരത്തിൽനിന്നു പിരിയുന്നു. പക്ഷേ, ഉത്ഥാനത്തിൽ നമ്മുടെ ആത്മാവിനോടു വീണ്ടും ചേർക്കപ്പെട്ട് രൂപാന്തരീകൃതമായ നമ്മുടെ ശരീരത്തിന് ദൈവം അക്ഷയമായ ജീവൻ നൽകും. ക്രിസ്തു ഉയിർത്തെഴുന്നേൽക്കുകയും എന്നേയ്ക്കും ജീവിക്കുകയും ചെയ്യുന്നതുപോലെ നാമെല്ലാം അവസാനദിവസം ഉയിർത്തെഴുന്നേൽക്കും.

നമുക്ക് ഇപ്പോഴുള്ള ഈ ശരീരത്തിന്റെ യഥാർത്ഥ ഉയിർപ്പിൽ നാം വിശ്വസിക്കുന്നു. നമ്മൾ കബറിടത്തിൽ ക്ഷയോന്മുഖമായ ശരീരം വിതയ്ക്കുന്നു: എന്നാൽ അക്ഷയമായ ഒരു ശരീരം, "ആധ്യാത്മിക ശരീരം" ഉയിർക്കുന്നു

പാപം ചെയ്യാതിരുന്നെങ്കിൽ ഇല്ലാതിരിക്കുമായിരുന്ന ശാരീരിക മരണത്തിന് ഉദ്ഭവപാപത്തിന്റെ ഫലമായി മനുഷ്യൻ വിധേയനാകേണ്ടിയിരിക്കുന്നു.

ദൈവപുത്രനായ യേശു തന്റെ പിതാവായ ദൈവത്തിന്റെ ഹിതത്തോടുള്ള പൂർണവും സ്വതന്ത്രവുമായ വിധേയത്വത്തിൽ സ്വമനസാ മരണം സഹിച്ചു. തന്റെ മരണംവഴി അവിടുന്നു മരണത്തെ കീഴടക്കി. അങ്ങനെ എല്ലാ മനുഷ്യർക്കും രക്ഷയുടെ മാർഗം തുറന്നുകൊടുത്തു.

## "നിത്യജീവിതത്തിൽ ഞാൻ വിശ്വസിക്കുന്നു"

1020 തന്റെ മരണത്തെ യേശുവിന്റെ മരണവുമായി ഐക്യപ്പെടുത്തുന്ന ക്രൈസ്തവൻ, യേശുവിലേക്കുള്ള ആഗമനവും നിത്യജീവിതത്തിലേക്കുള്ള പ്രവേശനമുമായി അതിനെ വീക്ഷിക്കുന്നു. മരണത്തോടടുക്കുന്ന വ്യക്തിയോടു സഭ ക്ഷമയുടെയും പാപമോചനത്തിന്റെയും വാക്കുകൾ അവസാനമായി പറയുമ്പോൾ, ശക്തി പ്രദാനം ചെയ്യുന്ന അഭിഷേകംകൊണ്ട് അവസാനമായി അവനെ മുദ്രവയ്ക്കുമ്പോൾ, യാത്രയ്ക്കുള്ള ഭക്ഷണമായി ക്രിസ്തുവിനെ തിരുപാഥേയത്തിൽ നൽകുമ്പോൾ മധുരമായ ഉറപ്പോടെ ഇങ്ങനെ പറയുന്നു:

നിന്നെ സൃഷ്ടിച്ച സർവശക്തനായ പിതാവായ
ദൈവത്തിന്റെ നാമത്തിൽ ഈ ലോകത്തിൽനിന്ന്
അല്ലയോ ക്രൈസ്തവാത്മാവേ, മുന്നോട്ടുപോവുക.
നിനക്കുവേണ്ടി പീഡകൾ സഹിച്ചവനും സജീവനായ
ദൈവത്തിന്റെ പുത്രനുമായ ഈശോമിശിഹായുടെ നാമത്തിൽ,
നിന്റെമേൽ വർഷിക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ നാമത്തിൽ
വിശ്വസ്തനായ ക്രൈസ്തവാ മുന്നോട്ടു പോവുക.
നീ ഇന്നു സമാധാനത്തിൽ വസിക്കുമാറാകട്ടെ.
നിന്റെ ഭവനം ദൈവത്തോടുകൂടി വിശുദ്ധ സീയോനിലായിരിക്കട്ടെ.

ദൈവത്തിന്റെ മാതാവായ കന്യാമറിയത്തോടും
വിശുദ്ധ യൗസേപ്പിനോടും എല്ലാ മാലാഖമാരോടും വിശുദ്ധരോടും കൂടെ...
ഭൂമിയുടെ പൊടിയിൽനിന്നു നിന്നെ മെനഞ്ഞെടുത്ത
നിന്റെ സ്രഷ്ടാവിലേക്കു നീ തിരിച്ചുപോകട്ടെ.
നീ ഈ ലോകത്തിൽനിന്നു തിരിച്ചുപോകുമ്പോൾ
പരിശുദ്ധമറിയവും മാലാഖമാരും എല്ലാ വിശുദ്ധരും
നിന്നെ കണ്ടുമുട്ടാൻ വരുമാറാകട്ടെ....
നീ നിന്റെ രക്ഷകനെ മുഖാമുഖം കാണുവാനും
നിത്യം ദൈവത്തെ ധ്യാനിക്കുവാനും സാധിക്കുമാറാകട്ടെ...

## തനതു വിധി

1021 ക്രിസ്തുവിൽ വെളിവാക്കപ്പെട്ട കൃപാവരത്തെ സ്വീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ സാധ്യമായ സമയം എന്നനിലയിലുള്ള മനുഷ്യജീവിതത്തിനു മരണം അന്ത്യം കുറിക്കുന്നു. വിധിയെപ്പറ്റി പുതിയനിയമം പറയുന്നത് ഒന്നാമതായി, യേശുവിന്റെ ദ്വിതീയാഗമനവേളയിൽ അവിടുന്നുമായുള്ള അന്തിമസമാഗമത്തിന്റെ പശ്ചാത്തലത്തിലാണ്. എന്നാൽ ഓരോ വ്യക്തിയും മരണംകഴിഞ്ഞ് ഉടനെതന്നെ തന്റെ പ്രവൃത്തികൾക്കും വിശ്വാസത്തിനും അനുസൃതമായി പ്രതിഫലം സ്വീകരിക്കുമെന്നു പലപ്പോഴും ഉറപ്പിച്ചു പറയുന്നുണ്ട്. ദരിദ്രനായ ലാസറിന്റെ ഉപമയും, ക്രിസ്തു കുരിശിൽ കിടന്നു നല്ലകള്ളനോടു പറഞ്ഞ വാക്കുകളും അതുപോലെതന്നെ പുതിയനിയമത്തിലെ മറ്റുപലഭാഗങ്ങളും ആത്മാവിന്റെ ഭാഗധേയത്തെപ്പറ്റി–ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കാവുന്ന അന്തിമഭാഗധേയത്തെപ്പറ്റി – പറയുന്നുണ്ട്.

1022 ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽതന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്യമായ ആത്മാവിൽ തന്റെ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു: ഒരു ശുദ്ധീകരണപ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം.

ജീവിതസായാഹ്നത്തിൽ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നീ പരിശോധിക്കപ്പെടും (St. John of the Cross, *Dichos* 64)

## സ്വർഗം

1023 ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുകയും പൂർണമായി വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നവർ ക്രിസ്തുവിനോടുകൂടെ എന്നേയ്ക്കും ജീവിക്കുന്നു. അവർ എന്നേയ്ക്കും ദൈവത്തെ

പ്പോലെയാണ്, എന്തെന്നാൽ "അവിടുന്ന് ആയിരിക്കുന്നതുപോലെ" അവർ അവിടുത്തെ മുഖാമുഖം കാണുന്നു.

> നമ്മുടെ അപ്പസ്തോലികാധികാരം ഉപയോഗിച്ചു താഴെക്കാണുന്നതു നാം നിർവചിക്കുന്നു: ദൈവത്തിന്റെ പൊതുഹിതമനുസരിച്ച്, എല്ലാ വിശുദ്ധരുടെയും... ക്രിസ്തുവിന്റെ വിശുദ്ധമാമ്മോദീസ സ്വീകരിച്ചതിനുശേഷം മരിച്ച മറ്റു വിശ്വാസികളുടെയും ആത്മാക്കൾ, അവർ മരിക്കുമ്പോൾ അവർക്കു വിശുദ്ധീകരണത്തിന്റെ ആവശ്യമില്ലായിരുന്നുവെങ്കിൽ, അല്ലെങ്കിൽ അവർക്ക് അപ്പോൾ കുറെ വിശുദ്ധീകരണത്തിന്റെ ആവശ്യമുണ്ടായിരിക്കുകയോ ഭാവിയിൽ അത് ആവശ്യമായി വരുകയോ ചെയ്യുമെങ്കിൽ, മരണാനന്തരം അവർ വിശുദ്ധീകരിക്കപ്പെട്ടതിനുശേഷം..., അവർ തങ്ങളുടെ ശരീരം വീണ്ടും സ്വീകരിക്കുന്നതിനുമുൻപും പൊതുവായ അന്ത്യവിധിക്കുമുൻപും - ഇത് നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തതുമുതലാണ്-ക്രിസ്തുവിനോടുകൂടെ വിശുദ്ധമാലാഖമാരുടെ സമൂഹത്തോടൊത്തു സ്വർഗത്തിൽ, സ്വർഗരാജ്യത്തിൽ, സ്വർഗീയപറുദീസയിൽ ആയിരുന്നു, ആണ്, ആയിരിക്കുകയും ചെയ്യും. കർത്താവായ യേശുക്രിസ്തുവിന്റെ പീഡാസഹനവും മരണവും മുതൽ ഈ ആത്മാക്കൾ ദൈവികസത്തയെ, മുഖാമുഖമായി, യാതൊരു സൃഷ്ടിയുടെയും മധ്യവർത്തിത്വം കൂടാതെ ആന്തരികമായ ദർശനംവഴി കണ്ടിട്ടുണ്ട്, കാണുകയും ചെയ്യുന്നു. (Benedict XII, *Benedictus Deus* (1336): DS 1000; cf. LG 49)

1024 പരിശുദ്ധ ത്രിത്വത്തോടൊപ്പമുള്ള പൂർണമായ ഈ ജീവിതം - കന്യാമറിയത്തോടും മാലാഖമാരോടും എല്ലാവിശുദ്ധരോടുമൊപ്പമുള്ള ത്രിത്വത്തോടുള്ള ജീവന്റെയും സ്നേഹത്തിന്റെയും സംസർഗം-"സ്വർഗ"മെന്നു വിളിക്കപ്പെടുന്നു. അഗാധതമങ്ങളായ മാനുഷികാഭിലാഷങ്ങളുടെ പരമാന്ത്യവും നിറവേറലുമാണു സ്വർഗം. പരമവും സുനിശ്ചിതവുമായ സന്തോഷത്തിന്റെ അവസ്ഥയാണത്.

1025 സ്വർഗത്തിൽ ജീവിക്കുക എന്നതു "ക്രിസ്തുവിനോടുകൂടെ ആയിരിക്കുക" എന്നതാണ്. തിരഞ്ഞെടുക്കപ്പെട്ടവർ "അവിടുന്നിൽ" ജീവിക്കുന്നു. എന്നാൽ അവർ തങ്ങളുടെ യഥാർത്ഥമായ വ്യക്തിത്വവും തങ്ങളുടെതന്നെ പേരും നിലനിർത്തുന്നു, അഥവാ കണ്ടെത്തുന്നു.

> ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നതാണ് ജീവിതം. കാരണം ക്രിസ്തു എവിടെയോ അവിടെയാണു രാജ്യം. (St. Ambrose, *In Luc.*, 10,121:PL 15,1834A)

1026 തന്റെ മരണവും ഉത്ഥാനവുംവഴി യേശുക്രിസ്തു ഈശോമിശിഹാ നമുക്കായി സ്വർഗം "തുറന്നു." ക്രിസ്തു പൂർത്തിയാക്കിയ രക്ഷയുടെ ഫലങ്ങൾ തികവോടും പൂർണതയോടുംകൂടി സ്വന്തമാക്കുന്നതിലാണ് അനുഗൃഹീതരുടെ ജീവിതം അടങ്ങിയിരിക്കുന്നത്. അവിടുന്നിൽ വിശ്വസിക്കുകയും അവിടുത്തെ ഇഷ്ടത്തോടു വിശ്വസ്തത പുലർത്തുകയും ചെയ്തവരെ അവിടുന്നു തന്റെ സ്വർഗീയമഹത്ത്വീകരണത്തിൽ പങ്കുകാരാക്കുന്നു. പരിപൂർണമായി അവിടുന്നിലേക്ക് ഒന്നുചേർന്നവരുടെ അനുഗൃഹീത സമൂഹമാണു സ്വർഗം.

1027 ദൈവത്തോടും ക്രിസ്തുവിലുള്ള എല്ലാവരോടുമൊപ്പമുള്ള ഭാഗ്യപ്പെട്ട സംസർഗത്തിന്റെ ഈ രഹസ്യം എല്ലാ ഗ്രഹണശക്തിക്കും വിവരണത്തിനും അതീതമാണ്. വി.ഗ്രന്ഥം അതിനെപ്പറ്റി പ്രതീകങ്ങളിലൂടെയാണു സംസാരിക്കുന്നത്: ജീവൻ, പ്രകാശം, സമാധാനം, വിവാഹാഘോഷം, രാജ്യത്തിലെ വീഞ്ഞ്, പിതാവിന്റെ ഭവനം, സ്വർഗീയജറുസലെം, പറുദീസ: “ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്നതു കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയം ഗ്രഹിച്ചിട്ടില്ലാത്തതുമാണ്.”

1028 മനുഷ്യൻ നേരിട്ടു ധ്യാനിക്കേണ്ടതിനായി സർവാതിശായിയായ ദൈവം തന്റെ രഹസ്യം അവനു തുറന്നുകൊടുക്കുകയും ധ്യാനിക്കാൻ അവനു കഴിവു നൽകുകയും ചെയ്തില്ലെങ്കിൽ ദൈവത്തെ അവിടുന്ന് ആയിരിക്കുന്നതുപോലെ കാണാൻ കഴിയുകയില്ല. കാരണം അവിടുന്നു സർവാതിശായിയാണ്. സ്വർഗീയമഹത്ത്വത്തിലുള്ള ഈ ദൈവികധ്യാനത്തെ സഭ “സൗഭാഗ്യദർശനം.” എന്നു വിളിക്കുന്നു:

> ദൈവത്തെ കാണാൻ അനുവദിക്കപ്പെടുന്നു എന്നതിൽ, നിന്റെ കർത്താവും ദൈവവുമായ ക്രിസ്തുവിനോടുകൂടി രക്ഷയുടെയും ശാശ്വതപ്രകാശത്തിന്റെയും സന്തോഷത്തിലുള്ള ഭാഗഭാഗിത്വം തന്നു ബഹുമാനിക്കപ്പെടുന്നു എന്നതിൽ, നീതിമാന്മാരോടും ദൈവത്തിന്റെ സുഹൃത്തുക്കളോടുമൊപ്പം സ്വർഗരാജ്യത്തിൽ അമർത്യതയുടെ ആനന്ദത്തിൽ സന്തോഷിക്കുക എന്നതിൽ,... നിന്റെ മഹത്ത്വവും ആനന്ദവും എത്ര വലുതായിരിക്കും! (St. Cyprian, EP. 58,10,1: CSEL3/2,66.5)

1029 അനുഗൃഹീതർ സ്വർഗത്തിലെ മഹത്ത്വത്തിൽ മറ്റു മനുഷ്യരെയും സർവസൃഷ്ടികളെയും സംബന്ധിച്ചുള്ള ദൈവഹിതം നിറവേറ്റുന്ന കൃത്യം സസന്തോഷം തുടർന്നുകൊണ്ടിരിക്കുന്നു. അവർ ക്രിസ്തുവിനോടുകൂടെ ഭരിക്കുന്നു; അവിടുത്തോടുകൂടെ “അവർ എന്നന്നേക്കും ഭരിക്കും.”

## അന്തിമശുദ്ധീകരണം അഥവാ ശുദ്ധീകരണസ്ഥലം

1030 ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണമായി ശുദ്ധീകരിക്കപ്പെട്ടവരായെങ്കിലും, നിത്യരക്ഷയുടെ ഉറപ്പു നേടിയവരാണ്. എന്നാൽ, സ്വർഗീയാനന്ദത്തിലേക്കു പ്രവേശിക്കുവാൻ അവശ്യമായ വിശുദ്ധി നേടുന്നതിനുവേണ്ടി അവർ മരണാനന്തരം ശുദ്ധീകരണത്തിന് വിധേയരായിത്തീരുന്നു.

1031 തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമ ശുദ്ധീകരണത്തെ സഭ ശുദ്ധീകരണസ്ഥലം എന്നു വിളിക്കുന്നു. ശപിക്കപ്പെട്ടവരുടെ ശിക്ഷയിൽനിന്ന് അതു തികച്ചും വിഭിന്നമാണ്. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച സഭയുടെ വിശ്വാസപ്രബോധനങ്ങൾ പ്രത്യേകമായും ഫ്ളോറൻസിലെയും ത്രെന്തിലെയും സൂനഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ടവയാണ്. സഭയുടെ പാരമ്പര്യം വിശുദ്ധഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ പരാമർശിച്ചുകൊണ്ടു ശുദ്ധീകരിക്കുന്ന അഗ്നിയെപ്പറ്റി പറയുന്നുണ്ട്:

> ലഘുവായ കുറ്റങ്ങളെ സംബന്ധിച്ചിടത്തോളം, അവസാനവിധിക്കുമുൻപ് ഒരു ശുദ്ധീകരണാഗ്നിയുണ്ടെന്നു നാം വിശ്വസിക്കണം. പരിശുദ്ധാത്മാവിനെതിരേ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ വരും യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്നു സത്യംതന്നെയായവൻ പറയുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും എന്നാൽ മറ്റുചിലതു വരാനുള്ള യുഗത്തിലും ക്ഷമിക്കപ്പെടാമെന്നും ഈ വാചകത്തിൽനിന്നു നാം മനസ്സിലാക്കുന്നു. (St. Gregory the Great, *Dial.* 4,41:PL77,396; *cf. Mt* 12:31)

1032 മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവിലും അധിഷ്ഠിതമാണ് ഈ പ്രബോധനം. വി.ഗ്രന്ഥത്തിൽ ആ പതിവിനെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്: "അതുകൊണ്ടു മരിച്ചവർക്കു പാപമോചനം ലഭിക്കുന്നതിനുവേണ്ടി അവൻ (യൂദാസ് മക്കബായർ) പാപപരിഹാരകർമം അനുഷ്ഠിച്ചു." ആരംഭകാലംമുതൽ സഭ മരിച്ചവരുടെ അനുസ്മരണത്തെ ആദരിക്കുകയും അവർക്കുവേണ്ടി പരിഹാരപ്രാർത്ഥനകൾ, സർവോപരി ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. അവർ ശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന്റെ സൗഭാഗ്യദർശനം പ്രാപിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. മരിച്ചവർക്കുവേണ്ടിയുള്ള ധർമദാനം, ദണ്ഡവിമോചനകർമ്മങ്ങൾ, പ്രായശ്ചിത്തപ്രവൃത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നു:

> നമുക്ക് അവരെ സഹായിക്കുകയും അവരുടെ ഓർമ ആചരിക്കുകയും ചെയ്യാം. ജോബിന്റെ പുത്രന്മാർ തങ്ങളുടെ പിതാവിന്റെ ബലിവഴി ശുദ്ധീകരിക്കപ്പെട്ടുവെങ്കിൽ, മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ കാഴ്ചകൾ അവർക്ക് അൽപം ആശ്വാസം നൽകുമെന്നതിൽ നാം എന്തിനു സംശയിക്കണം. മരിച്ചവരെ സഹായിക്കുന്നതിലും നമ്മുടെ പ്രാർത്ഥനകൾ അവർക്കായി സമർപ്പിക്കുന്നതിലും നാം ശങ്കിക്കരുത്. (St. John Chrysostom, Hom in 1Cor. 41,5:PG61,361;cf. *Job* 1:5)

**നരകം**

1033 നാം ദൈവത്തെ സ്വതന്ത്രമനസ്സോടെ സ്നേഹിക്കുവാനായി നിശ്ചയിക്കുന്നില്ലെങ്കിൽ നമുക്ക് അവിടുത്തോട് ഐക്യപ്പെട്ടിരിക്കാൻ കഴിയുകയില്ല. എന്നാൽ അവിടുത്തേക്കെതിരെയോ, നമ്മുടെ അയൽക്കാരനെതിരായോ നമുക്കുതന്നെ എതിരായോ ഗൗരവമായ പാപം നാം ചെയ്താൽ നമുക്കു ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല. "സ്നേഹിക്കാത്തവൻ മരണത്തിൽ നിലനില്ക്കുന്നു. സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. ഒരു കൊലപാതകിയിലും നിത്യജീവൻ നിലനിൽക്കുന്നില്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ?" നമ്മുടെ കർത്താവിന്റെ സഹോദരങ്ങളായ ദരിദ്രരുടെയും പാവപ്പെട്ടവരുടെയും ഗൗരവമുള്ള ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിൽ നാം പരാജയപ്പെട്ടാൽ അവിടുന്നിൽനിന്നു നാം വേർപെടുത്തപ്പെടുമെന്ന് അവിടുന്നു നമുക്കു മുന്നറിയിപ്പു നൽകുന്നുണ്ട്. മനസ്തപിച്ചു ദൈവത്തിന്റെ കരുണാർദ്രസ്നേഹം സ്വീകരിക്കാതെ മാരകപാപത്തിൽ മരിക്കുക എന്നതിന്റെ അർത്ഥം

നമ്മുടെ സ്വതന്ത്രമായ തീരുമാനപ്രകാരം എന്നേക്കുമായി ദൈവത്തിൽ നിന്നു വേർപെട്ടുനിൽക്കുക എന്നതാണ്. ദൈവത്തോടും വാഴ്ത്തപ്പെട്ട വരോടും ഉള്ള സംസർഗത്തിൽനിന്നു സുനിശ്ചിതമായി നമ്മെത്തന്നെ വേർപെടുത്തിനിർത്തുന്ന അവസ്ഥയെ “നരകം” എന്നു വിളിക്കുന്നു.

1034 വിശ്വസിക്കാനും മാനസാന്തരപ്പെടാനും ജീവിതാവസാനംവരെ വിസമ്മതിക്കുന്നവർക്കുവേണ്ടി കരുതിവച്ചിട്ടുള്ള “ശമിക്കാത്ത അഗ്നി ”യുടെ സ്ഥാനമായ “ഗേഹന്ന”യെപ്പറ്റി യേശു കൂടെക്കൂടെ പറയുന്നു ണ്ട്. ആത്മാവും ശരീരവും നഷ്ടപ്പെടുന്ന സ്ഥലമാണത്. “തന്റെ മാലാ ഖാമാരെ താൻ അയയ്ക്കുമെന്നും അവർ തിന്മ പ്രവർത്തിക്കുന്ന എല്ലാ വരെയും... ഒരുമിച്ചു കൂട്ടുമെന്നും അവരെ തീച്ചൂളയിലേക്ക് എറിയുമെന്നും” “ശപിക്കപ്പെട്ടവരേ, എന്നിൽനിന്നകന്ന് നിത്യാഗ്നിയി ലേക്ക് അകന്നു പോകുവിൻ” എന്ന ശിക്ഷാവിധി പ്രസ്താവിക്കുമെന്നും യേശു താക്കീതു ചെയ്യുന്നു.

1035 നരകത്തിന്റെ അസ്തിത്വത്തെയും അതിന്റെ നിത്യതയെയും സഭയുടെ പ്രബോധനം സ്ഥിരീകരിക്കുന്നു. മാരകപാപത്തിന്റെ അവസ്ഥ യിൽ മരിക്കുന്നവരുടെ ആത്മാക്കൾ മരിച്ചാൽ ഉടനെ നരകത്തിലേക്കു പതിക്കുന്നു. അവിടെ അവർ, “നിത്യാഗ്നി”യായ നരകപീഡനങ്ങൾ അനു ഭവിക്കും. നരകത്തിലെ പ്രധാന ശിക്ഷ ദൈവത്തിൽനിന്നുള്ള എന്നേ ക്കുമായ വേർപാടാണ്. ദൈവത്തിൽമാത്രമാണല്ലോ മനുഷ്യനു ജീവനും സന്തോഷവും ഉണ്ടാകുന്നത്. അതിനുവേണ്ടിയാണ് അവൻ സൃഷ്ടിക്ക പ്പെട്ടത്; അതാണ് അവൻ ആഗ്രഹിക്കുന്നതും.

1036 തന്റെ നിത്യമായ ഭാഗധേയം മുന്നിൽക്കണ്ടുകൊണ്ട് സ്വാതന്ത്ര്യം ഉപയോഗിക്കാൻ മനുഷ്യനുള്ള ഉത്തരവാദിത്വത്തിലേക്കുള്ള ആഹ്വാനമാണു നരകത്തെ സംബന്ധിക്കുന്ന വിശുദ്ധഗ്രന്ഥ പ്രസ്താവ നകളും സഭാപ്രബോധനങ്ങളും. അവ അതേസമയം മാനസാന്തരത്തി ലേക്കുള്ള അടിയന്തിരസ്വഭാവമുള്ള ഒരു വിളികൂടിയാണ്. “ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ. എന്തെന്നാൽ വിനാശത്തിലേക്കു നയി ക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലെ കടന്നു പോകുന്നവർ വളരെയാണുതാനും. എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തു ന്നവരോ ചുരുക്കം.”

> ആ ദിവസമോ മണിക്കൂറോ നമുക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട്, നമ്മുടെ ഭൗതിക ജീവിതത്തിന്റെ ഏകയാത്ര പൂർത്തിയായിക്കഴിയുമ്പോൾ, അവിടുത്തോടുകൂടി വിവാഹവിരുന്നിലേക്കു പ്രവേശിക്കുവാനും വാഴ്ത്തപ്പെട്ടവരുടെകൂടെ എണ്ണപ്പെ ടാനും വേണ്ട യോഗ്യതയുള്ളവരായിരിക്കാനും, മനുഷ്യർ വിലപിക്കുകയും പല്ലു കടിക്കുകയും ചെയ്യുന്ന പുറത്തുള്ള അന്ധകാരത്തിലേക്ക്, നിത്യാഗ്നിയിലേക്കു പിരിഞ്ഞുപോകാൻ വിധിക്കപ്പെടുന്ന ദുഷ്ടരും അലസരുമായ ദാസൻ ആകാതി രിക്കാനും വേണ്ടി, നാം കർത്താവിന്റെ ഉപദേശം സ്വീകരിച്ചു നിരന്തരം ജാഗ്രത യോടെ കാത്തിരിക്കണം. (LG 48 3; *Mt* 22:13; cf. *Heb* 9:27; *Mt* 25:13,26,30,31,46)

1037 നരകത്തിൽ പോകാൻ ആരെയും ദൈവം മുൻകൂട്ടി നിശ്ചയിക്കുന്നില്ല. കാരണം, അതിനു ദൈവത്തിൽനിന്നു മനഃപൂർവമുള്ള ഒരു പിൻതിരിയലും (മാരകപാപവും) അവസാനംവരെ അതിൽ ഉറച്ചു നിൽക്കലും അത്യാവശ്യമാണ്. ആരും നശിക്കാതിരിക്കാനും, എല്ലാവരും പശ്ചാത്താപത്തിലേക്കു വരാനും ആഗ്രഹിക്കുന്ന ദൈവത്തിന്റെ കാരുണ്യത്തിനായി സഭ കുർബാനയിലും തന്റെ വിശ്വാസികളുടെ അനുദിന പ്രാർത്ഥനകളിലും അപേക്ഷിക്കുന്നുണ്ട്:

പിതാവേ അങ്ങയുടെ കുടുംബം മുഴുവന്റെയും ഈ കാഴ്ച സ്വീകരിക്കണമേ, അങ്ങയുടെ സമാധാനം ഈ കാലയളവിൽ ഞങ്ങൾക്കു നൽകണമേ, നിത്യശിക്ഷയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. അങ്ങു തിരഞ്ഞെടുത്ത അജഗണത്തിൽ ഞങ്ങളെ എണ്ണുകയും ചെയ്യണമേ. (*Roman Missal,* EPI (Roman Canon)88)

## അന്ത്യവിധി

1038 അന്ത്യവിധിക്കുമുൻപായി എല്ലാ മരിച്ചവരുടെയും–"നീതിമാന്മാരുടെയും നീതിരഹിതരുടെയും" ഉത്ഥാനം – ഉണ്ടാകും "കബറിടങ്ങളിലുള്ളവരെല്ലാം (മനുഷ്യപുത്രന്റെ) സ്വരംകേൾക്കുകയും നന്മചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരുകയും ചെയ്യുന്ന മണിക്കൂർ" ആയിരിക്കും അത്. അപ്പോൾ ക്രിസ്തു "തന്റെ മഹത്ത്വത്തിൽ സകല മാലാഖമാരോടും കൂടെ വരും... "അവിടുത്തെമുൻപിൽ എല്ലാ ജനതകളും ഒന്നിച്ചുകൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തന്റെ വലത്തുവശത്തും കോലാടുകളെ തന്റെ ഇടതുവശത്തും നിർത്തും... ഇവർ നിത്യശിക്ഷയിലേക്കും എന്നാൽ നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും."

1039 ഓരോ മനുഷ്യനും ദൈവത്തോടുള്ള ബന്ധത്തിന്റെ സത്യാവസ്ഥ, സത്യം തന്നെയായ ക്രിസ്തുവിന്റെ മുമ്പിൽ ആത്യന്തികമായി വെളിവാക്കപ്പെടും. ഓരോ മനുഷ്യനും തന്റെ ഭൗമികജീവിതത്തിൽ ചെയ്തതും ഉപേക്ഷിച്ചതുമായ നന്മ അതിന്റെ അങ്ങേയറ്റത്തെ അനന്തരഫലങ്ങളോടൊപ്പം അന്ത്യവിധിയിൽ വെളിവാക്കപ്പെടും:

ദുഷ്ടന്മാർ ചെയ്തതെല്ലാം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അവർ അത് അറിയുന്നില്ല. "നമ്മുടെ ദൈവം ആഗതനാകുമ്പോൾ അവിടുന്നു നിശബ്ദത പാലിക്കുകയില്ല" തന്റെ വലതുവശത്തുള്ളവരുടെ നേരെ അവിടുന്നു തിരിയും... "നിങ്ങൾക്കുവേണ്ടി ഞാൻ എന്റെ പാവപ്പെട്ട ചെറിയവരെ ലോകത്തിൽ സ്ഥാപിച്ചു. ഞാൻ അവരുടെ ശിരസ്സ് എന്ന നിലയിൽ എന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി. പക്ഷേ, ഭൂമിയിൽ എന്റെ അവയവങ്ങൾ വേദനയനുഭവിക്കുകയായിരുന്നു. ഭൂമിയിലുള്ള എന്റെ അവയവങ്ങൾ ആവശ്യത്തിൽപ്പെട്ടുഴലുകയായിരുന്നു. എന്റെ അവയവങ്ങൾക്കു നിങ്ങൾ എന്തെങ്കിലും കൊടുത്തെങ്കിൽ നിങ്ങൾ കൊടു

ത്തത് അവരുടെ ശിരസ്സിൽ എത്തുമായിരുന്നു. എന്റെ എളിയവരെ നിങ്ങൾക്കു വേണ്ടി ഞാൻ ഭൂമിയിൽ സ്ഥാപിക്കുകയും നിങ്ങളുടെ നന്മപ്രവൃത്തികളെ എന്റെ നിക്ഷേപത്തിലേക്കു കൊണ്ടുവരാനുള്ള നിങ്ങളുടെ കാര്യവിചാരിപ്പുകാരായി ഞാൻ അവരെ നിയമിക്കുകയും ചെയ്തപ്പോൾ അവർ ആവശ്യങ്ങളിൽ കഴിയു ന്നവരാണെന്നു നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ, നിങ്ങൾ അവരുടെ കൈക ളിൽ ഒന്നും വച്ചുകൊടുത്തില്ല, അതുകൊണ്ട് എന്റെ സന്നിധിയിൽ നിങ്ങൾ യാതൊന്നും കണ്ടെത്തിയില്ല." (St. Augustine, *Sermo* 18,4:PL38, 130-131; cf. Ps 50:3)

1040 ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ പ്രത്യാഗമനത്തിൽ അന്ത്യ വിധിയുണ്ടാകും. ആ ദിവസവും മണിക്കൂറും പിതാവിനുമാത്രമേ അറി യാവൂ. അവിടുന്നുമാത്രമാണ് ആ വരവിന്റെ നിമിഷം നിശ്ചയിക്കുന്നത്. അപ്പോൾ അവിടുന്നു തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ ചരിത്രം മുഴുവന്റെയുംമേൽ അന്തിമവിധി പ്രസ്താവിക്കും. മുഴുവൻ സൃഷ്ടിയു ടെയും മുഴുവൻ രക്ഷാപദ്ധതിയുടെയും പരമമായ അർത്ഥം നാം അറി യുകയും അവിടുത്തെ പരിപാലനം ഓരോ വസ്തുവിനെയും അതിന്റെ പരമാന്ത്യത്തിലേക്കു നയിച്ച വിസ്മയനീയങ്ങളായ മാർഗങ്ങൾ നാം മന സ്സിലാക്കുകയും ചെയ്യും. ദൈവത്തിന്റെനീതി, അവിടുത്തെ സൃഷ്ടികൾ ചെയ്ത സർവ അനീതികളെയും കീഴടക്കുന്നുവെന്നും ദൈവത്തിന്റെ സ്നേഹം മരണത്തെക്കാൾ പ്രബലമാണെന്നും അന്ത്യവിധി വെളിപ്പെ ടുത്തും.

1041 "സ്വീകാര്യമായ സമയത്തെ.... രക്ഷയുടെ ദിനത്തെ" ദൈവം മനു ഷ്യർക്ക് ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നതിനാൽ അന്ത്യവിധിയുടെ സന്ദേശം മനുഷ്യരെ മാനസാന്തരത്തിലേക്കു വിളിക്കുന്നു. അതു വിശു ദ്ധമായ ഒരു ദൈവഭയം ജനിപ്പിക്കുകയും ദൈവരാജ്യത്തിന്റെ നീതിക്ക് അവരെ നിർബന്ധിക്കുകയും ചെയ്യുന്നു. "അവിടുത്തെ വിശുദ്ധരിൽ മഹ ത്ത്വീകൃതനാകാനും വിശ്വസിച്ച സകലരിലും വിസ്മയ വിഷയമായിത്തീ രാനും"വേണ്ടി എഴുന്നള്ളുന്ന കർത്താവിന്റെ ആ പ്രത്യാഗമനത്തെ സംബ ന്ധിച്ച "അനുഗൃഹീതമായ പ്രത്യാശയെ" അന്ത്യവിധിയുടെ സന്ദേശം പ്രഘോഷിക്കുന്നു.

## പുതിയ ആകാശത്തെയും പുതിയഭൂമിയെയും കുറിച്ചുള്ള പ്രത്യാശ

1042 സമയത്തിന്റെ പരിസമാപ്തിയിൽ ദൈവരാജ്യം അതിന്റെ പൂർണ തയിലെത്തും. സാർവത്രികവിധിക്കുശേഷം നീതിമാന്മാർ ശരീരത്തിലും ആത്മാവിലും മഹത്ത്വീകൃതരായി ക്രിസ്തുവിനോടുകൂടെ എന്നേക്കും ഭരിക്കും; പ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെടുകയും ചെയ്യും.

മനുഷ്യവംശത്തോടൊപ്പം, മനുഷ്യനോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതും, അവ നിലൂടെ സ്വന്തം ഭാഗധേയം പ്രാപിക്കുന്നതുമായ പ്രപഞ്ചംതന്നെയും, ക്രിസ്തു

വിൽ പരിപൂർണമായി പുനഃസ്ഥാപിക്കപ്പെടുന്ന സമയം വരുമ്പോൾ സഭ സ്വർഗീയ മഹത്ത്വത്തിൽ പൂർണത നേടും.

1043 മനുഷ്യവംശത്തെയും ലോകത്തെയും രൂപാന്തരപ്പെടുത്തുന്ന നിഗൂഢാത്മകമായ ഈ നവീകരണത്തെ വിശുദ്ധഗ്രന്ഥം "പുതിയ ആകാശവും പുതിയ ഭൂമിയും" എന്നു വിളിക്കുന്നു. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളും" ക്രിസ്തുവിൽ പുനഃപ്രതിഷ്ഠിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ സുനിശ്ചിതമായ സാക്ഷാത്കാരമായിരിക്കും അത്.

1044 ഈ പുതിയ പ്രപഞ്ചത്തിൽ, സ്വർഗീയജറുസലെമിൽ, ദൈവത്തിന്റെ വാസസ്ഥലം മനുഷ്യരുടെയിടയിലായിരിക്കും. "അവിടുന്ന് അവരുടെ മിഴികളിൽനിന്നു കണ്ണുനീർ മുഴുവനും തുടച്ചുകളയും. പിന്നീടു മരണമുണ്ടായിരിക്കുകയില്ല; വിലാപമോ കരച്ചിലോ വേദനയോ ഉണ്ടാവുകയില്ല, എന്തെന്നാൽ പഴയതെല്ലാം കടന്നുപോയി."

1045 *മനുഷ്യനെ സംബന്ധിച്ചിടത്തോളം,* ഈ പരിസമാപ്തി ദൈവം സൃഷ്ടി മുതൽ ആഗ്രഹിച്ച മനുഷ്യവംശത്തിന്റെ ഐക്യത്തിന്റെ അന്തിമമായ സാക്ഷാത്കാരമായിരിക്കും. തീർത്ഥാടക സഭ ഈ ഐക്യത്തിന്റെ "കൂദാശപോലെ" ആയിരുന്നു. ക്രിസ്തുവിൽ ഐക്യപ്പെട്ടവർ രക്ഷിക്കപ്പെട്ടവരുടെ സമൂഹമായി, "ദൈവത്തിന്റെ "വിശുദ്ധ നഗര"മായി, "കുഞ്ഞാടിന്റെ മണവാട്ടിയായി" ഭവിക്കും. ഭൂമിയിലുള്ള സമൂഹത്തെ നശിപ്പിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യുന്ന പാപത്താലോ കറയാലോ സ്വാർത്ഥസ്നേഹത്താലോ അവൾ വ്രണിതയാവുകയില്ല. തിരഞ്ഞെടുക്കപ്പെട്ടവർക്കു ദൈവം തന്നെത്തന്നെ അക്ഷയമായ രീതിയിൽ തുറന്നുകൊടുക്കുന്ന 'സൗഭാഗ്യദർശനം' സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പരസ്പര സംസർഗത്തിന്റെയും ഉറവയായിരിക്കും.

1046 പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം, ഭൗതികലോകത്തിന്റെയും മനുഷ്യന്റെയും അഗാധമായ പൊതുഭാഗധേയത്തെപ്പറ്റി വെളിപാട് ഉറപ്പിച്ചു പറയുന്നു.

> എന്തെന്നാൽ, സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിലെ ആകാംക്ഷയോടെ, പ്രത്യാശയോടെ കാത്തിരിക്കുന്നു. കാരണം സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്നു മോചിതമാകും... സമസ്തസൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നുവെന്നു നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു. (*Rom* 8:19-23)

1047 ദൃശ്യപ്രപഞ്ചംതന്നെ രൂപാന്തരപ്പെടാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ഉത്ഥിതനായ യേശുക്രിസ്തുവിൽ തങ്ങളുടെ മഹത്ത്വം പങ്കുവയ്ക്കുന്ന "നീതിമാന്മാർക്ക്, ഒരു തടസ്സവുംകൂടാതെ സേവനം നൽകു

ന്നതിനുവേണ്ടിയാണു ലോകം ആദിമാവസ്ഥയിൽ പുനഃസ്ഥാപിക്കപ്പെട്ടു രൂപാന്തരപ്പെടുന്നത്."

1048 "ഭൂമിയുടെയും മനുഷ്യന്റെയും പൂർത്തീകരണത്തിന്റെ സമയം നമുക്കജ്ഞാതമാണ്; പ്രപഞ്ചം രൂപാന്തരപ്പെടുന്ന രീതി *നമുക്കറിഞ്ഞുകൂടാ.* പാപത്താൽ വികലമാക്കപ്പെട്ട ഈ ലോകത്തിന്റെ രൂപം കടന്നുപോകുന്നു. നീതി നിവസിക്കുന്ന പുതിയ വാസകേന്ദ്രവും പുതിയ ഭൂമിയും ദൈവം സജ്ജീകരിക്കുന്നുവെന്നു നമ്മെ പഠിപ്പിക്കുന്നു. അതിന്റെ സൗഭാഗ്യം സമാധാനത്തിനായി മനുഷ്യഹൃദയങ്ങളിലുദിക്കുന്ന സകല ആഗ്രഹങ്ങളെയും നിറവേറ്റുകയും അതിശയിക്കുകയും ചെയ്യുന്നു."

1049 "പുതിയ ഭൂമിക്കുവേണ്ടിയുള്ള പ്രതീക്ഷ, ഈ ഭൂമിയെ വികസിപ്പിക്കാനുള്ള നമ്മുടെ താത്പര്യം ഒട്ടും കുറയ്ക്കാൻ പാടില്ല. മറിച്ച്, അതു നമ്മെ പ്രചോദിപ്പിക്കുകയാണു വേണ്ടത്. എന്തെന്നാൽ വരാനുള്ള യുഗത്തിന്റെ അടയാളം ഒരുവിധത്തിൽ മുൻകൂട്ടി കാണിക്കുന്ന ഒരു നവീന മാനവകുടുംബത്തിന്റെ ശരീരം ഇവിടെയാണു വളരുന്നത്. എന്നാൽ, ഭൗതികപുരോഗതിയെ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വളർച്ചയിൽ നിന്നു സുവ്യക്തമായി വേർതിരിച്ചു കാണേണ്ടിയിരിക്കുന്നു. അത്തരം പുരോഗതി, മനുഷ്യസമൂഹത്തിന്റെ കൂടുതൽ മെച്ചപ്പെട്ട ക്രമവത്കരണത്തിനു സഹായകമാകുന്നിടത്തോളം, ദൈവരാജ്യത്തിന്റെ സജീവ താത്പര്യത്തിനു വിഷയമായിരിക്കുന്നു."

1050 മനുഷ്യമഹത്ത്വത്തിന്റെ സഹോദര സംസർഗത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും നന്മകൾ, അതായത് "നമ്മുടെ പ്രകൃതിയുടെയും പ്രയത്നങ്ങളുടെയും സദ്ഫലങ്ങൾ, കർത്താവിന്റെ കൽപനയനുസരിച്ചും അവിടുത്തെ ആത്മാവിലും നാം ഭൂമിയിൽ പ്രചരിപ്പിക്കുന്നു. ക്രിസ്തു തന്റെ പിതാവിനു സനാതനവും സാർവത്രികവുമായ രാജ്യം കാഴ്ചവയ്ക്കുമ്പോൾ അവയെ മാലിന്യരഹിതവും പ്രകാശപൂരിതവും രൂപാന്തരീകൃതവുമായി നാം വീണ്ടും കാണും." അപ്പോൾ നിത്യജീവിതത്തിൽ ദൈവം "എല്ലാവർക്കും എല്ലാം" ആയിരിക്കും.

***കടപ്പാട്***

സഭയുടെ സാർവ്വത്രിക മതബോധനഗ്രന്ഥം (പാലാരിവട്ടം: പി.ഓ.സി, 2005)

# 02

# മരണം:
# ദൈവശാസ്ത്ര വീക്ഷണത്തിൽ

മരണം ഒരു സാർവ്വലൗകിക പ്രതിഭാസമാണെന്നും മനുഷ്യ ബുദ്ധിക്കു പൂർണ്ണമായും ഗ്രഹിക്കാനാവാത്ത മഹാ രഹസ്യമാണെന്നും വ്യക്തമാണ്. മരണമെന്ന രഹസ്യത്തിന്റെ ഉള്ളറകളിലേക്കിറങ്ങിച്ചെല്ലാൻ വിവിധ ദർശനങ്ങൾ നടത്തുന്ന ശ്രമങ്ങളും സുവിദിതമാണ്. ക്രൈസ്തവ ദർശനം യുക്തിയുടെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ മരണമെന്ന രഹസ്യത്തിന്റെ ഉൾപ്പൊരുൾ ഗ്രഹിക്കാൻ നടത്തിയ പരിചിന്തനങ്ങളെ വിശകലനം ചെയ്യാനാണ് ഈ അധ്യായത്തിൽ നാം ശ്രമിക്കുന്നത്.

## മരണം – അല്പം വിശദീകരണം

മരണമെന്ന യാഥാർത്ഥ്യം പരമാർത്ഥത്തിൽ നിർവ്വചനക്ഷമമല്ല. വെളിപാടിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മരണം ഒരിക്കലും ഒരു പ്രശ്നമല്ല, രഹസ്യമാണ്. രക്ഷാകരപദ്ധതിയിൽ ദൈവം പ്രകടിപ്പിക്കുന്ന സ്നേഹത്തിന്റെയും വിജ്ഞാനത്തിന്റെയും നിദർശനമായിട്ടേ മരണത്തെ വിശ്വാസിക്കു മനസ്സിലാക്കാനാവൂ. മനുഷ്യന്റെ ഗ്രാഹ്യമണ്ഡലത്തെ മറികടന്ന് അനന്തതയെ തൊട്ടുരുമ്മി നില്ക്കുന്ന ഒരു യാഥാർത്ഥ്യമാണ് മരണം. മനുഷ്യനും ദൈവവും തമ്മിലുള്ള സൗഹൃദത്തെ ദ്യോതിപ്പിക്കുന്ന പ്രകാശവലയമാണത്. അനിവാര്യമായ മരണത്തിന്റെ മുൻപിൽ സ്വാർത്ഥപൂരണത്തിനുള്ള മനുഷ്യന്റെ അഭി

ലാഷം വഴിമാറിക്കൊടുക്കുകയും ദൈവവും താനും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരവും തനിക്കു ദൈവത്തിലുള്ള സമ്പൂർണ്ണാശ്രയത്വവും അവൻ ഗ്രഹിക്കുകയും ചെയ്യുന്നു. മനുഷ്യരെല്ലാം മരണവിധേയരാണ്. ഈശ്വരൻ മാത്രമാണ് മരണാതീതൻ. അവിടുന്ന് മനുഷ്യന്റെ സത്തയുടെതന്നെ നാഥനാണ്. മനുഷ്യനു ജീവൻ നല്കിയത് ദൈവത്തിന്റെ സ്വതന്ത്രമായ തീരുമാനമാണ്. അതിനാൽ മനുഷ്യന്റെ അന്ത്യവും ദൈവകരങ്ങളിലാണ്.

## മരണം പാപഫലം

വി. ഗ്രന്ഥകാരൻ ഉൽപ്പത്തിപ്പുസ്തകത്തിൽ സാർവ്വലൗകിക പ്രതിഭാസങ്ങളായ പാപത്തിനും മരണത്തിനും വിശദീകരണം നൽകുവാൻ ശ്രമിക്കുന്നുണ്ട്. മരണവും ദുഷ്ടതയും പരമപരിശുദ്ധനും ചിരംജീവിയുമായ ദൈവത്തിന്റെ പ്രവൃത്തികളല്ല. സന്തോഷത്തിന്റെ പറുദീസായിൽ ചിരകാലം ജീവിക്കാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പരാപരന്റെ പരമാധിപത്യത്തെ ധിക്കരിച്ചു (സൃഷ്ടി 2:17-18). പാപത്തിന്റെ ഫലമാണ് മരണമെന്നു കലവറയില്ലാതെ കരുതിയിരുന്ന കാലമുണ്ടായിരുന്നു. മരണാതീതനായിട്ടാണ് മനുഷ്യനെ ദൈവം അസ്ഥിത്വത്തിലേക്കാനയിച്ചത്. ജീവിക്കുകയെന്നുവച്ചാൽ ദൈവത്തിന്റെ അവകാശാധികാരങ്ങളിൽ ഭാഗഭാക്കാകുകയാണ്. ദൈവവുമായുള്ള ഐക്യം നിലനില്ക്കുന്നിടത്തോളം മനുഷ്യന് ജീവനാശമനുഭവിക്കേണ്ടിയിരുന്നില്ല. എന്നാൽ 'ദുഷ്ടതയുടെ അരൂപി, അവനിൽ ആവസിച്ച് ദൈവവുമായുള്ള ബന്ധം വിടർത്താൻ അവനെ പ്രേരിപ്പിച്ചു'. ആ പ്രലോഭനത്തിനു വഴങ്ങുകയോ വഴങ്ങാതിരിക്കുകയോ ചെയ്യാനുള്ള സമ്പൂർണ്ണസ്വാതന്ത്ര്യം മനുഷ്യനുണ്ടായിരുന്നിട്ടും അവൻ ദുഷ്ടാരൂപിയുടെ ആഹ്വാനം ചെവിക്കൊണ്ടു. അതിന്റെ ഫലമായി മനുഷ്യനിലെ ദൈവികജീവൻ മരിച്ചു. അങ്ങനെ "ഒരു മനുഷ്യൻ മൂലം ലോകത്തിൽ പാപവും തൽഫലമായി മരണവുമുണ്ടായി. മരണം എല്ലാവരിലേക്കും പ്രവേശിക്കുകയും ചെയ്തു" (റോമ 5:12).

ഈ പ്രബോധനത്തെ അടിസ്ഥാനമാക്കി മരണത്തെ പാപത്തിന്റെ ശിക്ഷയായി വിലയിരുത്താമോ? ആദിമനുഷ്യന്റെ അമർത്യത സൂചിപ്പിക്കുന്നത് കാലാകാലത്തോളം അയാൾ തന്റെ ഐഹിക ജീവിതം തുടരുമെന്നായിരുന്നുവെന്നാണോ? പാപം ഇല്ലായിരുന്നുവെങ്കിൽ മരണം ഉണ്ടാകുമായിരുന്നില്ല എന്നു തീർപ്പുകല്പിക്കുമാറ് മരണം ഒരിക്കലും പാപത്തിന്റെ ശിക്ഷയല്ല. പാപത്തിന്റെ അഭാവത്തിലും മനുഷ്യന്റെ ഈലോകജീവിതം അവസാനിക്കുകയും അവൻ നിത്യത്വത്തിലേക്കു പ്രവേശിക്കുകയും ചെയ്യുമായിരുന്നു. തന്റെ ഉടമ്പടിയെ വിശ്വസ്തതാപൂർവ്വം പാലിച്ചിരുന്നുവെങ്കിൽ ഇന്നത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു മരണത്തിലൂടെ മനുഷ്യൻ തന്റെ പരമാന്ത്യത്തെ പ്രാപിക്കുമായിരുന്നിരിക്കണം. കാൾ റാനറിന്റെ വാക്കുകളിൽ 'മരിക്കാത്ത ഒരു മരണത്തിലൂടെ' മനുഷ്യൻ തന്റെ ലക്ഷ്യത്തിലെത്തിയേനെ. എപ്രകാരമുള്ള ഒരമർത്യതയാണ് മനുഷ്യനെ ആവരണം ചെയ്തിരുന്നതെന്നതി

നെക്കുറിച്ച് നിഷ്കൃഷ്ടമായൊരു നിഗമനത്തിലെത്തുക സുസാദ്ധ്യമല്ല. മരണത്തിന്റെ പിടിയിൽപെടാതെ നിലകൊള്ളുന്നതിനുള്ള ശക്തിവിശേഷമെന്നതിലുപരി അതൊരുതരം രൂപാന്തരീകരണം ആയിരുന്നിരിക്കാമെന്നാണ് ദൈവശാസ്ത്രജ്ഞന്മാരുടെ അഭിമതം. പാപത്തിനു മുൻപ് മരണം ഒരു 'രൂപാന്തരീകരണം' ആയിരുന്നുവെങ്കിൽ പാപത്തോടുകൂടി അതൊരു 'ഭഞ്ജനം' (break) ആയി മാറി; ഈ ആശയംതന്നെയാണ് പാപമാണ് മരണത്തിന് 'വിഷദംശനം' നൽകിയതെന്ന പ്രസ്താവനയിലൂടെ (1cor.15:5-6) സെന്റ് പോൾ പ്രകടിപ്പിക്കുന്നത്. സമയത്തിൽനിന്നു നിത്യത്വത്തിലേയ്ക്കുള്ള പ്രയാണമാണ് മരണം വഴി സംഭവിക്കുക. ഇത് ആകുലതയുടെയും വേദനയുടെയും പരിവേഷമണിഞ്ഞുവെന്നതാണ് പാപംവഴി വന്ന മാറ്റം. ഉത്ഭവപാപവും വ്യക്തിപരമായ പാപങ്ങളും മൂലം വികലമായ മനുഷ്യപ്രകൃതിക്കു മരണം അരോചകമായൊരു സഹനമാണ്. 'പാപം മൂലം മരണം ലോകത്തിൽ പ്രവേശിച്ചു'(റോമ 5:12) എന്ന് സെന്റ് പോൾ പറയുന്നത് ഈ അർത്ഥത്തിലാണ്. വേദനനിറഞ്ഞ മരണം പാപത്തോടെ മനുഷ്യന്റെ സ്വാഭാവികാന്ത്യമായി മാറി. പാപമില്ലാത്ത അവസ്ഥയിൽ മരണം ജീവന്റെ പരിപൂർത്തിയും സാക്ഷാത്ക്കാരവും ആകുമായിരുന്നു. ആത്മബോധത്തോടെയും സന്തോഷത്തോടെയും മനുഷ്യൻ ആ നിമിഷം നേരിടുമായിരുന്നു. മരണത്തിന് ഇന്നുള്ള 'ശാപം' പാപത്തിന്റെ ഫലം തന്നെ. പാപമില്ലായിരുന്നെങ്കിൽ മരണത്തിലൂടെ മനുഷ്യന്റെ മർത്ത്യശരീരം ആത്മീയശരീരമായി രൂപാന്തരപ്പെടുകയായിരുന്നു ചെയ്യുക. ജീവിതാനുഭവങ്ങളിൽനിന്നുതന്നെ ഇക്കാര്യം വ്യക്തമല്ലേ? നീതിമാൻ മരണത്തെ സന്തോഷത്തോടെ സ്വാഗതം ചെയ്യുമ്പോൾ ദുഷ്ടന് മരണം വെറുക്കപ്പെടേണ്ട ഒരു പേടിസ്വപ്നമാണ്.

## മരിക്കുന്നത് സമഗ്രമനുഷ്യൻ

പരമ്പരാഗത ക്രൈസ്തവ ദൈവശാസ്ത്രം മനുഷ്യന്റെ മരണത്തെ ആത്മശരീരങ്ങളുടെ വേർപാടായിട്ടാണ് വിശദീകരിച്ചിരുന്നത്. ഈ വേർപാടിൽ ശരീരം അനുഭവിക്കുന്ന വിരഹദുഃഖത്തെ മരണവേദനയായി വ്യാഖ്യാനിച്ചിരുന്നു. മാത്രമല്ല മരണത്തോടെ ആത്മാവു സ്വതന്ത്രമാകുകയും ശരീരം ജീർണ്ണതയ്ക്ക് വിധേയമാകയും ചെയ്യുന്നു. മനുഷ്യനെക്കുറിച്ചുള്ള ഈ ദ്വൈതവീക്ഷണത്തിന്റെ സ്വാധീനമാണ് ഈ പരമ്പരാഗത ചിന്താഗതിയിൽ നമുക്കു ദർശിക്കാൻ കഴിയുക. മരണത്തെ ആത്മശരീരങ്ങളുടെ വേർപാടായിമാത്രം കാണുക തികച്ചും അപര്യാപ്തമാണെന്ന് ഇന്നു ദൈവശാസ്ത്രജ്ഞന്മാർ സമർത്ഥിക്കുന്നുണ്ട്. ശരീരം മാത്രമല്ല മനുഷ്യവ്യക്തിയാണ് മരിക്കുന്നത്. മനുഷ്യന്റെ സത്തയെ ആകമാനം സ്പർശിക്കുന്ന, അവന്റെ ലൗകിക ജീവിതത്തിന് അന്ത്യം കുറിക്കുന്ന, മൗലികമായ മാറ്റമാണ് മരണം. ആത്മാവിന്റെ കാര്യത്തിലും മരണത്തിലൂടെ സുപ്രധാനമായ ഒന്നു സംഭവിക്കുന്നുണ്ട്. മനുഷ്യനെ 'ആത്മാവ്', 'ശരീരം' എന്നിങ്ങനെ രണ്ടു ഘടകങ്ങളായി കാണാതെ 'പ്രകൃതി', 'പുരുഷൻ' എന്നിങ്ങനെയുള്ള ഒരു വ്യാഖ്യാനമാണ് പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ കാൾ റാനർ സ്വീകരിക്കുക. അങ്ങനെ ചിന്തി

ക്കുമ്പോൾ മരണത്തിന് പ്രകൃതിപരവും അസ്തിത്വാത്മകവുമെന്ന് രണ്ടു വശങ്ങളുണ്ട്. ആത്മശരീരങ്ങളുടെ ഐക്യം മരണംവഴി ഭഞ്ജിക്കപ്പെടുന്നുണ്ട്. ഇതു മരണത്തിന്റെ പ്രകൃതിപരമായ, സ്വാഭാവികമായ വശമാണ്.

## മരണം, ഐഹികതീർത്ഥാടനത്തിന്റെ അന്ത്യം

മരണത്തിന്റെ പൗരുഷേയവശത്തെ റാനർ വിശദീകരിക്കുന്നത്, മരണം മനുഷ്യന്റെ തീർത്ഥാടകസ്ഥിതിയുടെ അന്ത്യമാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ്. മനുഷ്യജീവിതം ഒരു തീർത്ഥാടനമാണ്. ഗർഭപാത്രത്തിലാരംഭിച്ച് നിത്യതയിലെത്തിച്ചേരേണ്ട ഒരു നീണ്ടയാത്ര. ഈ ലോകത്തിൽ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നെങ്കിലും എപ്പോഴും ഈ ലോകത്തിന് അതീതനായി വർത്തിക്കേണ്ടവനാണ് മനുഷ്യൻ. ഈ ലോകത്തിൽ, നിത്യഭവനത്തെ ലാക്കാക്കി മുന്നോട്ടു നീങ്ങുന്ന പഥികൻ മാത്രമാണ് മനുഷ്യൻ. ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം കർത്താവിന്റെ ഭവനത്തിൽനിന്നും അകലെയാണെന്ന (2 cori 5:6) ബോധ്യത്തോടെ സെന്റ് പോളിനോടൊപ്പം "എന്റെ പിന്നിലുള്ളവയെല്ലാം മറന്ന് മുമ്പിലുള്ളവയ്ക്കുവേണ്ടി കിണഞ്ഞു പരിശ്രമിക്കുകയാണ് ഞാൻ. ഈശോമിശിഹാവഴി സമ്മാനമായി ലഭിച്ചിരിക്കുന്ന ദൈവികാഹ്വാനമാകുന്ന പരമലക്ഷ്യം പ്രാപിക്കുന്നതിനു ഞാൻ മുന്നേറിക്കൊണ്ടിരിക്കുകയാണ്" (ഫിലി. 3:13-14) എന്ന് ഓരോരുത്തർക്കും പറയാനാകണം. മാനുഷികമായ കാഴ്ചപ്പാടിൽ മരണത്തോടെ ജീവിതം അവസാനിക്കുകയാണ്. എന്നാൽ ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജ്ഞാനസ്നാനത്തിലൂടെ തുടക്കമിട്ട ദൈവവുമായുള്ള ഐക്യത്തിന്റെ പൂർണ്ണസാക്ഷാത്ക്കാരമാണ് മരണത്തിലൂടെ സംഭവിക്കുന്നത്. അതായത് മരണം മനുഷ്യജീവിതത്തിന്റെ അന്തിമ പ്രതിഭാസമല്ല. പിന്നെയോ നിത്യമായ മനുഷ്യജീവിതത്തിലെ ഒരു നിർണ്ണായക സംഭവം മാത്രമാണ്. ഇവിടെ ഈ ലോകജീവിതത്തിന് അനുയോജ്യമായിരുന്ന ആത്മശരീരൈക്യം ശിഥിലമാകുകയും പുതിയൊരു ജീവിതസാഹചര്യത്തിനു യോജിച്ച തരത്തിൽ മനുഷ്യസത്ത പരിണാമപ്പെടുകയും ചെയ്യുന്നു. കൂടുതൽ പൂർണ്ണവും പരിപക്വവുമായ രീതിയിൽ അസ്തിത്വത്തെ ഉൾക്കൊള്ളാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള അവസരമാണത്. സമയമാണ് മരണത്തിനു മുൻപും പിൻപുമുള്ള മനുഷ്യാസ്ഥിത്വത്തെ കൂട്ടിയിണക്കുന്ന കണ്ണി. നിത്യതയെപ്പറ്റി ചിന്തിക്കുമ്പോൾ 'ആരംഭ'മെന്ന പദപ്രയോഗം തന്നെ വിരോധാഭാസമായി തോന്നാമെങ്കിലും മരണം നിത്യതയുടെ 'ആരംഭ'മാണെന്നുതന്നെ നമുക്കു പറയാം.

## മരണം ഒരു മാനുഷിക പ്രവൃത്തി

ജീവിതത്തിന്റെ അന്ത്യമാണു മരണം. പക്ഷേ ഇതു ജീവിതത്തിന്റെ ലക്ഷ്യമെന്ന അർത്ഥത്തിലല്ല, പൂർത്തീകരണമെന്ന അർത്ഥത്തിലാണ്. ജീവിതത്തിന്റെ വ്യക്തിഗതമായ പൂർത്തീകരണമാണ് മരണം. ഈ ലോകജീവിതത്തിന്റെ സ്വാഭാവികമായ അന്ത്യവും നിത്യത്വത്തിലേയ്ക്കുള്ള കവാടവുമാണത്. അതുകൊണ്ട് നിസ്സഹായനായി മനുഷ്യൻ മരണ

ത്തിന്റെ മുമ്പിൽ തലകുനിച്ചു കൊടുക്കണമെങ്കിലും വ്യക്തിപരമായി സ്വാംശീകരിക്കേണ്ട പല മൂല്യങ്ങളും അതിനുണ്ട്. സർവ്വേശ്വരനോടും സഹജീവികളോടുമുള്ള തന്റെ സമർപ്പണത്തിന് യോജിച്ചവിധം ജീവിക്കുന്ന ഒരുവന് മൃത്യു ജീവിതപൂരകമായൊരു അനുഭവമാണ്. മരണത്തോടെ വ്യക്തിപരമായ ജീവിതം അവസാനിക്കുകയും പുരുഷപരത പൂർണ്ണത പ്രാപിക്കുകയും ചെയ്യുന്നു. ഒരു പ്രവൃത്തിയെന്ന നിലയിൽ ജീവിതയാത്രയിൽ മനുഷ്യനു ചെയ്യാൻകഴിയുന്ന അവസാനത്തെ പ്രവൃത്തിയാണു മരണം. ഒരു വൈയക്തിക പ്രവൃത്തിയെന്ന നിലയിൽ അതു തികച്ചും സ്വതന്ത്രപൂർവ്വകവുമായിരിക്കണം. തികച്ചും അനിവാര്യമായ ഒരു ജീവിതയാഥാർത്ഥ്യമാണു മരണമെങ്കിലും അതിനെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ സ്വന്തം ഭാവിയെ മുന്നിൽ കണ്ടുകൊണ്ടു സ്വാതന്ത്ര്യപൂർവ്വം പ്രവർത്തിക്കുക എന്നതു സ്വാഭാവികമാണ്.

മനുഷ്യജീവിതം അനുക്രമമായി സംഭവിക്കുന്ന അനേകം പരിണാമങ്ങളുടെ നിരന്തര പ്രക്രിയയാണ്. തീരുമാനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സ്വയം സൃഷ്ടിക്കുകയും വളരുകയും ചെയ്യുന്നവനാണ് –'ആയിത്തീർന്നുകൊണ്ടിരിക്കുന്നവനാണ്'– മനുഷ്യൻ. ഈ ആയിത്തീരലിന്റെ ശില്പി അവൻ തന്നെയാണ്. മരണനിമിഷത്തിൽ സമയത്തിന്റെ പ്രവാഹം നിലയ്ക്കുകയും സ്ഥലത്തിന്റെ സ്ഥൂലത അപ്രത്യക്ഷമാകുകയും ചെയ്യുമ്പോൾ സ്വന്തമായ ഒരു തീരുമാനത്തിലൂടെ ജീവിതത്തിനു മുഴുവൻ പൂർണ്ണതയുടെയോ അപൂർണ്ണതയുടെയോ മുദ്രകുത്തുവാനുള്ള സ്വാതന്ത്ര്യമാണ് മനുഷ്യനുള്ളത്. അല്ലാതെ മരണത്തെ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാനല്ല. ഇങ്ങനെ നോക്കുമ്പോൾ ഒരുവന്റെ വ്യക്തിഗതമായ തീരുമാനവും പ്രവൃത്തിയുമാണ് മരണമെന്നു കാണാം.

## മരണം മനുഷ്യന്റെ ആത്യന്തിക തീരുമാനം

കാൾ റാനർ, ലഡിസ്ലാവോസ് ബോറോസ് തുടങ്ങിയ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ മരണത്തെ മനുഷ്യന്റെ ആത്യന്തിക തീരുമാനമായിട്ടാണ് വീക്ഷിക്കുന്നത്. ഓരോ മനുഷ്യന്റെയും ജീവിതം ഒന്നിനു പുറകെ മറ്റൊന്നായി അവൻ എടുക്കുന്ന തീരുമാനങ്ങളുടെയും അവയ്ക്കനുസൃതമായ പ്രവർത്തനങ്ങളുടെയും നിരന്തരപ്രക്രിയയാണ്. ഇവ മനുഷ്യന്റെ സത്താപരവും ധാർമ്മികവുമായ വളർച്ചയെ സഹായിക്കുന്നവയോ അതിനെ തടസ്സപ്പെടുത്തുന്നവയോ ആകാം. അങ്ങനെ വൈരുദ്ധ്യാത്മക സ്വാഭാവങ്ങളോടുകൂടിയ തീരുമാനങ്ങളിലൂടെയും പ്രവർത്തന പ്രതിപ്രവർത്തനങ്ങളിലൂടെയും ഓരോ വ്യക്തിയും തന്റെ പൂർണ്ണതയിലേയ്ക്കോ പരാജയത്തിലേയ്ക്കോ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ സംഭവപരമ്പരയുടെ അന്ത്യംകുറിക്കുന്ന ആത്യന്തിക തീരുമാനമാണ് മരണത്തിൽ മനുഷ്യനെടുക്കുന്നത്. ജീവിതത്തിന്റെ ഓരോ നിമിഷവും മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുകയാണെന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. മരണത്തെ മനുഷ്യന്റെ തീരുമാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതെന്ന് ദൈവശാസ്ത്രപരമായി റാനർ വ്യാഖ്യാനിക്കുന്നുണ്ട്. മരണനിമിഷത്തിലാണ് മനുഷ്യചേതന ശരീരത്തിന്റെ പരിമിതികളിൽനിന്നു

യർന്ന് സ്വാവബോധത്തിന്റെ തികവിലെത്തിച്ചേരുക. മരണനിമിഷത്തിൽ അതുവരെയുള്ള ജീവിതതീരുമാനങ്ങളിലൂടെ കൈവന്ന വ്യക്തിയാഥാർത്ഥ്യത്തിന് അന്ത്യനിശ്ചിതത്വം ലഭിക്കുന്നു.

മാനുഷികപ്രവൃത്തികളുടെ ആകെത്തുകയും പൂർത്തീകരണവുമെന്ന നിലയിൽ അവയുടെ സഫലീകരണമാണ് മരണം. ജീവിതത്തിൽ ഒരുവനെടുത്ത തീരുമാനങ്ങളുടെ സ്വാധീനം മരണത്തിലെ ആത്യന്തിക തീരുമാനത്തിലുമുണ്ടായിരിക്കും. 'ജീവിതമെങ്ങനെയോ മരണവും അങ്ങനെതന്നെ' എന്ന സാധാരണ ചൊല്ലിന്റെ അർത്ഥവും ഇതുതന്നെയാണ്. മരണക്കിടക്കയിൽവെച്ചുള്ള മാനസാന്തരം പ്രതീക്ഷിച്ചുകഴിഞ്ഞുകൂടുന്നവരുടെ ബുദ്ധിശൂന്യത ഇവിടെ തികച്ചും വ്യക്തമാണല്ലോ. മാനുഷിക പ്രവൃത്തികളാകുന്ന ശൃംഖലയുടെ അവസാനത്തെ കണ്ണിയെന്ന നിലയിൽ നിശ്ചയമായും മരണത്തിന്മേൽ ഇതരപ്രവൃത്തികളുടെ സ്വാധീനമുണ്ടായിരിക്കും. സ്വതന്ത്രമായ ഒരു പ്രവൃത്തിയെന്ന നിലയിൽ ദൈവസ്നേഹത്തോടുള്ള മനുഷ്യന്റെ അന്ത്യമായ സമ്മതം മൂളലോ അതിൽനിന്നുള്ള പുറംതിരിയലോ ആണ് മരണം. മറ്റു മാനുഷിക പ്രവൃത്തികളിൽനിന്നെല്ലാം മരണം വ്യത്യസ്തമാണ്. കാരണം മറ്റെല്ലാ പ്രവൃത്തികളും മനുഷ്യന്റെ ആത്മശരീരങ്ങളുടെ സമഞ്ജസസമ്മേളനത്തിൽ നിന്നും ഉരുത്തിരിയുമ്പോൾ മരണം അപ്രകാരമുള്ള ഒരൈക്യത്തിന്റെ വേർപാടിൽ നിന്നാണുണ്ടാകുക. മരണം ഒരിക്കലും ആവർത്തനക്ഷമമല്ലാത്തതിന്റെ കാരണവും മറ്റൊന്നല്ല. ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കി ജീവിക്കുന്നവനെ സംബന്ധിച്ചിടത്തോളം തന്റെ സ്വന്തമായ നിർണ്ണായക ശക്തിയുടെ സ്വതന്ത്രപ്രവൃത്തിവഴി ഒരുവൻ മരിക്കുമ്പോൾ മർത്ത്യതയെ അതിജീവിക്കുകയാണവൻ. മനുഷ്യൻ ജീവിതസാകല്യത്തിന്റെ അന്തിമാഭിമുഖം എന്നന്നെയ്ക്കുമായി സ്ഥിരപ്പെടുത്തുന്ന സത്യത്തിന്റെ നിമിഷമാണ് മരണം.

മറ്റു ചില പ്രശ്നങ്ങൾക്കൂടി ഇവിടെ നമുക്കു പരിഗണിക്കേണ്ടതുണ്ട്. മരണം മനുഷ്യന്റെ നിത്യമായ ഭാവിയെ നിർണ്ണയിക്കുന്ന അന്ത്യതീരുമാനവും അടിസ്ഥാനപരമായ തിരഞ്ഞെടുപ്പുമാണെങ്കിൽ ദീർഘനാൾ അബോധാവസ്ഥയിൽ കിടന്നിട്ട് ആ അവസ്ഥയിൽതന്നെ മരണം പ്രാപിക്കുന്നവരുടെയും ശിശുക്കളുടെയും കാര്യമെങ്ങിനെയാണ്? മരണത്തിൽ എല്ലാമനുഷ്യർക്കും പൂർണ്ണമായ സ്വയാവബോധവും സ്വാതന്ത്ര്യവും കൈവരുന്നുണ്ടെന്നും അതിനാൽ ജീവിതകാലത്തു മുഴുവൻ തങ്ങളെടുത്ത തീരുമാനങ്ങളും ശുദ്ധീകരിക്കുവാനോ സ്ഥിരീകരിക്കുവാനോ അവർ പ്രാപ്തരാണെന്നും ദൈവശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നുണ്ട്. തന്റെ അസ്ഥിത്വത്തിനു മുഴുവൻ പൂർണ്ണതയുടെയോ അപൂർണ്ണതയുടെയോ മുദ്ര ചാർത്തിക്കൊണ്ട് ദൈവസ്നേഹത്തെ സ്വീകരിക്കുകയോ നിരസിക്കുകയോ ആണ് മരണനിമിഷത്തിൽ മനുഷ്യൻ ചെയ്യുന്നത്. ശിശുവായി ആരും മരിക്കുന്നില്ല. കാരണം മരണനിമിഷത്തിൽ നമ്മെ വിട്ടുപിരിയുന്ന ശിശുവിന്, നമ്മുടെ ദൃഷ്ടിയിൽ ശിശുവാണെങ്കിലും പൂർണ്ണമായ അവബോധം സിദ്ധിച്ചിരിക്കും.

കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരായ റാനർ, ബോറോസ്, ഗ്ലീസൺ തുടങ്ങി വളരെപ്പേർ മരണത്തെ മനുഷ്യന്റെ ആത്യന്തിക തീരുമാനമായി പരിഗണിക്കുന്നവരാണ്. വേദപുസ്തകത്തിലോ സഭാപിതാക്കന്മാരുടെ പഠനങ്ങളിലോ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലോ പ്രത്യക്ഷമായ അടിസ്ഥാനമൊന്നും ഇത്തരം വിശകലനത്തിനില്ല. എന്നിരുന്നാലും ഈ അഭിപ്രായത്തിന് ഉപോദ്ബലകമായിട്ടുള്ള വേദപുസ്കതഭാഗമായി തിമോത്തിക്കുള്ള ഒന്നാം ലേഖനത്തിലെ സാർവ്വത്രിക രക്ഷയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം പരിഗണിച്ചുകൂടെ? എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേയ്ക്കെത്തിച്ചേരണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്. എന്തെന്നാൽ ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി ഒരുവനേയുള്ളൂ. മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നൽകി (തിമോ 2:4-6). എല്ലാ മനുഷ്യരും രക്ഷപെടണമെന്ന ദൈവത്തിന്റെ ആഗ്രഹത്തെ, എല്ലാവർക്കും മരണത്തിൽ രക്ഷകനായ ക്രിസ്തുവിനെ അഭിമുഖീകരിക്കുവാനും, അവിടുത്തെ നിത്യമായി സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന ഒരു ആത്യന്തികതീരുമാനം (വ്യക്തമായ അവബോധത്തോടും പൂർണ്ണമായ സ്വാതന്ത്ര്യത്തോടും കൂടെ) എടുക്കുവാനുമുള്ള അവസരം നല്കപ്പെടുന്നു എന്നും മനസ്സിലാക്കാമെങ്കിൽ മുൻ പറഞ്ഞ അഭിപ്രായം കൂടുതൽ പരിഗണനാർഹമാകും. ആത്യന്തികമായ തീരുമാനത്തിലുള്ള അവസരവും അനുഗ്രഹവും നൽകപ്പെടുന്നു എന്നത്, എല്ലാ മനുഷ്യർക്കുംവേണ്ടി മരിച്ച ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും തികച്ചും ഉചിതമാണ്; അതുപോലെ, മരണം കേവലം ശാരീരികമായ അനിവാര്യതയോ നിഷ്ക്രിയത്വമോ അല്ല, മനുഷ്യന്റെ ഏറ്റവും സ്വതന്ത്രമായ തീരുമാനവും, അതിലൂടെ അവന്റെ ഭാവിഭാഗധേയ നിർണ്ണയവുമാണെന്നും കരുതുക, മനുഷ്യന്റെ മാഹാത്മ്യത്തെയും ശ്രേഷ്ഠതയെയും ഒന്നുകൂടി സ്ഥിരീകരിക്കുകയുമാണ്.

## മരണം - കൂദാശകളുടെ പൂർത്തീകരണം

ക്രിസ്തുവുമായുള്ള ഐക്യവും ഭാവിമഹിമയുടെ അച്ചാരവുമാണ് കൂദാശകൾ. ഒരുവൻ ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിൽ സജീവമായി പങ്കുപറ്റുന്നത് കൂദാശകളിലൂടെയാണ്. കൂദാശസ്വീകരണത്തിൽ ആരംഭമിട്ടവയൊക്കെ പൂർണ്ണമായും പൂർത്തീകരിക്കപ്പെടുന്നത് മരണത്തിലാണെന്നു കാണാം. ജ്ഞാനസ്നാനസ്വീകരണത്തിലൂടെ ഒരുവൻ ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും തന്നെത്തന്നെ ആമഗ്നനാക്കുകയും വരുവാനിരിക്കുന്ന നിത്യജീവന്റെ അച്ചാരമെന്നോണം പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തീയപക്വതയുടെ കൂദാശയായ സ്ഥൈര്യലേപനത്തിലൂടെ വിശ്വാസം ധീരമായി ഏറ്റുപറയുവാനും അനുദിന ജീവിതത്തിൽ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തുവാനുമുള്ള ദൈവാർപ്പണം അഗാധതരമാക്കുന്നു. വി. കുർബാനയും കുമ്പസാരവും പാപത്തിൽനിന്നുള്ള പിന്തിരിയലും, ഒരു ആത്മനവീകരണ പ്രക്രിയയിലൂടെ ദൈവവുമായുള്ള ഐക്യപ്പെടലുമാണ്. രോഗാ

വസ്ഥയിൽ അനുഭവപ്പെടാവുന്ന അത്യുഗ്രമായ പൈശാചിക പരീക്ഷ ണങ്ങളെ എതിർക്കുവാനും പൂർവ്വപാപസ്മരണയാലുണ്ടാകാവുന്ന മാന സിക ദൗർബല്യം, നിരാശ, ശാരീരിക ക്ലേശങ്ങൾ എന്നിവയെ അതിജീ വിക്കുവാനും രോഗത്തെയും വേദനയെയും ധീരതയോടെ നേരിടുവാനു മുള്ള ക്രിസ്തുവിന്റെ സഹായമാണല്ലോ രോഗീലേപനം. ഇവയെല്ലാം പൂർത്തീകരിക്കപ്പെടുന്നത്, ഇവയുടെ ഫലങ്ങളെല്ലാം പൂർണ്ണമാകുന്നത് മരണ നിമിഷത്തിലാണ്. അതുകൊണ്ട് മരണത്തെ ഒരു കൗദാശികാ വസ്ഥയെന്നാണ് ദൈവശാസ്ത്രജ്ഞന്മാർ പറയുക. ക്രിസ്തുവിനെ നേരിൽ അഭിമുഖീകരിക്കുന്ന നിമിഷമെന്ന നിലയിൽ ഏറ്റവും അടിസ്ഥാ നപരമായ, ഉൽകൃഷ്ടമായ കൂദാശയെന്നുപോലും ബോറോസ് മരണത്തെ വിളിക്കുന്നു.

സഹജീവികൾക്കായി ജീവൻ ഹോമിച്ച ക്രിസ്തുവിന്റെ മാർഗ്ഗം സ്വീകരിക്കുകയാണ് വിശ്വാസത്തിനുവേണ്ടി മരിക്കുകവഴി ഒരുവൻ ചെയ്യുക. സ്വന്തം ജീവനെക്കാളുപരിയായി സുവിശേഷാദർശങ്ങളെ കാണുവാനുള്ള ക്രിസ്തുനാഥന്റെ ആഹ്വാനത്തെ സ്വീകരിക്കുകയാണ് രക്തസാക്ഷിത്വം. ലോകരക്ഷയ്ക്കുവേണ്ടി സ്വമേധയാ മരിച്ച ക്രിസ്തു വിനോട് (യോഹ10:18) ഒരുവനെ ഒന്നിപ്പിക്കുകയും രക്തച്ചൊരിച്ചിലിലൂടെ അവിടുത്തോടു സദൃശനാക്കുകയും ചെയ്യുന്ന രക്തസാക്ഷിത്വം അസാ ധാരണമായ ദൈവികദാനവും ക്രൈസ്തവ സ്നേഹത്തിന്റെ ഏറ്റവും വീരോചിതവും പരമോന്നതവുമായ മാതൃകയുമാണ് (യോഹ15:13, യോഹ3:16). നിത്യജീവൻ നിശ്ചയമായും നല്കുന്ന രക്തസാക്ഷിത്വം, രക്തം ചിന്തിക്കൊണ്ടുള്ള ഈ കൂദാശ, പൂർണ്ണമായ യോഗ്യതയോടു കൂടി മാത്രമേ സ്വീകരിക്കാനാവൂ. അതുകൊണ്ട് 'അത്യുൽക്ക്യഷ്ടമായ കൂദാശ' എന്നാണ് രക്തസാക്ഷിത്വമരണത്തെ റാനർ വിളിക്കുന്നത്. സ്വാത ന്ത്ര്യവും സ്വമേധയാ സ്വീകരിക്കുന്നതുമായ മരണമായി ആത്മഹത്യയെ ഒരിക്കലും പരിഗണിക്കാൻ നിർവ്വാഹമില്ല എന്നതും സുവ്യക്തമാണല്ലോ.

## മരണശേഷം

മരണശേഷം ആത്മാവിന് എന്തുസംഭവിക്കുന്നു? മരണത്തോടെ ആത്മാവിന് പ്രപഞ്ചത്തോടുള്ള സകല ബന്ധങ്ങളും വിടർത്തപ്പെടുന്നു എന്നും ആത്മാവ് ഈ ലോകജീവിതത്തിനനുസരിച്ച് പ്രതിസമ്മാനമോ ശിക്ഷയോ അനുഭവിക്കുന്നു എന്നുമാണ് സാധാരണ ഉത്തരം. മനുഷ്യ നിലെ ഉന്നതമൂല്യവും ജീവിതത്വവും ആത്മാവാകയാൽ ആത്മാവുതന്നെ സമ്മാനമോ ശിക്ഷയോ അനുഭവിക്കണം എന്നാണ് പരമ്പരാഗത തത്വ ശാസ്ത്രവും ദൈവശാസ്ത്രവും പഠിപ്പിച്ചിരുന്നത്. സ്കൊളാസ്റ്റിക് ദർശ നമനുസരിച്ച് ആത്മാവു പ്രകൃത്യാ അപൂർണ്ണമെങ്കിലും വസ്തുപരതയിൽ പൂർണ്ണമായതുകൊണ്ട് മരണശേഷം ശരീരബന്ധമില്ലാതെതന്നെ അതിന് അസ്ഥിത്വമുണ്ടായിരിക്കും. അവസാന ഉയിർപ്പുവരെ, മരിച്ചവർ സ്വർഗ്ഗ ഭാഗ്യമോ ശിക്ഷയോ അനുഭവിക്കുക ഈ സ്ഥിതിയിലാണ്.

റാനർ, ബോറോസ് തുടങ്ങിയ ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ശരീരത്തെ പൂർണ്ണമായും മരണാനന്തരാവസ്ഥയിൽനിന്നു തള്ളിപ്പറയുവാൻ ആഗ്രഹിക്കുന്നില്ല. മരണത്തോടെ ജീർണ്ണിക്കുന്ന ശരീരത്തിന്റെ സ്ഥിതിയും അംഗീകരിച്ചുകൊണ്ട് അവർ നല്കുന്ന വിശദീകരണമെന്തെന്നു നോക്കാം. ആത്മാവ് ശരീരവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുക. ആത്മാവിനു ശരീരത്തിന്മേലുള്ള നിവേശനപരമായ പ്രവർത്തനം സത്താപരമാണ്. തന്മൂലം ആത്മാവിനു ശരീരത്തിന്മേലുള്ള നിവേശനം ഇല്ലാതാകണമെങ്കിൽ ആത്മാവുതന്നെ ഇല്ലാതാകണം. ഇത് ആത്മാവിന്റെ അമർത്യസ്വഭാവത്തിനു നിരക്കുന്നതല്ല. അതായത്, ശരീരത്തോട് അല്ലെങ്കിൽ പദാർത്ഥത്തോടുള്ള മനുഷ്യാത്മാവിന്റെ ബന്ധം മരണശേഷവും തുടരേണ്ടത് ആവശ്യമാണ്. സ്വാഭാവിക മരണത്തിലൂടെ, സമയത്തിന്റെയും സ്ഥലത്തിന്റെയും പരിമിതികളിലൊതുങ്ങുന്ന ശരീരത്തോടുള്ള ബന്ധം വിടർത്തപ്പെടുകയും പ്രപഞ്ചത്തോടു മുഴുവനായുള്ള തുറന്ന ബന്ധംവഴി ആത്മാവു പദാർത്ഥവുമായി ഐക്യം പുലർത്തുകയും ചെയ്യുന്നു. ഇതിനെ ആത്മാവിന്റെ 'സാർവ്വപ്രാപഞ്ചിക ബന്ധം' (Pancosmic relation of the soul) എന്നാണ് റാനർ നിർവ്വചിക്കുക. മരണത്തോടെ ശാരീരികജീവിതം അവസാനിക്കുന്നുവെങ്കിലും ആത്മാവിന്റെ സ്വതന്ത്രമായ തീരുമാനവും പ്രവൃത്തിയുംവഴി മരിക്കുന്ന വ്യക്തിയുടെ ആത്മസത്ത പുതിയൊരു ജീവിതത്തിനായി പുനഃസൃഷ്ടി പ്രാപിക്കുന്നു.

മരണശേഷം ആത്മാവിനു പദാർത്ഥത്തോടുള്ള അതിസ്വാഭാവിക ബന്ധത്തെക്കുറിച്ച് (Transcendental relationship) തോമസ് അക്വീനാസ്തന്നെ പരാമർശിക്കുന്നുണ്ട്. 'പദാർത്ഥ'ത്തെ വ്യാപകമായ അർത്ഥത്തിൽ പരിഗണിച്ചാൽ റാനറിന്റെ പുതിയവീക്ഷണം തൊമിസ്റ്റിക് പാരമ്പര്യത്തിലധിഷ്ഠിതമാണെന്നുകാണാം. ആത്മാവിന്റെ സാർവ്വപ്രാപഞ്ചിക ബന്ധമെന്നതുകൊണ്ടുദ്ദേശിക്കുക ശരീരത്തോടെ ജീവിക്കുന്നകാലത്ത് മനുഷ്യാത്മാവിനു പ്രപഞ്ചത്തോടു തുറന്ന ബന്ധമില്ലെന്നോ, പ്രപഞ്ചത്തിന്റെ എല്ലായിടത്തും ആത്മാവിന്റെ സാന്നിദ്ധ്യം വ്യാപിക്കുന്നുവെന്നോ, ആത്മാവ്, ശരീരവുമായിട്ടെന്നപോലെ സത്താപരമായിട്ട് പ്രപഞ്ചവുമായി ബന്ധപ്പെടുന്നുവെന്നോ അല്ല; ശരീരത്തിലായിരിക്കുമ്പോൾ തന്നെ നിരന്തരമായ പരിണാമത്തിലൂടെയും പ്രപഞ്ചവസ്തുക്കളോടും ഇതരമനുഷ്യരോടുമുള്ള സമ്പർക്കത്തിലൂടെ ആത്മാവു ക്രമാനുഗതമായി കൈക്കൊള്ളുന്ന സ്വഭാവവിശേഷം മരണത്തിലൂടെ സ്ഥലകാലസ്ഥിതി വിട്ടുയർന്ന് മറ്റൊരു തലത്തിൽ പ്രപഞ്ചസാകല്യവുമായി ബന്ധപ്പെടുന്നുവെന്നാണ്. ജീവിതകാലത്ത് സൃഷ്ടപ്രപഞ്ചത്തിന്റെ നന്മകളെ സ്വാംശീകരിച്ച ഒരാൾക്ക് ഈശ്വരസായൂജ്യം സാദ്ധ്യമാണ്. എന്നാൽ ജീവിതകാലത്ത് സ്വാർത്ഥപൂരണത്തിനായി മാത്രം പ്രപഞ്ചബന്ധം പുലർത്തിയിരുന്നവർക്ക് മരണശേഷവും തത്സമമായൊരു പ്രാപഞ്ചികബന്ധമേ സാധ്യമാകൂ; ഈശ്വരസായൂജ്യം സാധ്യമല്ല.

## ക്രിസ്തുവിന്റെ മരണം

മനുഷ്യാവതാരമെടുത്ത ദൈവപുത്രൻ മരണവിധേയനായെന്ന വസ്തുത മരണത്തിന്റെ ദൈവവിജ്ഞാനീയത്തെ സമൂലം ബാധിക്കുന്നു. ക്രൈസ്തവകാഴ്ചപ്പാടിൽ, മരണമെന്ന യാഥാർത്ഥ്യത്തിന്, ഉൽകൃഷ്ടമായൊരർത്ഥവും വ്യാപ്തിയും കൈവന്നത് മനുഷ്യപുത്രന്റെ മരണത്തോടെയാണ്. അവതീർണ്ണവചനം മനുഷ്യപ്രകൃതി സ്വീകരിച്ചപ്പോൾ അതിന്റേതായ മർത്യതയും മറ്റെല്ലാ ബലഹീനതകളും കൈക്കൊണ്ടു. ലോകപാപങ്ങളെ തന്നിൽ സംവഹിച്ച ബലിവസ്തുവായ ക്രിസ്തുനാഥൻ പാപത്തിന്റെ ഫലങ്ങളും – സഹനവും മരണവും – സ്വയം ഏറ്റെടുത്തു. ക്രിസ്തുവിന്റെ മരണത്തിന് രക്ഷാകരപ്രവർത്തനത്തിൽ സവിശേഷമായൊരു പ്രാധാന്യമുണ്ട്. ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തിയുടെ പരമകോടിയാണ് അവിടുത്തെ മരണം. പാപപങ്കിലമായ മനുഷ്യകുലവുമായി അവിടുന്നു താദാത്മ്യപ്പെടുന്നതു കുരിശിന്റെ നിസ്സഹായാവസ്ഥയിലാണ്. ആത്മസമർപ്പണത്തിന്റെ അത്യുദാത്തമായ പ്രവൃത്തിയിലൂടെയാണ് മരണത്തിന്റെ നിഷ്ക്രിയത്വം ക്രിസ്തു സ്വീകരിച്ചത്. പാപം മനുഷ്യപ്രകൃതിയിലേല്പിച്ച പരിമിതികളെയും ശൂന്യഭാവത്തെയും ആഞ്ഞുപുല്കിയ സ്നേഹത്തിലാണ് ക്രിസ്തുവിന്റെ മരണം രക്ഷാകരമാകുന്നത്. പ്രകൃത്യാതന്നെ ക്രിസ്തുവിന്റെ മരണം അവിടുത്തെ ജീവിതത്തിന്റെ ആകെത്തുകയും മകുടമണിയലുമാണ്. ദൈവപിതാവിനോടുള്ള സമ്പൂർണ്ണമായ അടുപ്പവും ദൈവത്തെ വെറുക്കുന്ന സകലത്തിൽനിന്നുമുള്ള സമ്പൂർണ്ണമായ അകൽച്ചയുമാണ് ക്രിസ്തുവിന്റെ മരണം.പാപകരമായ ഈ ലോകത്തിൽനിന്നു പിതാവിന്റെ പക്കലേക്കുള്ള കടന്നുപോകലായി ക്രിസ്തു മരണത്തെ മാറ്റിയെടുത്തു.

ക്രിസ്തുവിന്റെ മരണം പുതിയ ഉടമ്പടിയുടെ അച്ചാരമാണ്. ക്രിസ്തുവിന്റെ എല്ലാപ്രവർത്തനങ്ങളും നമ്മുടെ ചെയ്തികളെ സ്വാധീനിക്കുന്നവയാണ്. സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും സമ്പൂർണ്ണ പ്രവർത്തനമായിരുന്ന ആ മരണത്തിലൂടെ മനുഷ്യന്റെ മരണവും സ്വാധീനിക്കപ്പെട്ടു കഴിഞ്ഞു. ദൈവപുത്രൻ മരണത്തിനു വിധേയനായതുകൊണ്ട്, മരിക്കുക ഒരിക്കലും നിരാലംബതയുടെയൊ നിരാശയുടെയൊ പ്രതീകമല്ലെന്ന് വ്യക്തമാണ്. മരണം ഭയജനകമായ ഒന്നല്ല. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ "മക്കൾ ഒരേ മാംസത്തിലും രക്തത്തിലും ഭാഗഭാക്കുകളാകുന്നപോലെ അവനും അവയിൽ ഭാഗഭാക്കായി. അതു മരണത്തിന്മേൽ അധികാരമുള്ള പിശാചിനെ തന്റെ മരണത്താൽ നശിപ്പിച്ച് മരണ ഭയത്തോടെ ജീവിതകാലം മുഴുവൻ അടിമത്തത്തിൽ കഴിയുന്നവരെ രക്ഷിക്കുന്നതിനുവേണ്ടിയാകുന്നു"(ഹെബ്രാ 2:14–15).

മരണത്തിനടിപ്പെടാതെ ചിരകാലം ജീവിച്ചുകൊണ്ടല്ല ക്രിസ്തുനാഥൻ മരണത്തിന്മേൽ വിജയം വരിച്ചത്. പ്രത്യുത മരണത്തിനു വിധേയനായി, അതുവഴി അനശ്വരത പ്രാപിച്ചു കൊണ്ടാണ് അവിടുന്ന് മരണത്തിനുവിധേയനായത്. സാർവ്വത്രികമായ മരണത്തിൽ പങ്കുചേരുന്നതി

നും തന്റെ വ്യക്തിത്വത്തിന്റെ അതുല്യപ്രഭയാൽ അതിനെ ഉദാത്തീകരിക്കുന്നതിനുമായിരുന്നു. തന്റെ മരണത്തിലൂടെ ജീവിതവും മരണവും തമ്മിൽ നിലനിന്ന വിടവ് അവിടുന്നു മാറ്റിക്കളഞ്ഞു. മാത്രമല്ല അവയെ തമ്മിൽ സുഹൃദ്ബന്ധത്തിലുമാക്കി. വി. പൗലോസ് എഴുതുകയാണ്. നമ്മിലൊരുവനും തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നില്ല. തനിക്കുവേണ്ടി മാത്രം മരിക്കുന്നുമില്ല. നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാകുന്നു. എന്തെന്നാൽ ജീവിക്കുന്നവരുടെയും മരിച്ചവരുടെയും കർത്താവായിരിക്കുന്നതിനാണ് അവിടുന്ന് മരിച്ചതും ഉത്ഥാനം ചെയ്തതും"(റോമ 14:7-9). ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതവും മരണവും ഒന്നുപോലെ അനുഗ്രഹപ്രദമാണ്. "എല്ലാം നിങ്ങളുടെ സ്വന്തമാണ്... ലോകവും ജീവനും മരണവും ഇപ്പോഴുള്ളവയും ഉണ്ടാകാനിരിക്കുന്നവയും എല്ലാം നിങ്ങളുടേതുതന്നെ" (1കോറി.3:22).

## ഉത്ഥാനം മരണമെന്ന രഹസ്യത്തിന് വിശദീകരണം

ക്രിസ്തുവിന്റെ ഉത്ഥാനമാണ് അവിടുത്തെ മരണത്തെ സാർത്ഥകമാക്കുന്നത്; അതുപോലെ മരണം ഉയിർപ്പിനെയും. അതായത് ക്രിസ്തുവിന്റെ മരണവും ഉയിർപ്പും അവശ്യാവശ്യകവും വേർതിരിക്കാനാവാത്തതുമാണ്. മരണമെന്ന മഹാരഹസ്യത്തെ വിശദീകരിക്കുന്ന ഏകഘടകം പുനരുത്ഥാനമാണ്. "ക്രിസ്തു മരണത്തെ നശിപ്പിക്കയും സുവിശേഷംവഴി ജീവനും അക്ഷയത്വവും വെളിപ്പെടുത്തുകയും ചെയ്തു(2തിമോ1:10). ഷർദ്ദാന്റെ വീക്ഷണത്തിൽ ക്രിസ്തു മരണത്തെ കീഴടക്കിയിരിക്കുന്നു. അതിന്റെ ദൂഷ്യഫലങ്ങളെ അമർച്ച ചെയ്തിരിക്കുന്നു. മരണത്തിന്റെ മാരകമായ വിഷം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെ ജീവാമൃതമായി മാറിയിരിക്കുന്നു. നാം ഇനിമേൽ മരണത്തിനുള്ളവരല്ല, പ്രത്യുത മരണം നമ്മുടെ അവകാശമാണ്. നമ്മുടെ മഹത്വപൂർണ്ണമായ ഉത്ഥാനത്തിന്റെ മാതൃകയും ജീവനിലേക്കുള്ള തിരിച്ചുവരവിന്റെ സാക്ഷ്യവുമാണ് ക്രിസ്തുവിന്റെ ഉത്ഥാനം. മഹത്വപൂർണ്ണമായ ഉത്ഥാനത്തിനുമുമ്പ് ക്രിസ്തുനാഥൻ മരണം കൈവരിക്കേണ്ടിയിരുന്നു(ലൂക്കാ 24:26). മരണത്തിലൂടെ മരണത്തിന്റെ അന്തഃസത്തയ്ക്കുതന്നെ വ്യതിയാനം വരുത്തിക്കൊണ്ട്, അന്ത്യമായിക്കരുതിയിരുന്ന മരണത്തെ ആരംഭത്തിന്റെ പ്രതീകമായും ദൈവത്തിൽനിന്നുള്ള വേർപാടെന്നു വിധിച്ചിരുന്നതിനെ ദൈവൈക്യത്തിനുള്ള ഉപാധിയായും മാറ്റിക്കൊണ്ട്, അവിടുന്ന് ഉത്ഥിതനായി. ഉത്ഥാനത്തിലുള്ള നമ്മുടെ വിശ്വാസം ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമാണ് (1 കോറി15:11).

മരണം മനുഷ്യന്റെ ഉയിർപ്പിന്റെ ഒരു മാനം മാത്രമാണ്. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പങ്കുപറ്റണമെങ്കിൽ, നിത്യം ജീവിക്കണമെങ്കിൽ, മരണത്തിലൂടെ കടന്നുപോയേ മതിയാവൂ. മരണം ഒരു താല്ക്കാലിക യാഥാർത്ഥ്യമാണെന്ന വസ്തുത വ്യക്തമാക്കുന്നതാണ് ക്രിസ്തുവിന്റെ ഉത്ഥാനം. ഗോതമ്പുമണി നിലത്തുവീണഴുകുന്നില്ലായെങ്കിൽ അതിൽ

നിന്നു പുതുജീവൻ പുറപ്പെടുകയില്ല (യോഹ 12:24). ഉത്ഥാനം വഴി രൂപാന്തരപ്പെടാനാണ് നാം മരണമാകുന്ന മാമ്മോദീസാ സ്വീകരിക്കുന്നത്. ശിരസ്സായ ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ സാധ്യതയാൽ പുതിയ നിയമത്തിലുടനീളം മരണത്തെ ഒരു വിജയമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ക്രിസ്തു തന്റെ രക്ഷാകരകൃത്യത്താൽ മരണത്തിന്മേൽ നിത്യമായ വിജയം നേടിയതുകൊണ്ട് നമുക്ക് അതിൽ പങ്കുപറ്റാൻ സഹകരിച്ചാൽ മതി. "ഞാൻ ജീവനും പുനരുത്ഥാനവുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്നിൽ വിശ്വസിച്ചു ജീവിക്കുന്നവൻ നിത്യമായി മരിക്കുകയില്ല" (യോഹ 11:25-26) എന്ന് യേശു വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഇങ്ങനെ നോക്കുമ്പോൾ നമ്മെ നമ്മുടെ നിത്യഭവനത്തിൽ കൊണ്ടെത്തിക്കുന്ന യാനപാത്രമാണ് മരണം. അവിടെ ശാശ്വതമായ സമാശ്വാസവും സ്ഥിരമായ ശാന്തിയും നാം അനുഭവിക്കും. വി. യോഹന്നാന്റെ ശൈലിയിൽ: "ഇതാ മനുഷ്യരുടെ മദ്ധ്യേയുള്ള മഹോന്നതന്റെ മന്ദിരം! അവിടുന്ന് അവരോടൊപ്പം വസിക്കും. അവർ അവിടുത്തെ ജനതയായിരിക്കും. ദൈവം അവരോടുകൂടെ, അവരുടെ ദൈവമായി വർത്തിക്കും. മേലിൽ മരണമോ ദുഃഖമോ വിലാപമോ കഷ്ടതയോ ഉണ്ടാവില്ല. ആദ്യത്തെ സ്ഥിതിഗതികളൊക്കെ മാറിപ്പോയിരിക്കുന്നു" (വെളി. 21:3-4). മരണംവഴി സംലഭ്യമാകുന്ന മഹത്വത്തിന്റെ ഏകദേശരൂപമല്ലേ ഇത്? മാനവനയനങ്ങൾ ദർശിക്കയോ മനുഷ്യമനസ്സ് ആസ്വദിക്കയോ ചെയ്തിട്ടില്ലാത്ത അഭികാമ്യവും സവിശേഷവുമായ സ്ഥിതിവിശേഷം!

## മരണഭീതിയോ?

മനുഷ്യനു മരണത്തോടുള്ള ഭയപ്പാടിനു നിദാനം മരണം അർത്ഥരഹിതമാണെന്ന ചിന്തയാണ്. സ്വയരക്ഷയ്ക്കുള്ള നൈസർഗ്ഗിക വാസനയെ കവച്ചുവെയ്ക്കുന്നതാണീ ഭയപ്പാട്. തന്റെ വ്യക്തിപരമായ ജീവിതത്തെക്കുറിച്ചും ചെയ്തികളെക്കുറിച്ചും വ്യക്തമായ ധാരണയുള്ളതാണിതിനു കാരണം. കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ, എല്ലാവരും ഒരുനാൾ മരിക്കുമെന്ന യാഥാർത്ഥ്യം ദൈവനീതി പൂരണത്തിന്റെ ഒരു ഘടകമാണ്. മരണം സുകൃതത്തിൽ വളരുവാനുള്ള സാധ്യതയ്ക്കു പൂർണ്ണവിരാമമിടുകയും, ആദ്ധ്യാത്മികോന്നതിയെ അന്ത്യത്തിന്റെ വക്കത്തെത്തിക്കുകയും ചെയ്യുന്നു. എങ്കിലും ദൈവത്തിന്റെ കാരുണ്യത്തിനും നീതിക്കും തിലകക്കുറിയെന്നപോലെ അതുശോഭിക്കുന്നു. മരണം സംഭവിക്കുന്ന അനർഘനിമിഷം മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവപരിപാലനയുടെ പ്രത്യക്ഷ പ്രവൃത്തിയാണ്. പ്രയാസങ്ങളും കഷ്ടപ്പാടുകളും നിറഞ്ഞ ഐഹികവാസത്തിന് അന്ത്യം കുറിക്കുന്നത് മരണമാണ്. അതേസമയം തന്നെ അർഹനെങ്കിൽ ദൈവവുമായി നിത്യസഹവാസത്തിനൊരാരംഭവുമാണത്. ഷർദ്ദാന്റെ വീക്ഷണത്തിൽ മരണം ഏറ്റവും പ്രയോജനപ്രദമായ ഒരു ദൈവീക പ്രവർത്തനമാണ്; അല്ലാതെ ക്രൂരമായ പ്രകൃതിശക്തികൾ നടത്തുന്ന വെറും നശീകരണപ്രക്രിയയല്ല. ആ പ്രവർത്തനം കൂടാതെ നമ്മുടെ ജീവിതലക്ഷ്യമായ വിശുദ്ധി നേടാൻ നമുക്കു സാദ്ധ്യമല്ല. ദൈവവുമായി പരിപൂർണ്ണ

ഐക്യത്തിലാണ് നാം വിശുദ്ധി നേടുക. ഈ ഐക്യത്തിന് "തന്നിൽ നിന്നു തന്നെ പുറത്തുകടക്കു"ക ആവശ്യമാണ്. വിശുദ്ധീകരണത്തിന്റെയും മഹത്വീകരണത്തിന്റെയും നിർണ്ണായകഘട്ടത്തിൽ നമ്മെക്കൊണ്ടെത്തിക്കുന്ന മരണം ഒരിക്കലും ഒരു നശീകരണ പ്രക്രിയയല്ല, മറിച്ച് മഹത്തായ നിർമ്മാണപ്രവർത്തനമാണ്. മരണത്തിൽ ദൈവം നമ്മുടെ കുറവുകളെ പരിഹരിക്കുകയും നമ്മുടെ അസ്ഥിത്വത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിവന്ന് നമ്മെ തന്നിലേക്ക് ആവഹിക്കുകയും ചെയ്യുന്നു. മരണത്തെ ഈവിധം വീക്ഷിക്കുന്നവരുടെ ജീവിതത്തിൽ മരണഭീതിക്കു സ്ഥാനമേയില്ല.

## മരണത്തിലെ വൈരുദ്ധ്യാത്മികത

പ്രകൃതിയും പുരുഷപരതയും, അരൂപിയും പദാർത്ഥവും, സ്വാതന്ത്ര്യവും നിശ്ചിതത്വവുമെല്ലാം മനുഷ്യനിൽ ഉൾച്ചേർന്നിരിക്കുന്ന വൈരുദ്ധ്യാത്മകതത്വങ്ങളാണ്. ഇവയുടെയെല്ലാം പ്രവർത്തനവും സ്വാധീനവും മറ്റു ജീവിത പ്രതിഭാസങ്ങളിലെന്നപോലെ മരണത്തിലും നാം കാണുന്നുണ്ട്. മരണത്തിൽ വേർപാടും വേദനയുമുണ്ട്. പക്ഷേ നവജീവിതത്തിന്റെയും പ്രാപഞ്ചികാഭിമുഖ്യത്തിന്റെയും കവാടം കൂടിയാണത്. മരണത്തിനു നിഷ്ക്രിയാത്മകവും ക്രിയാത്മകവുമായ രണ്ടു വശങ്ങളുണ്ട്. ഒന്ന് പ്രവർത്തനരഹിതമായൊരു വിധേയത്വവും മറ്റേത് സ്വതന്ത്രമായൊരു വൈയക്തിക പ്രവൃത്തിയും. അതായത് മരണം ഒരു ഭേദനവും വിഘടനവും മാത്രമല്ല, മനുഷ്യന്റെ മുഴുവൻ വ്യക്തിത്വത്തെയും ഒരുമിച്ചുകൂട്ടുകയും അതിന്റെ പാരമ്യത്തിലെത്തിക്കുകയും ചെയ്യുന്ന ഏറ്റം ശ്രേഷ്ഠമായ മാനുഷിക പ്രവൃത്തികൂടിയാണ്. ഈ പരമമായ പ്രവൃത്തി തന്റെ ജീവിതം മുഴുവനിലും നിർവ്വഹിച്ചിട്ടുള്ള വ്യക്തിപരമായ തീരുമാനങ്ങൾക്കു മകുടം ചാർത്തുന്നു. ശ്രേഷ്ഠമായ ആ സ്വയം തീരുമാനസമയത്ത്, "സത്യത്തിന്റെ നിമിഷമായ" മരണസമയത്ത്, മനുഷ്യൻ തന്റെ ജീവിതത്തിൽ നിലനിർത്തിയിരുന്ന ആഭിമുഖ്യം നിത്യമായി ഉറപ്പിക്കുന്നു. വ്യക്തിപരമായ തീരുമാനമെന്ന ഈ സമൂലപ്രവൃത്തിയിൽ മനുഷ്യന്റെ നിത്യമായ വിധി നിർണ്ണയിച്ചുകഴിഞ്ഞു. അങ്ങനെ മരണം ഒഴിവുകഴില്ലാത്തൊരു വിധിയെങ്കിലും, സ്വയം ഏറ്റെടുക്കേണ്ട ഒരു തീരുമാനവും പരിപൂർണ്ണമായ സ്വാതന്ത്ര്യത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പിന്റേതായ പ്രവൃത്തിയുമാണ്.

ക്രിസ്തുവിന്റെ മരണത്തിലും ഈ ദൈവശാസ്ത്രം നമുക്കു വ്യക്തമായി വീക്ഷിക്കാനാവും. നമ്മെപ്പോലെതന്നെ അവിടുത്തേക്കു മരണം പരിപൂർണ്ണമായ പരിത്യക്താവസ്ഥയുടെ സമയമായിരുന്നു; അതേസമയം പരിപൂർണ്ണമായ സ്വയം തീരുമാനപ്രക്രിയയിൽ ക്രിസ്തു തന്നെത്തന്നെ ബലിയർപ്പിക്കുകയും (ലൂക്കാ 23:46, ഗലാ 2:20, യോഹ 10:17-18) പരമമായ പരീക്ഷണഘട്ടത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. വ്യക്തമായ തീരുമാനത്താൽ, വർദ്ധിച്ച സ്നേഹത്താൽ ക്രിസ്തു സ്വയം സ്വീകരിച്ച മരണം രക്ഷാകരമായ ഒന്നായിത്തീർന്നു. പാപം മൂലം നഷ്ടപ്പെട്ട, മനുഷ്യബന്ധത്തിന്റെ പുനഃസ്ഥാപനമായി അതു മാറി. ദൈവത്തിൽനിന്നു

നമ്മെ വേർതിരിച്ചു നിർത്തിയ പാപത്തിന്റെ കനത്ത ഭിത്തി തകർത്തു കൊണ്ട് ദൈവവും മനുഷ്യനും തമ്മിൽ നവമായൊരു സ്നേഹസംഭാഷണത്തിനും കണ്ടുമുട്ടലിനും കുരിശിൽവെച്ചു ക്രിസ്തു തുടക്കമിട്ടു. കൂദാശകളിലൂടെ നാമും ക്രിസ്തുവുമായി താദാത്മ്യപ്പെടുകയാണ്. ജ്ഞാനസ്നാനം ഒരുവനെ ക്രിസ്തുവിന്റെ മരണത്തിൽ നിമജ്ജനം ചെയ്യുന്നുവെന്നും അതിന്റെ പ്രതിഫലനം ഉത്ഥിതമായ അവന്റെ ശിഷ്ടജീവിതത്തിൽ മുഴുവൻ തെളിഞ്ഞുകാണേണ്ടതുണ്ടെന്നും പൗലോസ് അപ്പസ്തോലൻ പറയുന്നത് (റോമ 6:3-5) ഈ അർത്ഥത്തിലാണ്. ക്രൈസ്തവജീവിതത്തിന്റെ ആകെത്തുകതന്നെ മരണമെന്ന രഹസ്യത്തിന്റെയും പുനരുത്ഥാനത്തിന്റെയും നിദർശനമായി അനുഭവപ്പെടുന്നിവിടെ.

## ഉപസംഹാരം

ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങളുടെ സഹായത്തോടെ സാർവ്വലൗകിക പ്രതിഭാസമായ മരണത്തിനു ദൈവശാസ്ത്രപരമായ ഒരു വിശദീകരണം കണ്ടെത്തുവാൻ നാം ശ്രമിക്കുകയായിരുന്നു. മരണത്തിന്റെ സാർത്ഥകത വ്യക്തമാകുന്നതനുസരിച്ചാണ് ഐഹികജീവിതത്തിന്റെ സമ്പന്നത. അതുകൊണ്ട് മരണത്തെക്കുറിച്ച് വ്യക്തമായ ഒരു ക്രൈസ്തവവീക്ഷണം കരുപ്പിടിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ജീവിതത്തിന്റെ വ്യക്തിഗതമായ പൂർത്തീകരണമാണ് മരണം. ഈ ലോകജീവിതത്തിന്റെ സ്വാഭാവികമായ അന്ത്യവും നിത്യത്വത്തിലേക്കുള്ള കവാടവുമാണത്. മരണത്തോടെ വ്യക്തിപരമായ ജീവിതം രൂപാന്തരവിധേയമാകുന്നു. ജീവിതത്തിൽ മനുഷ്യൻ ചെയ്യുന്ന ഏറ്റവും അവസാനത്തെ പ്രവൃത്തിയാണ് മരണം. തികച്ചും സ്വതന്ത്രവും ബോധപൂർവ്വകവുമായ ഈ പ്രവൃത്തിയെ ഒരാളുടെ ജീവിതത്തിലെ മുഴുവൻ പ്രവർത്തനങ്ങളും സ്വാധീനിക്കും. മാനുഷിക പ്രവൃത്തികളുടെയെല്ലാം സഫലീകരണമായ മരണം ഒരിക്കലും ആവർത്തനക്ഷമമല്ല. പുതിയ നിയമത്തിലുടനീളം മരണത്തെ ഒരു വിജയമായിട്ടാണ് വിവരിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ മരണം യഥാർത്ഥത്തിൽ മരണത്തിന്മേലുള്ള വിജയമായിരുന്നു. അതോടെ മരണം ഉയിർപ്പിന്റെ ഒരു മാനം മാത്രമായി. മരണമെന്ന മഹാരഹസ്യത്തെ നമുക്കു മനസ്സിലാക്കാൻ കഴിയുക പുനരുത്ഥാനത്തിന്റെ പ്രത്യാശയിലൂടെയാണ്. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പങ്കുപറ്റണമെങ്കിൽ അവിടുത്തെ മരണത്തിലും പങ്കുകാരായേ തീരൂ. കാലികമായ ഈലോകജീവിതത്തെയും നിത്യമായ പരലോക ജീവിതത്തെയും ബന്ധിക്കുന്ന കണ്ണിയാണ് മരണം.

### *കടപ്പാട്*

ബിഷപ് ബോസ്കോ പുത്തൂർ (എഡി.) *മരണവും മരണാനന്തര ജീവിതവും* (ആലുവാ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1981 )

# 03

# വിധി

മരണം മനുഷ്യന്റെ അന്ത്യമല്ലെന്നും മരണത്തിനപ്പുറമൊരു ജീവിതമുണ്ടെന്നും മാനവരാശി വിശ്വസിക്കുന്നതായി നാം കണ്ടുകഴിഞ്ഞു. മരണാനന്തര ജീവിതത്തോടു അഭേദ്യം ബന്ധപ്പെട്ട ഒന്നാണ് മനുഷ്യന്റെ ധാർമ്മിക നിയമങ്ങളെല്ലാം തന്നെ. മരണാനന്തര ജീവിതത്തിന്റെ സ്വഭാവത്തെക്കുറിച്ച് മനുഷ്യൻ വ്യത്യസ്ത ചിന്താഗതികളാണ് വച്ചുപുലർത്തുന്നതെങ്കിലും ലോകജീവിതത്തിന് മരണാനന്തര ജീവിതത്തിന്മേലുള്ള നിർണ്ണായക ശക്തി എല്ലാവരുംതന്നെ അംഗീകരിക്കുന്നു. മറ്റുവാക്കിൽ മരണാനന്തര ജീവിതത്തെ സംബന്ധിച്ച വിധിതീർപ്പ്, മരണത്തോടെ അവസാനിക്കുന്ന ഈലോക ജീവിതകാലത്തുതന്നെ നടക്കുന്നു എന്ന വിശ്വാസം തർക്കമറ്റതാണ്.

മരണാനന്തരമുള്ള വിധി എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ കടന്നു വരിക സമാന്തര സുവിശേഷങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന അന്ത്യവിധിയെ സംബന്ധിച്ച ചിത്രങ്ങളാണ് (മത്തായി 25) ചെങ്കോലുമേന്തി സിംഹാസനാരൂഢനായിരിക്കുന്ന വിധികർത്താവായ ക്രിസ്തു. ലോകത്തിന്റെ നാലു ഭാഗങ്ങളിലുംനിന്ന് അവിടുത്തെ ന്യായാസനത്തിനു മുമ്പിലേക്ക് ദുഷ്ടന്മാരും ശിഷ്ടന്മാരും മാലാഖാമാരാൽ ആനീതരാകുന്നു. അവിടെ അവരുടെ ചെയ്തികൾ വിലയിരുത്തുന്നു. നല്ലവർ നിത്യഭാഗ്യത്തി

നായി ക്ഷണിക്കപ്പെടുന്നു. ദുഷ്ടന്മാർ നിത്യനരകത്തിനായി ശിക്ഷിക്കപ്പെടുന്നു. കോടതിയും കേസ്സുവിസ്താരവും നമുക്കു പരിചിതമാകയാൽ, മരണാനന്തരവിധിയും അത്തരമൊരു നീതിന്യായ കോടതിയുടെ ചിത്രം നമ്മിലേക്ക് കൊണ്ടുവരുന്നതിൽ അത്ഭുതമില്ല. കുറ്റാരോപണം, വാദങ്ങൾ, എതിർവാദങ്ങൾ, വിധിപ്രസ്താവന എന്നിങ്ങനെ കേവലം നൈയാമികമായ ഒരു പ്രവൃത്തിയാണോ ദൈവിക വിധി? മനുഷ്യാന്ത്യങ്ങളായി നാം സാധാരണ പറയാറ് മരണം, വിധി, സ്വർഗ്ഗം, നരകം എന്നിവയാണ്. എന്നാൽ മനുഷ്യനു ഏക അന്ത്യമേ ഉള്ളൂ – സ്വർഗ്ഗം. സ്വർഗ്ഗപ്രാപ്തിക്കു മുമ്പായി മരണവും വിധിയും നടക്കുന്നു. മരണത്തെക്കുറിച്ച് വിശദമായി നാം ചർച്ച ചെയ്യുകയുണ്ടായി, ഈ അധ്യായത്തിൽ വിധിയെപ്പറ്റി പരിചിന്തിക്കാം.

'വിധി' എന്ന വാക്കിന്റെ അർത്ഥം കല്പന, ആജ്ഞ, കോടതി ഉത്തരവ്, തീർപ്പ്, നിർമ്മാണം, സൃഷ്ടി എന്നെല്ലാമാണ്. വിരുദ്ധാഭിപ്രായങ്ങളിൽ നിജസ്ഥിതി നിർണ്ണയിക്കലാണ് വിധി. മരണാനന്തര ജീവിതത്തെ പരാമർശിക്കുമ്പോഴും മനുഷ്യൻ നേരിടേണ്ട 'വിധി' സുപ്രധാനമായൊരു ഘടകമാണ്. മനുഷ്യന്റെ നല്ലതും ചീത്തയുമായ എല്ലാ പ്രവൃത്തികളും അവയുടെ നന്മതിന്മകളെ ആധാരമാക്കി വിധിക്കപ്പെടണമെന്നും നന്മയ്ക്ക് പ്രതിസമ്മാനവും തിന്മയ്ക്ക് ശിക്ഷയും ലഭിക്കണമെന്നുള്ള തികച്ചും സ്വാഭാവികമായ ധാർമ്മിക നിയമത്തിൽനിന്നാണ് ഇത്തരമൊരു വിധി ആവശ്യമായി വരുന്നത്. ഭൂമിയിൽ മനുഷ്യന്റെ വിധികൾ പരിമിതങ്ങളും അപക്വങ്ങളും പലപ്പോഴും സത്യവിരുദ്ധങ്ങളുമാണ്. മാത്രവുമല്ല, മനുഷ്യന്റെ എല്ലാ പ്രവൃത്തികൾക്കും തക്ക പ്രതിഫലം ഈ ലോകത്തുവച്ചു ലഭിക്കുന്നില്ല. അതിനാൽ മരണാനന്തര ജീവിതത്തിൽ വസ്തുനിഷ്ഠമായൊരു വിധിയെ ആധാരമാക്കി സമഗ്രവും സമ്പൂർണ്ണവുമായ പ്രതിഫലം ലഭിക്കുക നീതി പൂർവ്വകമാണ്.

## ദൈവികവിധി : നിർവ്വചനം

പ്രകൃതിയിലൂടെയും പ്രസാദവരത്തിലൂടെയും ദൈവം നല്കുന്ന സ്നേഹപൂർണ്ണങ്ങളായ പ്രചോദനങ്ങളോട് ദൈവത്തിന്റെ സൃഷ്ടികൾ നടത്തുന്ന സ്വതന്ത്രമായ പ്രതികരണത്തിനനുരൂപമായി, തന്റെ സൃഷ്ടിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയെയാണ് ദൈവിക വിധി എന്നു പറയുന്നത്. വെളിപാടിന്റെ വെളിച്ചത്തിൽ വിലയിരുത്തിയാൽ, ഈ ദൈവിക പ്രവൃത്തിയിൽ നാലു കാര്യങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. **(1) നശീകരണം:** നശീകരണമെന്നതുകൊണ്ടർത്ഥമാക്കുന്നത് വ്യക്തി പൂർണ്ണമായും ഇല്ലാതാകുന്നു എന്നല്ല. ദൈവത്തിന്റെ വിധിയിൽ നടക്കുന്ന നശീകരണം, ക്രിയാത്മകമാണ്. ഇവിടെ നശിപ്പിക്കുന്നത് ദൈവിക പ്രചോദനത്തെ നിരാകരിച്ച മനുഷ്യന്റെ പാപമയമായ പ്രതികരണത്തെയാണ്. ദൈവത്തിന്റെ കരുണാർദ്രമായ ശക്തി വഴി ഇതിനെ ദൈവത്തിന്റെ സ്നേഹനിർഭരമായ പദ്ധതിക്കനുയുക്തമാ

ക്കിത്തീർക്കുന്നു. **(2) വിശുദ്ധീകരണം:** സൃഷ്ടിയിലുള്ള അസ്വീകാര്യങ്ങളായ ഘടകങ്ങളെ ഇല്ലായ്മ ചെയ്യുന്ന ശുദ്ധീകരണം ഭാഗികമായ നശീകരണമാണ്. സ്വാർത്ഥതയും സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗവും സൃഷ്ടിച്ച അസന്തുലിതാവസ്ഥ അതിന്റെ തിന്മയായ ഫലങ്ങൾ പ്രാപിക്കുന്നതിൽ നിന്നൊഴിവാക്കപ്പെടുന്നു. വേദനാപൂർണ്ണമാണ് ഈ ശുദ്ധീകരണപ്രക്രിയ. **(3) വേർതിരിക്കൽ:** ദൈവത്തെ സ്വീകരിക്കുന്നവരെയും നിരാകരിക്കുന്നവരെയും തമ്മിൽ വേർതിരിക്കയാണീ പ്രവൃത്തി. **(4) പൂർത്തീകരിക്കൽ:** വിധിക്കപ്പെടുന്ന വ്യക്തിയിൽ - അയാളിലും-അയാളിലൂടെയും-തന്റെ പദ്ധതി പൂർണ്ണമായും ഫലമണിയാൻ ദൈവം ഇടവരുത്തുന്നു. ദൈവിക വിധിയിൽ ഈ നാലു ഘടകങ്ങളും ഒരേ സമയം അടങ്ങിയിരിക്കുന്നു.

## വിധിയുടെ ത്രിമാന സ്വഭാവം

### കാലാനുസൃതമാനങ്ങൾ

വിധിയുടെ സമയാനുസൃതമായ ത്രിമാന സ്വഭാവം വി. ഗ്രന്ഥത്തിൽ ദർശിക്കാനാവും.

### വിധി ഭൂതകാലത്തിൽ - ക്രിസ്തുവിന്റെ പെസഹാരഹസ്യം:

പെസഹാരഹസ്യമാണ് ദൈവത്തിന്റെ വിധിയുടെ കേന്ദ്രം. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും വഴി ലോകം വിധിക്കപ്പെട്ടിരിക്കുന്നു. പെസഹാരഹസ്യം വഴി ക്രിസ്തു ലോകത്തിന്റെ വിധിയാളനായിത്തീർന്നു. വിശുദ്ധ യോഹന്നാന്റെ കാഴ്ചപ്പാടിൽ, ലോകത്തിലേക്കു വന്ന, ദൈവത്തിന്റെ പ്രകാശവുമായി, അവതരിച്ച വചനവുമായി, വ്യക്തിപരമായി അഭിമുഖീകരിക്കലാണ് വിധി (യോഹ. 3:19). ഈ പ്രകാശത്തെ സ്വീകരിക്കുക രക്ഷയും, തിരസ്ക്കരിക്കുക നാശവും ഒരുവനു പ്രദാനം ചെയ്യുന്നു. ലോകത്തിന്റെ അധികാരി ക്രിസ്തുവിനാൽ വിധിക്കപ്പെട്ടുകഴിഞ്ഞു (യോഹ. 12:31). പെസഹാരഹസ്യത്തിന്റെ ഉച്ചകോടിയായ കുരിശിലാണ് ക്രിസ്തു യഥാർത്ഥ വിധിയാളനാവുന്നത്. ക്രിസ്തുവിന്റെ ജീവദായക ശക്തിയും വിധിയും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. വിധിക്കുവാനും ജീവൻ നല്കുവാനുമുള്ള അധികാരം അവിടുത്തേക്കു സദാ ഉണ്ടായിരുന്നെങ്കിലും അവിടുത്തെ ഉയിർപ്പിൽ ഈ കഴിവ് അതിന്റെ പൂർണ്ണതയിലെത്തുന്നു. ഉത്ഥിതനായ ക്രിസ്തു ലോകത്തിന്റെ വിധിയാളനാണ് (റോമ. 1:4).

ക്രിസ്തുവിന്റെ നൈയാമികവും ക്രിയാത്മകവുമായ പ്രവൃത്തിയാണ് ഈ വിധി. ഉച്ചരിക്കലും നടപ്പിലാക്കലും ഒരേ സമയം നടക്കുന്നിവിടെ. ദൈവസ്നേഹത്തിന്റെ അത്യുദാത്തമായ പ്രകടനവുമാണിത്. പിതാവായ ദൈവം ക്രിസ്തുവിന്റെ പീഡാസഹനത്തിലൂടെ പാപത്തെ വിധിക്കയും ശിക്ഷിക്കയും ചെയ്തു (2കൊറി. 5: 21) വെങ്കിലും ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് ശിക്ഷാവിധിയില്ല (റോമ. 8:1).

**വിധി : വർത്തമാന കാലത്തിൽ - ക്രിസ്തീയ ജീവിതം:**

പെസഹാരഹസ്യത്തിൽ അധിഷ്ഠിതമായതും അന്തിമ പ്രത്യക്ഷീകരണത്തിൽ പൂർത്തീകരിക്കപ്പെടുന്നതുമായ ദൈവിക വിധി, വ്യക്തികളുടെയും രാജ്യങ്ങളുടെയും ജീവിതത്തിൽ അനുനിമിഷം അനുവർത്തിക്കപ്പെടുന്ന ഒന്നുകൂടിയാണ്. മൂന്നു രൂപങ്ങളിൽ ഈ വിധിയെ നമുക്ക് ദർശിക്കാം.

**കൂദാശകൾ:** ഉത്ഥിതനായ ക്രിസ്തുവിന്റെ ക്രിയാത്മക പ്രവർത്തനത്തിൽ സഭയിലൂടെ ഭാഗഭാക്കാവുന്ന, ദൈവമനുഷ്യ സംഗമത്തിന്റെ വേദികളാണു കൂദാശകൾ. അന്തിമവിധിയിൽ സമ്പൂർണ്ണമാക്കപ്പെടുന്ന ദൈവികപ്രവർത്തനത്തിന്റെ കാലികമായ പ്രകടനമാണ് കൂദാശകളിലൂടെ സാധിക്കുന്നത്. എല്ലാ കൂദാശകളും ഈ ദൈവിക വിധിയുടെ മുൻ രൂപങ്ങളാണ്. എങ്കിലും മാമ്മോദീസാ, കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകളിൽ ഇതു സ്പഷ്ടമായി ദൃശ്യമാണ്.

**മാമ്മോദീസ:** മാമ്മോദീസായിൽ ഒരുവൻ ദൈവത്തിനായി നിത്യമായി മുദ്രിതമാക്കപ്പെടുന്നു. ഈ കൂദാശയാൽ മുദ്രിതരാക്കപ്പെട്ടവർ അന്തിമനാളിൽ നീതീകരിക്കപ്പെട്ടവരായി പ്രസ്താവിക്കപ്പെടും. മത്തായി. 19: 28ൽ വിധിയേയും പ്രത്യക്ഷീകരണത്തേയും ദ്യോതിപ്പിക്കാൻ ഉപയോഗിച്ചിരുക്കുന്ന 'പുതുജന്മം' (loutron=bath) എന്ന പദം തന്നെയാണ് വിശുദ്ധ പൗലോസ് മാമ്മോദീസായെക്കുറിച്ച് പരാമർശിക്കുമ്പോഴും (തെത്തോ. 3:6) ഉപയോഗിക്കുന്നത് എന്നു വി. ഗ്രന്ഥവ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആകയാൽ മാമ്മോദീസ ഒരുവനെ അന്ധകാര ശക്തികളിൽനിന്ന് പ്രകാശത്തിലേക്കും ദൈവരാജ്യത്തിലേക്കും കൊണ്ടുവരുന്നതോടൊപ്പം (കൊളോ. 1:13) അവനിൽ, അന്തിമ വിധിയിൽ വെളിപ്പെടുവാനിരിക്കുന്ന ആന്തരിക പുതുജന്മം സാധിതമാക്കുകയും ചെയ്യുന്നു. പ്രകാശത്തിൽ നടക്കുന്ന വിധി, വി. യോഹന്നാന്റെ സുവിശേഷത്തിലെ സുപ്രധാനമൊയൊരു വിഷയമാണ്. ക്രിസ്തുവാണ് ലോകത്തിന്റെ പ്രകാശം. "തിന്മ പ്രവർത്തിക്കുന്നവർ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കാൻ അവൻ വെളിച്ചത്തു വരുന്നുമില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു" (യോഹ. 3:20-21). ക്രിസ്തു അന്ധകാരശക്തികളെ പരാജയപ്പെടുത്തി. തന്റെ പീഡാസഹനത്തിലൂടെയും ഉയിർപ്പിലൂടെയും അവിടുന്ന് തിന്മയുടെമേൽ വിജയം കൈവരിച്ചു. അതിനാൽ സർവ്വമനുഷ്യരും ക്രിസ്തുവെന്ന പ്രകാശത്തിന് അഭിമുഖീഭവിക്കേണ്ടതായിവരുന്നു. ക്രിസ്തുവെന്ന പ്രകാശത്തിൽ ഓരോരുത്തനും തന്റെ അന്തർഗതം സ്വയം വെളിപ്പെടുന്നു. ഒരുവൻ ചെയ്യുന്ന ഓരോ പ്രവൃത്തിയിലും അവന്റെ തിരഞ്ഞെടുപ്പ് ക്രിസ്തുവെന്ന പ്രകാശത്തിൽ വെളിപ്പെടുത്തപ്പെടുന്നു.

**പാപമോചനം:** പാപമോചനം എന്ന കൂദാശ, സഭയിലൂടെ നിവർത്തിതമാകുന്ന അന്തിമവിധിയുടെ മുന്നാസ്വാദനമാണ്. പാപങ്ങൾ മോചിക്കാനും, മോചിക്കാതിരിക്കുവാനുമുള്ള അധികാരം 'കെട്ടുക' 'അഴിക്കുക' എന്ന സംജ്ഞകളിലൂടെ പ്രതീകാത്മകമായി വി. യോഹന്നാൻ ചിത്രീകരിക്കുന്നു (യോഹ. 20:22f). ക്രിസ്തുവിന്റെ നിത്യമായ വിജയത്തിന്റെയും തന്മൂലമുള്ള കാരുണ്യത്തിന്റെയും പ്രവർത്തനമാണ് കുമ്പസാരം. ഈ കൂദാശ വഴി ക്രിസ്തുവിൽ ഭാഗഭാക്കാവുന്നതോടൊപ്പം അവന്റെ പ്രവൃത്തികൾക്ക് നൈയാമികമായ വിധി ഏറ്റുവാങ്ങുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളിലൂടെ പാപവിമോചിതനാക്കപ്പെട്ടതിനാൽ ഈ കൂദാശ സ്വീകരിക്കുന്ന വ്യക്തി, ഇതിന്റെ സ്വീകരണത്തിലൂടെ, തന്റെ നിത്യമായ വിധിയും സ്വീകരിക്കുന്നു.

**ദിവ്യകാരുണ്യം:** വി. കുർബാന അതിൽതന്നെ ജീവദായകമായ കൂദാശയാണെങ്കിൽ ശിക്ഷാവിധിയും ഇതുവഴി ഒരുവനു വന്നു ഭവിക്കാം. വി. പൗലോസ് കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ ഇതു വ്യക്തമാക്കുന്നു (1 കൊറി. 11:29). പൗലോസിന്റെ പദപ്രയോഗംതന്നെ (1 കൊറി. 11:27f) 'തെറ്റുകാരൻ', 'ആത്മശോധന', 'ശിക്ഷാവിധി' തുടങ്ങിയവ വിധിയെ അനുസ്മരിപ്പിക്കുന്നു. അന്തിമ ദിവസത്തിൽ മഹത്വത്തോടെ വരുവാനിരിക്കുന്ന ക്രിസ്തുവുമായുള്ള ഗാഢബന്ധമാണ് വിശ്വാസത്തോടെ വി. കുർബാന സ്വീകരിക്കുമ്പോൾ നടക്കുന്നത്.

**വിശ്വാസവും പ്രവൃത്തികളും:** മനുഷ്യൻ വിശ്വാസംകൊണ്ടു നീതീകരിക്കപ്പെടുന്നു (റോമ.3:38). എന്നാൽ ഈ വിശ്വാസം പ്രവൃത്തികളിലൂടെയാണ് വെളിപ്പെടുന്നത് (ഗലാ. 5:16 ff). ക്രിസ്തുവിലുള്ള വിശ്വാസംവഴി മനുഷ്യൻ ദൈവത്തിന്റെ വിധിക്ക് സ്വയം സമർപ്പിക്കുന്നു. ഉത്ഥിതനായ ക്രിസ്തുവിൽ ആത്മാർത്ഥമായി വിശ്വസിക്കയും അവിടുത്തേക്കു സ്വയം സമർപ്പിക്കുകയും ചെയ്യുക രക്ഷാകരമായ പ്രവൃത്തിയാണ്. "അവിടുന്നിൽ വിശ്വസിക്കുന്ന ഒരുവനും വിധിക്കപ്പെടുന്നില്ല" (യോഹ. 3:18). "പ്രത്യുത അവൻ മരണത്തിൽനിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു" (യോഹ. 3:24). ക്രിസ്തുവിനെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നത് ഒരുവന്റെ രക്ഷയോ ശിക്ഷയോ സ്വീകരിക്കൽ തന്നെയാണ്. ഇന്ന് ഓരോരുത്തനും നടത്തുന്ന തിരഞ്ഞെടുപ്പിന്റെ പ്രകടനം മാത്രമാണ് അന്ത്യവിധി. വിശ്വാസത്തിലെന്നപോലെ പ്രവൃത്തിയിലും മനുഷ്യൻ ദൈവത്തെ അഭിമുഖീകരിക്കുന്നു. ബോധപൂർവ്വകമല്ലെങ്കിൽ തന്നെയും അനുദിന ജീവിതത്തിലെ നിസ്സാര പ്രവൃത്തികൾപോലും ഒരുവന്റെ നിത്യമായ വിധിയെ നിശ്ചയിക്കാൻ പോരുന്നതാണ് (മത്താ. 25:37-44).

**മനഃസാക്ഷി:** ക്രിസ്തുവിനെ അറിയാത്തവരും നിയമത്തെക്കുറിച്ച് കേൾക്കാത്തവരും 'വിജാതിയരും' തങ്ങളുടെ മനഃസാക്ഷിയിൽ വിധിക്കപ്പെടുന്നുവെന്ന് വിശുദ്ധ പൗലോസ് വ്യക്തമാക്കുന്നുണ്ട് (റോമ. 2:14 -16). തങ്ങളുടെ മനഃസാക്ഷിയുടെ സ്വരത്തിനു അവർ നല്കുന്ന പ്രതി

കരണമനുസരിച്ച് ദൈവത്തിന്റെ ശിക്ഷയ്ക്കോ രക്ഷയ്ക്കോ അവർ പാത്രമാകുന്നു. ദൈവത്തെ അറിയാത്തവരും ഒരുപക്ഷേ ദൈവത്തെ നിഷേധിക്കുന്നവർപോലും എപ്രകാരം മനഃസാക്ഷിയാൽ വിധിയ്ക്കപ്പെടുമെന്ന് വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കുന്നുണ്ട് (L.G. n. 16).

**വിധി: ഭാവികാലത്തിൽ – ക്രിസ്തുവിന്റെ പരൂസിയ:**

ദൈവികവിധിയുടെ ഭാവ്യന്മുഖ സ്വഭാവം, ലോകാവസാനത്തിൽ സംഭവിക്കുവാനിരിക്കുന്ന ക്രിസ്തുവിന്റെ സമ്പൂർണ്ണ ആവിഷ്കരണത്തെ സംബന്ധിച്ച സുവിശേഷ വിവരണങ്ങളിൽനിന്ന് വ്യക്തമാണ്. സമാന്തര സുവിശേഷങ്ങളിൽ ഈ അന്ത്യവിധിയെക്കുറിച്ച് സുദീർഘമായ വിവരണങ്ങളുണ്ട് (മത്താ. 25ഉം സമാന്തരഭാഗങ്ങളും). അപ്പോക്കാലിപ്റ്റിക് സാഹിത്യ ശൈലിയിലുള്ള ഈ വിവരണങ്ങൾ ക്രിസ്തുവിന്റെ കാലഘട്ടത്തെ യഹൂദചിന്ത വ്യക്തമാക്കാൻ പോരുന്നതാണ്. ക്രിസ്തുരഹസ്യത്തിന്റെ പൂർണ്ണിമയാണ് ലോകാന്ത്യത്തിൽ സംഭവിക്കുക. അപ്പോൾ ജീവിതകാലത്തു രഹസ്യമായി നടന്ന വിധി പരസ്യമാക്കപ്പെടുന്നു.

**സ്വഭാവാനുസൃത മാനങ്ങൾ**

വിധിയുടെ സ്വഭാവമനുസരിച്ച് മൂന്നു തരത്തിലുള്ള വിധികൾ നമുക്ക് കാണാവുന്നതാണ്.

നിരന്തരമായ വിധി – ജീവിതത്തിൽ:

ദൈവത്തിന്റെ വിധി, അനുദിന ജീവിതത്തിന്റെ ഓരോ നിമിഷവും അനുഭവിച്ചിരുന്നതായി യഹൂദർ വിശ്വസിച്ചിരുന്നു എന്നു പഴയനിയമത്തിൽ നാം കാണുന്നു. തങ്ങളുടെ പ്രവൃത്തികളെല്ലാം ശ്രദ്ധാപൂർവ്വം കാണുന്ന ദൈവം ഈ ജീവിതകാലത്തു തന്നെ അവിടുത്തെ വിധിയും പ്രതിഫലവും നല്കിപ്പോന്നിരുന്നതായി അവർ വിശ്വസിച്ചു. ഐശ്വര്യവും സമൃദ്ധിയും ദൈവത്തിന്റെ നല്ല വിധിയുടെയും, ദുഃഖങ്ങളും പ്രതിസന്ധികളും വേദനകളുമെല്ലാം ദൈവകോപത്തിന്റെയും അടയാളമായി അവർ കരുതി. വിധികൾ ദൈവിക മാർഗ്ഗത്തിലേക്ക് പിന്തിരിയുവാനുള്ള ആഹ്വാനങ്ങൾ കൂടിയായിരുന്നു. തെറ്റുകളെക്കുറിച്ച് പശ്ചാത്തപിക്കുവാനും നന്മയിലേക്കു പിന്തിരിയുവാനും അതവർക്ക് പ്രചോദനമരുളി.

പുതിയനിയമത്തിലും ദൈവത്തിന്റെ നിരന്തരമായ വിധിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എല്ലാവരും ദൈവത്തിന്റെ വിധിക്കടിമകളാണ്. എല്ലാ സംഭവങ്ങളും ദൈവിക വിധിയുടെ ഫലങ്ങളത്രേ. ലോകത്തിലാഗതനായ, സത്യവെളിച്ചമായ ക്രിസ്തുവിനെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്ന പ്രവൃത്തിയാണിത്. അവസാന വിധിദിവസത്തിലാണ് ഈ നിരന്തരവിധി പൂർണ്ണമായും വെളിപ്പെടുക. ദൈവത്തിന്റെ സ്നേഹപൂർണ്ണങ്ങളായ പ്രചോദനങ്ങൾക്ക് മനുഷ്യൻ നല്കുന്ന സ്വതന്ത്രമായ ഓരോ പ്രതികരണവും ദൈവത്താൽ വിധിക്കപ്പെടുകയും അവി

ടുത്തെ പദ്ധതിയോട് ബന്ധിപ്പിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ തിരഞ്ഞെടുപ്പുകൾ തിരുത്തപ്പെടുവാൻ സാധിക്കുന്നവയാണ്. അതിനാൽ ഈ വിധിയും തിരുത്തപ്പെടാം. മനസ്താപത്തിനുള്ള ആഹ്വാനവും ദൈവിക ജീവനിൽ പങ്കുചേരുവാനുള്ള നിരന്തര ക്ഷണവുമാണ് ഈ വിധി.

വൈയക്തികവും സാമൂഹികവുമാണ് ഈ വിധി. വ്യക്തികളിൽ ഇതു വ്യത്യസ്തമായ നാലു മാനങ്ങളിൽ ദൃശ്യമാണ്.

പശ്ചാത്തപിക്കുന്ന പാപികളുടെമേലുള്ള ദൈവത്തിന്റെ വിധി:

പാപത്തെ ഇല്ലായ്മ ചെയ്യുന്ന, ദൈവത്തിന്റെ കരുണയുടെയും സ്നേഹത്തിന്റെയും പ്രകടനമാണിത്. ആന്തരിക മാനസാന്തരത്തിനുതകുന്ന ഈ വിധി വസ്തുനിഷ്ഠമായി "നാം പാപികളായിരിക്കേ ക്രിസ്തു നമുക്കുവേണ്ടി മരിക്കുക വഴി" (റോമ. 5:8–9) നടന്നു കഴിഞ്ഞു. വ്യക്തിപരമായി ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുത്തെ ഇഷ്ടം പ്രവർത്തിക്കാൻ തയ്യാറാവുകയും ചെയ്യുമ്പോൾ ഈ വിധി നടക്കുന്നു. നീതിരഹിതനെ നീതിമാനും ശത്രുവിനെ മിത്രവുമാക്കുന്ന ഈ വിധിയെ നീതീകരണം (Justification) എന്നു വിളിക്കുന്നു. മനുഷ്യന്റെ നേട്ടമല്ല. ദൈവത്തിന്റെ ദാനമാണ് നീതീകരണം. വി. പൗലോസ് തന്റെ ലേഖനങ്ങളിൽ വിശേഷിച്ച് റോമാക്കാർക്കുള്ള ലേഖനത്തിൽ നീതീകരണത്തെക്കുറിച്ച് വിശദമായി ചർച്ചചെയ്യുന്നുണ്ട്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി കുരിശിൽ മരിച്ച് ഉത്ഥിതജീവിതം നയിക്കുന്ന ഒരുവൻ നീതീകരണത്തിന് അർഹനായിത്തീർന്നിരിക്കുന്നു.

പശ്ചാത്തപിക്കാത്ത പാപികളുടെ മേലുള്ള ദൈവിക വിധി:

ദൈവികപ്രകാശത്തെ നിരാകരിക്കുന്ന വ്യക്തിയിൽനിന്ന് തന്റെ അനുഗ്രഹങ്ങൾ പിൻവലിക്കുന്ന ദൈവിക പ്രവൃത്തിയാണിത്. തന്റെ അപര്യാപ്തതയെയും ഇല്ലായ്മയെയും കുറിച്ചു പാപിയെ ബോധവാനാക്കുകയും അതുവഴി അവനു ദൈവത്തിലേക്കു പിൻതിരിയുവാൻ ഇടയാക്കുകയും ചെയ്യുകയാണ് ഈ വിധിയുടെ ലക്ഷ്യം. ഇവിടെയും തന്റെ സ്വാതന്ത്ര്യമുപയോഗിച്ച് ഈ വിധിയെ അംഗീകരിക്കയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യാൻ പാപിക്കു കഴിയും. അംഗീകരിച്ചു പശ്ചാത്തപിക്കാത്തപക്ഷം അത് അവന്റെ പൂർണ്ണമായ നാശത്തിനിടയാക്കുന്നു.

നീതിമാന്മാരുടെ മേലുള്ള വിധി:

ഈ വിധി നീതിമാന്മാരെ ഉപര്യുപരി വിശുദ്ധീകരിക്കുന്നു. ദൈവവുമായി (ത്രിത്വവുമായി) കൂടുതൽ ഗാഢമായ മൈത്രി പുലർത്താൻ ഇവരെ ഒരുക്കുകയാണിവിടെ. ഫലം തരുന്ന ശാഖകളെ വെട്ടിയൊരുക്കുന്ന (യോഹ. 15:2) ഈ പ്രവൃത്തി വേദനാപൂർണ്ണമാണ്. ഈ വിധി, ദൈവത്തിന്റെ കരുണയും നീതിയും ഒന്നു ചേർന്നതാണ്.

പാപത്തിലേക്കു വീണ്ടും പിന്തിരിയുന്നവരിലുള്ള വിധി:

ശ്രദ്ധയില്ലാത്തവനെ അവൻ അകപ്പെട്ടിരിക്കുന്ന അപകടത്തെക്കുറിച്ചു ബോധവാനാക്കുകയാണിത്. അതുവഴി അവൻ തന്റെ ജീവിതത്തെ ദൈവം അഭിലഷിക്കുന്നതുപോലെ തിരിച്ചുകൊണ്ടുവരുന്നു. ദൈവികവിധിയുടെ പൊതുവായ നാല് പ്രവൃത്തികളാണ് ഈ വിധികളിലൂടെ നടക്കുന്നത്.

വ്യക്തികളെപ്പോലെ സമൂഹങ്ങളും ദൈവത്തിന്റെ നിരന്തരവിധിക്ക് അടിപ്പെടുന്നു. വ്യക്തികളുടെ പ്രവർത്തനം സമൂഹത്തിൽ ചലനം സൃഷ്ടിക്കാൻ പോന്നവയാണ്. അതിനാൽ ദൈവിക വിധിക്കു സാമൂഹികമായൊരു മാനവും കൈവരുന്നു. ഇപ്രകാരം ദൈവത്താൽ വിധിക്കപ്പെടുന്ന സമൂഹത്തെ മൂന്നു വ്യത്യസ്ത ശീർഷകങ്ങളിൽ കാണാം.

(1) സഭ: ക്രിസ്തുവിന്റെ പിന്തുടർച്ചയും പ്രവർത്തനവുമായ സഭ എങ്ങിനെ വിധിക്കപ്പെടുന്നുവെന്നു നോക്കാം. സഭ ക്രിസ്തുവിന്റെ തുടർച്ചയാണെങ്കിലും മാനുഷിക പ്രവർത്തനങ്ങളിലൂടെയാണ് ക്രിസ്തു ഇന്നു പ്രവർത്തിക്കുന്നത്. അതിനാൽ ഇവിടെ സഭാതനയരുടെ കൂട്ടായ പ്രവർത്തനം ദൈവത്താൽ വിധിക്കപ്പെടുന്നു. ദൈവജനം ഒന്നാകെ, ക്രിസ്തുവിന്റെ രക്തത്താൽ മുദ്രിതമാക്കപ്പെട്ട ദൈവിക ഉടമ്പടിയോടുള്ള തങ്ങളുടെ വിധേയത്വം, വിശ്വസ്തത തുടങ്ങിയവ തെളിയിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു.

(2) രാഷ്ട്രസമൂഹം: ദൈവിക പദ്ധതിയുടെ സമ്പൂർണ്ണ ആവിഷ്ക്കരണത്തിനുള്ള മാർഗ്ഗമാണ് രാഷ്ട്രസമൂഹവും. രാഷ്ട്രസമൂഹത്തിലെ സമാധാനവും സുരക്ഷിതത്വവും ഐശ്വര്യവും ദൈവിക പ്രചോദനങ്ങളോടുള്ള നല്ല പ്രതികരണത്തിന്റെ ഫലമായും, പ്രകൃതിക്ഷോഭം, അക്രമവാസന, പട്ടിണി തുടങ്ങിയവയൊക്കെ ദൈവകോപത്തിന്റെ ഫലമായും ചിത്രീകരിക്കുന്നവരുണ്ട്. ആത്യന്തികമായി വിലയിരുത്തിയാൽ ഇവിടെ വിധി നിർണ്ണയിക്കുന്നതു മനുഷ്യൻ തന്നെയാണെന്നും ദൈവം ഈ വിധി ശരിവയ്ക്കുകയേ ചെയ്യുന്നുള്ളുവെന്നും കാണാനാവും.

(3) കുടുംബം: കുടുംബത്തിലും ദൈവത്തിന്റെ വിധി ദൃശ്യമാണ്. കേവലം ബാഹ്യമാത്രമായ സമൃദ്ധിയെ ആശ്രയിച്ചല്ല ഇതു നിലകൊള്ളുന്നത്. നിസ്വാർത്ഥ സ്നേഹത്തോടെയും, വിശ്വസ്തതയോടെയും, കൃതജ്ഞതയോടെയുമുള്ള ദൈവാരാധാനയുള്ളിടത്ത് ദൈവം അനുഗ്രഹങ്ങൾ ചൊരിയാതിരിക്കില്ല.

എല്ലാ സാമൂഹിക ഘടകങ്ങളിലും ഇത്തരത്തിലുള്ള ദൈവിക വിധി ദൃശ്യമാണ്. നന്മയ്ക്കായി ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന സമൂഹങ്ങൾ നിലനിൽക്കും. സ്വാർത്ഥലാഭങ്ങൾക്കായി നിലനില്ക്കുന്നവ നശിക്കും. ഭൗമിക സമൂഹങ്ങൾ കേവലം താല്ക്കാലികങ്ങളായതിനാൽ ഇവയിലെ

വിധിയും ശാശ്വതമല്ല. എന്നാൽ വ്യക്തികൾക്ക് സാമൂഹിക വിധിക്കുപരി, നിത്യമായ വിധി മരണത്തിൽ ലഭിക്കുന്നു.

## പ്രത്യേകവിധി (തനതുവിധി) - മരണത്തിൽ:

വിധിയെന്നാൽ, തന്റെ സ്നേഹനിർഭരമായ പ്രചോദനങ്ങളോടു സൃഷ്ടികൾ കാണിക്കുന്ന സ്വതന്ത്രമായ പ്രതികരണത്തിലൂടെ തന്റെ ലക്ഷ്യം സാധിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയാകയാൽ, ഈ പ്രവർത്തനം വിശേഷവിധിയായി സംഭവിക്കുന്ന രണ്ടവസരങ്ങൾ കൂടിയുണ്ട്. ഇവയിൽ ആദ്യത്തേതു മനുഷ്യന്റെ പ്രതികരണം സമ്പൂർണ്ണവും സമഗ്രവും സുനിശ്ചിതവുമാകുന്ന മരണ നിമിഷവും, രണ്ടാമത്തേതു ദൈവിക പദ്ധതി പൂർത്തീകരിക്കപ്പെടുന്ന ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആഗമനവും (Parousia). ദ്വിതീയാഗമനം എന്ന സംജ്ഞ ശരിയാകുമെന്നു തോന്നുന്നില്ല. ക്രിസ്തുവിന്റെ ഏക ആഗമനം മനുഷ്യാവതാരമാണ്. മനുഷ്യനെ പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്ന് സമ്പൂർണ്ണമായി വിമോചിപ്പിക്കുന്ന രക്ഷാകരപദ്ധതി പൂർത്തിയാകുന്നത് ക്രിസ്തു മഹത്വത്തോടെ പ്രത്യക്ഷപ്പെടുമ്പോഴാണ്. ആകയാൽ പരൂസിയ ദൈവിക പദ്ധതിയുടെ സമ്പൂർണ്ണാവിഷ്കാരമാണ്-മരണനിമിഷത്തിലെ വിധിയെ പ്രത്യേകവിധി (തനതുവിധി) എന്നു പറയുന്നു. മരണത്തിലൂടെ ഓരോരുത്തനും തന്റെ ജീവിതകാലത്തെ തെരഞ്ഞെടുപ്പുകൾക്കനുസൃതമായി, നിത്യസൗഭാഗ്യത്തിലോ, നിത്യശിക്ഷയിലോ, ശുദ്ധീകരണ സ്ഥലത്തിലോ പ്രവേശിക്കും എന്ന വിശ്വാസത്തിൽനിന്നുത്ഭവിക്കുന്നൊരു സത്യമാണിത്. ഈ വിധിയെക്കുറിച്ചോ ഇതിന്റെ സ്വഭാവത്തെക്കുറിച്ചോ വി. ഗ്രന്ഥത്തിൽ സ്പഷ്ടമായ പ്രതിപാദനങ്ങളൊന്നുമില്ലെങ്കിലും പരോക്ഷമായി ധാരാളം പഠനങ്ങൾ ഇതു സംബന്ധിച്ചിട്ടുണ്ട്.

### *വി. ഗ്രന്ഥത്തിൽ*

വി. ഗ്രന്ഥത്തിൽ, വിശേഷിച്ച് പഴയനിയമത്തിൽ, പ്രത്യേക വിധിയെ സംബന്ധിച്ച പരാമർശം പ്രകടമല്ല. മരണശേഷം നടക്കുന്ന ഒരു വിധിയെക്കുറിച്ച് പഴയനിയമം ഒന്നുംതന്നെ പറയുന്നില്ല. വ്യക്തിയുടെ ജീവിതത്തിനനുസരിച്ച് ഈ ലോകത്തിൽവെച്ചുതന്നെ സമ്പൽസമൃദ്ധി, സന്താനലാഭം, ദീർഘായുസ്സ് തുടങ്ങിയവവഴി ദൈവം മനുഷ്യന്റെ നന്മപ്രവൃത്തികൾക്ക് പ്രതിഫലം നല്കുന്നു എന്ന വിശ്വാസമാണ് ആദികാല യഹൂദചിന്തയിൽ മുറ്റിനില്ക്കുന്നത്. ദുഷിച്ച ജീവിതം നയിക്കുന്നവർക്ക് മേൽ പ്രസ്താവിച്ച നന്മകൾക്ക് വിരുദ്ധമായ തിന്മകളും ലഭിക്കുന്നുവെന്നു യഹൂദർ വിശ്വസിച്ചു. ആകയാൽ ദൈവികവിധി ഈ ലോകത്തിൽവെച്ചുതന്നെ അനുഭവിക്കേണ്ട ഒരു പ്രതിഭാസമാണ്. എന്നാൽ പഴയനിയമകാലഘട്ടത്തിന്റെ അന്ത്യത്തിലെ അപ്പൊക്കാലിപ്റ്റിക്ക് സാഹിത്യരൂപങ്ങളിൽ പ്രത്യേക വിധിയെപ്പറ്റിയുള്ള പരാമർശങ്ങൾ കാണാം. ദൈവത്തിന്റെ നീതി ഈ ലോകജീവിതത്തിൽ പൂർണ്ണമായും പ്രകടമാകാതിരിക്കുന്ന

അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ പുതിയ ചിന്ത രൂപം കൊള്ളുന്നത്. മരണശേഷം അനശ്വരമായ സമ്മാനമോ ശിക്ഷയോ ഉള്ളതായി ഇവിടെ നാം കാണുന്നു.

പഴയനിയമത്തിൽ, വിധിയെ പരാമർശിക്കുന്ന മറ്റു ചിന്തകളും കാണാവുന്നതാണ്. ഉദാഹരണത്തിന്, ദൈവമായ യഹോവയുടെ പ്രത്യേക അവകാശമാണ് വിധി. ഈ വിധി സാർവ്വലൗകികമാണ്. ദൈവത്തിന്റെ വിധിയിൽനിന്ന് ആർക്കും മോചനമില്ല. കാരണം ദൈവം ന്യായമായി വിധിക്കുന്നു (ദാനിയേൽ 3:29, തോബി. 3:25). ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കനുസരിച്ച് വിധിക്കപ്പെടും (വിജ്ഞാ.3:10).

പുതിയ നിയമത്തിലും പ്രത്യേക വിധിയെക്കുറിച്ചു നേരിട്ടുള്ള പരാമർശങ്ങൾ ഒന്നുമില്ല. എങ്കിലും പ്രത്യേക വിധിയെ പരോക്ഷമായി സൂചിപ്പിക്കുന്ന പഠനങ്ങൾ ഇവിടെ ധാരാളമുണ്ട്. ധനവാന്റെയും ലാസറിന്റെയും ഉപമ (ലൂക്കാ 16:19-31) മരണശേഷം ഉടനെയുള്ള വിധിയെ സൂചിപ്പിക്കുന്നു. യേശു നല്ല കള്ളനു കൊടുക്കുന്ന മറുപടിയും – നീ ഇന്ന് എന്നോടുകൂടി പറുദീസായിലായിരിക്കും. (ലൂക്കാ 23:43) – പ്രത്യേക വിധിയെയാണ് വ്യക്തമാക്കുന്നത് എന്നു ചിലർ ചൂണ്ടികാണിക്കുന്നു. വിധിയെ സംബന്ധിച്ച പരാമർശങ്ങൾ പ്രായശ്ചിത്തത്തിനും സത്ക്കർമ്മത്തിനുമുള്ള ആഹ്വാനമാണ് നൽകുന്നത്. യഥാർത്ഥമായ പശ്ചാത്താപം മാത്രമേ ഒരുവനെ രക്ഷിക്കൂ. ദൈവത്തിന്റെ ഭയാനകമായ വിധിയെ ഒഴിവാക്കുവാൻ ഏതു ത്യാഗം സഹിക്കാനും ഒരുവൻ തയ്യാറാകണം. വി. പൗലോസിന്റെ ലേഖനങ്ങളിലും പ്രത്യേക വിധിയെപ്പറ്റി നേരിട്ടു പ്രതിപാദനങ്ങളില്ല. എങ്കിലും മരണത്തോടെ ഒരുവന്റെ വിധി നിശ്ചയിക്കപ്പെടുന്നെന്നും, അതോടെ നല്ലവരും തിന്മ ചെയ്തവരും വേർതിരിക്കപ്പെടുന്നെന്നും പഠിപ്പിക്കുന്ന അനേകം വാക്യങ്ങൾ പൗലോസിന്റെ ലേഖനങ്ങളിൽ കാണാം. മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നും അതിനുശേഷം "ഓരോരുത്തരും തങ്ങളുടെ ശരീരത്തിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്ക് പ്രതിഫലം സ്വീകരിക്കുന്നതിനു ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ ഹാജരാക്കപ്പെടുമെന്നും" നാമിവിടെ വായിക്കുന്നു (2 കൊറി. 5:10).

ആദിമ സഭയുടെ വിശ്വാസത്തിലും പ്രത്യേക വിധിയെക്കുറിച്ച് പറയുന്നുണ്ട്. എങ്കിലും ആദിമകാല ചിന്താഗതി ഊന്നൽ കൊടുക്കുന്നത് പൊതുവിധിയിലാണ്. ക്രിസോസ്റ്റോം, ജറോം, അഗസ്റ്റിൻ തുടങ്ങിയ സഭാപിതാക്കന്മാർ പ്രത്യേക വിധിയെ പരാമർശിക്കുന്നുണ്ട്. സുവിശേഷത്തിലെ ധനവാന്റെയും ലാസറിന്റെയും ഉപമ ഉദ്ധരിച്ചുകൊണ്ട് വി. അഗസ്റ്റിൻ, മരണശേഷം ഉടൻ സംഭവിക്കുന്ന വിധിയെക്കുറിച്ച് പഠിപ്പിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ജസ്റ്റിൻ, മരണത്തിൽ നല്ല മനുഷ്യരുടെ ആത്മാക്കൾ ശരീരത്തിൽനിന്നു വേർപെട്ടു നിത്യഭാഗ്യം അനുഭവിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നു. മരണശേഷം നല്ലവരുടെയും ദുഷ്ടന്മാരുടെയും ആത്മാക്കൾക്ക് വ്യത്യസ്തസ്ഥലങ്ങൾ നല്കപ്പെടുന്നു. നല്ല

വർക്കുള്ള സ്ഥലം ദുഷ്ടന്മാരുടേതിനെക്കാൾ മെച്ചമാണ്. ഇവിടെ അവർ വിധി കാത്തിരിക്കുന്നു. ജസ്റ്റിന്റെ സമകാലികനായിരുന്ന താസിയൻ (Tatian), ദുഷ്ടന്മാരുടെ ആത്മാക്കൾക്ക് എന്തു സംഭവിക്കുന്നു എന്നതിന് തികച്ചും വ്യത്യസ്തമായ ഒരു അഭിപ്രായമാണ് നല്കുന്നത്. പാപികളുടെ ആത്മാക്കൾ ശരീരത്തിൽനിന്നു വേർപിരിയുന്നതോടെ പൂർണ്ണമായും നശിക്കുന്നു. അവസാനനാളിലെ ഉയിർപ്പിൽ ശിക്ഷയുടെ വിധിക്കായി അവ ഉയിർക്കപ്പെടും എന്ന് താസിയൻ പഠിപ്പിച്ചു. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തെർത്തുല്യന്റെ അഭിപ്രായത്തിലാകട്ടെ, രക്തസാക്ഷികളുടെ ആത്മാക്കൾ നേരിട്ടു പറുദീസായിലെത്തുന്നു. മറ്റുള്ളവരുടെ ആത്മാക്കൾ പാതാളത്തിലേക്കു പോകുന്നു. പക്ഷേ അവിടെ നല്ലവർ സുഖവും ആശ്വാസവും അനുഭവിക്കുന്നു; ദുഷ്ടന്മാർ വേദനയും ശിക്ഷയും. ഇതിനാൽ ഇതു വരുവാനിരിക്കുന്ന വിധിയുടെ മുൻരൂപം തന്നെ.

സഭാപഠനങ്ങളിലും പ്രത്യേക വിധിയെക്കുറിച്ചുള്ള പരാമർശങ്ങൾ നമുക്കു കാണാം. ഇവയിൽ പ്രധാനപ്പെട്ടവയാണ് രണ്ടാം ലിയോൺസ് (1274) ഫ്ളോറൻസ് (1439) തുടങ്ങിയ സൂനഹദോസുകളുടെ പ്രഖ്യാപനങ്ങളും പന്ത്രണ്ടാം ബനഡിക്റ്റ് മാർപാപ്പയുടെ 'ബനദിക്ത്തൂസ് ദേവൂസ്' എന്ന പ്രമാണരേഖയും. ഈ പഠനങ്ങളിൽ, നീതിമാന്മാരായിരിക്കെ മരിക്കുന്നവർക്ക് തൽക്ഷണം ദൈവദർശനം സാദ്ധ്യമാകുന്നെന്നും മാരകപാപത്തിൽ മരിക്കുന്നവർക്കു തൽക്ഷണം നരകശിക്ഷ ലഭിക്കുന്നുവെന്നും വ്യക്തമാക്കുന്നു. മരണസമയത്തെ പ്രത്യേക വിധിയെയാണ് ഇതു സൂചിപ്പിക്കുന്നത്.

## *പ്രത്യേകവിധി (തനതുവിധി) യുടെ സ്വഭാവം*

പ്രത്യേകവിധി, ദൈവത്തിന്റെ മനസ്സിന്റെയും ബുദ്ധിയുടെയും ശക്തിയാൽ വ്യക്തിയിൽ നടക്കുന്ന പ്രക്രിയയാണ്. ഇതു വ്യക്തമായും ക്രിയാത്മകമായും മനുഷ്യന്റെ അന്തിമ തീരുമാനങ്ങളെ അവയുടെ ലക്ഷ്യപൂർണ്ണിമയുമായി സംയോജിപ്പിക്കുന്നു. ജീവിതകാലത്തു നടത്തിയ സ്വതന്ത്രതീരുമാനങ്ങളുടെ ആകെത്തുകയാണല്ലോ മരണനിമിഷത്തിലെ ഒരുവന്റെ തിരഞ്ഞെടുപ്പ്. മരണത്തോടെ അവൻ സ്വതന്ത്രമായി ദൈവത്തോടും ഇതര സൃഷ്ടികളോടും തനതായ ഒരു ബന്ധം സ്ഥാപിക്കുന്നതിനാൽ ദൈവത്തിന്റെ പദ്ധതിയിൽ നിശ്ചിതമായൊരു സ്ഥാനം സ്വീകരിക്കാൻ തയ്യാറാകുന്നു. വിധിയിലൂടെ ദൈവിക പദ്ധതിയിൽ തനിക്കുള്ളസ്ഥാനം വ്യക്തമാവുകയും അവൻ അതു സ്വീകരിക്കുകയും ചെയ്യുന്നു. ഒരർത്ഥത്തിൽ വിധി ഓരോ വ്യക്തിയും സ്വയം നടത്തുന്ന ഒന്നാണ്.

മരണാവസരത്തിലെ ഈ പ്രത്യേകവിധി നിശ്ചിതവും അചഞ്ചലവുമാണ്. ജീവിതകാലത്തെ, ദൈവത്തിന്റെ നിരന്തര വിധിയെ ഇതു ശരിവയ്ക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. മരണശേഷം ഒരുവനു പുണ്യം

സമ്പാദിക്കുവാനാവില്ല. കാരണം പുണ്യസമ്പാദനത്തിനു ശാരീരിക പ്രകൃതി കൂടിയേ തീരൂ. എങ്കിൽ മാത്രമേ നന്മയ്ക്കും തിന്മയ്ക്കുമിടയിൽ സ്വാതന്ത്ര്യത്തോടെ തിരഞ്ഞെടുപ്പു നടത്തുവാൻ കഴിയൂ.

ജീവിതകാലത്ത് പരി. ആത്മാവിനാൽ നയിക്കപ്പെട്ടിരുന്നവരും (റോമ. 8:14) പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് പ്രായശ്ചിത്തം ചെയ്തവരും തങ്ങളുടെ മരണംവഴി ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളാവുകയും അവിടുന്നുമായി അപ്രകാരം താദാത്മ്യപ്പെടുകയും ചെയ്തവർക്ക് പ്രത്യേകവിധി, ദൈവിക പ്രവർത്തനം തങ്ങളിൽ പൂർത്തീകരിക്കപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നതിന്റെ അനുഭവം ഉളവാക്കുന്നു. രക്ഷാകരപ്രവർത്തനത്തിന്റെ ആത്യന്തിക കാരണം തന്നെയായ ദൈവം ഇവിടെ സൃഷ്ടിയെ ആന്തരിക ദർശനത്തിലും കറ പുരളാത്ത സ്നേഹത്തിലും നിസ്വാർത്ഥ സന്തോഷത്തിലും തന്നോടുതന്നെ അന്തിമമായി ഒന്നിച്ചുചേർക്കുന്നു; ദൈവരാജ്യത്തിലേക്ക് സമ്പൂർണ്ണമായി പ്രവേശിപ്പിക്കുന്നു. ഒരുവന്റെ അടിസ്ഥാനമനോഭാവം ദൈവസ്നേഹാന്വിതമാണെങ്കിലും ലഘുപാപങ്ങളുടെ കറകൾ ഉണ്ടായിരിക്കുകയും, തന്റെ ക്ഷമിക്കപ്പെട്ട പാപങ്ങൾക്ക് ക്രിസ്തുവിനോടുചേർന്നു സമ്പൂർണ്ണമായ പ്രായശ്ചിത്തം ചെയ്തു ദൈവകൃപയോടു ശരിയായ പ്രതികരണം സാധിക്കാതിരിക്കും ചെയ്യുമ്പോൾ ഈ പ്രത്യേകവിധി ആത്മശുദ്ധീകരണ പ്രക്രിയയായിത്തീരുന്നു. 'ശുദ്ധീകരണവും' പ്രത്യേകവിധിയും വ്യത്യസ്തമെങ്കിലും അവിച്ഛിന്നങ്ങളാണ്. 'ശുദ്ധീകരണം' മനുഷ്യനെ സ്വർഗ്ഗപ്രാപ്തിക്കായി ഒരുക്കുവാൻ പ്രസാദവരപ്രവർത്തനം പൂർത്തിയാക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയാണ്. ഇവിടെ ആത്യന്തികമായ ശുദ്ധീകരണശക്തി ഒരുവന്റെ മേലുള്ള ദൈവത്തിന്റെ വിധിതന്നെ.

ശുദ്ധീകരണത്തോടൊപ്പം ദൈവസ്നേഹത്തിന്റെ അപാരതയും ഒരുവൻ അനുഭവിക്കുന്നു. തന്റെ സർവ്വ സ്വാർത്ഥതയും കൈവെടിഞ്ഞ്, അനന്ത സൗഭാഗ്യത്തിനു ഒരുക്കുന്ന പ്രവർത്തനത്തിനു സമാധാനത്തോടെയും സമ്പൂർണ്ണമനസ്സോടെയും കീഴടങ്ങാൻ അയാൾ ക്ഷണിക്കപ്പെടുകയാണിവിടെ.

അന്ത്യംവരെ ദൈവത്തിന്റെ കരുണയെയും പശ്ചാത്താപത്തിനായുള്ള ആഹ്വാനത്തെയും നിരാകരിക്കയും പാപത്തോടെ മരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് പ്രത്യേകവിധിയിൽ ദൈവതിരസ്ക്കരണമാണ് അനുഭവപ്പെടുക. കാരണം പാപത്തിലൂടെ അവൻതന്നെ ദൈവത്തെ തിരസ്ക്കരിച്ചു കഴിഞ്ഞു. ഇവിടെ, പ്രത്യേകവിധി ഒരുവൻ കാത്തുസൂക്ഷിച്ചിരുന്ന സ്വാർത്ഥമോഹങ്ങളെ നിശൂന്യമാക്കുന്ന നശീകരണ ശക്തിയായി മാറുന്നു. ഇത്തരം ഒരു വിധിക്കു പൂർണ്ണ ഉത്തരവാദി ഈ വ്യക്തി തന്നെ. കാരണം ദൈവിക പ്രവർത്തനത്തിന്റെ അഭാവമല്ല, വ്യക്തിയുടെ പ്രതികരണത്തിന്റെ ദൂഷ്യമാണിതിനു കാരണം. ദൈവത്തിന്റെ പദ്ധതിയോടു ഭാവാത്മകമായി പ്രതികരിക്കാതിരുന്നതുമൂലം മനുഷ്യൻ കേവലം ഒരു

വസ്തുവിന്റെ നിലയിലേക്ക് താഴ്ത്തപ്പെടുന്നു. ഒരു വ്യക്തി എന്ന നിലയിൽ തനിക്കുണ്ടായിരുന്ന പ്രത്യേക മാഹാത്മ്യം സ്വതന്ത്രമായ തിരഞ്ഞെടുപ്പുവഴി അയാൾ നഷ്ടപ്പെടുത്തുന്നു. ദൈവത്തിൽനിന്നും സമസൃഷ്ടങ്ങളിൽനിന്നും നിത്യമായി വേർതിരിക്കപ്പെട്ട അവസ്ഥയാണിത്. ദൈവം സർവ്വനന്മകളുടെയും ഉറവിടമാണ് എന്നതിന്റെ നിത്യമായ അടയാളമായി ഈ വൈരുദ്ധ്യാത്മകത നിലകൊള്ളുന്നു. ദൈവത്തെ സ്നേഹിക്കേണ്ടതിന്റെ അതിമഹത്തായ ആവശ്യകതയ്ക്കും നശിച്ച വ്യക്തി, സാക്ഷ്യം നല്കുന്നു. കാരണം സ്വതന്ത്രമായി ദൈവസ്നേഹത്തെ തിരസ്കരിക്കുന്നപക്ഷം നീതിയുക്തമായും സ്വന്ത തീരുമാനമനുസരിച്ചും അയാൾ നിത്യമായ ദുഃഖത്തിലമരുന്നു.

### *സ്ഥലവും സമയവും*

മരണത്തോടെ മനുഷ്യന്റെ സ്ഥലകാല സ്വഭാവങ്ങൾ ഇല്ലാതാവുന്നതിനാൽ വിധിക്കു സ്ഥലകാല ബദ്ധമായ രൂപം നല്കുക ശരിയല്ല. മരണനിമിഷത്തിലെ വിധിയോടെ മനുഷ്യൻ നവ്യമായ ഒരവസ്ഥയിലെത്തുന്നതിനാൽ ഇവിടെ സ്ഥലം അപ്രസക്തമാണ്.

ചുരുക്കത്തിൽ, മരണത്തിൽ ഓരോ മനുഷ്യനും ദൈവത്തിന്റെ പ്രത്യേകവിധിക്ക് അർഹനാകുന്നുവെന്നതു നിസ്തർക്കമായ വസ്തുതയാണ്. വിവിധ സഭാപഠനങ്ങളിൽനിന്നും, വി. ഗ്രന്ഥത്തിൽനിന്നും, ആദിമ സഭാപാരമ്പര്യങ്ങളിൽനിന്നും ദൈവശാസ്ത്രപരമായി അനുമാനിക്കപ്പെട്ടിട്ടുള്ള സത്യമാണിത്.

## പൊതുവിധി – ലോകാന്ത്യത്തിൽ:

നിരന്തര വിധിയുടെയും പ്രത്യേക വിധിയുടെയും സമ്പൂർണ്ണമായ വെളിപ്പെടലാണ് പൊതുവിധി. മനുഷ്യവർഗ്ഗത്തെ മുഴുവനായി ദൈവം ക്രിസ്തുവിൽ വിധിക്കുന്ന സംഭവമാണിത്. രക്ഷാകര പ്രവൃത്തിയുടെ കാലിക പൂർത്തീകരണമാണിത്. ഈ അർത്ഥത്തിൽ പൊതുവിധിയും അവസാന വിധിയും ഒന്നുതന്നെ. വിധിയുടെ സാമൂഹിക സ്വഭാവമാണ് പൊതുവിധി കൊണ്ടർത്ഥമാക്കുന്നത്. ദൈവത്തോടും മനുഷ്യസമൂഹത്തോടും നിത്യമായ സ്നേഹത്തിലും, ജ്ഞാനത്തിലും, സന്തോഷത്തിലും ഐക്യപ്പെട്ട സ്വർഗ്ഗീയ സമൂഹത്തിന്റെ സ്ഥാപനമാണിത്. മനുഷ്യന്റെ വ്യക്തിപരവും സമൂഹപരവുമായ അസ്തിത്വമാണ് പ്രത്യേക വിധിയും പൊതുവിധിയും ആവശ്യമാക്കുന്നത്. ഒരുവന്റെ പ്രവൃത്തികൾ സമൂഹത്തിലെ ഇതര വ്യക്തികളെയും സ്വാധീനിക്കാനിടയുള്ളതുകൊണ്ട് അവരുടെ പ്രവർത്തനങ്ങളിലും അവനു പരോക്ഷമായി പങ്കുണ്ടാകുന്നു. അതിനാലാണ് മനുഷ്യകുലത്തെ ഒന്നായി വിധിക്കുന്ന പൊതുവിധി ആവശ്യമായിത്തീരുന്നത്. വി. തോമസ് അക്വിനാസിന്റെ അഭിപ്രായത്തിൽ, മിക്കവരുംതന്നെ സത്യവിരുദ്ധമായാണ് ഈ ലോകത്തിൽ വിധിക്കപ്പെടുന്നത്. എന്നാൽ പൊതുവിധിയിൽ എല്ലാവർക്കും സത്യം വെളിപ്പെടും.

ശരീരംകൂടി പ്രതിഫലമോ ശിക്ഷയോ ആവശ്യപ്പെടുന്നതിനാൽ ശരീരങ്ങളുടെ ഉയിർപ്പിനുശേഷം പൊതുവിധി കൂടിയേതീരൂ.

### *പഴയ നിയമത്തിൽ*

വിധിക്കുവാൻ പ്രത്യക്ഷനാകുന്ന ദൈവത്തിന്റെ ചിത്രം പഴയനിയമത്തിൽ വ്യക്തമാണ്. പ്രവാചകന്മാർ കർത്താവിന്റെ ദിവസം എന്നു വിശേഷിപ്പിച്ചിരുന്നത് ഈ ആഗമനത്തെയാണ്. സങ്കീർത്തകൻ യാഹ്‌വേയെ ലോകത്തിന്റെ വിധിയാളനായി ദർശിക്കുന്നു. സ്വർഗ്ഗത്തിലെ നീതിന്യായ കോടതിയെ സംബന്ധിച്ച ദാനിയേലിന്റെ വിവരണവും ശ്രദ്ധേയമാണ്. സിംഹാസനങ്ങളും അതിൽ പരിവാരസമേതം ആരൂഢനായിരിക്കുന്ന വിധിയാളനും വിധിപ്രസ്താവിക്കുന്ന കോടതിയും വിധിക്കുപയോഗിക്കുന്ന പുസ്തകവുമെല്ലാം തികച്ചും നൈയാമികമായ വിധിയുടെ ചിത്രം നൽകുന്നു(ദാനി.7:9–10). ജോയേൽ പ്രവാചകൻ വിധി നടത്തുന്ന സ്ഥലത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ജോസഫാത്തിന്റെ താഴ്‌വരയിൽ (Jehoshaphat Valley) ദൈവം വിധിക്കാൻ ഇരിക്കുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. പില്ക്കാലത്ത് ചിലർ ഈ സ്ഥലം കെദ്രോൻ താഴ്‌വരയായി ചിത്രീകരിക്കുന്നുണ്ടെങ്കിലും ഭൂമിശാസ്ത്രപരമായി അതു ശരിയല്ല. ക്രിസ്തുവിന്റെ പീഡാസഹനത്തെ മുൻനിർത്തിയാണ് ഇത്തരമൊരു അനുമാനം ചിലർ കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ഈ സ്ഥലം കേവലം പ്രതീകാത്മകം മാത്രമാണെന്നാണ് ഭൂരിപക്ഷം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നത്.

### *പുതിയ നിയമത്തിൽ*

പുതിയനിയമം വിധിയെ ചരിത്രപരമായ ഒന്നായും, യുഗാന്ത്യത്തിലുള്ള ഒന്നായും കാണുന്നു. സമാന്തര സുവിശേഷങ്ങളിൽ പൊതുവിധിയെ സൂചിപ്പിക്കുന്ന അനേകം ഉപമകൾ കാണാം. കളകൾ, നിധി, രത്നം, വല തുടങ്ങിയവയുടെ ഉപമകളിൽ (മത്താ. 13:24–52) പൊതുവിധിയുടെ സ്വഭാവം വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു. നന്മയും തിന്മയും തമ്മിൽ, നല്ലതും ചീത്തയും, തമ്മിൽ വേർതിരിക്കുകയും നല്ലതിനെ സ്വീകരിച്ച് ചീത്തയെ ഉപേക്ഷിക്കുകയുമാണ് വിധി ദിവസത്തിൽ നടക്കുന്നത് എന്ന് ഈ ഉപമകൾ വ്യക്തമാക്കുന്നു.

സമാന്തര സുവിശേഷങ്ങളിൽ വിധി എന്നതുകൊണ്ട് പ്രധാനമായും 'ശിക്ഷാവിധി'യെയാണർത്ഥമാക്കുന്നത്. സുവിശേഷകന്മാരായ മത്തായിയും ലൂക്കായും വിധിദിവസത്തെക്കുറിച്ച് പ്രഖ്യാപിക്കുന്നുണ്ട്. ഓരോരുത്തനും ഇതരരെ വിധിക്കുന്നതിനനുസരിച്ചായിരിക്കും "വിധിക്കപ്പെടുക എന്നും ഇവിടെ വ്യക്തമാക്കുന്നു. വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്" (മത്താ 7:1–2). മറ്റുള്ളവരോട് കാണിച്ച സ്നേഹവും വിധിക്കാധാരമാണ് (മത്താ. 25:31f). നല്ലവരെയും ചീത്തയാളുകളെയും വേർതിരിക്കലാണു പൊതുവിധിയുടെ സ്വഭാവം.

വി. പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ പൊതുവിധിയെക്കുറിച്ച് വ്യത്യസ്തമായൊരു വീക്ഷണം തരുന്നു. പാപംമൂലം സകലരും ശിക്ഷയ്ക്കായി വിധിക്കപ്പെട്ടു (റോമ. 5:10f). ക്രിസ്തുവിന്റെ അനുസരണം, ശിക്ഷിക്കപ്പെട്ടിരുന്ന മനുഷ്യനെ രക്ഷയിലേക്ക് നയിച്ചു. അന്ത്യനാളിലെ നൈയാമിക തീരുമാനത്തെക്കുറിച്ച് വി. പൗലോസ് പ്രതിപാദിക്കുന്നുണ്ട്. "ദൈവത്തിന്റെ നീതിയുക്തമായ വിധി വെളിപ്പെടുന്ന കോപത്തിന്റെ ദിവസത്തിൽ... ഓരോരുത്തരും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്ന് പ്രതിഫലം നല്കും. ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിലാണീ വിധി നടക്കുക. പൗലോസിന്റെ വീക്ഷണത്തിൽ യഹൂദർ മോശയുടെ നിയമപ്രകാരവും, വിജാതീയർ പ്രകൃതിനിയമത്തിനുസരിച്ചും വിധിക്കപ്പെടുന്നു (റോമ. 2:12ff). സുവിശേഷം സ്വീകരിച്ച ക്രൈസ്തവരാകട്ടെ സ്വാതന്ത്ര്യത്തിന്റെ നിയമത്താൽ വിധിക്കപ്പെടുന്നു. അയൽക്കാരനെ വിധിക്കുന്നവൻ അതേ മാനദണ്ഡത്താൽ വിധിക്കപ്പെടുമെന്ന സമാന്തര സുവിശേഷങ്ങളിലെ ചിന്താഗതി വി. പൗലോസും പ്രകടമാക്കുന്നുണ്ട്. ദൂഷണം (റോമ. 3:8), അർപ്പിത ജീവിതത്തിലെ അവിശ്വസ്തത (1തിമ. 5:15) എന്നിവ ശിക്ഷാവിധി അർഹിക്കുന്നു. സത്യത്തിൽ വിശ്വസിക്കാതെ അനീതിയിൽ ആഹ്ലാദിക്കുന്നവരും, അധികാരത്തെ എതിർക്കുന്നവരും (റോമ. 13:2) കഠിനഹൃദയരും, അനുതപിക്കാത്തവരും എന്നല്ല തിന്മ പ്രവൃത്തിക്കുന്ന സർവ്വരും ദൈവത്തിന്റെ ശിക്ഷാവിധിക്കർഹരാകും.

യോഹന്നാന്റെ സുവിശേഷത്തിൽ വർത്തമാനകാലത്തെ വിധിക്കാണ് കൂടുതൽ പ്രാധാന്യമെങ്കിലും അന്ത്യവിധിയെക്കുറിച്ചും പരാമർശങ്ങളുണ്ട്. അനുനിമിഷം നടക്കുന്ന വിധിയുടെ പൂർത്തീകരണമാണ് പൊതുവിധി. ക്രിസ്തുവിനോടുള്ള ഒരുവന്റെ പ്രതികരണമാണ് വിധിയുടെ മാനദണ്ഡം. 'എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്ക്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ ഉച്ചരിച്ച വചനം തന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും' (യോഹ. 12:48). യോഹ. 5:26-29 വരെയുള്ള വാക്യങ്ങളിലും ഉയിർപ്പിനെയും അന്ത്യവിധിയേയുംകുറിച്ചു പരാമർശങ്ങളുണ്ട്.

പുതിയ നിയമത്തിലെ ഇതര ഗ്രന്ഥങ്ങളും പൊതുവിധിയെക്കുറിച്ചു പഠിപ്പിക്കുന്നുണ്ട്. വെളിപാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: 'മരിച്ചവരെല്ലാവരും, വലിയവരും ചെറിയവരും സിംഹാസനത്തിനുമുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു. ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു... ഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രവൃത്തികൾക്കനുസൃതം മരിച്ചവർ വിധിക്കപ്പെട്ടു! (വെളി. 20:12). വി. പത്രോസിന്റെ ലേഖനങ്ങളിലും വിധിയെക്കുറിച്ചുള്ള പഠനങ്ങളുണ്ട് (2 പത്രോ. 2:7). ഹെബ്രായർ 6:12-ൽ നിത്യവിധിയെക്കുറിച്ചു നാം വായിക്കുന്നു.

ആദിമസഭയിൽ അന്ത്യവിധിയെക്കുറിച്ചുള്ള സമഗ്രമായ പഠനങ്ങളുണ്ടായിരുന്നു. തെർത്തുല്യൻ, ഹിപ്പോളിറ്റസ്, സിപ്രിയാൻ, ബേസിൽ,

ക്രിസോസ്റ്റോം, ഗ്രിഗറി നിസയാൻസൻ തുടങ്ങിയവരുടെ പഠനങ്ങൾ വിധിയെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. വി. അഗസ്റ്റിന്റെ വാക്കുകളിൽ "ദൈവത്തിന്റെ വിധി ചരിത്രത്തിലെ സ്ഥായിയായ ഒരു പ്രത്യേകതയാണ്. എങ്കിലും ഇതു മിക്കപ്പോഴും പ്രത്യക്ഷമല്ലാത്തതിനാൽ അവിടുത്തെ ബുദ്ധിയും നീതീകരണവും സമന്വിതമായി സർവ്വർക്കും മുമ്പിൽ പ്രകടിതമാക്കുന്ന ഒരു ദിവസം കൂടിയേ തീരൂ.

## വിധിയാളനും വിധിക്കപ്പെടുന്നവരും

സമാന്തര സുവിശേഷങ്ങളിൽ ക്രിസ്തുവാണ് വിധിയാളൻ. വിധിയാളൻ ആരാണെന്നതിനെ സംബന്ധിച്ച് വി. പൗലോസിന്റെ ലേഖനങ്ങളിലും വി. യോഹന്നാന്റെ സുവിശേഷത്തിലും വ്യത്യസ്തമായ ചിന്തകൾ കാണാം. ക്രിസ്തുവിലൂടെയും അവിടുന്നു വഴിയും വിധി നടക്കുന്നു എന്ന നിഗമനമാണ് ഈ വ്യത്യസ്ത വിവരണങ്ങൾ വഴി നമുക്ക് ലഭിക്കുന്നത്. ദൈവം യേശുക്രിസ്തുവഴി മനുഷ്യരുടെ രഹസ്യങ്ങൾ വിധിക്കുന്നു (റോമ. 2:16). പൊതുവിധിയിൽ എല്ലാവരും വിധിക്കപ്പെടും. മനുഷ്യരും മാലാഖാമാരും വിധിക്കപ്പെടുന്നതായി വി. പൗലോസ് പഠിപ്പിക്കുന്നു (1കൊറി. 2:6). പുതിയ നിയമം സാർവ്വലൗകികമായ വിധിയെക്കുറിച്ച് ഉറപ്പായി പഠിപ്പിക്കുന്നു. ക്രിസ്തു വിധിയാളനും അതേ സമയം വിധിയുടെ മാനദണ്ഡവുമാണ്. ദൈവത്തോടും ക്രിസ്തുവിനോടുമുള്ള സ്നേഹവും ക്രിസ്തുവിൽ സഹജീവികളോടുള്ള സ്നേഹവും ഒരുവനെ ശിക്ഷാവിധിയിൽനിന്നു രക്ഷിക്കുന്നു.

വിധി നടക്കുന്ന സ്ഥലത്തെ സംബന്ധിച്ചും വ്യക്തമായ പഠനങ്ങളൊന്നുമില്ല. അതു ഭൂമിയിൽ ഏതോ ഒരിടത്താണ് എന്നു വാദിക്കുന്നവർ കുറവല്ല.

## പൊതുവിധി അപ്രസക്തമോ?

പൊതുവിധി ആവശ്യമോ? ദൈവശാസ്ത്രപരമായി വ്യത്യസ്ത അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ ഉള്ളതായി കാണാം. പ്രത്യേക വിധിയിൽ ഒരുവൻ, സമൂഹത്തിലെ അംഗമെന്ന പരിഗണനയില്ലാതെ കേവലം ഒരു വ്യക്തി എന്ന നിലയിൽ മാത്രമാണ് വിധിക്കപ്പെടുന്നത്. പൊതുവിധിയിൽ മനുഷ്യവർഗ്ഗം മുഴുവനും സമനിഷ്ഠനിഷ്ഠമായി ദൈവത്തിന്റെ വിധിക്കുമുമ്പിൽ പ്രത്യക്ഷപ്പെടുന്നു. അതിനാൽ മനുഷ്യകുലത്തിന്റെ സാമൂഹിക സ്വഭാവത്തിൽനിന്ന് പൊതുവിധി ആവശ്യമായി വരുന്നെന്നു കാൾ റാനർ വാദിക്കുന്നു. ദൈവനീതിയുടെയും ക്രിസ്തുവിന്റെ വിജയത്തിന്റെയും തുറന്ന പ്രകടനമെന്ന നിലയിൽ പൊതുവിധി അത്യാവശ്യമാണ്. മനുഷ്യന്റെ ഓരോ പ്രവൃത്തിക്കും ദൂരവ്യാപകമായ ഫലങ്ങൾ ഉള്ളതിനാൽ പ്രത്യേക വിധിക്കു പുറമേ പൊതുവിധിയും കൂടിയേ തീരൂ. ക്രിസ്തുവിന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കപ്പെടുന്ന നിമിഷമാണ് പൊതുവിധി.

പ്രത്യേക വിധിക്കും പൊതുവിധിക്കുമിടയിലുള്ള സമയത്തെക്കുറിച്ചും കാര്യമാത്രമായി പ്രസ്താവിക്കുക പ്രയാസമാണ്. റാനരുടെ അഭിപ്രായത്തിൽ ഇതു ഒരു 'ഭൗതിക സമയ'മായി പരിഗണിക്കുക ദുരൂഹമാണ്. എങ്കിലും പ്രത്യേക വിധിയും പൊതുവിധിയും തമ്മിൽ മാനുഷികമായി ചിന്തിക്കുമ്പോൾ 'സമയവ്യത്യാസം' ഉണ്ട് എന്നതും സുവ്യക്തമാണ്.

## വിധിയും പരൂസിയായും

മനുഷ്യകുലത്തെ അതിന്റെ പ്രവൃത്തിക്കനുസൃതമായി വിധിക്കാൻ ലോകാന്ത്യത്തിൽ ക്രിസ്തു മഹത്വത്തോടെ വരുമെന്നത് ഒരു വിശ്വാസസത്യമാണ്. ലോകാന്ത്യത്തിൽ ക്രിസ്തു ആഗതനാകും. അപ്പോൾ അവിടുന്നു മരിച്ചവരേയും ജീവിച്ചിരിക്കുന്നവരേയും വിധിക്കുകയും ചെയ്യും. 'ദുഷ്ടർക്കും ശിഷ്ടർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതമായി അവിടുന്നു പ്രതിഫലം നല്കും' എന്നു നാലാം ലാറ്ററൻ സൂനഹദോസ് പഠിപ്പിക്കുന്നു. സഭയുടെ വിശ്വാസ പ്രമാണങ്ങളിൽ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആഗമനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ലോകചരിത്രത്തിന്റെയും, ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യപ്പെട്ട രക്ഷാകര പ്രവൃത്തിയുടെയും അന്ത്യം കുറിക്കുന്ന സ്ഥിരവും മഹത്വപൂർണ്ണവുമായ ദൈവസാന്നിദ്ധ്യമാണ് ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം. മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിന്റെ മനുഷ്യ പ്രകൃതിയോടൊത്ത് മനുഷ്യകുലത്തിന്റെയും, ലോകത്തിന്റെയും അന്ത്യം കുറിക്കുന്ന സംഭവമാണിത്. യേശുവിന്റെ ഉയിർപ്പും സ്വർഗ്ഗാരോഹണവും അരൂപിയുടെ ദാനവും ഈ രക്ഷാകരാനുഭവത്തിനു തുടക്കം കുറിച്ചിരിക്കുന്നു. മനുഷ്യനു അഗ്രാഹ്യമായ, ദൈവത്തിന്റെ സ്വതന്ത്രമായ രക്ഷാകര പ്രവൃത്തിയുടെ പൂർത്തീകരണമാണ് ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആഗമനം. ഭൗതിക സമയത്തിന്റെ മാനങ്ങളിൽ കാലദൈർഘ്യം നിശ്ചയിക്കാൻ സാദ്ധ്യമല്ലാത്ത ഒരു പ്രക്രിയയാണിത്.

### *അല്പം വിശദീകരണം*

'പരൂസിയ (Parousia) എന്ന ഗ്രീക്ക് മൂലപദത്തിൽ നിന്നാണ് ക്രിസ്തുവിന്റെ ആഗമനത്തെ സൂചിപ്പിക്കുന്ന സംജ്ഞകൾ ഉത്ഭവിച്ചിട്ടുള്ളത്. പരൂസിയ എന്ന പദത്തിന്റെ വാച്യാർത്ഥം സാന്നിദ്ധ്യം, ആഗമനം എന്നൊക്കെയാണ്. ഗ്രീക്ക് സംസ്ക്കാരത്തിൽ, രണ്ടർത്ഥത്തിൽ ഈ വാക്ക് ഉപയോഗിച്ചിരുന്നതായി കാണാം. ഒന്നാമത്, അധികാരികളുടെയും രാജാക്കന്മാരുടെയും മറ്റും സാഘോഷമുള്ള പൊതു സന്ദർശനം. റോമൻ സംസ്ക്കാരത്തിലും ഇതേ അർത്ഥത്തിൽ ഈ വാക്ക് കാണുന്നു. റോമൻ ചക്രവർത്തി കിഴക്കൻ പ്രവിശ്യകളിൽ സന്ദർശനം നടത്തുക പതിവായിരുന്നു. ഇത്തരം അവസരങ്ങളിൽ വഴികൾ അലങ്കരിച്ച് പുതുവസ്ത്ര

ങ്ങൾ അണിഞ്ഞ് ഉത്സാഹത്തോടെ ജനങ്ങൾ ചക്രവർത്തിയെ കാണാൻ ഓടിക്കൂടുക സാധാരണയായിരുന്നു. കാഹളങ്ങളും കരഘോഷങ്ങളും ഈ സന്ദർഭത്തിന്റെ മാറ്റുകൂട്ടുന്നു. സന്തോഷംനിറഞ്ഞ ആഘോഷ ത്തിന്റെ ഈ അവസരത്തിൽ രാജാവു പ്രജകൾക്ക് സമ്മാനങ്ങൾ കൊടു ക്കുകയും പതിവായിരുന്നു. രാജാവിന്റെ സന്ദർശനം നവമായ ഒരു കാല ഘട്ടത്തിന്റെ, പുതുയുഗപ്പിറവിയുടെ തന്നെ അനുഭവം പ്രജകൾക്കു നൽകിയിരുന്നതായി കാണാം. ഇതിനുപുറമെ പ്രവൃത്തികളിലൂടെയോ, ആരാധനാകർമ്മങ്ങളിലൂടെയോ ഉള്ള ദേവന്മാരുടെ സാന്നിദ്ധ്യത്തെ ദ്യോതിപ്പിക്കുന്നതിനും പരൂസിയ എന്ന പദം ഉപയോഗിക്കുന്ന തായിക്കാണാം. ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തെ സംബന്ധിച്ച ആദിമ സഭയുടെ പഠനം ഈ രണ്ടു ഭാഷ്യങ്ങളുടെയും പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ.

രക്ഷാകരചരിത്രത്തിന്റെ അന്ത്യം കുറിക്കുന്ന, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ സാന്നിദ്ധ്യമാണ് പരൂസിയ എന്നതു കൊണ്ട് ആദിമ സഭ മനസ്സിലാക്കിയിരുന്നത്. വി. പൗലോസിന്റെ തെസ ലോനിക്കാക്കാർക്കുള്ള ലേഖനത്തിൽ ഈ അർത്ഥം നമുക്ക് കാണാം. കാതോലിക ലേഖനങ്ങളിൽ പരൂസിയ എന്നതിനു പകരം പ്രത്യക്ഷീക രണം എന്നർത്ഥമുള്ള 'എപ്പിഫനി' (Epiphany) എന്ന പദമാണ് നാം കാണുന്നത്. എന്നാൽ പലപ്പോഴും എപ്പിഫനി ക്രിസ്തുവിന്റെ മഹത്വ പൂർണ്ണമായ ആഗമനവും മനുഷ്യാവതാരവും തമ്മിൽ വ്യത്യാസം ദർശി ക്കുന്നില്ല.

### *പഴയ നിയമത്തിൽ*

വിധിക്കായുള്ള ദൈവത്തിന്റെ ആഗമനത്തെ കർത്താവിന്റെ ദിന മായി യഹൂദർ പരിഗണിച്ചിരുന്നു. മനുഷ്യപുത്രന്റെ ആഗമനം എന്ന ആശ യവും യഹൂദ വിശ്വാസത്തിൽ കാണാം. ചരിത്രത്തിലെ, ദൈവത്തിന്റെ മഹത്വപൂർണ്ണമായ ഇടപെടലാണ് കർത്താവിന്റെ ദിനം. ദൈവം തന്റെ മഹിമയും ശക്തിയും പ്രകടമാക്കുന്ന അന്ന് അവിടുത്തെ ശത്രുക്കൾ നശി പ്പിക്കപ്പെടും. ആദിമകാല യഹൂദ പഠനങ്ങളിൽ നന്മയുടെയും സമൃദ്ധി യുടെയും ദിനമായി പരിഗണിക്കപ്പെട്ടിരുന്ന കർത്താവിന്റെ ദിനം പില്ക്കാല ചിന്തയിൽ നാശത്തിന്റെയും ഭീകരമായ ശിക്ഷയുടെയും ദിന മായി പരിഗണിക്കപ്പെട്ടു തുടങ്ങി. ആമോസ് തുടങ്ങിയ പ്രവാചകന്മാരാണ് ഈ വ്യത്യസ്തമായ ചിന്താധാരയ്ക്കു തുടക്കമിട്ടത്. മനുഷ്യപുത്രന്റെ ആഗമനത്തെ സംബന്ധിച്ച, ദാനിയേലിന്റെ പുസ്തകത്തിലെ പ്രതിപാദ നമാണ് ക്രിസ്തുവിന്റെ പരൂസിയായെക്കുറിച്ചുള്ള പഠനങ്ങൾക്ക് അടി സ്ഥാനമായ മറ്റൊന്ന്. ദൈവരാജ്യസ്ഥാപനത്തിനായി മഹാശക്തിയോടെ അന്ത്യനാളിൽ പ്രത്യക്ഷപ്പെടുന്ന അതിമാനുഷനായ ഒരാളുടെ ചിത്രമാണ് ദാനിയേലിന്റെ മനുഷ്യപുത്രനെ സംബന്ധിച്ച വിവരണങ്ങളിലുള്ളത്. ഒരു നിർദ്ദിഷ്ട വ്യക്തിയുടെ ആഗമനം എന്നതിലേറെ ഒരു രാജ്യത്തിന്റെ

സ്ഥാപനം എന്ന അർത്ഥമാണ് ഈ വിവരണങ്ങളിൽ മുന്നിട്ടു നിൽക്കുന്നത്.

## *പുതിയ നിയമത്തിൽ*

പുതിയ നിയമത്തിൽ പരൂസിയായെ സംബന്ധിച്ച് വ്യത്യസ്ത ആശയങ്ങളാണുള്ളത്. ഉടനടി സംഭവിക്കാനിരിക്കുന്ന പ്രത്യക്ഷീകരണത്തെക്കുറിച്ച് വി. പൗലോസിന്റെ തെസലോനിക്കാക്കാർക്കുള്ള ഒന്നാം ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. ആദിമസഭയുടെ വിശ്വാസമായിവേണം ഇതിനെ കണക്കാക്കാൻ. എന്നാൽ പരൂസിയ വൈകുന്നത് സഭാസമൂഹത്തിൽ ചിന്താക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം തെസലോനിക്കാക്കാർക്കുള്ള രണ്ടാം ലേഖനം നാം മനസ്സിലാക്കാൻ.

സമാന്തര സുവിശേഷങ്ങളിൽ മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചും കർത്താവിന്റെ ദിനത്തെക്കുറിച്ചും സുദീർഘമായ വിവരണങ്ങളുണ്ട്. ഇവ പ്രധാനമായും യുഗാന്ത്യത്തെ സംബന്ധിച്ച പ്രതിപാദനങ്ങളാണ്. അടുത്തു സംഭവിക്കാനിരിക്കുന്ന ജറുസലേമിന്റെ നാശത്തെക്കുറിച്ചും ലോകാന്ത്യത്തെക്കുറിച്ചുമുള്ള വിവരണങ്ങൾ ഇവിടെ ഒന്നുചേർന്നു പ്രത്യക്ഷമാകുന്നു. 'യേശുവിന്റെ വചനങ്ങളും ഇസ്രായേല്യരുടെ അപ്പോക്കാലിപ്റ്റിക് പാരമ്പര്യങ്ങളും സുവിശേഷകന്മാരുടെ സ്വന്തമായ അനുബന്ധങ്ങളുമെല്ലാം ഉൾക്കൊള്ളുന്നതുമാണ്' ഈ വിവരണങ്ങൾ. ജറുസലേമിന്റെ പതനത്തോടെ യുഗാന്ത്യം സംഭവിക്കുമെന്ന ധാരണ തെറ്റാണെന്ന് സുവിശേഷകൻ എടുത്തു കാണിക്കുന്നു. 'ഇതൊക്കെ സംഭവിക്കും, എന്നാൽ അന്ത്യം ഇനിയും ആയിട്ടില്ല'. യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് സുവിശേഷകന്മാർ വിവരിക്കുന്നു: മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് കഠിനമായ വേദനകളും പരീക്ഷണങ്ങളും ദുരിതങ്ങളും ഉണ്ടാകും (മർക്കോ. 13). ഈ ആഗമനം അജ്ഞാതമായ സമയത്തായിരിക്കും. 'മനുഷ്യപുത്രൻ കള്ളനെപ്പോലെ വരും' (മത്താ. 24:43). സദാ ജാഗരൂകത പാലിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് സുവിശേഷം സർവ്വജനതകളോടും പ്രസംഗിക്കപ്പെടണം. മനുഷ്യപുത്രൻ വരുന്നതിനുമുമ്പ് ഇസ്രായേൽ മാനസാന്തരപ്പെട്ട് ദൈവത്തിന്റെ പക്കലേക്ക് തിരിയും. വലിയ ദൈവനിഷേധവും വിശ്വാസരാഹിത്യവും അന്ത്യദിനത്തിനുമുമ്പ് സംഭവിക്കും. ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിനുമുമ്പ് അന്തിക്രിസ്തു പ്രത്യക്ഷപ്പെടേണ്ടിയിരിക്കുന്നു.

മരിച്ചവരുടെ ഉയിർപ്പും അന്ത്യവിധിയും കർത്താവിന്റെ ദിവസം സംഭവിക്കുമെന്ന് സുവിശേഷങ്ങൾ സാക്ഷ്യം വഹിക്കുന്നു. വിധി ദിവസത്തിൽ നീതിനിഷ്ഠർക്ക് സമ്മാനവും ദുഷ്ടർക്ക് ശിക്ഷയും ലഭിക്കും. പ്രാപഞ്ചികവും സാർവ്വലൗകികവുമായ പുതുക്കലിനെക്കുറിച്ചുള്ള സൂചനകളും സുവിശേഷങ്ങളിലുണ്ട്. കർത്താവിന്റെ ആഗമനം സന്തോഷ

ത്തിന്റെ ദിനമായാണ് ആദിമ ക്രൈസ്തവർ കരുതിയിരുന്നത്. തങ്ങളെയും ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് അവിടുന്നു കൊണ്ടുപോകുന്ന ദിനത്തിനായി ആകാംക്ഷാഭരിതരായി അവർ കാത്തിരുന്നു. അവിടുത്തെ ആഗമനത്തിനു മുമ്പുണ്ടാകുന്ന പീഡകൾ തികച്ചും നിസ്സാരമായവർ പരിഗണിച്ചു. "നമുക്കു വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണ്" (റോമ. 8:18) എന്നവർ വിശ്വസിച്ചു. എന്നാൽ ആദിമകാല യഹൂദ ചിന്തയിൽ സന്തോഷദ്യോതകമായിരുന്ന കർത്താവിന്റെ ദിനം പില്ക്കാലത്തു ഭയത്തിന്റെ ദിനമായിത്തീർന്നതുപോലെ ആദിമ ക്രൈസ്തവ ചിന്തയ്ക്കും കാലക്രമേണ മാറ്റം വന്നു. കർത്താവിന്റെ ആഗമനം ഭയത്തിന്റെയും വിലാപത്തിന്റെയും ദിനമായി ചിത്രീകരിക്കപ്പെടുന്നതാണ് പില്ക്കാലങ്ങളിൽ നാം കാണുക. മദ്ധ്യദശകങ്ങളിൽ ഇതു ഏറ്റവും പ്രകടമാകുന്നു. ഇക്കാലത്തു വിരചിതമായ സുപ്രസിദ്ധ 'ദീയസ്ഈറേ' – ക്രോധത്തിന്റെ ദിനം – എന്ന ഗീതം ഇതു വ്യക്തമാക്കും. ലത്തീൻ കവിതകളിൽ അദ്വിതീയസ്ഥാനമലങ്കരിക്കുന്ന ഈ ഗീതത്തിൽ നാമിങ്ങനെ കാണുന്നു. "ക്രോധത്തിന്റെ ദിനം, വിലാപത്തിന്റെ ദിനം, പ്രവാചക വചസ്സുകൾ പൂർത്തിയായിരിക്കുന്നു, ഭൂസ്വർഗ്ഗങ്ങളിതാ അഗ്നിയിലെരിയുന്നു. ഹ! മർത്ത്യനെത്ര ഭയപ്പെടേണ്ടു – കൃത്യമായെല്ലാമെഴുതിച്ചേർത്ത പുസ്തകം. അതിൽനിന്നുരുവിടുന്ന വിധിവാചകം. വിധിക്കായി അവിടുന്നു ആസനസ്ഥനാകുമ്പോൾ പ്രവൃത്തികളെല്ലാം പ്രതിഫലം വാങ്ങാനായി ഭക്ത്യാദരവോടെ വന്നു നില്ക്കുന്നു. വ്രണിതനായ ഞാൻ എന്തു ചോദിക്കേണ്ടു? സാധുപോലും ദയയ്ക്കായി കേഴുമ്പോൾ എനിക്കായി ആര് ഒരു വാക്കുര ചെയ്യും? ശിക്ഷയുടെ അഗ്നി ആളിപ്പടരുന്നു. ഞാനിതാ വിനയാന്വിതനായി മുട്ടിൽ നില്ക്കുന്നു. മെഴുകു സമാനമായിരിക്കുന്നു എന്റെ പശ്ചാത്താപം. ഹാ കണ്ണുനീരിന്റെയും വിലാപത്തിന്റെയും ദിനം..." ഇങ്ങനെപോകുന്നു. ആ ഗീതത്തിന്റെ ആശയം.

പരൂസിയയെ സംബന്ധിച്ച പുതിയ നിയമ പഠനങ്ങൾ ഒന്നാകെ വിലയിരുത്തിയാൽ ചില വസ്തുതകൾ വ്യക്തമാകും. യുഗാന്ത്യത്തെക്കുറിച്ചും പരൂസിയായെക്കുറിച്ചുമുള്ള സുവിശേഷ വിവരണങ്ങൾ ഏകതാനമായ ഒരു പഠനം നല്കുന്നില്ല. പരൂസിയ ഉടനെ സംഭവിക്കുമെന്നും, ഇല്ലെന്നും നാമിവിടെ കാണുന്നു. ജറുസലേമിന്റെ നാശത്തോടെ അന്ത്യമാകും എന്ന വിശ്വാസം യഹൂദരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ഈ വിശ്വാസത്തിന്റെ സ്വാധീനം മൂലമാകാം മനുഷ്യപുത്രന്റെ ആഗമനവും ആസന്നമാണെന്ന ധാരണ സുവിശേഷങ്ങളിൽ നിഴലിക്കുന്നത്. പരൂസിയായുടെ യഥാർത്ഥസമയം അജ്ഞാതമാണെന്ന് പുതിയ നിയമം തറപ്പിച്ചു പറയുന്നു. എന്നാൽ അതു അപ്രതീക്ഷിതമായ സമയത്തു സംഭവിക്കും. പരൂസിയായ്ക്കുമുമ്പ് വിവിധ അടയാളങ്ങൾ ദൃശ്യമാകേണ്ടതുണ്ട്. പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും തുടക്കമാണ് പരൂസിയ എന്നും പുതിയ നിയമം പഠിപ്പിക്കുന്നു.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണമോ, മഹത്വപൂർണ്ണമായ പ്രത്യക്ഷീകരണമോ കേവലം കണ്ണുകൾക്ക് കാണാൻ കഴിയുന്നതരം ഒരിടത്തുനിന്നു മറ്റൊരിടത്തേയ്ക്കുള്ള ചലനമായി, മാറ്റമായി, ചിന്തിക്കാനാവില്ല. ക്രിസ്തു തന്റെ മഹത്വത്തിലേക്കു പ്രവേശിച്ചുകൊണ്ട് മരിച്ചവരിൽനിന്നുയിർത്ത്, പരിശുദ്ധാരൂപിയുടെ ശക്തിയാൽ തന്റെ മഹത്വത്തിൽ പൂർണ്ണമായി നിറഞ്ഞുകൊണ്ട് സർവ്വ സൃഷ്ടങ്ങളിലുള്ള ദൈവത്തിന്റെ പരമാധികാരത്തിൽ മനുഷ്യനെന്നനിലയിൽ ഉൾച്ചേർന്നുകൊണ്ട് സ്വർഗ്ഗത്തിലേയ്ക്ക് 'ആരോഹണം' ചെയ്തു. ദൈവമെന്ന നിലയിൽ തന്റെ ശക്തിയുടെ തികവിൽ ലോകത്തെ രൂപാന്തരപ്പെടുത്തുകയും ആത്യന്തിക പൂർണ്ണതയുടെ അവസ്ഥയിലേക്ക് കൊണ്ടുവരികയും ചെയ്യുമ്പോൾ അവിടുന്നു 'വീണ്ടും വരും'. യുഗപൂർത്തീകരണമാണ് രക്ഷാകര പ്രവർത്തനത്തിന്റെ അന്ത്യം. പരൂസിയ, സാർവ്വത്രിക ഉയിർപ്പ്, വിധി ഇവ മനുഷ്യന്റെ ഇടയിലൂടെയുള്ള ദൈവത്തിന്റെ 'കടന്നു' പോകലിന്റെ അന്ത്യം കുറിയ്ക്കുന്ന ഒരനർഘനിമിഷമാണ്. ഓരോരുത്തരുടെയും ഹൃദയത്തിൽ ഉച്ചരിക്കപ്പെട്ട വിധിയുടെ പൂർത്തീകരണവുമാണിത്.

ക്രിസ്തുവിന്റെ ഉയിർപ്പും, സ്വർഗ്ഗാരോഹണവും അരൂപിദാനവും വഴി തുടങ്ങിയ രക്ഷാകര ചരിത്രത്തിന്റെ നവ്യമായ പ്രക്രിയ പരിപൂർത്തി കുറിക്കുന്ന നിമിഷമാണല്ലോ പ്രത്യക്ഷീകരണം. ദൈവത്തിന്റെ സ്വതന്ത്രവും അജ്ഞാതവുമായ പ്രവൃത്തി എന്ന നിലയിൽ ഈ പ്രക്രിയയുടെ പരിപൂർത്തി സമയത്തിന്റെ മാനങ്ങളിൽ മനസ്സിലാക്കാനാവില്ല. "ആ ദിവസത്തെക്കുറിച്ചോ ആ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലുള്ള മാലാഖാമാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ" (മർക്കോ. 13:32). ചരിത്രത്തിന്റെ വിധി നിർണ്ണയിക്കുന്ന ഈ പ്രത്യക്ഷീകരണത്തിൽ ചരിത്രം ദൈവത്തിന്റെ പ്രവൃത്തിയാണെന്നും ക്രിസ്തു കേന്ദ്രീകൃതമാണതിന്റെ ലക്ഷ്യമെന്നും വെളിപ്പെടും. ചരിത്രത്തിന്റെ കേവലം സ്വാഭാവികമായ പരിപൂർത്തിയല്ലിത്. ചരിത്രത്തിന്റെ ആരംഭം മുതൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ സമ്പൂർണ്ണതയുമല്ല. പ്രത്യുത ദൈവത്തിന്റെ സ്വതന്ത്ര നിശ്ചയത്തിന്റെ ഫലമാണ്. അതിനാലാണ് ഇതിനെ വിധി എന്നു വിളിക്കുന്നത്.

### *പരൂസിയായും ദൈവരാജ്യസ്ഥാപനവും*

ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിലൂടെ ദൈവരാജ്യം സമാഗതമാകുന്നു. ദൈവരാജ്യത്തെ സ്ഥലകാല നിബന്ധമായ ഒന്നായി കണക്കാക്കാനാവില്ല. എന്നാൽ വെളി. 20:1-6നെ അടിസ്ഥാനപ്പെടുത്തി അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ടവരുമൊത്തുള്ള ക്രിസ്തുവിന്റെ ആയിരം വർഷത്തെ ഭരണം പ്രത്യക്ഷീകരണത്തെ തുടർന്നുണ്ടാകുമെന്നു ചില ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തോടും തിരഞ്ഞെടുക്കപ്പെട്ടവരുടെ ഉയിർപ്പോടുംകൂടി ആരംഭിക്കുന്ന ഭരണം സാർവ്വത്രിക ഉയിർപ്പിലും പൊതുവിധിയിലും അവസാ

നിക്കും. ക്രിസ്തുവിന്റെ അന്തിമവിജയവും പ്രപഞ്ചത്തിന്റെ പരിണാമോന്മുഖമായ മഹത്വീകരണവുമാണ് ഈ പഠനത്തിൽ പ്രകടമാകുന്നത്. ഉയിർപ്പിനെയും വിധിയേയും സംബന്ധിച്ച വി. ഗ്രന്ഥപഠനങ്ങൾ ഈ നിഗമനവുമായി ഒത്തുപോകുന്നില്ല. അക്കാരണത്താൽ സഭ ഇതിനെ അബദ്ധപഠനമായിട്ടാണ് പരിഗണിക്കുന്നത് (വെളി 20:1–6). ക്രിസ്തു ഭരണത്തിന്റെ അനന്തസ്വഭാവം പ്രതീകാത്മകമായി വ്യക്തമാക്കുക മാത്രമേ ഇത് ചെയ്യുന്നുള്ളു.

രക്ഷാകര പ്രവർത്തനത്തിന്റെ പൂർത്തീകരണമായ പ്രത്യക്ഷീകരണം ഇപ്പോൾതന്നെ ഭാഗികമായി നടന്നുകഴിഞ്ഞിരിക്കുന്നു. ദൈവരാജ്യം ഇന്നു ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനത്തിൽ ഭാഗഭാക്കുകളാകുന്നവരിൽ പൂർത്തീകരിക്കപ്പെടുന്നു. മാമ്മോദീസായിലൂടെ ക്രിസ്തുവിൽ മരിച്ചുയർക്കുന്ന ക്രിസ്തുശിഷ്യരിൽതന്നെ അന്ത്യവിധിയുടെ മുന്നനുഭവം ആരംഭിച്ചുകഴിഞ്ഞു. ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ മാനവരക്ഷ ചരിത്രത്തിൽ യാഥാർത്ഥീകരിക്കപ്പെട്ടു കഴിഞ്ഞു. ഈ രക്ഷ അന്തിമ പ്രത്യക്ഷീകരണത്തിൽ സമ്പൂർണ്ണമായി വെളിപ്പെടുത്തപ്പെടുവാനിരിക്കുന്നു. കൂദാശകളുടെ സ്വീകരണം ക്രിസ്തുവിന്റെ ഈ ആഗമനത്തെ ദ്യോതിപ്പിക്കുന്നവയാണ്. ചരിത്രത്തെ സ്മരിച്ചുകൊണ്ടും ഭാവിയെ പ്രതീക്ഷിച്ചുകൊണ്ടും ഇന്നിൽ ജീവിക്കുവാനുള്ള ആഹ്വാനവും അവസരവുമാണവ. (വി. കുർബാനസ്വീകരണം, ജ്ഞാനസ്നാനം, കുമ്പസാരം, ഇവ എങ്ങനെ വിധിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു മുമ്പ് പറയുകയുണ്ടായി). പരൂസിയായുടെയും ലോകാന്ത്യത്തിന്റെയും സമയം മനുഷ്യന് അജ്ഞാതമാണ്. ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ അന്തിമ പ്രത്യക്ഷീകരണത്തെക്കുറിച്ചുള്ള പ്രതീക്ഷ മാനവചരിത്രത്തിനു അർത്ഥം നല്കുന്നു.

## വിധിയും സ്വാതന്ത്ര്യവും

മനുഷ്യന്റെ സ്വതന്ത്ര പ്രവൃത്തികൾക്കുള്ള ദൈവിക വിലയിരുത്തലാണ് വിധിയെന്നു നാം കണ്ടു. വിധിയിലൂടെ മനുഷ്യന്റെ ആത്യന്തികമായ ഭാവിയുടെ സ്വഭാവം നിശ്ചയിക്കപ്പെടുകയാണ്. മനുഷ്യനു സ്വതന്ത്രപ്രവൃത്തി സാദ്ധ്യമോ എന്ന പ്രശ്നം ദാർശനികരെയും ദൈവശാസ്ത്രജ്ഞരേയും കുഴക്കിയിട്ടുള്ള ഒന്നാണ്. ദൈവത്തിന്റെ നിത്യജ്ഞാനവും ദൈവികജ്ഞാനത്തിന്റെ അലംഘ്യതയും നിർണ്ണയ സിദ്ധാന്തത്തിലേയ്ക്കും (determinism) തന്മൂലം ഉത്തരവാദിത്വരാഹിത്യത്തിലേക്കും ഊന്നൽ കൊടുത്തു ചിന്തിക്കുവാൻ ചിലരെയെങ്കിലും പ്രേരിപ്പിച്ചിട്ടുണ്ട്.

മനുഷ്യൻ സ്വതന്ത്രനായി പ്രവർത്തിക്കാൻ കഴിവുറ്റവനാണോ? അല്ലെങ്കിൽ അവന്റെ പ്രവൃത്തിയുടെ ഉത്തരവാദിത്വം എത്രമാത്രം അവനെ ഏല്പിക്കാനാവും? ഉത്തരവാദിത്വമില്ലാത്ത പ്രവൃത്തികൾക്കനുസൃതമായി നിത്യവും നിലനിൽക്കുന്നൊരു വിധി എങ്ങിനെ നീതിപൂർവ്വ

കമാകും? സ്വാതന്ത്ര്യത്തെ പൂർണ്ണമായി അപഗ്രഥിക്കാതെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനാവില്ല.

## അബദ്ധ പഠനങ്ങൾ

മനുഷ്യൻ സ്വതന്ത്രനല്ല എന്നുവാദിക്കുന്നവർ നിർണ്ണയ സിദ്ധാന്തവും, മുൻനിശ്ചയ (Pre-destination) സിദ്ധാന്തവും പിന്തുടരുന്നു. പ്രകൃതിനിയമങ്ങൾക്കും ചുറ്റുപാടുകളുടെ സ്വാധീനത്തിനും (മാനുഷിക നിയമങ്ങൾക്കുപോലും) അടിമയാണു മനുഷ്യനെന്നാണ് നിർണ്ണയ സിദ്ധാന്തക്കാർ വാദിക്കുക. ഈ നിഗമനം അംഗീകരിക്കുന്നപക്ഷം മനുഷ്യന്റെ ക്രിയാത്മക പ്രവർത്തനങ്ങളെല്ലാം-ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ, സംസ്ക്കാരം തുടങ്ങിയവയൊക്കെ യാദൃച്ഛികം, കേവലം മാത്രമാണെന്ന് അംഗീകരിക്കുകയാവും ചെയ്യുക. ചുറ്റുപാടുകളെയും സ്വാഭാവിക നിയമങ്ങളെയും മറികടക്കാനുള്ള കഴിവിനെ നിഷേധിക്കലാണത്.

മുൻനിശ്ചയ സിദ്ധാന്തം കൂടുതൽ ദൈവശാസ്ത്രപരമാണ്. ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതുമൂലം ഒരുവൻ രക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്ന ചിന്താഗതി സഭാപിതാക്കന്മാരുടെ പഠനങ്ങളിൽ കാണാം. രക്ഷയ്ക്കായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവരെ സംബന്ധിച്ച പുതിയനിയമ പരാമർശത്തെ അധികരിച്ച് (റോമ 8:30, വെളി 7:36) തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആളുകൾ മാത്രമേ രക്ഷപെടൂ എന്ന് കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റു നേതാക്കന്മാർ പഠിപ്പിക്കുന്നു. ഈ തിരഞ്ഞെടുപ്പും ആദിപാപവുമായി ബന്ധമൊന്നുമില്ല. ദൈവത്തിന്റെ സ്വതന്ത്രമായ ഇഷ്ടം മാത്രമാണിവിടെ മാനദണ്ഡം.

ക്രൈസ്തവ ദൈവശാസ്ത്രത്തിൽ മുൻനിശ്ചയമെന്നതുകൊണ്ടർത്ഥമാക്കുന്നത്, "ഓരോ വ്യക്തിയുടെയും അതിസ്വാഭാവിക ലക്ഷ്യത്തെക്കുറിച്ച് അതിന്റെ അന്ത്യവും, അതു തീരുമാനിക്കുന്ന അവന്റെ ചരിത്രത്തിലെ സംഭവങ്ങളും-കേവലം അഭികാമ്യമായ ഒന്നെന്നനിലയിൽ മാത്രമല്ല, ഒരുവൻ നിശ്ചയമായി പ്രാപിക്കേണ്ട ഒന്നെന്നനിലയിൽ, സമ്പൂർണ്ണമായി ദൈവനിശ്ചിതമായിരിക്കുന്ന നിത്യമായ ദൈവികപദ്ധതി എന്നാണ്". ദൈവത്തിന്റെ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷീഭാവമാണിത്. അതായത് മുൻനിശ്ചയം സദാ അതിസ്വഭാവിക ലക്ഷ്യത്തെ പരാമർശിക്കുന്നതാണ്. ഈ ലക്ഷ്യവും അതിന് അവനെ സജ്ജമാക്കുന്ന ചുറ്റുപാടുകളും ദൈവികപദ്ധതിയിൽ ഉൾപ്പെടുന്നവ തന്നെ. ഈ ലക്ഷ്യം സാധിക്കുക എന്നത് മനുഷ്യന്റെ അസ്തിത്വപൂർത്തീകരണമെന്ന നിലയിൽ ഓരോരുത്തനും അവശ്യം കൂടിയേ തീരൂ. കാൾറാനറുടെ അഭിപ്രായത്തിൽ മുൻനിശ്ചയത്തിന്റെ ഏക കാരണം ദൈവത്തിന്റെ സ്നേഹമാണ്. ഈ സ്നേഹമാകട്ടെ മനുഷ്യരക്ഷയാണഭിലഷിക്കുന്നത്. മഹത്വത്തിനായുള്ള മുൻനിശ്ചയത്തിന്റെ സമ്പൂർണ്ണരൂപം ക്രിസ്തുവിൽ ദൃശ്യമാകുന്നു. ഓരോ മനുഷ്യനെ സംബന്ധിച്ചും അവന്റെ പരിമിതിമൂലം ഈ പദ്ധതി പ്രകടമല്ല; പ്രാർത്ഥനയിലൂടെയും പ്രതീക്ഷയിലൂടെയും

അവനിതു സാധിച്ചെടുക്കണം. ദൈവിക മുൻനിശ്ചയം ഒരിക്കലും മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഹനിക്കയോ ഉത്തരവാദിത്വത്തെ ഒഴിവാക്കുകയോ ചെയ്യുന്നില്ല; മറിച്ച് അത് സ്ഥാപിക്കയാണ് ചെയ്യുന്നത്.

## എന്താണ് സ്വാതന്ത്ര്യം?

മനുഷ്യനിലുള്ള ദൈവീക ഛായയുടെ അന്യാദൃശ്യമായൊരു അടയാളമായാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ മനുഷ്യ സ്വാതന്ത്ര്യത്തെ കാണുന്നത്. മനുഷ്യൻ സ്വതന്ത്രനാണ്. സ്വാതന്ത്ര്യം എന്നതുകൊണ്ടർത്ഥമാക്കുന്നത് എന്തും പ്രവർത്തിക്കാനുള്ള ലൈസൻസല്ല. സ്രഷ്ടാവിനെ സ്വമേധയാ അന്വേഷിക്കാനും അവിടുത്തോടുള്ള സ്നേഹം ഭക്തികളിലൂടെ കേവലവും പരമാനന്ദനിർഭരവുമായ പൂർണ്ണതയിൽ എത്തിച്ചേരുവാനുള്ള മനുഷ്യന്റെ ശക്തിയാണിത്. ഓരോരുത്തനും അവനവൻ ചെയ്യുന്ന ധർമ്മാധർമ്മ പ്രവൃത്തികൾക്ക് ഉത്തരവാദികളാണ്.

സ്വാതന്ത്ര്യം കേവലം നിർദ്ദിഷ്ടതയിൽനിന്നും നിശ്ചിതതയിൽ നിന്നുമുള്ള വിമുക്തി മാത്രമല്ല. ഈ നിഷേധാത്മക വശത്തേക്കാളുപരി "നമ്മുടെ ആഗ്രഹങ്ങളെ നമ്മുടെ ഇച്ഛാശക്തിക്കനുസരണമായി നിയന്ത്രിക്കുവാനും ഭൗതിക ലോകത്തെയും ആദ്ധ്യാത്മിക ലോകത്തെയും ബാന്ധവം കൂടാതെ ആസ്വദിക്കുവാനുള്ള കഴിവിലാണ് സ്വാതന്ത്ര്യമടങ്ങിയിരിക്കുന്നത്". നന്മയെ (നന്മയായി കാണപ്പെടുന്നതിനെ) തിരഞ്ഞെടുക്കുന്നതിൽ മനുഷ്യ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നു. മറ്റു വാക്കിൽ നന്മയ്ക്കായുള്ള ഒരു ചലനാത്മക ശക്തിയാണ് സ്വാതന്ത്ര്യം.

ദൈവശാസ്ത്രപരമായി വീക്ഷിച്ചാൽ, നന്മയോ തിന്മയോ തിരഞ്ഞെടുക്കുന്ന പ്രവൃത്തി എന്നതിലേറെ നല്ലതോ ചീത്തയോ ആയിത്തീരാനുള്ള ആത്യന്തികമായ കഴിവാണ് സ്വാതന്ത്ര്യം എന്ന് കാൾ റാനർ അഭിപ്രായപ്പെടുന്നു. ഇതിനാലാണ് മനുഷ്യനെ നിർവ്വചിക്കാൻ സാധിക്കയില്ലാത്തത്. നമ്മോടുതന്നെയും ദൈവത്തോടും ലോകത്തോടുമുള്ള ബന്ധത്തിൽ തന്റെ സമ്പൂർണ്ണത നിർണ്ണയിക്കാൻ, തന്നോടുതന്നെ അതെ എന്നോ അല്ല എന്നോ പറയാൻ, തനിക്കുതന്നെ അനുകൂലമായോ, പ്രതികൂലമായോ തീരുമാനിക്കുവാൻ ഉള്ള സാദ്ധ്യതയാണിത്. ദൈവശാസ്ത്ര അർത്ഥത്തിലാകട്ടെ, ഒരുവൻ തന്റെ സാകല്യതയിൽ ദൈവത്തിനെതിരായോ അനുകൂലമായോ, തന്നെക്കുറിച്ചുതന്നെ സമർപ്പിക്കുന്ന പ്രവൃത്തിയാണിത്. (ദൈവത്തിന്റെ സ്വയ നിർണ്ണയ പ്രകൃതിയിൽ പങ്കുപറ്റുന്നവനാണ് മനുഷ്യൻ). തിന്മയെന്നാൽ ദൈവത്തിന്റെ മുമ്പിലുള്ള അടിസ്ഥാനപരമായ ആത്മനിഷേധവും തന്മൂലം പാരതന്ത്ര്യവുമാണ്.

## സ്വാതന്ത്ര്യവും ഉത്തരവാദിത്വവും

മനുഷ്യനെക്കുറിച്ചുതന്നെ സംപൂർണ്ണമായും വിധിതീർപ്പുകല്പിക്കാൻ പ്രായോഗികമായി മിക്കപ്പോഴും കഴിയാത്തതുകൊണ്ട് പാപ

ത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും മനുഷ്യനെ ഏല്പിക്കാമോ? “ധാർമ്മികമായി മനുഷ്യൻ കുറ്റക്കാരനോ നീതിമാനോ ആയി കാണപ്പെടുന്നത് അവന്റെ പ്രവൃത്തികളെ ആശ്രയിച്ചാണ്. ദൈവവുമായി സംയോജിച്ചു ആത്മസിദ്ധി നേടുന്നതിനു ദൈവദാനവും കരുണയും കൃപയും മനുഷ്യമനസ്സിനോടിണങ്ങി പ്രവർത്തിക്കണം. ദൈവത്തിന്റെ അനന്തമായ സ്നേഹത്തിനു വശംവദനാവുക എന്നതു തന്നെയാണവന്റെ ഉത്തരവാദിത്വം. ഈ ഉത്തരവാദിത്വം ഉപേക്ഷിക്കലാണ് പാപം. അതിനാൽ പാപം മനുഷ്യന്റെ സ്വതന്ത്രപ്രവൃത്തി തന്നെയാണെന്നു കാണാവുന്നതാണ്. എങ്കിലും മാനുഷിക മാനങ്ങൾക്കൊണ്ട് പാപത്തെക്കുറിച്ച് വിധി കല്പിക്കാനാവില്ല. ഒരുവന്റെ പ്രവൃത്തി വസ്തുനിഷ്ഠമായി നന്മയാണെന്നിരിക്കലും ആന്തരികമായി അവൻ ദൈവത്തോടു ഐക്യപ്പെട്ടാണോ ഇരിക്കുന്നതെന്ന് എന്ന് അറിയാനാവില്ല. ഇവിടെ നാം ലക്ഷ്യവും പ്രവൃത്തിയും തമ്മിൽ വേർതിരിച്ചു കാണേണ്ടതുണ്ട്.

മനുഷ്യവ്യക്തിയെ മാത്രം സ്പർശിക്കുന്ന മാനങ്ങളുടെ പരിധിയിലല്ല സ്വതന്ത്രമായ തീരുമാനം എടുക്കപ്പെടുക. കാരണം ആദിപാപം വഴി മനുഷ്യന്റെ പ്രകൃതി ദുഷ്പ്രവൃത്തികളുടെ സ്വാധീനത്തിൽനിന്ന് വിമുക്തമല്ല. മനുഷ്യൻ ലോകബദ്ധനായിരിക്കയാൽ വസ്തുനിഷ്ഠമായ തീരുമാനങ്ങളെടുക്കുമ്പോൾ വൈയക്തിക സ്വാധീനവും അതു അവശ്യം ഉളവാക്കുന്ന വേദനയും സ്വാഭാവികമാണ്. ഈ പശ്ചാത്തലത്തിൽ വിലയിരുത്തിയാൽ ദൈവികശിക്ഷ മനുഷ്യന്റെ പാപത്തിന്റെ സ്വാഭാവിക ഫലമാണ്; ദൈവത്തിന്റെ ഒരു പ്രത്യേക പ്രവൃത്തിയല്ല. ലോകത്തിന്റെയും മനുഷ്യന്റെയും വസ്തുനിഷ്ഠമായ ഘടകങ്ങളുടെ സ്രഷ്ടാവ് എന്ന നിലയിലാണ് ദൈവം പാപത്തിന്റെ ശിക്ഷാദായകനാകുന്നത്. ഈയർത്ഥത്തിൽ ദൈവികവിധി മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഹനിക്കയല്ല കൂടുതൽ പ്രകടമാക്കുകയാണ് ചെയ്യുന്നത് എന്നു കാണാം.

## വിധിയും നീതീകരണവും

വിധിയും നീതീകരണവും ദൈവശാസ്ത്രപരമായി ബന്ധപ്പെട്ട വിഷയങ്ങളാണെന്നു കാണാം. എങ്കിലും ഇവ രണ്ടും ഒരേ അർത്ഥമല്ല ധ്വനിപ്പിക്കുന്നത്. നീതീകരണത്തെക്കുറിച്ച് വി. ഗ്രന്ഥത്തെ ആധാരമാക്കിയുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ ദൈവശാസ്ത്രജ്ഞന്മാർ വിവിധ അഭിപ്രായങ്ങൾ നൽകുന്നുണ്ട്. പാപിയായ മനുഷ്യനെ സംബന്ധിച്ച് ദൈവത്തിന്റെ രക്ഷാകരപ്രവർത്തനമാണ് ‘നീതീകരണം’ എന്ന് ഏവരും അംഗീകരിക്കുന്നു. എന്നാൽ നീതീകരണത്തിന്റെ നിയമസ്വഭാത്തെയും മാനദണ്ഡത്തെയുംകുറിച്ച് ക്രൈസ്തവ വിചിന്തകരുടെയിടയിൽ വിഭിന്ന അഭിപ്രായങ്ങളുണ്ട്.

മോശയുടെ നിയമം അനുസരിക്കുന്നവർ നീതീകരിക്കപ്പെടുന്നുവെന്ന് യഹൂദർ വിശ്വസിച്ചു. തങ്ങളുടെ പൂർവ്വകാല ജീവിതത്തെ നല്ല

തെന്നോ ചീത്തയെന്നോ ദൈവം വിധിക്കുന്നതാണ് യഹൂദ നീതികരണം. കേവലം നൈയാമികമായ ഒരു പ്രവൃത്തിയാണിത്. ഭാവിയിൽ സംഭവിക്കേണ്ട ഒരു പ്രവൃത്തിയാണിത്.

ക്രൈസ്തവ ദൈവശാസ്ത്രത്തിൽ ഇതിനു നവമായ ഒരർത്ഥം നല്കപ്പെടുന്നു. വി. പൗലോസിന്റെ ലേഖനങ്ങളിൽ, പ്രത്യേകിച്ച് റോമാക്കാർക്കുള്ള ലേഖനത്തിലാണ് നീതീകരണത്തെ സംബന്ധിച്ച പഠനങ്ങൾ കൂടുതൽ വ്യക്തമായി കാണുന്നത്. ദൈവം മനുഷ്യനെ വരപ്രസാദപൂരിതനാക്കുന്ന പ്രവൃത്തിയാണിത്. പൗലോസിനെ സംബന്ധിച്ചിടത്തോളം നീതീകരണം ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഒന്നല്ല, മറിച്ച് വസ്തുനിഷ്ഠമായി സംഭവിച്ചു കഴിഞ്ഞ ഒന്നിന്റെ വ്യക്തിപരമായ ദൈനംദിനാനുഭവമാണ്. ഭാവ്യോന്മുഖമായ നീതീകരണത്തിന്റെ അച്ചാരവുമാണത്; ഇപ്പോൾ അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട നാം അവൻ മൂലം ദൈവകോപത്തിൽനിന്നു രക്ഷിക്കപ്പെടുമെന്നതു തീർച്ചയാണല്ലോ (റോമ 5:9). നീതീകരണം നീതിമാനെയല്ല പാപിയെയത്രേ പരാമർശിക്കുന്നത് (റോമ 4:5). ഇവിടെ നീതീകരണത്തിന്റെ മാനദണ്ഡം നിയമാനുഷ്ഠാനമല്ല, നമ്മുടെ നീതീകരണവും വിശുദ്ധിയും രക്ഷയുമായിത്തീർന്ന ക്രിസ്തുവാണ്. ദൈവവും മനുഷ്യനും തമ്മിൽ നവമായൊരു ബന്ധം സ്ഥാപിക്കുന്ന പ്രവൃത്തിയാണിത്. ഇതുവഴി ഒരുവൻ ദൈവത്തെ സ്വീകരിക്കുന്നതിനു യോഗ്യനാവുകയും അതിനായി നിയോഗിക്കപ്പെടുകയും ചെയ്യുന്നു. ഈ പുതിയ ആഭിമുഖ്യം അവന്റെ സമഗ്രവ്യതിയാനം ഉൾക്കൊള്ളുന്നതാണ്.

നീതീകരണം അടിസ്ഥാനപരമായി ദൈവത്തിന്റെ പ്രവൃത്തിയാണ്. ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തികളിലൂടെ മനുഷ്യകുലം നീതീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിലുള്ള ക്രിയാത്മകമായ വിശ്വാസത്തിലൂടെയാണ് നീതീകരണത്തിന് ഒരുവൻ അർഹനാകുന്നത്. ഈ വിശ്വാസം കേവലം ബൗദ്ധികം മാത്രമല്ല. ചരിത്രപരമോ വസ്തുനിഷ്ഠമോ ആയ സത്യങ്ങൾ അംഗീകരിക്കലുമല്ല, മറിച്ച് ദൈവത്തിന്റെ ചരിത്രത്തിലെ വ്യക്തിപരമായ ഇടപെടൽ അംഗീകരിക്കയും, സ്വയം നീതീകരണം അസാദ്ധ്യമെന്നു സമ്മതിക്കുകയുമാണ്.

പാപം മൂലം ദൈവത്തിൽനിന്നകലുകയും അവിടുത്തെ ദാനങ്ങൾക്ക് അനർഹനാവുകയും ചെയ്ത മനുഷ്യനെ സ്നേഹനിധിയായ ദൈവം തന്റെ പുത്രന്റെ രക്ഷാകരമായ കുരിശുമരണംവഴി നീതീകരിക്കയും നവസൃഷ്ടിയും ദത്തുപുത്രനുമായി പുതുജന്മം നൽകുകയും-അവനിൽ തന്റെ അരൂപിയെ ആവസിപ്പിക്കുകയും ചെയ്തു. വസ്തുനിഷ്ഠമായ ഈ രക്ഷ ശരീരത്തിന്റെ ഉയിർപ്പോടുകൂടി നേടേണ്ട നിത്യജീവന്റെ തുടക്കവുമാണ്.

നീതീകരണം ഒരേ സമയം ദൈവത്തിന്റെ രക്ഷാകരദാനങ്ങളും രക്ഷാകരപ്രവർത്തനങ്ങളുമാണ്. ഇതു പൂർണ്ണമായ ദാനമാകയാൽ മനുഷ്യൻ നിഷ്ക്രിയനായിരിക്കണമെന്നർത്ഥമില്ല. നീതീകരണം എന്ന ദാനം സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമുള്ള വ്യക്തിക്കാണല്ലോ നൽകപ്പെടുന്നത്. ഇക്കാരണത്താൽ ദൈവത്തിന്റെ ക്രിയാത്മക വചനത്തിന്റെ സ്വതന്ത്രസ്വീകരണവും, അതിനോടുള്ള അനുസരണവും വിധേയത്വവും നീതീകരണത്തിനാവശ്യമാണ്. ഈ ആശയമാണ് (റോമ 1:17ൽ വിശ്വാസത്തിലൂടെ നാം നീതീകരിക്കപ്പെടുന്നു എന്നതുകൊണ്ട് പൗലോസ് ശ്ലീഹാ അർത്ഥമാക്കുന്നത്.

ക്രിയാത്മകവിധി എന്ന അർത്ഥത്തിൽ, നീതീകരണത്തിൽ പാപവിമോചനവും പുതുസൃഷ്ടിയും നടക്കുന്നു. പാപത്തെക്കുറിച്ചുള്ള അവബോധത്തിൽനിന്നേ നീതീകരണത്തിന്റെ അർത്ഥം ഗ്രഹിക്കാനാവൂ. പാപം മനുഷ്യന്റെ ദൈവോന്മുഖപ്രയാണത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നു. സ്വന്തം ശക്തികൊണ്ട് ദൈവസായൂജ്യം സാധ്യമല്ലാതാക്കിത്തീർത്തിരിക്കുന്നു. എങ്കിലും ദൈവത്തെ പ്രാപിക്കുക എന്ന ലക്ഷ്യം മനുഷ്യനിൽ രൂഢമൂലമാണ്.

## നീതീകരണം പ്രോട്ടസ്റ്റന്റു വ്യാഖ്യാനം

നീതീകരണത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചും മാനദണ്ഡത്തെ സംബന്ധിച്ചും കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരും പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രജ്ഞന്മാരും വ്യത്യസ്താഭിപ്രായക്കാരാണ്. നമ്മുടെ പ്രവൃത്തിവഴിയല്ല, പ്രത്യുത ക്രിസ്തുവിലുള്ള വിശ്വാസം വഴിയാണു നാം നീതീകരിക്കപ്പെടുന്നതെന്ന് പൗലോസ്ശ്ലീഹാ വ്യക്തമായി പറയുന്നു. റോമ1:16–17ൽ ഇതു വളരെ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്. 1:18–4:25ൽ വളരെ വിശദമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ലൂഥർ, കാൽവിൻ തുടങ്ങിയവർ പൗലോസിന്റെ മേൽ പ്രസ്താവിച്ച പഠനത്തെ (റോമ 1:17) വിശ്വാസത്തിലൂടെ മാത്രം (sola fide) രക്ഷിക്കപ്പെടുന്നുവെന്നു വ്യാഖ്യാനിക്കുന്നു. നീതീകരിക്കപ്പെട്ട മനുഷ്യർ ഒരേ സമയം പാപിയും വിശുദ്ധീകരിക്കപ്പെട്ടവനുമാണെന്നു ലൂഥർ പഠിപ്പിക്കുന്നു. അവൻ ആന്തരികമായി പാപിയായിത്തന്നെ നിലകൊള്ളുന്നു. എങ്കിലും ക്രിസ്തുവിന്റെ രക്ഷയെന്ന ദാനം അവനും ലഭിച്ചിരിക്കുന്നതിനാൽ, അതുമൂലം അവന്റെ പാപം ദൈവദൃഷ്ടിയിൽ നിന്നു മറയ്ക്കപ്പെടുകയും അവൻ നീതിമാനായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ നീതീകരണം അവന്റെ പ്രവൃത്തികളെ (നന്മയോ തിന്മയോ) ആശ്രയിച്ചല്ല നിലകൊള്ളുന്നത്. ക്രിസ്തുവിലുള്ള വിശ്വാസമാണ് ഒരുവന്റെ നീതീകരണത്തിന്റെ ഏക കാരണം. ഇത് സമ്പൂർണ്ണമായി ആശ്രയിക്കുന്ന വിശ്വാസമാണ്. (Fidueial Faith) വിശ്വാസംകൊണ്ടു ലൂഥർ അർത്ഥമാക്കുന്നത്, ദൈവകരങ്ങളിൽ പൂർണ്ണമായും സമർപ്പിക്കുന്ന മനസ്സിന്റെ പ്രവൃത്തിയെയാണ്. ഇതിന്റെ ഫലമാകട്ടെ തന്റെ രക്ഷയെക്കുറിച്ചുള്ള സമ്പൂർണ്ണമായ ഉറപ്പും.

നീതീകരണത്തിൽ ദൈവം ഒരുവനെ പരിശുദ്ധൻ (Justified) എന്നു പ്രഖ്യാപിക്കുന്നു. അതേസമയം അവൻ ആന്തരികമായി തെറ്റുകാരനായി നിലകൊള്ളുന്നു എന്നാണ് ലൂഥറുടെ നിലപാട്.

ആദിപാപം മൂലം മനുഷ്യപ്രകൃതിതന്നെ പാപമയമായിത്തീർന്നു എന്നതാണ് ലൂഥറിന്റെ അടിസ്ഥാനപ്രമാണം. പാപമയമായ പ്രകൃതിയുള്ള മനുഷ്യനു സ്വയം നന്മചെയ്യാനാവില്ല. അവന്റെ ഓരോ പ്രവൃത്തിയും പാപമാണ്. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെട്ടാൽ തന്നെയും ലൗകിക ദുരാശകൾ അവനെ വലയം ചെയ്തിരിക്കുന്നതിനാൽ പാപം ഒഴിവാക്കുവാൻ അവനു കഴിയുകയില്ല. ദൈവകൃപമാത്രമാണവനാശ്രയം. എങ്കിലും തന്റെ നീതീകരണത്തിന്റെ ബാഹ്യപ്രകടനമെന്ന നിലയിൽ അവൻ നന്മപ്രവൃത്തികൾ ചെയ്യാൻ കടപ്പെട്ടവനായിത്തീരുന്നു. പക്ഷേ, ഈ നന്മകൾ അവനു ദൈവിക വരപ്രസാദത്തിൽ വളരാൻ ഉപകരിക്കുന്നില്ല.

## നീതീകരണം ക്രൈസ്തവ ഭാഷ്യം

ട്രെന്റ് കൗൺസിൽ ലൂഥറിന്റെ പഠനങ്ങളെ ഖണ്ഡിക്കുന്നു. നീതീകരണം കേവലം നൈയാമികമോ ബാഹ്യമാത്രമോ ആയ വിധി പ്രസ്താവനമല്ല. നീതീകരണത്തിലൂടെ ഒരുവൻ ആന്തരികമായ പുതുജന്മം പ്രാപിക്കുകയും സമഗ്ര വ്യതിയാനത്തിനു വിധേയനാവുകയും ചെയ്യുന്നു. (C.F. 1932). ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തിയാൽ രക്ഷിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ പുത്രനും പരിശുദ്ധാത്മാവിന്റെ ആലയവുമായിത്തീരുന്നു. ഈ പുതുജീവനിൽ വളരുകയാണ് ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം. നീതീകരിക്കപ്പെട്ട മനുഷ്യനും സൽപ്രവർത്തികൾവഴി ക്രിസ്തുവുമായുള്ള ഐക്യം കൂടുതൽ സുദൃഢമാക്കാം. വിശ്വാസത്തിലൂടെ സ്വീകരിക്കുന്ന നീതീകരണം മാമ്മോദീസായിലൂടെ ഒരുവനു ലഭിക്കുന്നു. എങ്കിലും ഇതു ഒരിക്കലും രക്ഷാപൂർണ്ണമായി ഉറപ്പുവരുത്തുന്നില്ല. വിശ്വാസം കൊണ്ടിവിടെ അർത്ഥമാക്കുന്നത് കേവലം ബൗദ്ധികമായ വിശ്വാസമല്ല. പ്രവൃത്തികളിലൂടെ പ്രകടമാകേണ്ട സജീവ വിശ്വാസമാണിത്.

ഒരുവനു ഒരേ സമയം പാപിയും നീതിമാനുമായിരിക്കാൻ ആവില്ല. രക്ഷാകരപ്രവൃത്തിയിലെ ഒരു സംഭവമെന്ന നിലയിൽ നീതീകരണം നവ്യമായൊരു സൃഷ്ടി നടത്തുന്നു. ഇവിടെ പഴയതിന് (പാപത്തിന്) സ്ഥാനമില്ല. മനുഷ്യന്റെ കഴിവുകളോ അനുഭവമോ, വിശ്വാസമോ എന്നതിലേറെ ദൈവത്തിന്റെ പ്രവൃത്തിയാണ് നീതികരണത്തിനടിസ്ഥാനമെന്ന് കാൾറാനർ അഭിപ്രായപ്പെടുന്നു.

ദൈവികപ്രവർത്തനമായ നീതീകരണം മനുഷ്യനെ അവന്റെ സത്തയുടെ അഗാധങ്ങളിൽ തന്നെ രൂപാന്തരപ്പെടുത്തുന്നു. അതു അവനെ ദൈവികനാക്കുകയും ചെയ്യുന്നു. ഇക്കാരണം കൊണ്ടു

തന്നെ നീതീകരിക്കപ്പെട്ടയാൾക്ക് ഒരേ സമയം പാപിയും വിശുദ്ധനുമായിരിക്കാനാവില്ല. താൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന പ്രതീക്ഷയിലാണ് ക്രൈസ്തവൻ ജീവിക്കുന്നത്.

നീതീകരണത്തിന്റെ ഭാവ്യന്മുഖ രൂപമാണ് വിധി. ദൈവത്തിന്റെ നീതീകരണത്തിന്റെ പ്രകടനമാണത്. വസ്തുനിഷ്ഠമായി ക്രിസ്തുവഴി ലഭിച്ച നീതീകരണത്തോടു ഓരോരുത്തരും സജീവ വിശ്വാസംവഴി കാണിച്ച പ്രതികരണമാണ്, വിധിയിൽ പ്രകടമാക്കപ്പെടുന്നത്. എല്ലാവരും നീതീകരിക്കപ്പെട്ടവരെങ്കിലും ഓരോരുത്തന്റെയും പ്രവൃത്തികൾ നീതികരണത്തിന്റെ ഫലം പ്രകടമാക്കുന്നവയായിരുന്നോ എന്നു വിധിയിൽ പരിശോധിക്കപ്പെടുന്നു. ക്രിസ്തുവാണ് വിധിയാളനും വിധിയുടെ മാനദണ്ഡവും. ക്രിസ്തുവിലുള്ള വിശ്വാസം ഒരുത്തന് നിത്യരക്ഷ കൈവരുത്തുന്നു. ഈയർത്ഥത്തിൽ 'വിധി' നീതീകരണത്തിന്റെ യൗഗാന്തികഭാവം മാത്രമാണ്, പരിപൂർത്തി മാത്രമാണ്.

## ഉപസംഹാരം

ചരിത്രത്തിലെ രക്ഷാകരമായ ദൈവത്തിന്റെ ഇടപെടലിനെയാണ് വിധി, കർത്താവിന്റെ ദിനം, മനുഷ്യപുത്രന്റെ ആഗമനം, ദൈവരാജ്യം, പുതിയ ജറുസലേം, ഉയിർപ്പ് എന്നിവകൊണ്ടെല്ലാം അർത്ഥമാക്കുന്നത്. സന്തോഷത്തിന്റെയും സമൃദ്ധിയുടെയും വിജയത്തിന്റെയും ദിനമായി ആദ്യകാലങ്ങളിൽ ഇത് പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ പില്ക്കാല യഹൂദ ചിന്തയിൽ വിശേഷിച്ച്, പ്രവാചക പ്രബോധനങ്ങളിൽ ഇതു അന്ധകാരത്തിന്റെയും അസ്വസ്ഥതയുടെയും ദിനമായി ചിത്രീകരിക്കപ്പെട്ടു. നീതി പുനഃസ്ഥാപിക്കാനും രക്ഷ കൈവരുത്താനുമായി ചരിത്രത്തിൽ ദൈവം ഇടപെടുന്ന ദിനത്തെ ദൈവരാജ്യസ്ഥാപനമായി യഹൂദർ പരിഗണിച്ചു. ഇങ്ങനെ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷയിൽ കഴിഞ്ഞിരുന്ന മനുഷ്യരുടെ ഇടയിലേക്കാണ് ദൈവരാജ്യം വന്നുകഴിഞ്ഞു എന്ന പ്രബോധനവുമായി ക്രിസ്തു വരുന്നത്. ക്രിസ്തുവിന്റെ ആഗമനത്തോടെ വിധിയെ സംബന്ധിച്ച പരമ്പരാഗതമായ ചിന്തയിൽ സാരമായ മാറ്റം വരുന്നതായി നമുക്കു കാണാം. പഴയനിയമത്തിൽ, മനുഷ്യർ വിധിക്കപ്പെടുന്നതിന്റെ മാനദണ്ഡം ദൈവവുമായി തങ്ങൾക്കുള്ള ബന്ധമായിരുന്നു. അവരുടെ, ഉടമ്പടിയോടുള്ള വിശ്വസ്തതയും ഹൃദയനൈർമ്മല്യവും നിയമത്തോടുള്ള വിധേയത്വവുമായിരുന്നവിടെ പ്രധാനം. പുതിയ നിയമത്തിലാകട്ടെ ഒരുവൻ ക്രിസ്തുവിനോടുള്ള തന്റെ മനോഭാവത്തിനനുരൂപമായി വിധിക്കപ്പെടുന്നു. ക്രിസ്തു തന്നെയാണിവിടെ മാനദണ്ഡം. പരസ്നേഹത്തിന്റെ പ്രാധാന്യം ക്രിസ്തു ഊന്നിപ്പറയുന്നു. ഈ എളിയവരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് (മത്താ 25). ഇതു കേവലം മാനവിക സ്നേഹമല്ല. (philanthrophy). വിശ്വാസാധിഷ്ഠിതമായ ജീവിത നിയമമാണ്.

പഴയനിയമത്തിലെ യഹൂദ വിശ്വാസങ്ങളുടെ പശ്ചാത്തലത്തിലാണ് വിധിയെ സംബന്ധിച്ച ക്രിസ്തുവിന്റെ പ്രബോധനങ്ങൾ. ഉയിർപ്പ്, മനുഷ്യപുത്രന്റെ ആഗമനം, ദുഷ്ടരെ വേർതിരിക്കൽ, നരകാഗ്നി, ദൈവരാജ്യത്തിലെ നിത്യജീവിതം എന്നിവ ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നു. രക്ഷ ഇസ്രായേലിൽമാത്രം ഒതുങ്ങിനില്ക്കുന്നുവെന്നും ഭൗതിക സമൃദ്ധിയിലൂടെയാണ് രക്ഷ പ്രകടമാക്കപ്പെടുന്നതെന്നുള്ള ആശയങ്ങൾ ക്രിസ്തു ഉപേക്ഷിക്കുന്നതായി കാണാം. ദൈവിക രക്ഷയുടെ ആന്തരിക സ്വഭാവത്തിലേക്കാണിതു വിരൽ ചൂണ്ടുന്നത്. ചുരുക്കത്തിൽ, ചരിത്രത്തിനർത്ഥമുണ്ടെന്നും ചരിത്രം ദൈവാഭിമുഖ്യത്തിനായി മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണെന്നും വി. ഗ്രന്ഥം പ്രഘോഷിക്കുന്നു. ദൈവത്തിന്റെ വിധി അവിടുത്തെ വിശുദ്ധ ജനത്തിനു ജന്മം നൽകും. വിധിയുടെ സ്വഭാവത്തെക്കുറിച്ചു പ്രതിപാദിക്കാനെന്നതിലേറെ വി. ഗ്രന്ഥം ശ്രദ്ധ ചെലുത്തുന്നത് വിശ്വാസത്തിലൂടെയുള്ള മനഃപരിവർത്തനത്തിനു ആഹ്വാനം ചെയ്യുവാനാണ്. ഇതിനായി ഓരോ നിമിഷത്തിന്റെയും യൗഗാന്തിക പ്രസക്തിയെപ്പറ്റി ഇവിടെ കൂടുതൽ പ്രസ്താവനകൾ നല്കപ്പെടുന്നു. സദാ ഭാവ്യുന്മുഖമായ ക്രൈസ്തവ ജീവിതമാണ് വിധിയെ സംബന്ധിച്ച പരിചിന്തകളുടെ സാരസർവ്വം.

***കടപ്പാട്***

ബിഷപ് ബോസ്കോ പുത്തൂർ (എഡി.) *മരണവും മരണാനന്തര ജീവിതവും* (ആലുവാ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1981)

# 04

## ശുദ്ധീകരണം

'ശുദ്ധീകരണസ്ഥല'ത്തെയും അവിടുത്തെ 'കഠിനപീഡ'കളെയും ദഹിപ്പിക്കുന്ന 'അഗ്നി'യേയും മാറ്റി നിർത്തിയാൽ ഇന്നത്തെ നമ്മുടെ ക്രൈസ്തവ ജീവിത വീക്ഷണത്തിനു തന്നെ വ്യതിചലനം സംഭവിക്കാതിരിക്കില്ല. ശുദ്ധീകരാഗ്നിയിൽ വെന്തെരിയുന്ന തങ്ങളുടെ ഉറ്റവരെയും ഉടയവരെയും 'പീഡനക്കുഴി'യിൽ നിന്നു രക്ഷിക്കാൻ എന്തു ത്യാഗവും സഹിക്കാത്തവരാരുണ്ട്? ദണ്ഡവിമോചനങ്ങളും, നേർച്ചകാഴ്ചകളും, എന്നുവേണ്ട തങ്ങൾക്കുള്ളതെല്ലാം നൽകി ശുദ്ധീകരണസ്ഥലത്തു നിന്ന് തങ്ങളുടെ പ്രിയപ്പെട്ടവരെ രക്ഷിക്കാൻ ശ്രമിക്കുന്നത് എവിടെയും എക്കാലത്തും കാണാവുന്നതാണ്.

ദൈവസന്നിധിയിൽ എത്തിച്ചേരുന്നതിന് മുമ്പ് മനുഷ്യൻ ഒരു ശുദ്ധീകരണത്തിന് വിധേയനാകുക ആവശ്യമാണ് എന്നത് തികച്ചും ബുദ്ധിപൂർവ്വകവും സുവ്യക്തവുമായ ഒരു വസ്തുതയാണ്. ഈ ശുദ്ധീകരണത്തെ സ്ഥലത്തോടും സമയത്തോടും ബന്ധപ്പെടുത്തി ചിന്തിച്ചിരുന്നതിനാൽ 'ശുദ്ധീകരണസ്ഥലത്തു'വെച്ചാണ് ഇതു നടക്കുന്നതെന്ന വിശ്വാസം സാധാരണക്കാർക്കിടയിൽ നില

നിൽക്കുന്നു. 'ശുദ്ധീകരണസ്ഥലം', 'ശുദ്ധീകരാവസ്ഥ' എന്നീസംജ്ഞകൾ പൂർണ്ണമായും ശരിയാണെന്നു തോന്നുന്നില്ല. മരണത്തോടെ സ്ഥലകാലസീമകൾക്ക് അതീതനാകുന്ന മനുഷ്യവ്യക്തിക്ക് ശുദ്ധീകരണത്തിനായി ക്ലിപ്തമായ സ്ഥലമോ, നിശ്ചിതമായ കാലഘട്ടമോ ആവശ്യമുണ്ടോ എന്നത് പ്രസക്തമായ ചോദ്യമാണ്. ഇക്കാരണത്താൽ ഇവിടെ മേലുദ്ധരിച്ച രണ്ടു സംജ്ഞകളും ഒഴിവാക്കി 'ശുദ്ധീകരണം' എന്നുമാത്രം ഉപയോഗിക്കുന്നു.

ശുദ്ധീകരാത്മാക്കളോടുള്ള ഭക്തി വർദ്ധിപ്പിക്കാൻ പരിശീലിച്ചുപോന്ന പ്രത്യേക പ്രാർത്ഥനകളും മാസവണക്കങ്ങളുംമൂലം ഒട്ടേറെ തെറ്റിദ്ധാരണകളും അബദ്ധപഠനങ്ങളും സാധാരണക്കാരുടെയിടയിൽ പ്രചരിക്കുവാനിടയായിട്ടുണ്ട്. നവംബർ മാസത്തിൽ ചില ക്രൈസ്തവ കുടുംബങ്ങളിൽ, കുടുംബ പ്രാർത്ഥനയോടൊത്ത് നടത്തി വരുന്ന 'മാസവണക്ക ധ്യാന'ങ്ങളിൽ നിന്നെടുത്ത ഒരു ഭാഗം ഇതു വ്യക്തമാക്കും. ശുദ്ധീകരണ പീഡകളെക്കുറിച്ചുള്ള വർണ്ണനയിൽ നാമിങ്ങനെ വായിക്കുന്നു: 'കള്ളം, അപഖ്യാതി മുതലായ പാപങ്ങൾക്കുവേണ്ടി നാവു തീയിൽ വേകുന്നതുപോലെയും ഇല്ലാത്ത വർത്തമാനങ്ങളും ശൃംഗാരഗാനങ്ങളും സന്തോഷത്തോടെ കേട്ടു എന്ന പാപങ്ങൾക്കായിട്ടു ചെവിയിൽ തീ പാഞ്ഞുകയറുന്നതുപോലെയും, മോഷണം, അടിപിടി മുതലായവ നടത്തിയതിനെക്കുറിച്ച് കൈകൾ തീയിൽ കിടക്കുന്നതുപോലെയും, ഭോജനപ്രിയത്തിനു കുടലെല്ലാം വെന്തെരിയുന്നതുപോലെയുള്ള അനുഭവം ആത്മാവിൽ ഉണ്ടാകുന്നതാണ്"! പ്രാർത്ഥനയാചിച്ച് 'ശുദ്ധീകരണസ്ഥല'ത്തു നിന്ന് ഭൂമിയിലേക്കു വരുന്ന ആത്മാക്കളെക്കുറിച്ചും, 'ശുദ്ധീകരസ്ഥല'ത്തു ദണ്ഡവിമോചനങ്ങൾ ത്രാസിൽ തൂക്കി മൂല്യം നിശ്ചയിക്കുന്നതിനെക്കുറിച്ചും മറ്റുമുള്ള വിവരണങ്ങളും നമുക്കിവിടെ കാണാം.

മരണശേഷം 'മനുഷ്യാത്മാവ്' അനുഭവിക്കേണ്ട ശുദ്ധീകരണപ്രക്രിയയെ സ്ഥലകാലബദ്ധമായി പരിഗണിക്കുന്ന ചിന്താധാരണകൾ വിജ്ഞാനവൃത്തങ്ങളിൽപോലും വിരളമല്ല. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും തങ്ങളുടെ പാപപരിഹാരാർത്ഥം ശുദ്ധീകരണസ്ഥലത്തു കഴിയേണ്ടിവരുമെന്ന ധാരണ വളർത്തുന്ന വിവരണങ്ങളും പഠനങ്ങളും ഇന്നും വിരളമല്ല. 'ശുദ്ധീകരസ്ഥലത്തെ' സംബന്ധിച്ച ഒരു ഫ്രഞ്ചുഗ്രന്ഥത്തിലെ പ്രസക്തഭാഗം ഇതു വ്യക്തമാക്കുന്നു. ശുദ്ധീകരണപീഡനകളുടെ ദൈർഘ്യം പ്രസ്താവിക്കവേ ഗ്രന്ഥകർത്താവ് സമഗ്രമായ ഒരു പഠനം നൽകുകയാണ്: "നിങ്ങൾ ദിനംപ്രതി ശരാശരി പത്തു തെറ്റുകൾ ചെയ്യുന്ന വ്യക്തിയാണെന്ന് വിചാരിക്കുക. വർഷാന്ത്യത്തിൽ ആകെ 365x10=3650 തെറ്റുകൾ നിങ്ങൾ ചെയ്തിട്ടുണ്ടാകാം. കണക്കുകൂട്ടാൻ എളുപ്പത്തിന് 3000 എന്നെടുക്കാം. 10 കൊല്ലമാകുമ്പോൾ തെറ്റുകൾ 30,000 20 വർഷമാകുമ്പോൾ 60,000! ആട്ടെ! ഈ 60,000ത്തിൽ നേർപകുതിക്ക്

നിങ്ങൾ പശ്ചാത്താപംകൊണ്ടും, സൽപ്രവൃത്തികൾകൊണ്ടും പ്രായശ്ചിത്തമനുഷ്ഠിച്ചുവെന്നുകൂടി സങ്കൽപ്പിക്കുക. പിന്നെയും 30,000 ബാക്കി തന്നെ. 20 വർഷത്തെ പുണ്യജീവിതത്തിനുശേഷം നിങ്ങൾ മരിക്കുകയാണ്. 30,000 തെറ്റുകളുമായാണ് നിങ്ങൾ ദൈവസമക്ഷം എത്തിച്ചേരുന്നത്. ഈ കടങ്ങൾ ശുദ്ധീകരണസ്ഥലത്തു വീട്ടപ്പെട്ടേ തീരൂ. അപ്പോൾ എത്രകാലം ശുദ്ധീകരണസ്ഥലത്തു കഴിയേണ്ടി വരും? ശരി; ഒരു തെറ്റിന് ശരാശരി ഒരു മണിക്കൂർ എന്നു വെക്കുക. ചില വിശുദ്ധന്മാരുടെ മാനദണ്ഡം അനുസരിച്ചു നോക്കിയാൽ ഇതു തുലോം നിസ്സാരമാണ്! എങ്കിലും ഒരു മണിക്കൂർ എന്നു തന്നെയെടുക്കാം. അതായത്, ശുദ്ധീകരണസ്ഥലത്തു 30,000 മണിക്കൂർ. അതു എത്ര വർഷമുണ്ടെന്നറിയേണ്ടേ. മൂന്നുവർഷം മൂന്നുമാസം പതിനഞ്ചു ദിവസം! – ഇങ്ങനെ പോകുന്നു ആ വിവരണം.

## ശുദ്ധീകരണം എന്തിന്?

അനന്തനന്മയായ ദൈവത്തിന്റെ മുമ്പിൽ തിന്മയായ യാതൊന്നും ചെന്നെത്തുകയില്ല. അക്കാരണത്താൽ ദൈവസന്നിധിയിൽ എത്തിച്ചേരുന്ന വ്യക്തി പൂർണ്ണമായും പരിശുദ്ധി പ്രാപിച്ചിരിക്കുക ആവശ്യമാണ്. അതിനാൽ ഒറ്റവാക്കിൽ പറഞ്ഞാൽ പാപമുള്ളതുകൊണ്ടാണ് ശുദ്ധീകരണം ആവശ്യമായി വരുന്നത്. മനുഷ്യൻ മരണാനന്തര ശുദ്ധീകരണത്തിന് വിധേയനാക്കപ്പെടാൻ മൂന്നു കാരണങ്ങൾ ദൈവശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

**ലഘുപാപങ്ങൾ:–** ഭൂമിയിൽവെച്ച് മോചിക്കപ്പെടാത്ത ലഘുപാപങ്ങൾ ഒരുവനു ശുദ്ധീകരണം ആവശ്യമാക്കിത്തീർക്കുന്നു. ജീവിതകാലമെല്ലാം തന്റെ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ചിരുന്നുവെങ്കിലും മരണത്തിനു തൊട്ടുമുമ്പുള്ള നിമിഷങ്ങളിലെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കാനും അവയ്ക്ക് പൊറുതി ലഭിക്കുവാനും ഒരുവനു കഴിഞ്ഞെന്നു വരികയില്ല.

**ദുഷ്പ്രവണതകൾ:–** പാപപ്രകൃതിമൂലം മനുഷ്യനിൽ ഉൾച്ചേർന്നിരിക്കുന്ന ദുഷ്പ്രവണതകളാണ് മറ്റൊരു കാരണം. ഇവയും ആത്മാവിന്റെ പരിശുദ്ധിക്ക് കളങ്കം ചാർത്തുന്നവയാണ്.

**കാലിക ശിക്ഷ:–** പാപങ്ങൾക്ക്, അവ ദൈവം ക്ഷമിച്ചാൽ തന്നെയും, അവയുടെ കടം തീരുവാൻ കാലികശിക്ഷ (Temporal Punishment) യിലൂടെ പ്രായശ്ചിത്തം ചെയ്യുക ആവശ്യമാണ്. കേവലം പശ്ചാത്താപംകൊണ്ടുമാത്രം പാപം പൂർണ്ണമായും പരിഹൃതമാകുന്നില്ല. ഉദാഹരണത്തിന്, മദ്യപാനിയായ ഒരുവൻ പശ്ചാത്തപിക്കുന്നതുകൊണ്ടുമാത്രം അവന്റെ ദുശ്ശീലം ഇല്ലാതാവുകയില്ല എന്നു വ്യക്തമാണല്ലോ. അതുപോലെതന്നെ പാപക്കറയും പൂർണ്ണമായി ഇല്ലാതാകണമെങ്കിൽ അതിനു തക്കതായ ശിക്ഷകൂടി അനുഭവിച്ചേ തീരൂ.

ദൈവം പാപിയോടു ക്ഷമിച്ചാലും പാപത്തിന് ശിക്ഷ ലഭിക്കുന്നതായി വി. ഗ്രന്ഥത്തിൽ നമുക്കു കാണാം. ഉദാഹരണത്തിന് 'പുറപ്പാടി'ന്റെ നേതാക്കന്മാരായിരുന്ന മോശയും അഹറോനും മരുഭൂമിയിൽവെച്ച് ദൈവത്തിൽ അവിശ്വസിച്ചു. അവരുടെ പാപം ദൈവം അവരോടു ക്ഷമിച്ചെങ്കിലും അതിനവർ പിന്നീട് ശിക്ഷയനുഭവിക്കുന്നതായി നമുക്ക് കാണാം. വാഗ്ദത്തഭൂമി അവർക്ക് നിഷേധിക്കപ്പെടുന്നു (സംഖ്യ 20:12). ദാവീദിനും, പാപത്തിന്റെ ശിക്ഷയെന്നോണം തന്റെ വത്സല പുത്രന്റെ മരണം സഹിക്കേണ്ടിവന്നു (2 രാജ 12:13–14). ദാനധർമ്മവും പൊതുപ്രായശ്ചിത്തപ്രവൃത്തികളും പശ്ചാത്താപത്തിന്റെ അടയാളങ്ങളും ഫലങ്ങളുമായി കണക്കാക്കപ്പെട്ടിരുന്നുവെന്ന് പുതിയ നിയമത്തിൽ നമുക്ക് കാണാം.

## ശുദ്ധീകരണം വി. ഗ്രന്ഥത്തിൽ

മരണത്തിനപ്പുറമെന്താണ് എന്നതിന് മനുഷ്യബുദ്ധിക്കോ ഭൗതിക ശാസ്ത്രത്തിനോ വ്യക്തമായ ഉത്തരങ്ങളൊന്നുമില്ലാത്തതിനാൽ ശുദ്ധീകരണത്തെ സംബന്ധിച്ച് വസ്തുനിഷ്ഠമായ അറിവ് നൽകാൻ കഴിയുന്ന ഏക സ്രോതസ്സ് ദൈവമാണ്. അതിനാൽ വി. ഗ്രന്ഥത്തിൽ ഇതു സംബന്ധിച്ച പരാമർശങ്ങൾ പരിശോധിക്കുക അത്യാവശ്യമാണ്.

### പഴയനിയമത്തിൽ

മക്കബായരുടെ രണ്ടാം പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിലെ 38 മുതൽ 46 വരെ വാക്യങ്ങളിൽ, മരിച്ചവർക്കായി പ്രാർത്ഥിക്കുന്ന പതിവ് യഹൂദരുടെ ഇടയിലുണ്ടായിരുന്നു എന്നതിനു തെളിവുണ്ട്. ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയുടെ ഫലമായി മരിച്ചവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നതായി പ്രസ്തുത വേദപുസ്തകഭാഗം വ്യക്തമാക്കുന്നു. ഇതിനെ ശുദ്ധീകരണത്തെ സംബന്ധിച്ച പഴയനിയമ വെളിപാടായി വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഈ ഭാഗം ശുദ്ധീകരണത്തെ ദ്യോതിപ്പിക്കുന്നതാണെന്ന് സംശയലേശമന്യേ പറയാമോ? മരിച്ചവരുടെ ഉയിർപ്പിലുള്ള യഹൂദ വിശ്വാസം മാത്രമേ ഈ ഭാഗത്തു ദർശിക്കേണ്ടതുള്ളൂ എന്ന അഭിപ്രായമാണ് ഭൂരിപക്ഷം വി. ഗ്രന്ഥ നിരൂപകർക്കും ദൈവശാസ്ത്രജ്ഞർക്കും ഉള്ളത്. എങ്കിലും ശുദ്ധീകരണത്തെപ്പറ്റിയുള്ള വെളിപാടും ഇതിൽ വ്യക്തമാണെന്നു വാദിക്കുന്നവരും ധാരാളമുണ്ട്. പ്രാർത്ഥനകൾ മൃതർക്ക് ഉപകരിക്കുമെന്ന വിശ്വാസമാണ് ഇവിടെ നിഴലിക്കുന്നത്. മരണശേഷം ഒരുതരം ശുദ്ധീകരണമുണ്ട് എന്ന വിശ്വാസം പരോക്ഷമായെങ്കിലും ഇവിടെ ദൃശ്യമാണ്.

### പുതിയ നിയമത്തിൽ

പുതിയ നിയമത്തിൽ ശുദ്ധീകരണത്തെ സംബന്ധിച്ച പരാമർശങ്ങൾ എന്നു കണക്കാക്കപ്പെടുന്ന വി. ഗ്രന്ഥഭാഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വി. പൗലോസ് കൊറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം മൂന്നാമദ്ധ്യായത്തിലെ 11 മുതൽ 15 വരെ വാക്യങ്ങളാണ്.

"........... കർത്താവിന്റെ ദിവസം അത് (ഓരോരുത്തരുടെയും പണി) വിളംബരം ചെയ്യും. അഗ്നിയാൽ അത് വെളിവാക്കപ്പെടും. ഓരോരുത്തരുടെയും പണി ഏതു തരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും. ആരുടെ പണി നിലനിൽക്കുന്നുവോ അവൻ സമ്മാനാർഹനാകും. ആരുടെ പണി അഗ്നിക്കിരയാകുന്നുവോ അവൻ നഷ്ടം സഹിക്കേണ്ടി വരും. എങ്കിലും അഗ്നിയിലൂടെ എന്നവണ്ണം അവൻ രക്ഷപ്രാപിക്കും". ഇവിടെ അഗ്നിയെന്നതുകൊണ്ട് വി. പൗലോസ് അർത്ഥമാക്കുന്നത് അതിശക്തമായ വിധിയെയാണ് എന്ന അനുമാനമാണ് ചില വ്യാഖ്യാതാക്കൾ സ്വീകരിക്കുന്നത്. (വി. ഗ്രന്ഥത്തിൽ മറ്റു പലേടങ്ങളിലും ദൈവത്തിന്റെ ശക്തമായ വിധിയുടെ പ്രതിരൂപമായി അഗ്നി ചിത്രീകരിക്കപ്പെടുന്നുണ്ട്.) ഈ വി. ഗ്രന്ഥഭാഗത്തെ ആധാരമാക്കി ശുദ്ധീകരണം തീയിലൂടെയാണ് എന്നു സ്ഥാപിക്കാനാവില്ല. ദൈവഭവനത്തിന്റെ നിർമ്മാതാക്കളായ സഭാ നേതാക്കന്മാരെ പരാമർശിക്കുമ്പോഴാണ് വി. പൗലോസ് പ്രസ്തുത വാക്യങ്ങൾ ചേർത്തിരിക്കുന്നത്. നേരിട്ട്, ശുദ്ധീകരണത്തെ പരാമർശിക്കുന്ന ഒരു പഠനമല്ല ഇതെങ്കിലും ശുദ്ധീകരണത്തിന്റെ സ്വഭാവം അവ്യക്തമായി ഇവിടെ പ്രകടമാക്കപ്പെട്ടിരിക്കുന്നു, എല്ലാ മനുഷ്യരും ശുദ്ധീകരണത്തിന് വിധേയരാക്കപ്പെടുന്നു. ഓരോരുത്തരും താന്താങ്ങളുടെ ജോലിക്കനുസൃതമായി, ജോലിയുടെ മാഹാത്മ്യം വെളിപ്പെടുമാറ്, അഗ്നിയിൽ പരിശോധിക്കപ്പെടുന്നു. മേൽപ്രസ്താവിച്ചതിനു പുറമെ, "അവസാന നാണയവും കൊടുത്തു വീട്ടുവോളം നീ അവിടുന്നു പുറത്തുവരികയില്ല" (മത്താ 5:26) എന്നതും "ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല" (മത്താ 12:32) എന്ന വാക്യവും മരണാനന്തരമുള്ള ഒരു ശിക്ഷാസങ്കേതത്തെയാണ് സൂചിപ്പിക്കുന്നതെന്നു കാണാം. ഇവയും ശുദ്ധീകരണത്തെ സംബന്ധിച്ച നേരിട്ടുള്ള പ്രതിപാദനങ്ങളല്ല. ആകയാൽ പഴയ നിയമത്തിലോ പുതിയ നിയമത്തിലോ ശുദ്ധീകരണത്തെ സംബന്ധിച്ച പ്രത്യക്ഷമായ പരാമർശങ്ങൾ കണ്ടെത്താനാവില്ല എന്നു സാരം.

## ശുദ്ധീകരണം സഭാപാരമ്പര്യത്തിൽ

ക്രിസ്തുമതമൊഴികെ മറ്റെല്ലാസമൂഹങ്ങളും വിശ്വസിച്ചിരുന്നത്, മരിച്ചവർ-നല്ലവരും ദുഷ്ടന്മാരുമെല്ലാം ഒരേ സ്ഥലത്തു തന്നെ (പാതാളം, നരകം) വസിക്കുന്നു എന്നാണ്. യഹൂദ ചിന്തയിൽപോലും ഈ വിശ്വാസത്തിന് മാറ്റം വന്നത് ക്രിസ്തുവിന് അടുത്തകാലത്തു മാത്രമാണ്. ദൈവരാജ്യം ഉദയം ചെയ്തുകഴിഞ്ഞു എന്നു മനസ്സിലാക്കിയിരുന്ന ക്രിസ്തുശിഷ്യന്മാരും ഈ വിശ്വാസത്തിലാണ് കഴിഞ്ഞുകൂടിയത്. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും ആസന്നമായ അന്ത്യദിനത്തെക്കുറിച്ചും 'പരൂസി'യായെക്കുറിച്ചും ശിഷ്യഗണങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നു. പരൂസിയായിൽ സർവ്വരും അഗ്നിയാൽ പരിശോധിക്കപ്പെടുമെന്ന വിശ്വാസം ആദിമ സഭയിൽ നിഴലിച്ചിരുന്നതായി കാണാം. മരിച്ചവർക്കായി പ്രാർത്ഥിക്കുന്ന പതിവ് വിശ്വാസികളുടെയിടയിൽ നിലനിന്നിരുന്നു എന്ന

തിന് തെർത്തുല്യൻ, ഒരിജൻ, സിപ്രിയാൻ, എഫ്രേം തുടങ്ങിയ ക്രൈസ്തവ പണ്ഡിതന്മാരുടെ സാക്ഷ്യങ്ങളും ഭൂഗർഭാലയങ്ങളിലെ ശവകുടീരങ്ങളിൽനിന്ന് കണ്ടെടുത്തിട്ടുള്ള ലിഖിതങ്ങളും തെളിവു നൽകുന്നു.

മരിച്ചവരുടെ 'ആത്മാക്കൾ' കുഴിമാടങ്ങളിൽ അന്തിമദിനവും കാത്ത് കഴിയുന്നുവെന്ന് ജസ്റ്റിൻ, തെർത്തുല്യൻ തുടങ്ങിവർ പഠിപ്പിച്ചിരുന്നു. ശുദ്ധീകരണത്തെ സംബന്ധിച്ച വ്യക്തമായ ഒരു പഠനം നൽകുന്നത് ഒരിജനാണ്. മരണശേഷം ഓരോ വ്യക്തിക്കും വ്യക്തിനിഷ്ഠമായ ശുദ്ധീകരണം നടക്കുന്നതായി അദ്ദേഹം വാദിച്ചു. അരൂപിയിലുള്ള ജ്ഞാനസ്നാനം അഗ്നിയിലൂടെയാണ് നടക്കുക എന്നദ്ദേഹം വിശ്വസിച്ചു. അന്ത്യവിധിയും ശുദ്ധീകരണവും ഒരുമിച്ചു നടക്കുന്നുവെന്ന ചിന്താഗതിക്കാണ് നാലാം നൂറ്റാണ്ടുവരെ പ്രാമുഖ്യം ലഭിച്ചിരുന്നത്.

സെന്റ് അഗസ്റ്റിന്റെ അഭിപ്രായത്തിൽ നീതിമാന്മാരെല്ലാവരും മരണത്തോടെ തന്നെ ദൈവസായൂജ്യത്തിൽ പ്രവേശിക്കുന്നു. അവർ ഏതെങ്കിലും അനിശ്ചിതമായ ഒരിടത്ത് അന്ത്യവും പാർത്ത് കഴിയേണ്ടതില്ല. ആകയാൽ യുഗാന്ത്യപ്രക്രിയ ഓരോ വ്യക്തിയെയും സംബന്ധിക്കുന്നതായി മാറുന്നു. ദൈവത്തിന്റെ വിധി എന്ന ശുദ്ധീകരാഗ്നി തന്നെയാണ് അഗസ്റ്റിന്റെ അഭിപ്രായത്തിൽ ശുദ്ധീകരണം. എങ്കിലും 'ഏറ്റുപറച്ചിൽ' (Confessions) എന്ന ആത്മകഥയിൽ അദ്ദേഹം, മൃതിയടഞ്ഞ തന്റെ മാതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ സുഹൃത്തുക്കളോട് അഭ്യർത്ഥിക്കുന്നുണ്ട്. തന്റെ അമ്മയ്ക്കുവേണ്ടി അദ്ദേഹവും പ്രാർത്ഥിക്കുന്നു... "... അവളുടെ പാപങ്ങൾക്കായി ഞാനിതാ പ്രാർത്ഥിക്കുന്നു... ഏതെങ്കിലും കടം അവൾക്കുണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം അവളോടു ക്ഷമിക്കണമേ കർത്താവേ, അവളോട് ക്ഷമിക്കണമേ ഞാനിതാ യാചിക്കുന്നു. അങ്ങ് അവളുടെ വിധികർത്താവാകരുതേ..."

വി. പെർപെത്തുവായുടെ സാക്ഷ്യവും ശ്രദ്ധേയമാണ്. ഏ.ഡി. 203 ലാണ് പെർപെത്തുവാ രക്തസാക്ഷിത്വം വരിച്ചത്. മരണത്തിനു വിധിക്കപ്പെട്ട് കാർത്തേജിൽ ജയിൽവാസമനുഭവിക്കുമ്പോൾ വിശുദ്ധയ്ക്കുണ്ടായ ഒരു ദർശനത്തെക്കുറിച്ച് അവർതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ലിഖിതങ്ങൾ "വിശുദ്ധ പെർപെത്തുവായുടെയും ഫെലിസിത്തായുടെയും പീഡാസഹനങ്ങൾ" എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുമുമ്പ് മരിച്ചുപോയ, വിശുദ്ധയുടെ സഹോദരൻ അവളുടെ പ്രാർത്ഥനയുടെ ഫലമായി കഠിനതരമായ പീഡകളനുഭവിച്ച്, ശുദ്ധീകരിക്കപ്പെടുന്നതായി നാം ഇവിടെ വായിക്കുന്നു. ശുദ്ധീകര പീഡകളെ സംബന്ധിച്ച അക്കാലത്തെ പഠനം വ്യക്തമാക്കാൻ പോന്നതാണ് ഈ വിവരണങ്ങൾ.

ചുരുക്കത്തിൽ, ആദിമസഭയുടെ പഠനങ്ങൾ പ്രധാനമായും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ രൂപപ്പെട്ടവയാണ്. മൂന്നു പ്രധാന തത്വങ്ങളാണ് ഈ പഠനത്തിനാധാരം. (1) വിശുദ്ധമ

ല്ലാത്ത യാതൊന്നിനും അടുത്തു ചെല്ലാൻ കഴിയാത്ത, ദൈവത്തിന്റെ അചഞ്ചലമായ വിശുദ്ധി (2) മരിച്ചവർ തങ്ങളുടെ പാപങ്ങളിൽനിന്ന് പൂർണ്ണമായും സ്വയം ശുദ്ധരാക്കപ്പെടുന്നില്ല. (3) മൗതീക ശരീരംവഴി ക്രിസ്തുവും സകല വിശ്വാസികളും ഐക്യപ്പെട്ടിരിക്കുന്നതിനാൽ ഒരുവന് ഇതരർക്കുവേണ്ടി പ്രാർത്ഥനയിലൂടെയും മറ്റും മാദ്ധ്യസ്ഥ്യം വഹിക്കാൻ കഴിയും.

## ഔദ്യോഗിക പ്രബോധനം

ശുദ്ധീകരണത്തെ സംബന്ധിച്ച വിശ്വാസം ആദിമകാലം മുതൽ കത്തോലിക്കാസഭയിൽ നിലനിന്നിരുന്നു. മരിച്ചവർക്കായി പ്രാർത്ഥിക്കുന്ന പതിവും സഭയുടെ പരമ്പരാഗതവിശ്വാസവുമാണ് ഈ വിഷയത്തെ സംബന്ധിച്ച സഭാപഠനത്തിന്റെ അടിത്തറ. രണ്ടാം ലിയോൺസ് (1274), ഫ്ളോറൻസ് (1439), ട്രെന്റ് (1563) തുടങ്ങിയ സൂനഹദോസുകൾ ശുദ്ധീകരണത്തെ സംബന്ധിച്ച് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ഫ്ളോറൻസ് കൗൺസിൽ 'ഗ്രീക്കുകാരുമായുള്ള ഐക്യത്തിന്റെ പ്രമാണരേഖയിൽ വ്യക്തമാക്കുന്നു: തങ്ങളുടെ പ്രവൃത്തിയാലും ഉപേക്ഷയാലും ഉള്ള പാപങ്ങൾക്ക് പരിത്യാഗങ്ങൾ വഴി ആവശ്യമായ പ്രായശ്ചിത്തം ചെയ്യാൻ കഴിയാതെയും അതേസമയം ദൈവസ്നേഹത്തിൽ മരിക്കുകയും ചെയ്യുന്ന ആത്മാക്കൾ ശുദ്ധീകരശിക്ഷകൾകൊണ്ട് സംശുദ്ധരാക്കപ്പെടുന്നു. ഇത്തരം ശിക്ഷകളിൽനിന്ന് അവരെ മോചിപ്പിക്കുവാൻ ജീവിച്ചിരിക്കുന്നവരുടെ വി. കുർബ്ബാന, പ്രാർത്ഥനകൾ, ദാനധർമ്മം, സഭയുടെ പാരമ്പര്യമനുസരിച്ച് മരിച്ചവർക്കായി അർപ്പിക്കപ്പെടുന്ന സൽപ്രവൃത്തികൾ തുടങ്ങിയ മാധ്യസ്ഥ്യങ്ങൾ വളരെയേറെ ഫലപ്രദമാണ്.

പ്രൊട്ടസ്റ്റന്റ് നവീകരണ കാലഘട്ടത്തിൽ ശുദ്ധീകരണത്തെ സംബന്ധിച്ച പഠനങ്ങൾ രൂക്ഷമായ വിമർശനത്തിന് വിധേയമായി. ശുദ്ധീകരണത്തെ കഠിയാതനകളുടെ ഒരു തടവറയായും, മരിച്ചവർക്കായുള്ള പ്രാർത്ഥനയെ കടം തീർക്കാനുള്ള കച്ചവട വസ്തുവായിപ്പോലും കണക്കാക്കിയിരുന്ന ഇക്കാലഘട്ടത്തിൽ ലൂഥർ, മെലങ്ടൺ തുടങ്ങിയവർ ശുദ്ധീകരണത്തെ നിഷേധിച്ചു. ക്രമേണ ശുദ്ധീകരണത്തെയും പ്രാർത്ഥനകളുടെ ആവശ്യകതയെയുംതന്നെ നിഷേധിക്കുന്ന വിശ്വാസം ലൂഥർ, കാൽവിൻ, സ്വിംഗ്ളി തുടങ്ങിയവർ പ്രചരിപ്പിച്ചു. ഇത്തരം അബദ്ധ പഠനങ്ങളെ ട്രെന്റ് കൗൺസിൽ ഖണ്ഡിക്കുന്നു. കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു. "പരിശുദ്ധാരൂപിയാലും, വി. ഗ്രന്ഥത്താലും, പിതാക്കന്മാരുടെ പാരമ്പര്യത്താലും നയിക്കപ്പെടുന്ന കത്തോലിക്കാ സഭ പരിശുദ്ധ സൂനഹദോസുകൾ വഴിയും ഏറ്റവും ഒടുവിൽ ഈ സാർവ്വത്രിക സൂനഹദോസിലും, ശുദ്ധീകരണമുണ്ടെന്നും, അവിടെ കഴിയുന്ന ആത്മാക്കളെ വിശ്വാസികൾക്ക് തങ്ങളുടെ മാദ്ധ്യസ്ഥ്യത്താൽ വിശേഷിച്ച് പരിശുദ്ധ കുർബ്ബാനയാൽ സഹായിക്കാൻ കഴിയുമെന്നും ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. അതിനാൽ വിശുദ്ധ പിതാക്കന്മാർവഴിയും പരിശുദ്ധ സൂനഹദോസുകൾ വഴിയും നമുക്ക് നൽകപ്പെട്ട ശുദ്ധീകരണത്തെ സംബന്ധിച്ച പ്രബോ

ധനം വിശ്വാസികൾ സ്വീകരിക്കുവാനും കാത്തുസംരക്ഷിക്കുവാനും എവിടെയും പഠിപ്പിക്കുവാനും ഇടവരുന്നതിന് തീക്ഷ്ണമായി യത്നിക്കുവാൻ ഈ പരിശുദ്ധ സൂനഹദോസ് മെത്രാന്മാരെ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ വിശ്വാസികൾക്ക് പ്രയോജനകരമല്ലാത്തതും അവരുടെ ഭക്തിയെ വർദ്ധിപ്പിക്കുന്നതിന് സഹായകരമല്ലാത്തതും ഉപയോഗശൂന്യങ്ങളുമായ പഠനങ്ങൾ സാധാരണ പ്രസംഗങ്ങളിൽ, വിശിഷ്യ വിദ്യാഭ്യാസം കുറഞ്ഞവരോടുള്ള പ്രസംഗങ്ങളിൽ, വർജ്ജിക്കേണ്ടതാണ്. അപ്രകാരം തന്നെ സംശയാസ്പദങ്ങളും തെറ്റുനിറഞ്ഞവയുമായ അഭിപ്രായങ്ങൾ പ്രചരിപ്പിക്കാനും അനുവദിച്ചുകൂടാത്തതാകുന്നു. അന്ധവിശ്വാസം വളർത്താനും, ജിജ്ഞാസയുണർത്താനും മാത്രം ഉപകരിക്കുന്നതും മാന്യമല്ലാത്ത നേട്ടങ്ങളെ ലാക്കാക്കി ഉള്ളവയുമായ സർവ്വതും വിശ്വാസികൾക്ക് പ്രലോഭനകരങ്ങളും വിശ്വാസപ്രണിതങ്ങളും എന്ന നിലയിൽ കർശനമായി നിരോധിക്കേണ്ടതാണ് (സി.എഫ്.എൻ. 2310). മാമ്മോദീസായിലൂടെ ഒരുവൻ പൂർണ്ണമായും നീതീകരിക്കപ്പെടുന്നെന്നും തൽഫലമായി കാലിക ശിക്ഷയും പ്രായശ്ചിത്തവും അനാവശ്യമാണെന്നുമുള്ള അബദ്ധപഠനങ്ങളെ ട്രെന്റു കൗൺസിൽ ശപിച്ചു തള്ളുന്നതായി കാണാം.

വേദപുസ്തക വെളിപാടിൽ ശുദ്ധീകരണത്തെ സംബന്ധിച്ച പ്രത്യക്ഷമായ പരാമർശങ്ങൾ ഇല്ല എന്നതിനാൽ ഈ വിശ്വാസസത്യം നിഷേധിക്കുന്നത് ഒട്ടും ശരിയല്ല. വെളിപാടിൽ പരോക്ഷമായി ഉൾക്കൊണ്ടിരിക്കുന്ന ദൈവികസത്യങ്ങളെ കണ്ടുപിടിക്കുവാനും സഭയ്ക്ക് അധികാരമുണ്ട്. സഭയിൽ നിരന്തരം വസിക്കുന്ന ക്രിസ്തുതന്നെയാണ് ഇത് ചെയ്യുന്നത്. ക്രിസ്തുവിന്റെ അരൂപിയുടെ സജീവ സാന്നിദ്ധ്യം, വിശ്വാസ സംബന്ധിയായ കാര്യങ്ങളിൽ അപ്രമാദിത്വം നൽകുന്നു. സഭ, ക്രിസ്തുവുമായി പ്രത്യേകമായ രീതിയിൽ കൗദാശിക താദാത്മീകരണം പ്രാപിച്ചുകൊണ്ട് (In Persona Christi) പ്രവർത്തിക്കുമ്പോൾ, ക്രിസ്തു അഭിലഷിച്ചവയും വി. ഗ്രന്ഥത്തിൽ പരോക്ഷമായി അവിടുന്നു വെളിപ്പെടുത്തിയവയും പ്രസ്പഷ്ടമാക്കുക മാത്രമാണ് ചെയ്യുന്നത്. ആകയാൽ ശുദ്ധീകരണത്തെപ്പറ്റിയുള്ള വിശ്വാസസത്യവും ദൈവിക വെളിപാടിൽ ഉൾപ്പെട്ടതു തന്നെ.

## ശുദ്ധീകരണത്തിന്റെ സ്വഭാവം

ശുദ്ധീകരണത്തിന്റെ സ്വഭാവമെന്ത്? അന്ത്യവിധിയോടെ അവസാനിക്കുന്ന ഒരു താൽക്കാലിക ശിക്ഷയാണിതെന്നും അതിനാൽ ഇത് സ്വഭാവത്താലെ തന്നെ കേവലം താൽക്കാലികമാണെന്നും ഏവരും അംഗീകരിക്കുന്നു.

### *കാലിക ശിക്ഷ*

ശുദ്ധീകരണത്തിന്റെ കാലദൈർഘ്യത്തെക്കുറിച്ച് നമുക്ക് പറയാനാവുമോ? ഭൗമിക സമയം പോലെ വർഷം, മാസം, ദിവസം എന്നിങ്ങനെയാണ് മരണാനന്തരകാലം എന്നു പറയാനില്ല. മരണത്തോടുകൂടി

മനുഷ്യൻ സ്ഥലകാല പരിമിതികളെ മറികടക്കുകയാണ്. നിത്യതയിലേക്ക് പ്രവേശിക്കുകയാണ്. മരണത്തിനും വിധിക്കുമിടയിൽ കാലദൈർഘ്യം ഉണ്ടെന്ന ധാരണയിലാണ് ശുദ്ധീകരണ കാലാവധിയെക്കുറിച്ച് നാം സംസാരിക്കുക. എന്നാൽ മരണത്തോടെ തന്നെ ഒരുവന്റെ വിധി നടക്കുന്നുവെന്നത്രെ ചില ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. മരണത്തിൽ ഒരുവനു തന്റെ തെറ്റിനെക്കുറിച്ച് പൂർണ്ണാവബോധമുണ്ടാക്കുന്നു. പാപങ്ങളെ പൂർണ്ണമായും കാണുന്ന ആത്മാവ് തന്റെ തെറ്റിനെപ്രതി തീവ്രമായി ദുഃഖിക്കുന്നു. ഇവിടെ കാലദൈർഘ്യമെന്നതിലേറെ ശിക്ഷയുടെ കാഠിന്യത്തിനാണ് പ്രസക്തി എന്നും വ്യക്തമാണ്. എന്നാൽ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൽപിക്കാൻ മനുഷ്യബുദ്ധിയുടെ പരിമിതി കണക്കിലെടുക്കേണ്ടതുണ്ട്.

### *ശുദ്ധീകരസ്ഥലം*

പാപപ്പരിഹാരവും പ്രായശ്ചിത്തവുമാണ് ശുദ്ധീകരണത്തിന്റെ പ്രധാന ഘടകങ്ങളെങ്കിലും ശുദ്ധീകരണത്തെ സ്ഥലബദ്ധമായി പരിഗണിക്കുന്നവരുണ്ട്. ശുദ്ധീകരണം, നരകം, സ്വർഗ്ഗം ഇവ സ്ഥലങ്ങളായി കണക്കാക്കുന്നവർ, 'ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ പ്രാർത്ഥിക്കുന്നു'. 'നിങ്ങൾക്ക് സ്ഥലമൊരുക്കുവാൻ ഞാൻ പോകുന്നു'. നീ ഇന്നേദിവസം ദിവസം എന്നോടുകൂടെ പറുദീസായിലായിരിക്കും. 'പുറത്തുള്ള അന്ധകാരത്തിലേക്ക് തള്ളപ്പെടും'. 'അവിടെ കരച്ചിലും വിലാപവും ഉണ്ടാകും', 'അവസാനത്തെ കാശുകൂടി കൊടുത്തു വീട്ടുവോളം അവിടെനിന്ന് പുറത്തുവരികയില്ല'. തുടങ്ങിയ യേശുവിന്റെ വചനങ്ങൾ തങ്ങളുടെ നിലപാടിന് ആധാരമായി ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിന്റെയും അവിടുത്തെ മാതാവിന്റെയും 'ശരീരങ്ങൾ' സ്വർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്നതിനാലും മരണാനന്തരം 'സ്ഥലം' ഉണ്ട് എന്ന് ഇത്തരക്കാർ വാദിക്കുന്നു. മരണാനന്തര ജീവിതത്തിന്റെ സാമൂഹിക സ്വഭാവവും ഇതിനാധാരമായി ചിലർ ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ ഈ വാദമുഖങ്ങൾ പൂർണ്ണമായും സ്വീകാര്യങ്ങളല്ല. മേലുദ്ധരിച്ച വാക്യങ്ങളെ അവയുടെ ദൈവശാസ്ത്രപരവും സുവിശേഷാത്മകവുമായ പശ്ചാത്തലത്തിലാണ് വിലയിരുത്തേണ്ടത്.

### സഭാ പാരമ്പര്യത്തിൽ:-

ശുദ്ധീകരണത്തെ സ്ഥലബദ്ധമായി പരിഗണിക്കുന്ന ധാരാളം പഠനങ്ങൾ നമുക്കു കാണാം. നീസായിലെ ഗ്രിഗറി, ജോൺ ക്രിസോസ്റ്റോം തുടങ്ങിയവർ ശുദ്ധീകരണ (സ്ഥല)ത്തെ ദൈവനിർമ്മിതമായ ഒരു തോട്ടമായി പരിഗണിച്ചിരിക്കുന്നു. സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിലാണ് ഇതു സ്ഥിതി ചെയ്യുന്നത്. മറ്റു ചില പൗരസ്ത്യചിന്തകർ ശുദ്ധീകരണത്തെ സ്വർഗ്ഗത്തിലേക്കുള്ള വഴിയിലെ 'ചെക്ക് പോസ്റ്റു'കളായി കണക്കാക്കുന്നു. മരണശേഷം ആത്മാവ് കാവൽമാലാഖയാൽ ആനയിക്കപ്പെട്ട് ഈ സ്ഥലങ്ങളിലൂടെ കടന്നുപോകുന്നു. ഓരോ സ്ഥലത്തും ഓരോതരം പാപ

ങ്ങളെപ്പറ്റി പരിശോധനകൾ നടക്കുന്നു. പാപത്തിന്റെ സ്വഭാവവും എണ്ണവും അനുസരിച്ച് അവയ്ക്കു പരിഹാരം ചെയ്തിട്ടില്ലാത്തപക്ഷം ഓരോ സ്ഥലത്തും കുറേസമയം താമസിക്കേണ്ടിവരുന്നു. എന്നാൽ ദൈവ നീതിയ്ക്കനുസൃതമാണെന്നു കാണുന്നതായാൽ യാത്ര തടസ്സപ്പെടാതെ എത്രയും വേഗം ലക്ഷ്യത്തിലെത്തിച്ചേരാം. പാശ്ചാത്യപണ്ഡിതന്മാർ ശുദ്ധീകരസ്ഥലത്തെ നരകത്തിനടുത്തുള്ള ഒരു അധോസ്ഥാനമായി കണ ക്കാക്കിയിരുന്നു. മഹാനായ ഗ്രിഗറി (604), പീറ്റർ ഡാമിയൻ (1172) തുട ങ്ങിയവരുടെ അഭിപ്രായത്തിൽ ശുദ്ധീകരണം നടക്കുന്നത് പാപം ചെയ്യ പ്പെട്ട അതേ സ്ഥലങ്ങളിൽ വച്ചുതന്നെയാണ്. മറ്റു ചില വിശുദ്ധന്മാരുടെ ദർശനങ്ങളും ഈ നിഗമനം തന്നെയാണ് നൽകുന്നത്.

മതേതര സാഹിത്യത്തിൽ നിലവിലിരുന്ന ഭാവനാപൂർണ്ണമായ വിവ രണങ്ങളും മറ്റുമാണ് ഇത്തരം ചിന്താധാരകൾക്ക് ഇടനൽകിയതെന്ന് ന്യായമായും കരുതാം. ഉദാഹരണത്തിന് മദ്ധ്യശതകങ്ങളിൽ ജീവിച്ചി രുന്ന സുപ്രസിദ്ധ ഇറ്റാലിയൻ മഹാകവി ദാന്തേയുടെ 'ഡിവൈൻ കോമഡി' എന്ന പ്രശസ്ത കൃതിയിൽ ശുദ്ധീകരണ മണ്ഡലത്തിന്റെ ഭാവനാചിത്രം നമുക്കു കാണാം. മതഭ്രഷ്ടർ, വൈകി പശ്ചാത്തപിച്ചവർ, 'പീറ്റർ കവാടം', അഹങ്കാരികൾ, അസൂയക്കാർ, കുപിതന്മാർ, അലസ ന്മാർ, ദുരാഗ്രഹികൾ, ബുഭുക്ഷുക്കൾ, കാമാസക്തർ എന്നിങ്ങനെ പത്തു തലങ്ങൾ ഉൾക്കൊണ്ടതാണ് ദാന്തേയുടെ ശുദ്ധീകരണമണ്ഡലം. ഈ മണ്ഡലങ്ങൾ കടന്ന് ആത്മാവ് സ്വർഗ്ഗപ്രാപ്തിക്കായി പാപരഹിതമായ ദൈവസന്നിധിയിൽ അണയുന്നതായി ദാന്തേ വർണ്ണിക്കുന്നു.

## വി. തോമസ് അക്വിനാസ്:-

ശുദ്ധീകരണത്തിന്റെ സ്ഥലത്തെക്കുറിച്ച് വി. ഗ്രന്ഥം കൃത്യമായി ഒന്നും പറയാത്തതിനാൽ അത് ഇന്നസ്ഥലത്തുതന്നെയാണ് എന്ന് തറ പ്പിച്ചു പറയുക യുക്തിസഹമല്ല എന്നാണ് വി. തോമസ് അക്വിനാസിന്റെ അഭിപ്രായം. എങ്കിലും സ്ഥലബദ്ധമായ വിശ്വാസം തന്നെയാണ് അദ്ദേ ഹത്തിന്റെ ചിന്തയിലും തെളിഞ്ഞു കാണുന്നത്. പാശ്ചാത്യപൗരസ്ത്യ ചിന്തകളെ സമന്വയിപ്പിച്ച് സ്വന്തമായ ഒരു വ്യാഖ്യാനം അദ്ദേഹം നൽകു ന്നു. വിശുദ്ധരുടെ വെളിപാടുകളെയും ഉറച്ച വിശ്വാസത്തെയും ആധാര മാക്കി ശുദ്ധീകരണത്തിനു രണ്ടു സ്ഥലങ്ങളുള്ളതായി അദ്ദേഹം പറയു ന്നു. (1) അധോമണ്ഡലം. ഇതാണ് പൊതുവിലുള്ളത്. നരകത്തിനടുത്തു സ്ഥിതിചെയ്യുന്ന ഇതു നരകാഗ്നിയിൽ തന്നെ ശുദ്ധീകരണവും നടക്ക ത്തക്കവിധത്തിൽ സജ്ജീകൃതമായിരിക്കുന്നു. (2) ഓരോരുത്തനും പാപം ചെയ്ത സ്ഥലം, ഓരോരുത്തനും പാപം ചെയ്ത അതേസ്ഥല ങ്ങളിൽവെച്ച് ശുദ്ധീകരിക്കപ്പെടുന്നു. പല സ്ഥലങ്ങളിൽ വെച്ച് ഒരേസ മയം ശുദ്ധീകരിക്കപ്പെടുമെന്ന ഈ അഭിപ്രായം എത്രമാത്രം സ്വീകാര്യ മാണെന്ന് ചിന്തിക്കേണ്ടതുണ്ട്.

## ഔദ്യോഗിക പഠനങ്ങളിൽ:-

സഭയുടെ ഔദ്യോഗിക പഠനങ്ങളിൽ ശുദ്ധീകരണത്തെ സ്ഥലബദ്ധമായി ഒരിക്കലും നിർവ്വചിച്ചിട്ടില്ല. മരിച്ചവർക്കുവേണ്ടിയുള്ള സഭയുടെ പ്രാർത്ഥനകളിൽ ശുദ്ധീകരണം സ്ഥലബദ്ധമാണെന്ന ധ്വനി വരുന്നുണ്ടെങ്കിലും-അബ്രാഹത്തിന്റെ മടി, അധോലോകത്തിന്റെ കവാടങ്ങൾ, അഗാധം, പാതാളം തുടങ്ങിയ പ്രയോഗങ്ങൾ യഹൂദ പാരമ്പര്യത്തിൽ അടിയുറച്ച ആദിമസഭാവിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെട്ടവയാണ്. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ ഈ അസാംഗത്യം അപ്രത്യക്ഷമാകുന്നു. 129-ാം സങ്കീർത്തനത്തിലെ 'അഗാധത്തിൽ നിന്ന് നിന്നെ ഞാൻ വിളിക്കുന്നു. കർത്താവേ എന്റെ ശബ്ദം കേൾക്കേണമേ' എന്ന പ്രാർത്ഥനയും മറ്റും ഇതിനുദാഹരണമാണ്. വാച്യാർത്ഥ്യത്തിൽ, ബാബിലോണിയൻ അടിമത്തത്തിൽ യഹോവയുടെ നേർക്ക് തിരിയുന്ന പശ്ചാത്താപ വിവശനായ യഹൂദന്റെ പ്രാർത്ഥനയാണിതെങ്കിലും ക്രൈസ്തവ പശ്ചാത്തലത്തിൽ, പാപപരിഹാരാർത്ഥം ശുദ്ധീകര വേദനയനുഭവിക്കുന്ന ആത്മാവിന്റെ പ്രലാപമായി ഇതു പരിണമിക്കുന്നു. ഇവിടെ പ്രാർത്ഥനയിലെ വാക്കുകളുടെ ശരിയായ വ്യാഖ്യാനം മനസ്സിലാക്കേണ്ടതിന്റെ ആവശ്യം പ്രകടമാണല്ലോ!

ആത്യന്തികമായി, ശുദ്ധീകരണം വേർപിരിഞ്ഞ ആത്മാക്കളെ സംബന്ധിച്ചതാകയാൽ ശുദ്ധീകരിക്കപ്പെടുന്ന വ്യക്തി എവിടെയുണ്ടോ അവിടമാണ് ശുദ്ധീകരസ്ഥലം എന്നുപറയുകയാവും കൂടുതൽ ശരി. (ഇതു സംബന്ധിച്ച ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ചുവടെ വിശകലനം ചെയ്യുന്നതാണ്.)

## നഷ്ടത്തിന്റെ വേദനയും ഇന്ദ്രിയ ശിക്ഷയും:-

ചില ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ സ്വർഗ്ഗസായൂജ്യത്തിന്റെ താൽക്കാലിക നിഷേധമാണ് ശുദ്ധീകരണത്തിൽ നടക്കുക. അതിനാൽ ഇവിടുത്തെ ഏറ്റവും വലിയ വേദന 'ദൈവനഷ്ട'മാണ്. തന്നോടു വളരെ അടുത്തു തന്നെ സ്ഥിതി ചെയ്യുന്ന സൃഷ്ടാവിൽനിന്ന് അകന്ന് ഇരിക്കുന്നതിലുള്ള വേദനയാണിത്. മാത്രവുമല്ല, ഇപ്രകാരം തന്നെ അകറ്റിയ ലഘുപാപങ്ങൾക്ക് ലോകത്തിൽവെച്ചുതന്നെ പരിഹാരം ചെയ്യുവാൻ കഴിയുമായിരുന്നല്ലോ എന്ന വിചാരവും വ്യക്തിക്കുണ്ടാകുന്നു. ഇതിനുപുറമെ ഇന്ദ്രിയശിക്ഷയും ശുദ്ധീകരണത്തിന്റെ ഭാഗമാണ്. ദൈവത്തെ തിരസ്ക്കരിച്ചതിലുള്ള വേദനയാണ് 'നഷ്ടത്തിന്റെ വേദന' യെങ്കിൽ ദൈവാഭിമുഖം മുന്നേറിക്കൊണ്ടിരിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിനോട് സഗാഢം ബന്ധപ്പെട്ടിരിക്കുന്ന പ്രപഞ്ചത്തിൽ നിന്ന് പാപംമൂലം വേർപിരിഞ്ഞതിലുള്ള വേദനയാണ് ഇന്ദ്രിയശിക്ഷ. ഇത് ശുദ്ധീകരാഗ്നിയുടെ പ്രവർത്തനത്താലാണ് സംഭവിക്കുന്നതെന്ന് ചിലർ കരുതുന്നു. എന്നാൽ ഭൗമികമായ അഗ്നിക്ക് എങ്ങനെ ആത്മാവിൽ മാറ്റം വരുത്താൻ കഴിയും? ഇതിന് അവർ നൽകുന്ന ഉത്തരം, മരണശേഷവും ആത്മാവ്

ലോകവുമായി തികച്ചും അജ്ഞാതമായ രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. ഭൗതികമായ ഒരു ശിക്ഷ നൽകാൻ ഈ ബന്ധം വഴി സാദ്ധ്യമായിത്തീരുന്നു.

ഒരുവൻ പ്രാപിക്കുന്ന പുണ്യപൂർണ്ണതയുടെ തോതനുസരിച്ച് ശിക്ഷയുടെ കാഠിന്യത്തിൽ വ്യത്യാസമുണ്ട്. താൻ പ്രാപിക്കേണ്ടിയിരിക്കുന്ന പൂർണ്ണതയെ നിരസിച്ചതിന് അനുരൂപമായിരിക്കും ഓരോരുത്തനും ശിക്ഷിക്കപ്പെടുക. നരകത്തിലെയും ശുദ്ധീകരണത്തിലെയും പീഡകളുടെ വർണ്ണനകളൊന്നും സഭയുടെ പഠനങ്ങളിൽപ്പെട്ടതല്ല. പാപം ചെയ്തത് ആത്മാവും ശരീരവുമുൾപ്പെട്ട സമഗ്രമനുഷ്യനാകയാൽ ശിക്ഷയും സമ്പൂർണ്ണ വ്യക്തിയെ ബാധിക്കുന്നതായിരിക്കണം എന്നത് തികച്ചും ന്യായമാണ്. ഈ ശിക്ഷയുടെ സ്വഭാവത്തെപ്പറ്റി പലരും പല അഭിപ്രായങ്ങൾ നൽകുന്നുണ്ടെങ്കിലും ഇവ വിശ്വാസവിഷയങ്ങളായ പഠനങ്ങളല്ല എന്നത് സുവ്യക്തമാണ്.

ശുദ്ധീകരണത്തിൽ കഠിനപീഡകൾ അനുഭവിക്കുന്നുണ്ടെങ്കിലും ഒരിക്കൽ സ്വർഗ്ഗസായൂജ്യം പ്രാപിക്കാൻ കഴിയുമെന്ന ഉറപ്പ് വ്യക്തിക്ക് സർവ്വതാ ഉണ്ടായിരിക്കും. തങ്ങളുടെ ശിക്ഷകൾക്കുശേഷം നിത്യമായ ദൈവസായൂജ്യമുണ്ടെന്ന അവബോധം ശുദ്ധീകരാത്മാക്കൾക്ക്, ഭൂമിയിൽ ആർക്കും ലഭിക്കാത്തതരം അഭൗമീകാനന്ദം പ്രദാനം ചെയ്യുന്നു. തങ്ങൾക്ക് നിത്യരക്ഷ ഉറപ്പായതിനാൽ ഏറ്റം നിർമ്മലരായി ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ അവർ ആഗ്രഹിക്കുന്നു. അപ്പോൾ ശുദ്ധീകരപീഡകൾ തന്നെ അവർക്ക് ആനന്ദദായകമാണെന്നു സാരം.

## ശുദ്ധീകരണത്തിനു ഒരു നൂതന ഭാഷ്യം

ശുദ്ധീകരണത്തെ സംബന്ധിച്ച വളരെയേറെ പ്രശ്നങ്ങൾ ദൈവശാസ്ത്രജ്ഞന്മാർക്കിടയിലുണ്ട്. ശുദ്ധീകരണം ആവശ്യമോ എന്ന ചോദ്യത്തിന് മിക്കവരും ഒരേ അഭിപ്രായമാണ് നൽകുക. തങ്ങളുടെ മരണസമയത്ത് സ്വർഗ്ഗപ്രവേശനത്തിന് പൂർണ്ണമായും ഒരുങ്ങിയിട്ടില്ലാത്തവരുടെ കാര്യത്തിലെങ്കിലും ഇത്തരം ഒരു ശുദ്ധീകരണം ആവശ്യമായി വരുന്നു.

ശുദ്ധീകരണം എങ്ങനെ എന്ന പ്രശ്നത്തിന് ഇനിയും ഏകതാനമായ ഒരഭിപ്രായമില്ല. 'അവബോധമുണർത്തലിലൂടെ'യാണ് ശുദ്ധീകരണം നടക്കുന്നത് എന്ന് ചിലർ അഭിപ്രായപ്പെടുന്നു. ദൈവത്തിന്റെ പ്രകാശത്തിൽ നാം വരുമ്പോൾ ദൈവം നമ്മെ കാണുന്നതുപോലെ നാം സ്വയം കാണുന്നു. ഈ ദർശനം വേദനാജനകവും അതേസമയം ക്രിയാത്മകവുമാണ്. ഈ വേദനയിൽ മനുഷ്യന്റെ മനോഭാവം പുനർസൃഷ്ടിക്കപ്പെടുകയും ദൈവസന്നിധി പ്രാപിക്കുന്നതിന് അവൻ യോഗ്യനാവുകയും ചെയ്യുന്നു. ദൈവത്തിന്റെ നീതി എന്നതിലേറെ അവിടുത്തെ കരുണാമസൃണമായ സ്നേഹമാണ് ആത്മാവിനു വേദനാജനകമാകുന്നത്. ഈ ദൈവസ്നേഹാനുഭവം വേദനയും അതോടൊപ്പം അഭൗമീകമായ സന്തോഷവും നൽകാൻ പോന്നതാണ്.

### *കാൾ റാനർ*

കാൾ റാനറുടെ അഭിപ്രായത്തിൽ ശുദ്ധീകരണം പക്വതയാർജ്ജിക്കലിന്റെയും മാറ്റത്തിന്റെതുമായ ഒരു പ്രക്രിയയാണ്. മനുഷ്യന്റെ, സ്വതന്ത്രമായി പക്വതയാർജ്ജിച്ച അടിസ്ഥാന മനോഭാവത്തിന് മരണത്തിലൂടെ വ്യക്തമായ അന്ത്യം കുറിക്കപ്പെടുന്നു. എന്നിരുന്നാലും മനുഷ്യന്റെ സർവ്വമാനങ്ങളും ഒരേസമയം പക്വതയാർജ്ജിക്കപ്പെടുന്നില്ല. അതിനാൽ സമഗ്രവ്യക്തിയുടെ സമ്പൂർണ്ണപക്വത മരണശേഷം നടക്കുന്നു. ഒരുവന്റെ അടിസ്ഥാനപരമായ നിശ്ചയം അവന്റെ അസ്തിത്വത്തിന്റെ സർവ്വതലങ്ങളിലും ചൂഴ്ന്നിറങ്ങുന്ന ഒന്നാകയാൽ ഈ പക്വത പ്രാപിക്കൽ പ്രക്രിയ കൂടിയേ തീരൂ. ഒരു വ്യക്തി തന്റെ മരണത്തിൽ കൈവരിക്കുന്ന വ്യക്തിപരമായ അന്ത്യവും സാർവ്വലൗകീക പൂർത്തീകരണവും വ്യത്യസ്തമാണ്. വൈയക്തികാന്ത്യത്തിന്റെ പൂർത്തീകരണവും സമ്പൂർണ്ണാവിഷ്ക്കരണവും അന്ത്യനാളിൽ ശാരീരികാസ്തിത്വത്തിന്റെ രൂപാന്തരീകരണം വഴിയാണ് സാദ്ധ്യമാവുക. മരണത്തിനും മഹത്വീകരണത്തിനുമിടയിൽ ഒരു താൽക്കാലികാവസ്ഥയുണ്ടെന്നാണല്ലോ ഇതർത്ഥമാക്കുന്നത്. ഈ താൽക്കാലികാവസ്ഥയിൽ മനുഷ്യൻ തന്റെ വൈയക്തിക പക്വതയുടെ തികവിനെ പ്രാപിക്കുന്നു.

തന്റെ വിശദീകരണം സഭയുടെ പഠനത്തിനു എതിരല്ലെന്ന് റാനർ എടുത്തു കാണിക്കുന്നു. ശുദ്ധീകരണം കേവലം നിഷ്ക്രിയമായ സഹനം (Passive endurance) അല്ല. പക്വതയാർജ്ജിക്കൽ പ്രക്രിയയും രൂപവ്യതിയാനവും (Change) പ്രസാദവരത്തിലുള്ള വളർച്ചയോ, പുണ്യത്തിലുള്ള അഭിവൃദ്ധിയോ (Merit) അല്ല അർത്ഥമാക്കുന്നത്. പ്രസ്തുത ജീവിതത്തിൽ രൂപപ്പെടുത്തപ്പെട്ടതും മരണത്തിലൂടെ സുനിശ്ചിതമാക്കപ്പെട്ടിട്ടുള്ളതുമായ അടിസ്ഥാന മനോഭാവവുമായി മനുഷ്യപ്രകൃതിയെ പൂർണ്ണമായും സമന്വയിപ്പിക്കലാണ് ഇതുവഴി സാധിക്കുക. അതിനാൽ ഇവിടെ പാപമോചനം, കേവലം ശിക്ഷയിൽ നിന്നൊഴിവാക്കൽ മാത്രമല്ലാതാവുന്നു. ഈ പക്വതയാർജ്ജിക്കൽ എങ്ങനെ നടക്കുന്നുവെന്ന് മനസ്സിലാക്കുക ദുഷ്ക്കരമത്രെ. എങ്കിലും ഇതൊരു വസ്തുതയാണ്. സഭയുടെ ദണ്ഡവിമോചനങ്ങൾ ആത്മാക്കൾക്ക് എപ്രകാരം ഉപകരിക്കുന്നു എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. റാനറുടെ അഭിപ്രായത്തിൽ അവ കാലിക ശിക്ഷയുടെ കടംവീട്ടാനുപകരിക്കുന്നില്ല. യാതൊരുതരത്തിലും അവ പുണ്യത്തിൽ വർദ്ധന നൽകാൻ ഉപയുക്തമല്ല. ആത്മാക്കളുടെ പക്വതയാർജ്ജിക്കലിൽ ദൈവസ്നേഹത്തിൽ പുരോഗമിക്കാൻ സഹായങ്ങളാവുക മാത്രമാണ് ദണ്ഡവിമോചനങ്ങൾ ചെയ്യുക. സഭയുടെ രക്ഷാകര മാദ്ധ്യസ്ഥ്യം ആത്മാക്കൾക്ക് ഉപകരിക്കുന്നതിലാണ് ദണ്ഡവിമോചനങ്ങൾ പ്രസക്തമാവുന്നത്.

### *ലഡിസ്ലാവോസ് ബോറോസ്*

ശുദ്ധീകരണത്തെ സംബന്ധിച്ച് അടിസ്ഥാനപരമായിത്തന്നെ ശ്രദ്ധാർഹമായ പഠനമാണ് ലഡിസ്ലാവോസ് ബോറോസ് അവതരിപ്പി

ക്കുക. സുവ്യക്തമായ ഒരു തത്വത്തിൽനിന്ന് ബോറോസ് തന്റെ പഠനം ആരംഭിക്കുന്നു. പാപം ചെയ്ത വ്യക്തി തന്റെ പാപത്തെക്കുറിച്ചു പശ്ചാത്തപിച്ച് പിന്മാറിയതുകൊണ്ടു മാത്രമായില്ല. പാപക്കറ ആത്മാവിൽ അവശേഷിക്കുന്നു. (പാപവും പാപക്കറയും തമ്മിൽ ട്രെന്റ് കൗൺസിൽ വേർതിരിച്ചു കാണുന്നുണ്ട്). ശുദ്ധീകരണ പ്രക്രിയയിൽ അടിസ്ഥാനപരമായി സംഭവിക്കുക ഈ കറ കഴുകിക്കളയൽ, കടം തീർക്കൽ ആകുന്നു. പ്രായശ്ചിത്ത പ്രവൃത്തികൾ മൂലമേ ഈ കടം തീർക്കാൻ കഴിയൂ. ഇതിനും പുറമെ ഒരുവനു തന്റെ മരണസമയത്തും ക്ഷമിക്കപ്പെടാത്ത ലഘുപാപങ്ങൾ ഉണ്ടാകാം. ഇത്തരം പാപങ്ങൾ ക്ഷമിക്കപ്പെടാതെ സ്വർഗ്ഗസായൂജ്യം അസാദ്ധ്യമത്രെ. ഇവ എപ്പോൾ ക്ഷമിക്കപ്പെടും എന്ന പ്രശ്നം ഇവിടെ ഉദിക്കുന്നു. പാപം ക്ഷമിക്കപ്പെടാൻ പശ്ചാത്താപവും പ്രായശ്ചിത്തവും ആവശ്യമാണ്. മരണശേഷം ഒരുവന് പശ്ചാത്തപിക്കാനോ സ്വയം പ്രായശ്ചിത്തം ചെയ്യാനോ കഴിവില്ല. കാരണം മരണത്തിനുശേഷം പുണ്യസമ്പാദനം (മെറിറ്റ്) അസാദ്ധ്യമത്രെ. ആകയാൽ ഈ പാപങ്ങൾ കാലികമായിത്തന്നെ (നിത്യതയ്ക്കു മുമ്പുതന്നെ) ക്ഷമിക്കപ്പെടണം.

ഈ പ്രശ്നത്തിനു ദൈവശാസ്ത്രജ്ഞന്മാർ നൽകുന്ന വിവിധ ഉത്തരങ്ങളെ ബോറോസ് വിലയിരുത്തുന്നു. അന്ത്യനിമിഷത്തിൽ ദൈവത്തിന്റെ സവിശേഷ കാരുണ്യത്താൽ ഈ ലോകത്തുവെച്ച്, വ്യക്തി അർഹിക്കാതെ തന്നെ, ദൈവം ഇത്തരം പാപങ്ങൾ ക്ഷമിക്കുന്നുവെന്ന, ഹെയ്ൽസിലെ അലക്സാണ്ടറുടെ (1170–1245) അഭിപ്രായം ബോറോസ് നിരാകരിക്കുന്നു. മനുഷ്യൻ സ്വയം നിശ്ചയിക്കുന്ന വഴികളിലൂടെയേ ക്രിസ്തുവിന്റെ രക്ഷാകരഫലങ്ങൾ മനുഷ്യനു ലഭിക്കുകയുള്ളൂ. മനുഷ്യൻ തന്നെ, ദൈവകൃപയാൽ പ്രേരിതമായിട്ടാണെങ്കിലും പ്രഥമ ചുവട് വയ്ക്കേണ്ടതുണ്ട്. അതിനാൽ ദൈവം നിരുപാധികം ക്ഷമിക്കുന്നു എന്നത് വൈരുദ്ധ്യാത്മകമത്രെ. ഇത്തരം ലഘുപാപങ്ങൾ മരണത്തോടെ ശുദ്ധീകരസ്ഥലത്തു ക്ഷമിക്കപ്പെടുന്നുവെന്ന വിശുദ്ധ ബൊനെവഞ്ചറുടെ അഭിപ്രായവും ബോറോസ് നിഷേധിക്കുന്നു. ലഘുപാപങ്ങൾ, മരണത്തിനു ശേഷമുള്ള ആദ്യനിമിഷത്തിലെ, ആത്മാവിന്റെ സമ്പൂർണ്ണസ്നേഹം മൂലം ക്ഷമിക്കപ്പെടുന്നു എന്ന തോമസ് അക്വിനാസിന്റെ പഠനവും അംഗീകരിക്കാനാവില്ല എന്നു ബോറോസ് എടുത്തുകാണിക്കുന്നു.

'മരണം ആത്യന്തിക തീരുമാനം' എന്ന തത്വത്തിന്റെ വെളിച്ചത്തിൽ ബോറോസ് ശുദ്ധീകരസ്ഥലത്തെ മനസ്സിലാക്കുന്നു. "മരണം മനുഷ്യന്റെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിലുള്ള പ്രഥമ പ്രവൃത്തിയും, അക്കാരണത്താൽ അതിൽ തന്നെ അവബോധമുണർത്തലിന്റെയും സ്വാതന്ത്ര്യത്തിന്റെയും ദൈവാഭിമുഖ്യത്തിന്റെയും നിത്യത്വത്തെ സംബന്ധിച്ച ആത്യന്തിക തീരുമാനത്തിന്റെയും വേദിയുമാണ്" എന്ന ബോറോസിന്റെ അടിസ്ഥാനതത്വം അന്യത്ര കാണുകയുണ്ടായല്ലോ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അന്തിമ തീരുമാനവും ദൈവ തിരുമുമ്പിലുള്ള സ്വയം തുറന്നുവെയ്ക്ക

ലുമെന്ന നിലയിൽ മരണത്തിൽ ഒരുവൻ സ്വാർത്ഥത്തെ സമ്പൂർണ്ണമായും വലിച്ചെറിഞ്ഞ് സ്നേഹനിർലീനനായി ദൈവത്തെ അഭിമുഖീകരിക്കുന്നു. ഇതുവഴി പാപങ്ങളിൽ നിന്നെല്ലാം വിടുതൽ പ്രാപിച്ച് ദൈവകാരുണ്യത്തിനായി സ്വയം അർപ്പിക്കാൻ അവനു കഴിയുന്നു. ഇക്കാരണത്താൽ പാപങ്ങളുടെ മോചനം എന്ന പ്രശ്നം ഇനിയില്ല. കാലികശിക്ഷയുടെ കാര്യം മാത്രമാണ് ഇനി പരിഗണിക്കേണ്ടത്.

ഒരുവന്റെ അന്തിമ നിശ്ചയത്തിലും ദൈവാഭിമുഖ്യത്തിലും എന്താണ് സംഭവിക്കുക എന്നതിന്റെ ഏകദേശ ചിത്രം ബോറോസ് നൽകുന്നു. മരണത്തിലൂടെ താൻ അഭിമുഖീകരിക്കുന്ന വ്യക്തിയെ ക്രിസ്തു, നിറഞ്ഞ സ്നേഹത്തോടും ദയാവായ്പ്പോടുംകൂടെ കടാക്ഷിക്കുന്നു. അവിടുത്തെ ഈ കടാക്ഷം മനുഷ്യന്റെ സത്തയിലേക്ക് തുളച്ചിറങ്ങാൻ കെൽപ്പുറ്റതാണ്. ക്രിസ്തുവിന്റെ ദീപ്തനയനങ്ങളിലൂടെ ദൈവത്തെ അഭിമുഖീകരിക്കുകയെന്നതാണ് നമ്മുടെ സ്നേഹ ശക്തിയുടെ അത്യുദാത്തമായ തികവും മനുഷ്യപ്രകൃതിക്ക് താങ്ങാനാവുന്നതിൽ വച്ചേറ്റവും വലിയ വേദനയും; ഇവിടെ ബോറോസ് ശുദ്ധീകരണത്തിന്റെ ദൈർഘ്യം വേദനയുടെ കാഠിന്യത്തിലുള്ള ഏറ്റക്കുറച്ചിൽകൊണ്ട് പുനഃപ്രതിഷ്ഠിക്കുന്നു. മറ്റുവാക്കിൽ, മരണത്തിൽ നടക്കുന്ന ദൈവാഭിമുഖ്യം തന്നെയാണ് ശുദ്ധീകരണം.

## അല്പം വിശദീകരണം:-

അന്തിമ തീരുമാനം, ദൈവോന്മുഖത എന്ന നിലയിൽ നമ്മിലുള്ള ദൈവസ്നേഹത്തിന്റെ അത്യുദാത്തമായ പ്രകടനമാണ്. ഈ ദൈവദർശനം പാപവിമോചകവും വേദനാപൂർണ്ണവും ദൈവിക നീതിയെ പ്രസാദിപ്പിക്കാനുതകുന്നതുമാണ്. ഇതുവഴി കാലികശിക്ഷയുടെ കടംവീട്ടൽ നടക്കുന്നുവെന്ന് ബോറോസ് വാദിക്കുന്നു. ഈ ശുദ്ധീകരപ്രക്രിയയെ വിശദീകരിക്കാൻ ബോറോസ് ഒരു ഉദാഹരണം നൽകുന്നു. മനുഷ്യനെ ഒരഗ്നിപർവ്വതത്തോട് അദ്ദേഹം ഉപമിക്കുന്നു. അഗ്നിപർവ്വതത്തിനുള്ളിൽ ഉരുകിത്തിളയ്ക്കുന്ന ലാവ നിറഞ്ഞുനിൽക്കുന്നതുപോലെ ഓരോ സൃഷ്ടിയിലും സ്രഷ്ടാവിനായുള്ള അടങ്ങാത്ത ആകർഷണം നിലനിൽക്കുന്നു. ഭൂമിയുടെ കല്ലും മണ്ണും പാറയുമെല്ലാം ചേർന്ന അടുക്കുകൾ, തിളച്ചുമറിയുന്ന ലാവയെ പുറത്തേക്കു വരുന്നതിൽനിന്ന് തടയുന്നതുപോലെ മനുഷ്യനിലെ ഈ ദൈവാഭിമുഖ്യാഭിനിവേശം സ്വാർത്ഥതയുടെ അടുക്കുകൾ കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. ഈ അടുക്കുകൾ ഓരോരുത്തരിലും വ്യത്യാസപ്പെട്ടിരിക്കും. ഇവമൂലം നമ്മിലെ ദൈവസ്നേഹം തടഞ്ഞുവെയ്ക്കപ്പെട്ടിരിക്കുന്നു. ചില വിള്ളലുകളിലൂടെ ഈ ദൈവീകാഗ്നിയുടെ പ്രകാശം അൽപാൽപം പുറത്തേക്കു വരുന്നു. മരണമെന്ന അന്തിമ തീരുമാനത്തിൽ ഈ ദൈവികാഗ്നി സ്വാർത്ഥതയുടെ വലയങ്ങളെ ഭേദിക്കാൻ കരുത്തുറ്റതാവുകയും പ്രതിബന്ധങ്ങളെ തൃണവൽഗണിച്ച് പുറത്തുവരികയും ചെയ്യും. മേൽപ്രസ്താവിച്ച അടുക്കുകൾ

നമ്മുടെ ജീവിതത്തിലൂടെ രൂപപ്പെട്ടവയും അസ്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങളുമാകയാൽ ഈ വിസ്ഫോടനം അസ്തിത്വത്തിന്റെ തന്നെ ശിഥിലീകരണമാണ്. അക്കാരണത്താൽതന്നെ വേദന നിറഞ്ഞ ഒരനുഭവമാണിത്. ഈ വിസ്ഫോടനത്തിലൂടെ സ്വാർത്ഥതയുടെ അടുക്കുകൾ തകരുകയും ദൈവൈക്യം സാധിതമാവുകയും ചെയ്യുന്നു.

## ശുദ്ധീകരണം വേദനാപൂർണ്ണം

ദൈവദർശനം സഹനബദ്ധമാണെന്നതിന് വിശുദ്ധ ഗ്രന്ഥം മതിയായ തെളിവ് നൽകുന്നുണ്ട്. പഴയ നിയമത്തിൽ പ്രവാചകന്മാരും പുതിയ നിയമത്തിൽ ശ്ലീഹന്മാരും ഈ അനുഭവത്തിന് വിധേയരാകുന്നുണ്ട്. മുൾപ്പടർപ്പിൽ ദൈവത്തെ കണ്ട മോശ ഭയംകൊണ്ട് മുഖം മറയ്ക്കുന്നു (പുറ.3:6). ഹൊറബു മലയിൽ വെച്ച് ഏലിയായും ഇതേ അനുഭവത്തിന് വിധേയനാകുന്നുണ്ട് (1 രാജ 19:13). “എന്റെ സ്ഥിതി എത്ര ദുർഭഗം.......... കർത്താവിനെ എന്റെ നയനങ്ങൾ ദർശിച്ചു” എന്നു വിലപിക്കുന്ന ഇസയാസ് പ്രവാചകനും (ഇസ. 6:1-5) “അവിടുന്ന് ആഗതനായപ്പോൾ ഞാൻ ഭയം കൊണ്ട് മുഖം കുത്തി വീണു” എന്നു പറയുന്ന ദാനിയേലും (ദാനി 7:9-10; 8:7, 18,27) ദൈവദർശനത്തിൽ തളർവാതം പിടിക്കപ്പെട്ട് മൂകനായി മാറിയ എസക്കിയേൽ പ്രവാചകനും (എസക്കി 3:23-26) ദൈവാഭിമുഖ്യത്തിന്റെ വേദനാപൂർണ്ണമായ വശം ചിത്രീകരിക്കുന്നു. “ഇതു കേട്ട ക്ഷണത്തിൽ ശിഷ്യന്മാർ കമിഴ്ന്നുവീണു. അവർ ഭയവിഹ്വലരായി” എന്നു താബോർമലയിലെ ദൈവദർശനത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു. (മത്താ. 17:6) ദൈവദർശനത്തിൽ മൃതപ്രായനായ വെളിപാടുകാരനെയും (വെളി. 1:17) നാം കണ്ടുമുട്ടുന്നു. ഇവയെല്ലാം അർത്ഥമാക്കുന്നത് ദൈവദർശനം മനുഷ്യപ്രകൃതിക്ക് വേദനാപൂർണ്ണവും അസഹനീയവുമായ ഒന്നാണ് എന്നത്രെ.

ചുരുക്കത്തിൽ, ബോറോസിന്റെ അഭിപ്രായപ്രകാരം മരണമെന്ന അന്തിമതീരുമാനം, തന്നെയാണ് ശുദ്ധീകരണം. വിശുദ്ധീകരിക്കുന്ന ദൈവസ്നേഹാഗ്നിയിലൂടെ ഓരോ വ്യക്തിയും തന്റെ അന്തിമനിശ്ചയത്തിൽ-മരണത്തിൽ-നടത്തുന്ന ഒരു കടന്നുപോകലാണ് (Passover) ശുദ്ധീകരണം. മറ്റുവാക്കിൽ ക്രിസ്തുവുമായുള്ള ആഭിമുഖ്യം അഥവാ കൂടിക്കാഴ്ച തന്നെയാണിത്. നിസ്വാർത്ഥമായ ദൈവസ്നേഹപ്രകടനമെന്ന നിലയിൽ ഇതു പാപവിമോചകമാണ്. വേദനാപൂർണ്ണമെന്ന നിലയിൽ ഇത് ഒരു പ്രായശ്ചിത്തപ്രവൃത്തിയായിത്തീരുന്നു. തത്ഫലമായി കാലികശിക്ഷയുടെ കടംവീട്ടാൻ ഈ സഹനം പര്യാപ്തമാണ്. പാപവിമോചനം ജീവിതകാലത്തും കാലികശിക്ഷ ‘മരണശേഷവും’ നടക്കുന്നു എന്ന് വിശ്വാസത്തിനും എതിരല്ല ഈ പഠനം. കാരണം ബോറോസിന്റെ കാഴ്ചപ്പാടിൽ മരണം കാലത്തിനും അനന്തതയ്ക്കുമിടയിലുള്ള സത്യത്തിന്റെ നിമിഷമാണ്. സമയരഹിത സമയമാണ്. കാലവും നിത്യതയും കൂട്ടിമുട്ടുന്ന അതിർത്തിരേഖയാണ് മരണം. ഈ നിമിഷത്തിനു കാല

ത്തിന്റെയും അനന്തതയുടെയും സ്വഭാവമുൾച്ചേർന്നിരിക്കുകയാൽ പാപ വിമോചനവും ശിക്ഷയും ഇവിടെ സാദ്ധ്യമാകുന്നു.

ശുദ്ധീകരണത്തെ സംബന്ധിച്ച ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ പരമ്പരാഗതമായ കാഴ്ചപ്പാടിന് ചില മാറ്റങ്ങൾ വരുത്തുന്നവയാണ്. ശുദ്ധീകരസ്ഥലം എന്നതിനുപകരം ശുദ്ധീകരണ പ്രക്രിയയും കാലദൈർഘ്യത്തിനു പകരം ശിക്ഷയുടെ കാഠിന്യവും ഈ പഠനങ്ങളുടെ പ്രത്യേകതയാണ്. ശുദ്ധീകരണത്തെ സംബന്ധിച്ച പഠനങ്ങളിൽ ഏറ്റവും ആകർഷണീയം ബോറോസിന്റെ അഭിപ്രായമാണ്. എങ്കിലും ശുദ്ധീകരണത്തെ സംബന്ധിച്ച ഈ പഠനം സഭയുടെ പരമ്പരാഗതമായ വിശ്വാസത്തോട് എത്രമാത്രം നീതി പുലർത്തുന്നുവെന്ന് കൃത്യമായി പറയുക പ്രയാസമാണ്.

കാൾറാനറുടെ 'പക്വതയാർജ്ജിക്കൽ പ്രക്രിയയും' പൂർണ്ണമായി അംഗീകരിക്കാനാകുമോ? ഈ പക്വതയാർജ്ജിക്കൽ പുണ്യസമ്പാദനമല്ല (മെറിറ്റ്) എന്നു പറയുമ്പോൾ റാനർ സഭയുടെ പരമ്പരാഗത ചിന്തയോട് അനുരൂപപ്പെടാനുള്ള ഒരു ശ്രമമാണ് നടത്തുന്നത്. പക്വതയാർജ്ജിക്കൽ ക്രിയാത്മകമാണെന്ന് റാനർ അഭിപ്രായപ്പെടുന്നു. പക്വതയാർജ്ജിക്കൽ എന്നതുകൊണ്ട് മാറ്റം സംഭവിക്കൽ എന്നും വരുന്നില്ല എന്നാണ് റാനറുടെ പക്ഷം. ഇത്തരമൊരു പക്വതയാർജ്ജിക്കൽ മനസ്സിലാക്കുക എളുപ്പമല്ല. ശുദ്ധീകരണത്തെ സംബന്ധിച്ച നവീന ചിന്താധാരകൾ നമ്മുടെ വിശ്വാസത്തിനു ആധുനികമായ അർത്ഥവും പ്രസക്തിയും നൽകുമെന്നു പ്രത്യാശിക്കാം.

## മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ

മരിച്ചവർക്കായുള്ള പ്രാർത്ഥനകൾ എല്ലാ മതങ്ങളിലും കാണാൻ കഴിയും. മരിച്ചവർ നിത്യനാശത്തിൽനിന്ന് രക്ഷപ്പെടുന്നതിനായി പ്രാർത്ഥിക്കുന്നതുപോലെ തന്നെ ചില മതങ്ങളിൽ മരിച്ചവരുടെ ആത്മാക്കളുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടാൻ അവരോടു പ്രാർത്ഥിക്കുന്നതും കാണാൻ കഴിയും. മരിച്ചവർക്കായും മരിച്ചവരോടുമുള്ള പ്രാർത്ഥനകൾ വളരെക്കാലം മുമ്പുതൊട്ടേ നിലവിലിരുന്നു എന്നാണ് പ്രാചീന മതങ്ങളിലെ പിതൃപൂജ വ്യക്തമാക്കുന്നത്.

യഹൂദ വിശ്വാസത്തിൽ, മരിച്ചവർക്കായുള്ള പ്രാർത്ഥനകൾ വളരെ വൈകിമാത്രമാണ് നാം കാണുന്നത്. മരണത്തോടെ സർവ്വവും അവസാനിച്ചുവെന്നും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അവരെയോർത്തു വിലപിക്കുന്നതും ബുദ്ധിശൂന്യമാണെന്നും ആദിമ യഹൂദർ വിശ്വസിച്ചു. എന്നാൽ പിൽക്കാലത്ത് യഹൂദമതത്തിൽ, മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം നാം കാണുന്നു (2 മക്ക 12:34-49). മരിച്ചവരെ പ്രാർത്ഥനകൊണ്ട് സഹായിക്കാമെന്ന വിശ്വാസവും ക്രമേണ യഹൂദ മതത്തിൽ വേരൂന്നിവരുന്നതായിക്കാണാം.

## ആദിമ സഭയിൽ

ആദിമ ക്രൈസ്തവർ തങ്ങളുടെ മരിച്ചവർക്കായി പ്രാർത്ഥിച്ചിരുന്നു. മരിച്ചവരുടെ കുഴിമാടങ്ങളിൽ ഭക്ഷ്യപദാർത്ഥങ്ങൾ അർപ്പിച്ചിരുന്ന പതിവ് അവർക്കിടയിലുണ്ടായിരുന്നു എന്നതിന് 867-ലെ ടൂർസ് കൗൺസിലിന്റെ പ്രഖ്യാപനം സാക്ഷ്യം നൽകുന്നു. കൗൺസിൽ ഇതിനെ നിരോധിച്ചു. ശരീരത്തിൽ നിന്ന് വേർപെടുന്ന ആത്മാവ് നിത്യവിശ്രമത്തിലേക്ക് പ്രവേശിക്കുന്നു. എന്ന ക്രൈസ്തവ വിശ്വാസം ആദിമസഭയിൽ പ്രകടമായി കാണാം.

മരിച്ചവർക്കായുള്ള പ്രാർത്ഥന അപ്പസ്തോലികപാരമ്പര്യത്തിൽ തന്നെ ഉള്ളതാണെന്നും, മരിച്ചവർക്കായി വി. കുർബ്ബാനയിൽ പ്രാർത്ഥിക്കുകയും അവർക്കായി ദാനധർമ്മങ്ങൾ ചെയ്യുകയും ആവശ്യമാണെന്നും വി. ക്രിസോസ്റ്റം പഠിപ്പിക്കുന്നു. വിശുദ്ധ സിപ്രിയാൻ തന്റെ സുഹൃത്തിനെഴുതിയ ഒരു കത്തിൽ, തങ്ങളിൽ ആദ്യം മരിക്കുന്നയാൾക്കുവേണ്ടി ഇതരൻ പ്രാർത്ഥിക്കണമെന്നു ഉടമ്പടി നടത്തുന്നതായി കാണാം. ആദിമകാലം തൊട്ടുള്ള എല്ലാ ആരാധനാക്രമങ്ങളിലും മരിച്ചവർക്കായുള്ള പ്രാർത്ഥനകൾ അടങ്ങിയിരുന്നു. ഉദാഹരണത്തിന് ഏഴാം നൂറ്റാണ്ടിൽ നിലവിലിരുന്ന വി. ബേസിലിന്റെ ആരാധനാക്രമത്തിൽ ഇപ്രകാരം കാണുന്നു. കർത്താവെ അവിടുത്തെ വിശുദ്ധരുടെ ഓർമ്മ ഞങ്ങൾ ആചരിക്കുകയെന്നത് അവിടുത്തെ പ്രിയപുത്രന്റെ കൽപനയാണല്ലോ. ആദി മുതലേ അങ്ങേ പ്രസാദിപ്പിച്ചിരുന്ന ഞങ്ങളുടെ പിതാക്കന്മാരെയും പ്രവാചകന്മാരെയും അങ്ങോർക്കേണമെ........ അപ്രകാരം തന്നെ ഞങ്ങൾക്കു മുമ്പേ നിത്യവിശ്രമത്തിനായി വിടവാങ്ങിയ എല്ലാവരേയും-വൈദികരെയും എല്ലാ തലങ്ങളിലുമുള്ള അത്മായരെയും അങ്ങോർക്കേണമെ. ദു:ഖങ്ങളും വേദനകളും ഇല്ലാത്ത ജലം നിറഞ്ഞ പുൽപ്പരപ്പിൽ, അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ, അവർക്ക് വിശ്രമം നൽകേണമെ, ശുദ്ധീകരണത്തെക്കുറിച്ചുള്ള പഠനം തന്നെ മരിച്ചവരുടെ ആത്മാക്കൾക്കായുള്ള പ്രാർത്ഥനയുടെ പാരമ്പര്യത്തിൽ നിന്നത്രെ. 10-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ സകല മരിച്ചവരുടെയും തിരുനാൾ സഭയിൽ ആഘോഷിക്കപ്പെടുന്നു.

വിശ്വാസികൾക്ക് മരിച്ചവരുടെ ആത്മാക്കളെ തങ്ങളുടെ പ്രാർത്ഥനകളാലും സൽപ്രവൃത്തികളാലും സഹായിക്കാനാകും. വിശുദ്ധരുടെ ഐക്യം എന്ന വിശ്വാസസത്യത്തിൽനിന്ന് ഇത് വ്യക്തമാണ്. ക്രിസ്തുവിന്റെ രക്ഷാകരമായ പെസഹാരഹസ്യത്തിലൂടെ എല്ലാവർക്കും രക്ഷ കൈവന്നിരിക്കുന്നു. ഈ രക്ഷ ഓരോരുത്തരും സ്വന്തമാക്കുന്നത് സഭയുടെ കൗദാശിക ജീവിതത്തിലൂടെയും പ്രാർത്ഥനയിലൂടെയുമത്രെ. സഭയാകുന്ന വലിയ കൂട്ടായ്മയിൽ ഒരംഗത്തിനു മറ്റൊരാളെ തന്റെ പ്രാർത്ഥ കൊണ്ടു സഹായിക്കാനാവും. സ്വർഗ്ഗപ്രാപ്തി നേടിയ ആത്മാക്കൾക്ക് തങ്ങളുടെ മാദ്ധ്യസ്ഥ്യംവഴി ശുദ്ധീകരണത്തിലെയും ഭൂമിയിലെയും സഭയെ സഹായിക്കാനാവും. എങ്കിലും ശുദ്ധീകരാത്മാക്കൾക്കുവേണ്ടി

പ്രായശ്ചിത്തം ചെയ്യാൻ അവർക്കാവില്ല. ഭൂമിയിലെ സമരസഭയ്ക്കാകട്ടെ തങ്ങളുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കാൻ മാത്രമല്ല അവർക്ക് വേണ്ടി പ്രായശ്ചിത്തം ചെയ്യുവാനും കഴിയും. ക്രിസ്തു ലോകത്തിന്റെ പാപപരിഹാരാർത്ഥം പീഡകൾ സഹിച്ചതുപോലെ ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ പീഡകളോടുചേർത്ത് തങ്ങളുടെ പീഡകളും പാപപരിഹാരാർത്ഥം സമർപ്പിക്കാൻ കഴിയും. ഇതിനാലാണ് വി. പൗലോസ് പറയുന്നത്. "നിങ്ങളെ പ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു (കൊളോ.1:24). നമ്മുടെ പ്രവൃത്തികൾമൂലം ഇതരരുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യാൻ കഴിയുമെങ്കിലും അവർക്കായി പൂർണ്ണത സമ്പാദിക്കാൻ (Merit) നമുക്ക് കഴിയില്ല. പുണ്യപൂർണ്ണത പ്രാപിക്കുവാൻ ഈ ലോകത്ത് മാത്രമെ കഴിയൂ. പ്രാർത്ഥന അതിൽതന്നെ പൂർണ്ണതയോ (Merit) പ്രായശ്ചിത്തമോ (Satisfaction) ആകുന്നില്ല. അത് കേവലം ഒരു അഭ്യർത്ഥന, ഒരു യാചന മാത്രമാണ്. എല്ലാ ആത്മാക്കൾക്കും ഇത് സാദ്ധ്യവുമത്രെ. എന്നാൽ ലോകത്തിൽ ജീവിച്ചിരിക്കുന്ന സഭയ്ക്കു മാത്രമേ പ്രായശ്ചിത്ത പ്രവൃത്തികൾ വഴി ശുദ്ധീകരാത്മാക്കളെ സഹായിക്കാനാവൂ. ഇതിൽ നിന്ന് ശുദ്ധീകരാത്മാക്കൾക്കായി നാം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണല്ലോ. നമ്മുടെ ഓരോ സൽപ്രവൃത്തിയും ശുദ്ധീകരാത്മാക്കൾക്ക് ഉപകരിക്കും. മാത്രവുമല്ല. വി. കുർബ്ബാനയും ദണ്ഡവിമോചനങ്ങളും നമുക്കു മാത്രമെ ഉപയോഗിക്കാനാവൂ. ഭൂമിയിലെ സമര സഭയെപ്പോലെതന്നെ ശുദ്ധീകരാത്മാക്കളും തങ്ങളുടെ തീർത്ഥാടനത്തിലാണ്. മാത്രവുമല്ല, ശുദ്ധീകരാത്മാക്കൾക്കായുള്ള പ്രാർത്ഥനകൾ പാപത്തിന്റെ കാഠിന്യത്തെയും അതിനനുഭവിക്കേണ്ടിവരുന്ന ശിക്ഷയേയുംപറ്റി നമ്മെ ബോധവാന്മാരാക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർക്ക് അവരുടെ മരണശേഷവും എന്തെങ്കിലും നന്മ ചെയ്യാൻ നമുക്കു കഴിയുന്നു എന്നതും നമ്മെ സംബന്ധിച്ചിടത്തോളം സന്തോഷപ്രദമാണ്.

### *ശുദ്ധീകരാത്മാക്കളെ എങ്ങനെ സഹായിക്കാം*

മൂന്നുവിധത്തിൽ ശുദ്ധീകരാത്മാക്കളെ നമുക്ക് സഹായിക്കാനാവും.

**പ്രാർത്ഥനകളും ദണ്ഡവിമോചനങ്ങളും:-**

വി. കുർബ്ബാനയിൽ പലതവണ നാം മരിച്ചവർക്കായി പ്രാർത്ഥിക്കുന്നുണ്ട്. മരിച്ചവരുടെ ഒപ്പീസും മരിച്ചവർക്കായുള്ള തിരുക്കർമ്മങ്ങളും ശുദ്ധീകരാത്മാക്കൾക്കായുള്ള പ്രത്യേക പ്രാർത്ഥനകളാണ്. പ്രധാനപ്പെട്ട മറ്റൊരു സഹായമത്രെ ദണ്ഡവിമോചനങ്ങൾ. ദണ്ഡവിമോചനങ്ങൾ, സഭയുടെ പ്രസാദവര നിക്ഷേപങ്ങളിൽനിന്ന് വിശ്വാസികൾക്കു ലഭിക്കുന്ന ദാനങ്ങളാണ്. ഒരുവന് തന്റെ ഭൗതീക സമ്പാദ്യങ്ങൾ മറ്റൊരാളിന് നൽകുവാൻ കഴിയുന്നതുപോലെ തന്നെ ആദ്ധ്യാത്മിക നിക്ഷേപങ്ങളും ഇത

ർക്കായി നേടാനും താൻ ഇഷ്ടപ്പെടുന്നവർക്ക് നൽകാനും കഴിയുമെന്ന് സഭ വിശ്വസിക്കുന്നു.

**ദാനധർമ്മങ്ങളും പ്രായശ്ചിത്ത പ്രവൃത്തികളും:-**

ദാനധർമ്മങ്ങൾ അതിൽതന്നെ പ്രായശ്ചിത്തം ഉൾക്കൊള്ളുന്നു. വി. ഗ്രന്ഥത്തിൽ പലേടത്തും ദാനധർമ്മം പാപപരിഹാരമാർഗ്ഗമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഭൗതീക ദാനധർമ്മങ്ങൾ പോലെ തന്നെ ആത്മീയദാനങ്ങളും ആശയടക്കങ്ങൾ പരിത്യാഗ പ്രവൃത്തികൾ തുടങ്ങിയവ ശുദ്ധീകരാത്മാക്കൾക്കായി കാഴ്ചവെയ്ക്കാവുന്നതാണ്.

**വി. കുർബ്ബാന:-**

കാൽവരിയിലെ പാപപരിഹാരബലിയുടെ പുനരാവിഷ്ക്കാരണമാണല്ലോ വി. കുർബ്ബാന. ഇക്കാരണത്താൽ ഓരോ ബലിയർപ്പണത്തിലൂടെയും ക്രിസ്തുവിന്റെ രക്ഷാകര ദാനങ്ങൾ സഭയ്ക്ക് നൽകപ്പെടുന്നു. ഈ ദാനങ്ങൾ ശുദ്ധീകരാത്മാക്കൾക്ക് ഉപകരിക്കും.

***നമ്മുടെ പ്രാർത്ഥനകൾ എങ്ങനെ ശുദ്ധീകരാത്മാക്കൾക്ക് ഉപകരിക്കുന്നു***

ഭൂമിയിലെ 'സമരസഭയ്ക്ക്' തങ്ങളുടെ പ്രാർത്ഥനകളാൽ ശുദ്ധീകരാത്മാക്കളെ സഹായിക്കാൻ കഴിയും എന്ന് സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നു. എന്നാൽ എപ്രകാരം ഈ പ്രാർത്ഥനകൾ അവർക്കുപകരിക്കുന്നു എന്നതിനെക്കുറിച്ച് നമുക്ക് വ്യക്തമായി യാതൊന്നും അറിഞ്ഞുകൂടാ. ശുദ്ധീകരണത്തെ സമയബദ്ധിതമായി പരിഗണിക്കുന്നവരുടെ അഭിപ്രായത്തിൽ, പ്രാർത്ഥനകൾ ശുദ്ധീകരശിക്ഷയുടെ കാലദൈർഘ്യം കുറയ്ക്കുന്നതിനുപകരിക്കുന്നു. സഭ ഇതിനെക്കുറിച്ച് വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ല. മരണത്തിൽതന്നെയാണ് ശുദ്ധീകരണം നടക്കുന്നതെന്ന് വിചാരിക്കുന്നപക്ഷം പ്രാർത്ഥനകൾ ശുദ്ധീകരണത്തിന്റെ കാഠിന്യം കുറയ്ക്കാൻ ഉപകരിക്കുന്നുവെന്നു കാണാം. ദൈവത്തെ അഭിമുഖീകരിക്കുന്ന നിമിഷത്തിൽ തങ്ങളുടെ സഹായത്തിന് മറ്റുള്ളവരുടെ പ്രാർത്ഥനകൾ ഉണ്ട് എന്നത് ഒരുവന് കൂടുതൽ ആത്മധൈര്യം പ്രദാനം ചെയ്യും. ശുദ്ധീകരാത്മാക്കൾക്ക് നമ്മുടെ പ്രാർത്ഥനകൾ ഉപകാരപ്പെടുന്നത് വിശുദ്ധരുടെ ഐക്യം മൂലമാണ്. മരിച്ചവരും ജീവിച്ചരിക്കുന്നവരും ഒരേ സഭാശരീരത്തിലെ അംഗങ്ങളാകയാൽ പരസ്പരം സഹായിക്കാൻ കഴിയും. ജീവിച്ചിരിക്കുന്നവരുടെ പ്രായശ്ചിത്തപ്രവൃത്തികളും ദണ്ഡവിമോചനങ്ങളും പരേതരുടെ കാലികശിക്ഷയുടെ കടം ആയാസരഹിതമായി വീട്ടാൻ ഉപകരിക്കുന്നു. എങ്കിലും അവർക്ക് പുണ്യാഭിവൃദ്ധി കൈവരുത്താൻ (മെറിറ്റ്) സാദ്ധ്യമല്ല.

**കാൾ റാനർ:-**

കാൾ റാനറുടെ അഭിപ്രായത്തിൽ ശുദ്ധീകരണം പക്വതപ്രാപിക്കലാണല്ലോ. ഈ പക്വത പ്രാപിക്കലിന് ദൈവപ്രസാദവരം ആവശ്യമാണ്. ഈ പ്രസാദവരലബ്ധിക്ക് മാദ്ധ്യസ്ഥ്യം വഹിക്കുകയാണ് പ്രാർത്ഥ

നകൾ ചെയ്യുക. ഇതുവഴി തെറ്റുകളും അപൂർണ്ണതകളും കൂടുതൽ വ്യക്തമായും കൂടുതൽ ആഴത്തിലും കാണാനുള്ള ആന്തരിക പ്രകാശം ഒരുവനു ലഭിക്കുന്നു. മാത്രവുമല്ല ഇവയെ നശിപ്പിക്കാൻ പോരുന്ന ശക്തമായ ശുദ്ധീകരസ്നേഹം ഉണർത്താനുള്ള പ്രചോദനവും നൽകാൻ പ്രാർത്ഥനകൾ ഉപകരിക്കുന്നു.

ദണ്ഡവിമോചനങ്ങൾ കടം തീർക്കാനുതകുന്ന വസ്തുക്കളോ, ശിക്ഷ ഇല്ലാതാക്കുന്ന കുറുക്കുവഴികളോ അല്ല, മറിച്ച് കൂടുതൽ കഠിനതരവും നിരന്തരവും, മൂല്യവത്തുമായ പ്രായശ്ചിത്തം അനുഷ്ഠിക്കാൻ സഭ നൽകുന്ന സഹായങ്ങളാണ്. ഇത്തരം സഹായങ്ങൾ പ്രായശ്ചിത്തം അനുഷ്ഠിക്കാൻ വ്യക്തിക്ക് കൂടുതൽ കരുത്തേകുന്നു. ദണ്ഡവിമോചനം പ്രാപിക്കുന്ന ജീവിച്ചിരിക്കുന്ന വ്യക്തിയുടെയും അതു നൽകപ്പെടുന്ന മരിച്ച വ്യക്തിയുടെയും പുണ്യയോഗ്യതയ്ക്കനുസൃതമായാണ് ആത്മാവിൽ ഇത് പ്രവർത്തിക്കുന്നത്.

## ബോറോസ്:-

ബോറോസിന്റെ പഠനമനുസരിച്ച് ശുദ്ധീകരണം മരണത്തിൽ തന്നെ നടക്കുന്നുവെന്നു നാം കണ്ടു. അപ്പോൾ എങ്ങനെ നമ്മുടെ പ്രാർത്ഥനകൾ പരേതർക്ക് ഉപകരിക്കും? മരിച്ച് വർഷങ്ങൾ കഴിഞ്ഞശേഷവും നമ്മുടെ പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിക്കാറുണ്ടല്ലോ? ഇതിന് ബോറോസ് രണ്ടു മറുപടി നൽകുന്നുണ്ട്.

അദ്ദേഹത്തിന്റെ ആദ്യ മറുപടി സഭയിൽ നിലവിലുള്ള തിരുഹൃദയ ഭക്തിയെ ആധാരമാക്കിയാണ്. തിരുമണിക്കൂർ എന്നറിയപ്പെടുന്ന ഈ തിരുഹൃദയഭക്തിയിൽ നാം ലക്ഷ്യംവെക്കുന്നത് ഗദ്സമനിയിൽ കഠിനപീഡയനുഭവിച്ച കർത്താവിന് തങ്ങളുടെ പ്രാർത്ഥനയാൽ സ്നേഹവും ആശ്വാസവും നൽകുക എന്നതാണ്. പ്രാർത്ഥന ഒരിക്കലും, അതിന്റെ ലക്ഷ്യത്തിൽ, സ്ഥലകാലബദ്ധമല്ല എന്ന വസ്തുതയിലേക്ക് ഈ ഭക്ത്യാഭ്യാസം വിരൽചൂണ്ടുന്നുണ്ട്. ഇപ്പോൾ നാം പ്രദർശിപ്പിക്കുന്ന സ്നേഹം കർത്താവിന് ആശ്വാസമേകുന്നുവെങ്കിൽ ഈ തത്വം ശുദ്ധീകരാത്മാക്കൾക്കായുള്ള പ്രാർത്ഥനയുടെ കാര്യത്തിലും ശരിയാണ്.

താത്വികമായ മറുപടിയും അദ്ദേഹം നൽകുന്നുണ്ട്. മരണത്തോടെ നിത്യത ആരംഭിക്കുന്നതിനാൽ മരണാനന്തരം ഭൗമികസമയം ഇല്ല. നിത്യനായ ദൈവത്തിനു ഭൂതവും വർത്തമാനവും ഭാവിയുമെല്ലാം ഒന്നുതന്നെ. മറ്റുവാക്കിൽ നൂറുവർഷം കഴിഞ്ഞ് നടക്കാനിരിക്കുന്ന സംഭവവും നൂറു വർഷം മുമ്പു നടന്ന സംഭവവുമെല്ലാം ദൈവത്തിന്, (നിത്യതയിലേക്ക് പ്രവേശിക്കുന്ന ആത്മാക്കൾക്കും) വർത്തമാനകാലത്തുതന്നെ നടക്കുന്നു. ഇക്കാരണത്താൽ വിശ്വാസികളുടെ പ്രാർത്ഥന, അവ മരണത്തിനു മുമ്പോ, മരണത്തിന് ശേഷമോ എപ്പോൾ ആയാലും ആത്മാവിന് ഒരുപോലെ ഉപകരിക്കുന്നു. അതായത് മരണനിമിഷവും പ്രാർത്ഥനയുടെ നിമിഷവും അനന്തതയിൽ സമയ വ്യത്യാസമില്ലാത്തതായിത്തീരുന്നു.

ഈ പ്രാർത്ഥനകളുടെ ഫലമായി ശുദ്ധീകരണത്തിന്റെ പീഡകൾ സന്തോഷപൂർവ്വം സഹിക്കാൻ ആത്മാക്കൾക്ക് കരുത്തും സന്മനസ്സും ലഭ്യമാകുന്നു.

## ശുദ്ധീകരണം ഒഴിവാക്കാനാവുമോ?

എല്ലാ മനുഷ്യരും പാപികളായാലും പാപക്കറ പ്രായശ്ചിത്ത പ്രവൃത്തികളാൽ കഴുകിക്കളയാതെ സ്വർഗ്ഗസായൂജ്യം അസാദ്ധ്യമാകയാലും എല്ലാ മനുഷ്യരും ശുദ്ധീകരണത്തിന് വിധേയരായേ തീരൂ. എന്നാൽ ലോകത്തിൽ വെച്ചുതന്നെ ഒരുവന് പ്രായശ്ചിത്ത പ്രവൃത്തികളാലും പീഡാനുഭവങ്ങളാലും, തന്റെ ശുദ്ധീകരണം നടത്തുവാൻ സാധിക്കും. സഭ തന്റെ പ്രസാദവരങ്ങളിലൂടെയും ദണ്ഡവിമോചനങ്ങളിലൂടെയും അവനെ തന്റെ ശുദ്ധീകരണ പ്രക്രിയയിൽ ഈലോകത്തുവെച്ചു തന്നെ സഹായിക്കുന്നു. തത്ഫലമായി മരണാനന്തര ശുദ്ധീകരണം കൂടാതെ തന്നെ വിശുദ്ധർക്ക് സ്വർഗ്ഗപ്രാപ്തി ലഭിക്കുന്നു. ചില വിശുദ്ധരുടെ വെളിപാടുകൾ ഈ വസ്തുത ചൂണ്ടിക്കാട്ടുന്നുണ്ട്. പാപരഹിതമായി ജീവിക്കുകയാണ് ശുദ്ധീകരണം ഒഴിവാക്കാൻ ഏറ്റം എളുപ്പവഴി. മാമ്മോദീസ, രക്തസാക്ഷിത്വം, അടുക്കലടുക്കലുള്ള കുമ്പസാരം, ദണ്ഡവിമോചനങ്ങൾ, വി. കുർബ്ബാന സ്വീകരണം, രോഗീലേപനം ജീവിച്ചിരിക്കുന്നവർക്കായുള്ള വി. കുർബ്ബാനയർപ്പണം, സന്യാസം തുടങ്ങിയവ, പ്രായശ്ചിത്തപൂർണ്ണമായ ജീവിതം നയിക്കുന്നതിനും അതുവഴി മരണാനന്തര ശുദ്ധീകരണം (അഥവാ, മരണത്തിലുള്ള ശുദ്ധീകരണം) ഒഴിവാക്കുന്നതിനും ഒരുവന് ഉപകരിക്കുന്നു.

## ശുദ്ധീകരണവും 'ലിംബോ'യും

ലിംബോ എന്ന പദത്തിന് അതിർത്തി എന്നാണ് വാച്യാർത്ഥം. മാമ്മോദീസ സ്വീകരിക്കാത്തവരും മാമ്മോദീസയ്ക്ക് മുമ്പ് മരിക്കുന്ന ശിശുക്കളും വസിക്കുന്ന സ്ഥലത്തെ ലിംബോ എന്നു മുൻകാലങ്ങളിൽ വിളിച്ചിരുന്നതായി നാം കാണുന്നു. മാമ്മോദീസ സ്വീകരിക്കാത്ത ആത്മാക്കൾ വസിക്കുന്ന ഒരിടത്തെക്കുറിച്ച് വി. ഗ്രന്ഥത്തിലോ സഭാപാരമ്പര്യത്തിലോ വ്യക്തമായ പഠനങ്ങളില്ല. മാമ്മോദീസ സ്വീകരിച്ചവരും സഭയുടെ അംഗങ്ങളും മാത്രമേ രക്ഷപ്രാപിക്കൂ എന്ന് ആദിമസഭ വിശ്വസിച്ചിരുന്നെങ്കിലും പെലാജിയൻ പാഷണ്ഡതയോടെ മാത്രമാണ് ലിംബോയെക്കുറിച്ച് പഠനങ്ങൾ ഉണ്ടായിട്ടുള്ളത്. ക്രിസ്തുവിന്റെ ആത്മാവ് കല്ലറയിൽ ശയിച്ചപ്പോൾ ലിംബോയിൽ ഇറങ്ങിയെന്നും നോഹയുടെ കാലം മുതൽ അവിടെ അടയ്ക്കപ്പെട്ടിരുന്ന ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ചുവെന്നും ചിലർ വാദിക്കുന്നു. പത്രോസിന്റെ ലേഖനത്തിലെ "ആത്മാവോടു കൂടി ചെന്ന് അവൻ (ക്രിസ്തു) ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന് ദൈവത്തെ അനുസരിക്കാത്തവരായിരുന്നു" (1 പത്രോ. 3:19–20) എന്ന വാക്യമാണ് ഈ പഠന

ത്തിനാധാരം. എന്നാൽ ലിംബോയെക്കുറിച്ചാണ് ഇവിടെ വി. പത്രോസ് പരോക്ഷമായി പഠിപ്പിക്കുന്നത് എന്ന നിഗമനം പൂർണ്ണമായി ശരിയല്ല. മിക്ക വിശുദ്ധഗ്രന്ഥപണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ, പത്രോസിന്റെ ലേഖനത്തിലെ മേലുദ്ധരിച്ച വാക്യം സൂചിപ്പിക്കുന്നത് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത ക്രിസ്തു, തന്റെ വിജയം ബന്ധിതരായ ആത്മാക്കൾക്ക് ദൃശ്യമാക്കി എന്നത്രെ. ക്രിസ്തു നോഹിന്റെ കാലത്തെ പാപികളോട് പാതാളത്തിൽചെന്ന് അനുതാപം പ്രസംഗിച്ചു; ക്രിസ്തു തന്റെ ദൈവിക അസ്തിത്വത്താൽ നോഹവഴി അക്കാലത്തെ മനുഷ്യരോട് സംസാരിച്ചു തുടങ്ങിയ വ്യാഖ്യാനങ്ങൾ ഈ വാക്യത്തെക്കുറിച്ച് നൽകപ്പെടുന്നുണ്ടെങ്കിലും ക്രിസ്തു സ്വർഗ്ഗത്തിലേക്ക് തന്നെയാണ് പോയതെന്ന് മൂന്നാം അദ്ധ്യായം 23-ാം വാക്യം വ്യക്തമായി പറയുന്നുണ്ട്. 'ബന്ധിതരായ ആത്മാക്കൾ' മരിച്ചവരെയല്ല, പ്രത്യുത സ്വർഗ്ഗത്തിലെ മാലാഖമാരെയാണ് ദ്യോതിപ്പിക്കുന്നത്. 'മരിച്ചവർ മനുഷ്യപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരും, അതു ശ്രവിക്കുന്നവർ ജീവിക്കും' എന്ന ക്രിസ്തുവിന്റെ വചനവും (യോഹ. 5:25-28) ലിംബോയെ എന്നതിലേറെ ദൈവികവിധിയെയത്രെ സൂചിപ്പിക്കുക. വിശ്വാസപ്രമാണത്തിലെ "പാതാളങ്ങളിലിറങ്ങി" എന്ന പ്രസ്താവന ക്രിസ്തു അവിടെ നടത്തിയ സുവിശേഷപ്രഘോഷണത്തെ, അതായത് പരിത്രാണകർമ്മംമൂലം ജന്മപാപത്തിൽനിന്ന് പാതാളവാസികൾക്ക് ലഭിച്ച വിമുക്തിയെ സംബന്ധിക്കുന്നതായിരുന്നു എന്ന ചിലരുടെ അഭിപ്രായവും ശരിയല്ല. ക്രിസ്തു തന്റെ പെസഹാരഹസ്യത്തിൽ ഏറ്റുവാങ്ങിയ സമ്പൂർണ്ണ ന്യൂനീകരണത്തിന്റെ പ്രഖ്യാപനമാണിത്. മനുഷ്യനായ അവിടുന്ന് മനുഷ്യന്റെ ഏറ്റവും വലിയ ശൂന്യതയായ മരണത്തിനും പൂർണ്ണമായി വിധേയനായി. അങ്ങിനെ മനുഷ്യാവതാരത്തിലെ സ്വയം ശൂന്യമാക്കൽ അതിന്റെ പരമകാഷ്ഠത്തിലെത്തിയിരിക്കുന്നു എന്നാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്.

മാമ്മോദീസ സ്വീകരിക്കാത്തവർക്ക് നരകശിക്ഷ ലഭിക്കുന്നു എന്ന വിശുദ്ധ ആഗസ്തിനോസിന്റെ അഭിപ്രായം മദ്ധ്യയുഗംവരെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. കാന്റർബറിയിലെ വി. ആൻസലമും സ്ക്കോളാസ്റ്റിക്ക് ചിന്തകരും ഇത്തരം ആത്മാക്കൾക്ക് പാതാളം എന്നൊരു താൽക്കാലിക 'സ്ഥലം' ഉണ്ടെന്നു പഠിപ്പിച്ചു. ഇവിടെ ദൈവദർശനം (Beatific vision) ഇല്ലെങ്കിലും സ്വാഭാവിക സന്തോഷത്തിന്റെ അത്യുദാത്തമായ തലത്തിലാണവർ. അന്ത്യവിധിയിൽ ഇവർക്ക് സ്വർഗ്ഗസായൂജ്യം ലഭിക്കുന്നു. മാമ്മോദീസ ഇല്ലാതെ ദൈവരാജ്യത്തിൽ പ്രവേശിക്കാനാവില്ല എന്ന സുവിശേഷപഠനത്തെ അധികരിച്ച് 'നിത്യജീവൻ', 'ദൈവരാജ്യം' എന്ന വ്യത്യസ്തമായ രണ്ടു പഠനങ്ങൾ സ്ക്കോളാസ്റ്റിക്ക് ചിന്തകർ രൂപപ്പെടുത്തുന്നു. മാമ്മോദീസ സ്വീകരിക്കാത്തവർക്ക് ദൈവരാജ്യം നിഷേധിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ക്രിസ്തുവിന്റെ പ്രത്യേക കരുണയാൽ നിത്യജീവൻ സംലഭ്യമാകുന്നു. സ്യൂഡൊഡെനീഷ്യസിന്റെ അഭിപ്രായത്തിൽ ആദിപാപം ഒരു പോരായ്മയാകയാൽ (Privation) അതിനു ശിക്ഷ ലഭിച്ചേ തീരൂ. പീറ്റർ അബലാഡിന്റെ അഭിപ്രായത്തിൽ ഈ ശിക്ഷ ദൈവ

സായൂജ്യനിഷേധമാണ്. തോമസ് അക്വിനാസ് നാലുതലങ്ങളുള്ള ശിക്ഷാ സംവിധാനമാണ് രൂപപ്പെടുത്തുന്നത്. നരകം, പാതാളം, ശുദ്ധീകരസ്ഥലം, പിതാക്കളുടെ പാതാളം. സ്വാരസ്സിന്റെ അഭിപ്രായത്തിൽ സാർവ്വത്രിക ഉയിർപ്പിന്റെ ദിനത്തിൽ ലിംബോയിലുള്ള ആത്മാക്കൾ പക്വത പ്രാപിച്ചവരായിത്തീരുന്നു.

നവീകരണ കാലഘട്ടത്തിൽ ലൂഥർ തുടങ്ങിയവർ ലിംബോയുടെ അസ്തിത്വം നിഷേധിച്ചു. ഇത്തരം അഭിപ്രായങ്ങളെ സഭ ഔദ്യോഗികമായി സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ശിശുക്കളെ എത്രയും വേഗം ജ്ഞാനസ്നാനം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സഭ ധാരാളം പഠനങ്ങൾ നൽകുന്നുണ്ട്.

ആധുനിക ദൈവശാസ്ത്രജ്ഞന്മാർ പാതാളത്തിന്റെ അസ്തിത്വത്തെയും പ്രസക്തിയെയും തന്നെ ചോദ്യം ചെയ്യുന്നു. 'പാതാളം' ഇല്ല എന്നതിന് അവർ മൂന്നു കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. 1) എല്ലാ മനുഷ്യരും രക്ഷപ്പെടണമെന്ന ദൈവാഭിഷ്ടം 2) ക്രിസ്തുവിന്റെ പെസഹാരഹസ്യത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്ന മനുഷ്യകുലത്തിന്റെ ഐക്യം 3) ജലത്താലുള്ള മാമ്മോദീസ കൂടാതെ തന്നെ ആഗ്രഹത്താലുള്ള മാമ്മോദീസ സ്വീകരിക്കുവാനുള്ള സാദ്ധ്യത. ഇതുവഴി ക്രിസ്തുവിനോടും അവിടുത്തെ സഭയോടും ഒരുവനു ഐക്യപ്പെടാനാകും. ഈ മൂന്നു കാരണങ്ങളാൽ പാതാളത്തിന്റെ സാദ്ധ്യത നിഷേധിക്കാനാവുമെങ്കിലും ഇക്കാര്യത്തിൽ തീർച്ച കൽപിക്കാൻ കഴിയില്ല. മാത്രവുമല്ല ദൈവിക സത്യങ്ങളിൽ വിധിതീർപ്പ് കൽപ്പിക്കാൻ വി. ഗ്രന്ഥമെന്നതുപോലെ തന്നെ പാരമ്പര്യവും, സഭയുടെ പഠനവും തുല്യപ്രാധാന്യമുള്ളവയാണ്. സഭയിൽ ദീർഘകാലമായി നിലവിലിരുന്ന ഒരു പാരമ്പര്യം അപ്പടി നിഷേധിക്കുന്നത് ഔചിത്യമാകണമെന്നില്ല. എങ്കിലും ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ചൂണ്ടികാണിക്കുന്നതുപോലെ, ഒരുവൻ ദൈവത്തിനായോ ദൈവത്തിനെതിരായോ ആത്യന്തിക തീരുമാനം നടത്തുമ്പോൾ ഒരു പക്വതയാർന്ന വ്യക്തിയായാണ് നിർവ്വഹിക്കുക എന്ന നിഗമനം വളരെയധികം അനാവശ്യ പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായിക്കും. തങ്ങളുടെ കുറ്റം കൊണ്ടല്ലാതെ മാമ്മോദീസ സ്വീകരിക്കാൻ കഴിയാതെ മരിക്കുന്നവർ ദൈവനീതിയുടെയും അനന്തദയാവായ്പിന്റെയും മുമ്പിൽ കാരുണ്യവും സ്നേഹവും രക്ഷയും കണ്ടെത്തുമെന്ന് വിശ്വസിക്കുകയാണ് ഇവിടെ ഏറ്റവും കരണീയം. ലിംബോയുടെ അസ്തിത്വം ഒരു വിശ്വാസസത്യമായി സഭ പഠിപ്പിക്കുന്നില്ല എന്നതും ഇവിടെ ശ്രദ്ധേയമാണല്ലോ.

## ഉപസംഹാരം

മരിച്ചവർക്കായുള്ള പ്രാർത്ഥനകളും പ്രായശ്ചിത്തപ്രവൃത്തികളും മിക്ക മതങ്ങളുടെയും പ്രത്യേകതയാണ്. എങ്കിലും മരണാനന്തരം ആത്മാക്കളുടെ അവസ്ഥയെന്താണ് എന്നതിനെക്കുറിച്ച് വ്യത്യസ്ത

ധാരണകളാണ് ഓരോ കാലഘട്ടത്തിലെയും ജനങ്ങൾ വെച്ചുപുലർത്തിപ്പോന്നത്. മരണാനന്തര സ്വർഗ്ഗസായൂജ്യത്തിനു മുമ്പായി ആത്മാക്കൾ കഠിനമായ ഒരു ശുദ്ധീകരണത്തിന് വിധേയരാകേണ്ടതുണ്ട് എന്ന വിശ്വാസം മദ്ധ്യയുഗ ക്രിസ്തുമതത്തിൽ വ്യക്തമായി കാണാം. അന്ത്യനിമിഷം വരെ പശ്ചാത്തപിക്കുവാൻ വിസമ്മതിച്ച ആത്മാക്കൾ തങ്ങൾ ഭൂമിയിൽ ജീവിച്ചിരുന്നിടത്തോളം കാലം ശുദ്ധീകരണമണ്ഡലത്തിൽ കാത്തുകിടന്നശേഷമെ സ്വർഗ്ഗപ്രാപ്തിക്കർഹരാകൂ എന്ന് ദാന്തെയുടെ 'ഡിവൈൻ കോമഡി' പറയുമ്പോൾ 14-ാം നൂറ്റാണ്ടിലെ വിശ്വാസമാണിവിടെ പ്രതിഫലിക്കുക.

ശുദ്ധീകരണം പലപ്പോഴും സ്ഥലബദ്ധമായി ദർശിക്കപ്പെട്ടിരുന്നു. ദാന്തെയുടെ 'ഡിവൈൻ കോമഡി'യിലെ ടൈബർ നദീമുഖത്തുനിന്ന് ആത്മാക്കളെയും വഹിച്ചുകൊണ്ടുള്ള പായ്ക്കപ്പലോടിച്ച് വരുന്ന മാലാഖയുടെ ചിത്രം ശ്രദ്ധേയമത്രെ. 'നട്ടെല്ലുവളയത്തക്കവിധം ചില കൂറ്റൻ പാറക്കല്ലുകളുടെ ഭാരം തലയിൽ വഹിച്ചു നിൽക്കുന്നവർ, കണ്ണുകൾ തുന്നിക്കെട്ടി ചാക്കു തുണിക്കുപ്പായമണിഞ്ഞ് അന്ധയാചകരെപ്പോലെ കുത്തിയിരിക്കുന്നവർ എപ്പോഴും അങ്ങുമിങ്ങും ഓടാൻ ശിക്ഷിക്കപ്പെട്ടവർ, തറയിൽ കമിഴ്ന്നുവീണ് മുഖം മണ്ണിലമർത്തി കിടക്കുന്നവർ, കഠിന ഉപവാസമനുഷ്ഠിക്കുന്നവർ' - ഇവരെല്ലാം ശുദ്ധീകരണത്തിന്റെ പീഡകളെ വിളിച്ചറിയിക്കുന്നു. എന്നാൽ ദാന്തെയുടെ ശുദ്ധീകരണസ്ഥലം ലോകാതിശായിയായ സൗന്ദര്യത്തിന്റെ നികേതനവുമാണ്. ഡിവൈൻ കോമഡിയിലെ വിവരണം കേൾക്കുക: "ആ കുന്നിന്റെ തലപ്പിലേക്ക് പെട്ടെന്നുള്ള കയറ്റമില്ലെങ്കിലും തെല്ലും നിരപ്പില്ലാത്തതും വൃത്താകൃതിയിലുള്ളതുമായ ഒരു മലമ്പാത ഞങ്ങളെ നയിച്ചുകൊണ്ടിരുന്നു. വൃക്ഷലതാഢ്യമായ ആ മലഞ്ചെരിവുകളുടെ വർണ്ണശബളിമ അവർണ്ണനീയമാണ്. പൊൻനിറം പൂശിയ വന്മരങ്ങൾ, വെള്ളിലക്കാടുകൾ, മഞ്ഞ, സ്ഫടിക നീലം, കടുംചുവപ്പ്, ചണക്കല്ലുവെച്ചു മിനുക്കിയ മരതകത്തിന്റെ വെട്ടിത്തിളങ്ങുന്ന ഹരിതവർണ്ണം എന്നിങ്ങനെ മനുഷ്യന്റെ പരിചയ സീമയിൽപ്പെട്ട എല്ലാ വർണ്ണഭംഗികളെയും... അധികരിക്കുന്ന വർണ്ണപ്പൊലിമയോടു കൂടിയ പച്ചപ്പുൽമേടുകളും കുങ്കുമപ്പൂങ്കാവനങ്ങളുംകൊണ്ട് ആ പർവ്വതോത്സംഗം സമാലംകൃതമായിരുന്നു..." ഇത്തരം വിവരണങ്ങൾ ഭീതിയുടെയും ആശ്വാസത്തിന്റേതുമായ വ്യത്യസ്തഭാവങ്ങൾ മനുഷ്യഹൃദയങ്ങളിൽ ഉണർത്താൻ ലക്ഷ്യംവെച്ചവയായിരുന്നു.

ശുദ്ധീകരണത്തെ സമയബദ്ധിതമായി പരിഗണിച്ചിരുന്നതായും നമുക്ക് കാണാൻ കഴിയും. (തെറ്റുകളുടെ എണ്ണമനുസരിച്ച് ശിക്ഷാദിവസങ്ങൾ കണക്കാക്കുന്ന രീതിയെക്കുറിച്ച് അന്യത്ര കണ്ടുവല്ലോ) സമയനിബദ്ധമായ ദണ്ഡവിമോചനങ്ങളും മരിച്ചവർക്കായുള്ള പ്രത്യേക നേർച്ചക്കുർബ്ബാനകളും പ്രചാരത്തിൽ വന്നതോടെ ശുദ്ധീകരണത്തെക്കുറിച്ച് ഒട്ടേറെ അന്ധവിശ്വാസങ്ങളും ഉയർന്നുവന്നു. 16-ാം നൂറ്റാണ്ടിൽ ഇതി

നെതിരായി ഉയർന്ന പ്രതിഷേധ പ്രകടനമായിരുന്നു പ്രൊട്ടസ്റ്റന്റ് മതന വീകരണ പ്രസ്ഥാനം. എന്നാൽ മരിച്ചവർക്കായുള്ള പ്രാർത്ഥനകളും ദണ്ഡവിമോചനങ്ങളും അപ്പടി തള്ളിപ്പറയുകയാണ് ലൂഥർ തുടങ്ങിയവർ ചെയ്തത്. ഈ സമീപനം ശരിയല്ല. സഭയുടെ വിശ്വാസത്തിൽ ഇതിനു ശേഷവും ശുദ്ധീകരണത്തെ സംബന്ധിച്ച ചിന്ത നിലനിൽക്കുന്നതായി കാണാം.

ശുദ്ധീകരണ വിശ്വാസത്തെപ്പറ്റിയുള്ള ദൈവശാസ്ത്രപഠനങ്ങൾ പലതും തിരുത്തിക്കുറിക്കാൻ ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നു. ശുദ്ധീകരണത്തിന്റെ സാദ്ധ്യതയെയും അനിവാര്യതയെയും എടുത്തുകാണിക്കുന്ന ഇവർ ഇതിനെ മരണത്തിൽതന്നെ സംഭവിക്കുന്ന ഒരു പ്രക്രിയ ആയാണ് കാണുന്നത്. ശിക്ഷയുടെ ദൈർഘ്യമെന്നതിലേറെ കാഠിന്യത്തിനാണിവിടെ സ്ഥാനം. ഭീകരമായ ഒരു പീഡനസ്ഥലമെന്ന ധാരണയ്ക്കുപകരം ഉത്ഥിതനായ ക്രിസ്തുവിനെ നമ്മുടെ സമ്പൂർണ്ണ വ്യക്തിത്വത്തിന്റെ സമഗ്രതയിൽ അഭിമുഖീകരിക്കുന്ന ദൈവസ്നേഹത്തിന്റെ ഉജ്ജ്വലനമായി ശുദ്ധീകരണത്തെ ഇവർ വീക്ഷിക്കുന്നു. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെയും ദാർശനിക പുരോഗമനത്തിന്റെയും പശ്ചാത്തലത്തിൽ ഈ അഭിപ്രായങ്ങൾ വിലയിരുത്തി വിവേചിക്കേണ്ടതുണ്ട്. ഇത്തരം പഠനങ്ങൾ സഭയുടെ അധ്യാപനാധികാരത്തേയോ, പാരമ്പര്യത്തേയോ, നിരാകരിക്കാനോ, നിർമ്മാർജ്ജനം ചെയ്യാനോ ഉള്ള ശ്രമമല്ല. മറിച്ച് നാടകീയവും ഭാവനാപൂർണ്ണവുമായ വർണ്ണനകളിലും, ചിത്രീകരണങ്ങളിലുംനിന്നും തൽഫലമായി ഭാവിയെക്കുറിച്ചുള്ള ഭയത്തിൽ നിന്നും മനുഷ്യനെ മോചിപ്പിച്ച് ക്രിസ്തുകേന്ദ്രീകൃതവും സ്നേഹസമ്പൂർണ്ണവുമായ വിശ്വാസത്തിലേക്ക് മനുഷ്യനെ ആനയിക്കാനുള്ള ശ്രമമാണ്. ശുദ്ധീകരണത്തെ സംബന്ധിച്ച പഠനങ്ങളും വ്യാഖ്യാനങ്ങളും ക്രിസ്തുവിന്റെ രക്ഷാകരസ്നേഹം ഉപര്യുപരി അനുഭവവേദ്യമാക്കാൻ ഉതകുന്നതായിരിക്കണം.

### *കടപ്പാട്*

ബിഷപ് ബോസ്കോ പുത്തൂർ (എഡി.) *മരണവും മരണാനന്തര ജീവിതവും* (ആലുവാ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1981)

# 05

## നരകശിക്ഷ

ദുഷ്ടൻമാർ നിത്യമായി ശിക്ഷിക്കപ്പെടുന്ന ഒരു നരകമുണ്ടോ? വളരെ പ്രസക്തമായ ചോദ്യത്തിന് ഉത്തരം കണ്ടെത്തുക ആവശ്യമാണ്. സൗഭാഗ്യത്തിനു ബദലായി ഒരു നരകമുണ്ടെന്നും ദുഷ്ടന്മാർ പീഡയനുഭവിക്കുന്ന അവസ്ഥയാണതെന്നും മിക്ക മതങ്ങളും പഠിപ്പിക്കുന്നു. ഹൈന്ദവദർശനത്തിൽ നിത്യമായ നരകത്തെപ്പറ്റി പ്രതിപാദിക്കുന്നത് മധ്വാചാര്യരാണ്. പാപികൾ പരസ്പരം കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്ന ശാശ്വതപീഡകളുടെ സ്ഥലമായ നരകത്തിലേക്ക് സത്യനിഷേധികളെ ആള്ളാഹു കൈവിടുമെന്ന് ഖുർആൻ പഠിപ്പിക്കുന്നു. തിന്മ പ്രവർത്തിച്ചവർക്ക് മരണാനന്തരം നരകശിക്ഷ ലഭിക്കുമെന്നാണ് സൊരവാസ്ട്രിയൻ മതം കരുതുന്നത്. ആധുനിക യഹൂദ പണ്ഡിതരുടെ വീക്ഷണത്തിൽ നരകം ഒരു ശുദ്ധീകരണസ്ഥലമാണ്. അതായത് താൽക്കാലിക ശിക്ഷയുടെ സ്ഥലം. മദ്ധ്യയുഗങ്ങളിൽ നരകത്തെ സംബന്ധിച്ച് വളരെയേറെ ഭാവനാചിത്രങ്ങൾ കലാസാഹിത്യരൂപങ്ങളിൽ കാണുവാൻ കഴിയും. ഇത്തരം ഭാവനാസങ്കൽപ്പങ്ങൾക്ക് ഉദാഹരണമെന്ന നിലയിൽ ദാന്തേയുടെ 'ഡിവൈൻ കോമഡി'യിലെ നരകവർണ്ണനയെ വളരെ ചുരുക്കമായൊന്നു

പരിശോധിക്കാം. നരകത്തിന്റെ ക്രൈസ്തവ വ്യാഖ്യാനവും നരകത്തെ സംബന്ധിച്ച് വിശ്വാസികൾക്കിടയിൽ നിലനിൽക്കുന്ന ഭാവനാചിത്രങ്ങളും മനസ്സിലാക്കാൻ ഈ വിചിന്തനം ഉപകരിക്കും.

ഭൂമികേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണം നിലവിലിരുന്ന കാലഘട്ടത്തിലാണ് ദാന്തേ ഡിവൈൻ കോമഡി രചിച്ചത്. അദ്ദേഹത്തിന്റെ ഭാവനയിൽ, നരകലോകം ഭൂമിക്കടിയിലാണ് സ്ഥിതിചെയ്യുന്നത്. തലകീഴായി കുത്തിനിർത്തിയിരിക്കുന്നതും അടിയിലേക്ക് ക്രമേണ കൂർത്ത് സൂച്യാഗ്രമായിരിക്കുന്നതുമായ ഒരു വർത്തുളസ്തംഭത്തിന്റെ കോണാകൃതിയിൽ കീഴ്പോട്ടുപോകുന്തോറും വ്യാസം ചുരുങ്ങിവരുന്ന ഒമ്പതുവലയങ്ങളായിട്ടാണ് നരകലോകം. സ്നേഹശൂന്യരും സ്വാർത്ഥമതികളും, നന്മയൊ തിന്മയൊ തീണ്ടിയിട്ടില്ലാത്തവരും യഥാർത്ഥത്തിൽ ജീവിച്ചിട്ടില്ലാത്തതുകൊണ്ട് ഒരിക്കലും മരിക്കാൻ കഴിയാത്തവരുമായ പാപികൾ നരകത്തിന്റെ പ്രഥമ വലയത്തിനുപുറത്താണ്. പ്രഥമവലയമായ ലിംബോനരകത്തിന്റെ ബാഹ്യവലയമാണ്. ക്രൈസ്തവതത്വങ്ങൾ ഗ്രഹിക്കാനോ ജ്ഞാനസ്നാനം സ്വീകരിക്കാനോ സാധിക്കാതിരുന്നവരുടെ സ്ഥലമാണത്. രണ്ടാംവലയം, കവിഞ്ഞ കാമദാഹത്താൽ ലൈംഗീകപാപങ്ങൾ ചെയ്തവർക്കുള്ളതും മൂന്നാം വലയം തീറ്റക്കൊതിയന്മാർ, വിരുന്നും വിനോദവും നിറഞ്ഞ പൂർവ്വജീവിതം നയിച്ചവർ തുടങ്ങിയവർക്കുള്ളതുമാണ്. പൂർവ്വ ജീവിതത്തിന് കടകവിരുദ്ധമായ തിക്താനുഭവങ്ങൾക്ക് ഇവർ വിധേയരാവുന്നു. സമ്പത്തു ദുരുപയോഗിച്ചവർക്കും, ജീവിതത്തിൽ സമ്പത്തിനു നൽകേണ്ട സ്ഥാനത്തേപ്പറ്റി തെറ്റായ ധാരണകൾ വച്ചുപുലർത്തിയ ധൂർത്തന്മാർക്കും ലുബ്ദന്മാർക്കും വേണ്ടിയാണ് നാലാം വലയം. അഞ്ചാമത്തെ വലയത്തിൽ ക്രൂരന്മാരും കോപിഷ്ടരും കഴിയുമ്പോൾ ആറാം വലയത്തിൽ ദൈവനിന്ദകരും നാസ്തികരും ചുട്ടുപഴുത്ത പ്രേതകുടീരങ്ങളിൽ പൊള്ളലും വേദനയും മൂലം വീർപ്പുമുട്ടുന്നു. ഏഴാം വലയത്തിൽ ചുട്ടുപഴുത്ത മരണാലാരണ്യവും തീമഴപെയ്യുന്ന അന്തരീക്ഷവുമാണ്. അയൽക്കാരോടും പ്രകൃതിയോടും തന്നോടുതന്നെയും വഞ്ചനയും അക്രമണവും പ്രവർത്തിച്ചവരാണ് അവിടെയുള്ളവർ. എട്ടാം വലയത്തിൽ പത്തു പ്രത്യേക കിടങ്ങുകളാണ്. അവയിൽ ഓരോന്നിലും യഥാക്രമം ചാരിത്ര്യധ്വംസകർ, വൈതാളികന്മാർ, ധാർമ്മികാധികാരം ദുരുപയോഗിച്ചവർ, ദുർമന്ത്രവാദികൾ, ദുർവ്യവഹാരതല്പരർ, വഞ്ചകർ, കള്ളന്മാർ, ചതി ഉപദേശിച്ചവർ, കലഹമുണ്ടാക്കുന്നവർ, ആൾമാറാട്ടക്കാർ തുടങ്ങിയവരാണ്. ബന്ധുക്കളെയും അതിഥികളെയും സ്വരാജ്യത്തെയും വഞ്ചിച്ചവരാണ് ഒമ്പതാമത്തെ വലയത്തിൽ. ഈ വലയങ്ങളുടെയെല്ലാം അടിയിലാണ് നരകത്തിന്റെ കേന്ദ്രസ്ഥാനം ദൈവത്തോടുപടവെട്ടി പരാജയപ്പെട്ട ലൂസിഫർ ഇവിടെ തളച്ചിടപ്പെട്ടിരിക്കുന്നു.

മധ്യയുഗങ്ങളിലെ ചിത്രങ്ങളിലും പെയിന്റിംഗുകളിലുമെല്ലാം കൊമ്പും വാലുമുള്ള ഭീകരജീവികൾ ദുഷ്ടന്മാരെ പീഡിപ്പിക്കുന്ന രംഗ

ങ്ങൾ ചിത്രീകരിച്ചിരിക്കുന്നതു കാണാം. പാപത്തെക്കുറിച്ചു പശ്ചാത്തപിക്കാത്തവന് പാപാനുഭവം തന്നെയാണ് ശിക്ഷ എന്ന് ഒരു സങ്കൽപമുണ്ടായിരുന്നു. അദമ്യമായ ആസക്തിയോടെ ആത്മാവ് ജീവിതകാലത്ത് മുഴുകിക്കഴിഞ്ഞ അതേ വിഷയസുഖങ്ങളിൽ അവയ്ക്കു ഘടകവിരുദ്ധമായ അനുഭവത്തോടെ മരണശേഷം തടവിലാക്കപ്പെടുന്നു. കാലഘട്ടത്തിന്റെ ധാരണകളും ചിന്താശൈലിയുമാണ് ഭാവനാ സങ്കൽപങ്ങളിൽ തെളിഞ്ഞുകാണുന്നത്.

പാപത്തിന് കൂടുതൽ പ്രാധാന്യം കൊടുത്ത്, അതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച്, പാപം നിറഞ്ഞ ഒരു ലോകത്തെക്കുറിച്ചും അതിനെ ശിക്ഷിക്കുവാൻ തക്കം പാർത്തിരിക്കുന്ന ദൈവത്തെപ്പറ്റിയും മതങ്ങളും മതാചാര്യന്മാരും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന മുൻകാലങ്ങളിൽ, നരകചിന്ത ഭയത്തിന്റെ വികാരങ്ങളാണ് സർവ്വരിലും ഉണർത്തിയിരുന്നത്. ദൈവത്തിന്റെ പദ്ധതിയനുസരിച്ച് വളരെയധികം പേർ നരകത്തിന് മുൻകൂട്ടി വിധിക്കപ്പെട്ടിരിക്കുന്നു എന്നുപോലും കാൽവിനേപ്പോലുള്ള പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിച്ചിരുന്നു. എന്നാൽ ഇന്ന് ഇത്തരം ചിന്താഗതികൾക്ക് സാരമായ മാറ്റം സംഭവിച്ചിരിക്കുന്നു. തെറ്റുകുറ്റങ്ങളിലെന്നതിനെക്കാൾ സ്നേഹത്തിന് ഊന്നൽകൊടുത്ത് മാനവ ചെയ്തികളെ വിലയിരുത്തുന്ന ധാർമ്മിക ചിന്താഗതി ഇന്നിന്റെ പ്രത്യേകതയാണ്. സ്നേഹസമ്പന്നനും കരുണാനിധിയുമായ ദൈവത്തെക്കുറിച്ച് ചിന്തിക്കുവാനാണ് മനുഷ്യനിഷ്ടം. ഇക്കാരണത്താൽ തന്നെ നിത്യമായ നരകശിക്ഷയെപ്പറ്റി ചിന്തിക്കുവാനും അതിന്റെ സാധ്യതയെപ്പറ്റി മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനും ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്മാർക്കുപോലും ഇന്നു വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട, സ്നേഹനിധിയും കരുണാസമ്പന്നനുമായ ദൈവം മനുഷ്യന് നിത്യശിക്ഷ നൽകുമെന്ന് എങ്ങനെ വിശ്വസിക്കാനാവും? പല ക്രൈസ്തവരെയും ചിന്തിപ്പിക്കുന്ന ചോദ്യമാണിത്. നരകത്തിന്റെ അസ്തിത്വത്തെപ്പറ്റിയും നരകശിക്ഷയുടെ സ്വഭാവത്തെക്കുറിച്ചും ക്രൈസ്തവ വെളിപാട് എന്ത് പഠിപ്പിക്കുന്നു എന്ന് പരിശോധിക്കാം.

## നരകശിക്ഷ : വി. ഗ്രന്ഥത്തിൽ

മരണശേഷമുള്ള ശിക്ഷയെക്കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലും ധാരാളം പരാമർശങ്ങൾ കാണാം. പലസ്തീനായുടെ സമീപപ്രദേശങ്ങളിലെ ജനങ്ങൾ വച്ചുപുലർത്തിയിരുന്ന വിശ്വാസങ്ങളോട് വളരെയേറെ ബന്ധപ്പെട്ടവയാണ് പഴയനിയമ പഠനങ്ങൾ. പുതിയനിയമപഠനങ്ങളാകട്ടെ, യഹൂദവിശ്വാസത്തിന്റെയും സമകാലീന ചിന്താധാരകളുടെയും പശ്ചാത്തലത്തിൽ രൂപപ്പെട്ടവയുമാണ്. ഈ വസ്തുത മനസ്സിലാക്കിവേണം നിത്യശിക്ഷയെ സംബന്ധിച്ച വേദപുസ്തകഭാഗങ്ങളെ വിലയിരുത്തുവാൻ.

*പഴയനിയമത്തിൽ*

ദുഷ്ടന്മാർക്കെതിരായ ദൈവകോപത്തെക്കുറിച്ച് പഴയ നിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഹിന്നോം താഴ്വരയിൽ നിത്യമായി എരിഞ്ഞുകൊണ്ടിരിക്കുന്ന ന്യായവിധിയുടെ അഗ്നിയെക്കുറിച്ച് പ്രവാചകപ്രമുഖരായ ഏശയ്യായും ജെറമിയായും വിവരിക്കുന്നുണ്ട്. എല്ലാ ജഡവും എന്നെ ആരാധിക്കാനായി എന്റെ മുമ്പിൽ വരും. അവർ വെളിയിലേക്കു പോവുകയും എനിക്കെതിരായി പാപം ചെയ്ത മനുഷ്യരുടെ ശവശീരങ്ങൾ കാണുകയും ചെയ്യും. അവരുടെ പുഴു ഒരിക്കലും നശിക്കുകോ അവരുടെ അഗ്നി ഒരിക്കലും ശമിക്കുകയൊ ചെയ്യുകയില്ല... (ഏശ. 66: 23-24).

യഹൂദവിശ്വാസപ്രകാരം, മരിച്ചവർ, (Sheol) ഷെയോളിലേക്കു പോകുന്നു. ഷെയോൾ എന്നതുകൊണ്ട് യഹൂദർ അർത്ഥമാക്കിയിരുന്നത് ഒരിക്കലും തിരിച്ചുവരാനാവാത്ത, ഭൂമിക്കടിയിൽ സ്ഥിതിചെയ്യുന്ന, അന്ധകാരത്തിന്റെയും പീഡകളുടെയും സ്ഥലമെന്നാണ്. സർവ്വരാലും അവമതിക്കപ്പെട്ട ഇവിടം ഭൂമിക്കടിയിലെവിടെയോ ഉള്ള ഒരു ഗർത്തമാണെന്ന് യഹൂദർ വിശ്വസിച്ചു. ജോബിന്റെ പുസ്തകത്തിൽ നാമിങ്ങനെ കാണുന്നു; മറഞ്ഞില്ലാതായിത്തീരുന്ന മേഘംപോലെ ഷെയോളിലേക്കു പോകുന്നവർ ഒരിക്കലും കയറിവരാതെ നശിച്ചുപോകുന്നു. അവൻ തന്റെ ഭവനത്തിലേയ്ക്ക് ഒരിക്കലും തിരിച്ചുവരുന്നില്ല. അവന്റെ നാട്ടിൽ ആരും അവനെ അറിയുകയുമില്ല. (ജോബ് 7:9). ചെളിയും പുഴുവും നിറഞ്ഞ സ്ഥലമാണ് ഷെയോൾ. ഇവിടെ തങ്ങളുടെ പൂർവ്വപിതാക്കന്മാരെ ദർശിക്കാമെന്നതാണ് മരിച്ചവരുടെ ഏക ആശ്വാസം. നിഴലുകളെപ്പോലെയാണ് ഷെയോളിൽ ജീവിക്കുന്നവർ എന്ന വിശ്വാസവും യഹൂദ ചിന്തയിലുണ്ട്.

ദുഷ്ടശിഷ്ടഭേദം കൂടാതെ എല്ലാവരും ഭൂമിക്കടിയിലുള്ള ഷെയോളിലേക്ക് പോകുന്നുവെന്നാണ് ആദ്യകാലങ്ങളിൽ യഹൂദർ വിശ്വസിച്ചിരുന്നത്. എന്നാൽ പിൽക്കാലത്ത് ഈ ചിന്താഗതിയിൽ മാറ്റം വന്നു. മരണാനന്തരം രണ്ടു വ്യത്യസ്ഥലങ്ങളുള്ളതായി അവർ ചിന്തിച്ചുതുടങ്ങി. ഗേഹന്നായും (Gehanna) പറുദീസയും. ദുഷ്ടന്മാർ ഗേഹന്നായിൽ പീഡിപ്പിക്കപ്പെടുന്നു. നല്ലവരാകട്ടെ പറുദീസായിൽ, അഥവാ അബ്രാഹത്തിന്റെ മടിയിൽ പുനരുത്ഥാനവും കാത്തുകഴിയുന്നു. പഴയ നിയമത്തിൽ നരകത്തെപ്പറ്റിയും ഷെയോളിനെപ്പറ്റിയുമെല്ലാം ധാരാളം പ്രതിപാദനങ്ങളുണ്ടെങ്കിലും നരകത്തിന്റെ സ്വഭാവത്തെ അവ്യക്തമായേ അവ വെളിപ്പെടുത്തുന്നുള്ളൂ. പുതിയ നിയമത്തോടുകൂടി മാത്രമാണ് നിത്യനരകവും നിത്യസർഗ്ഗവും കൂടുതൽ വ്യക്തമാക്കപ്പെട്ടത്.

*പുതിയനിയമത്തിൽ*

യഹൂദരുടെ മരണാനന്തര ജീവിതസങ്കല്പങ്ങളിൽനിന്നാണ് നരകത്തെയും ശുദ്ധീകരണത്തെയും സംബന്ധിക്കുന്ന ആശയങ്ങൾ പുതിയനിയമത്തിൽ രൂപപ്പെട്ടത്. ക്രിസ്തുവിന്റെ പഠനങ്ങളിൽ വിശിഷ്യ,

അന്യാപദേശങ്ങളിൽ നിത്യശിക്ഷയെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ ധാരാളമായി കാണാം. കളകളുടെ ഉപമ (മത്താ. 13 :24–43) വലയുടെ ഉപമ (മത്താ.13: 47–50), വിവാഹവിരുന്നിന്റെ ഉപമ (മത്താ. 22:1–14) പത്തുകന്യകളുടെ ഉപമ (മത്താ. 25 :1–13) താലന്തുകളുടെ ഉപമ (മത്താ. 25:14 –30) എന്നിവയിലെല്ലാം 'വിലാപവും പല്ലുകടി'യുമുള്ള 'പുറത്തുള്ള അന്ധകാര'ത്തെക്കുറിച്ചും 'എരിയുന്ന തീയേ'ക്കുറിച്ചും മറ്റുമുള്ള പ്രസ്താവനകൾ കാണാം. ലോകാവസാനത്തിലാണ് നരകശിക്ഷ സംഭവിക്കാനിരിക്കുന്നത് എന്നതിന്റെ സൂചനകളും ഇവിടെയുണ്ട്. യേശുവിന്റെ പ്രബോധനങ്ങളിലും നരകത്തെപ്പറ്റി ധാരാളം പരാമർശനങ്ങളുണ്ട്. സഹോദരനെ 'വിഡ്ഢി' എന്നു വിളിക്കുന്നവൻ നരകാഗ്നിക്കിരയായിത്തീരും (മത്താ. 5:22), ശരീരം ഒന്നാകെ നരകാഗ്നിക്കിരയാകുന്നതിനേക്കാൾ പാപപ്രേരിതമാകുന്ന അവയവം നശിക്കുകയാണ് ഉചിതം (മത്താ. 5:29) എന്നും അവിടുന്ന് പഠിപ്പിക്കുന്നു.

വി. യോഹന്നാനും വി. പൗലോസും നരകശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിലെ 'ജീവൻ' 'പ്രകാശം' തുടങ്ങിയ പ്രതീകങ്ങൾ നരകശിക്ഷയോട് ബന്ധപ്പെടുത്തി ദർശിക്കാനാവും. പ്രകാശം നഷ്ടപ്പെട്ട ജീവൻ ഇല്ലാത്ത അവസ്ഥയാണ് മരണം. 'രണ്ടാമത്തെ മരണ'മെന്നാണ് നിത്യനരകത്തെ യോഹന്നാൻ വിളിക്കുന്നത്. നിത്യമായി മരിക്കുന്നവർ അഗ്നിതടാകത്തിലേക്ക് എറിയപ്പെടുന്നുവെന്ന് യോഹന്നാന്റെ വെളിപാടിൽ രേഖപ്പെടുത്തിയിരിക്കുന്നു. (വെളി. 20:14) ക്രിസ്തുവിലുള്ള നീതീകരണത്തോട് ബന്ധപ്പെടുത്തിയാണ് വി. പൗലോസ് നരകത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ദൈവത്തിൽ നിന്നുള്ള നിത്യമായ അകൽച്ചയായാണ് അദ്ദേഹം നരകത്തെ കാണുന്നത്. സ്വാർത്ഥമതികളായി, സത്യത്തെ അനുസരിക്കാതെ ദുഷ്ടതയ്ക്കു വഴങ്ങുന്നവർ ക്രോധത്തിനും അമർഷത്തിനും പാത്രമാകും (റോമ. 2:8). പാപം ചെയ്യുന്നവർക്ക് ഗ്രസിക്കുന്ന അഗ്നിയാണ് പ്രതിസമ്മാനമെന്ന് ഹെബ്രായർക്കുള്ള ലേഖനം വ്യക്തമാക്കുന്നു (ഹെബ്രാ 10:23).

സ്വർഗ്ഗസൗഭാഗ്യത്തിന് വിരുദ്ധമായി ദുഷ്ടന്മാരെ പീഡിപ്പിക്കുന്ന രണ്ടു വ്യത്യസ്ത സ്ഥലങ്ങളെപ്പറ്റി (പാതാളവും (Hades) നരകവും, (Gehanna) സുവിശേഷങ്ങൾ സൂചിപ്പിക്കുന്നുണ്ട്. മരിച്ചവർ പുനരുത്ഥാനം പാർത്തുകഴിയുന്ന സ്ഥലമാണ് പാതാളം എന്ന് പൊതുവെ കണക്കാക്കപ്പെട്ടിരുന്നു. പാതാളത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങളിൽ, സുവിശേഷം, ഒരിടത്തു മാത്രമെ പീഡയുടെ സ്ഥലമായി പാതാളത്തെ കണക്കാക്കുന്നുള്ളൂ. ധനവാന്റെയും ലാസറിന്റേയും ഉപമയിൽ, അവസാനം ആ ദരിദ്രൻ മരിച്ചു. മാലാഖാമാർവന്ന് അവനെ അബ്രാഹത്തിന്റെ മടിയിലേക്കുകൊണ്ടുപോയി. ധനികനും മരിച്ച് അടക്കപ്പെട്ടു. പാതാളത്തിൽ പീഡയനുഭവിക്കുന്നതിനിടയിൽ മുകളിലേക്കു നോക്കിയപ്പോൾ അബ്രാഹത്തെയും അദ്ദേഹത്തിന്റെ മടിയിൽ ലാസറിനെയും അയാൾ ദൂരെ നിന്നു കണ്ടു. (ലൂക്ക 16:22–23) എന്നു നാം വായിക്കുന്നു. പീഡകളുടെ

സ്ഥലം എന്ന അർത്ഥത്തിലാണ് നരകം എന്ന പദം എല്ലായ്പ്പോഴും ഉപയോഗിച്ചിരിക്കുന്നത്. പ്രസിദ്ധ ബൈബിൾ പണ്ഡിതനായ ജൊവാക്കിം ജെറമിയാസിന്റെ അഭിപ്രായത്തിൽ മരണത്തിനും പുനരുത്ഥാനത്തിനും ഇടയ്ക്കുള്ള മധ്യകാലത്തുമാത്രം ദുഷ്ടന്മാർ പാതാളത്തിൽ കഴിയുന്നു എന്നതായിരുന്നു പ്രാചീന യഹൂദവിശ്വാസം. നരകം നിത്യശിക്ഷയുടെ സ്ഥലമാണ്, നരകാഗ്നിയിൽ അവർ പീഡിപ്പിക്കപ്പെടുന്നു.

ഗേഹന്ന എന്ന പദമാണ് നരകമെന്നു വിവർത്തനം ചെയ്തിട്ടുള്ളത്. ഹിന്നോം (Hinnom) എന്ന പദത്തിന്റെ ഉത്ഭവമാണ് ഗേഹന്ന. ജറുസലേമിനു പുറത്തുള്ള ഒരു താഴ്വരയാണ് ഹിന്നോം. പഴയനിയമകാലത്ത് ദൈവഭയവും ദൈവ വിശ്വാസവുമില്ലാത്ത രാജാക്കന്മാർ ഇവിടെ നരബലി നടത്തിയിരുന്നതായി ചരിത്രരേഖകളുണ്ട്. ആഹാസ് രാജാവ് തന്റെ പുത്രന്മാരെ ഇവിടെ ബലികഴിച്ചതായി ദിനവൃത്താന്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (2 ദിനവൃത്ത 28:3) പിൽക്കാലത്ത് ഹിന്നോം സർവ്വരാലും വെറുക്കപ്പെട്ട ഒരു സ്ഥലമായിത്തീർന്നു. കാലാന്തരത്തിൽ നഗരത്തിലെ ചപ്പുചവറുകൾ ഇടുന്ന സ്ഥലമായി ഇതു മാറി. ചപ്പുചവറുകൾ കൂടിക്കിടക്കുമ്പോൾ അവിടെ പുഴുക്കൾ ഉണ്ടാകുന്നു. കൂടിക്കിടക്കുന്ന ചപ്പുചവറുകൾ കത്തിച്ചുകളയാനായി തീ ഇടുന്നു. വീണ്ടും ചപ്പുചവറുകൾ കൂടുമ്പോൾ പുഴുക്കൾ ഉണ്ടാകുകയും തീ ഇടുകയും ചെയ്യുന്നു. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നതിനാൽ അവിടെ പുഴുക്കളും തീയും ഒരിക്കലും ഇല്ലാതാകുന്നില്ല. ക്രമേണ ഹിന്നോം തീയും പുഴുവും നിറഞ്ഞ, അശുദ്ധിയുടെ ഒരു പ്രതീകമായി മാറി. ഈ പ്രതിരൂപത്തിന്റെ പശ്ചാത്തലത്തിലാണ് കാലക്രമത്തിൽ നിത്യശിക്ഷയുടെ പ്രതീകമായി ഗേഹന്ന അഥവാ നരകം പ്രയോഗത്തിൽ വന്നത്. ശിക്ഷയെ സൂചിപ്പിക്കുവാൻ ഈ പ്രതിരൂപം തന്നെ ഏശയ്യാ പ്രവാചകനും ഉപയോഗിച്ചിട്ടുണ്ട് (ഇസ. 66:24).

നരകത്തെപ്പറ്റിയുള്ള വേദപുസ്തക ഭാഗങ്ങൾ അതിന്റെ സാഹിത്യരൂപം കണക്കിലെടുത്തുവേണം വ്യാഖ്യാനിക്കുവാൻ. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളെ നിരസിക്കുന്നവർ നിത്യമായി നശിക്കുമെന്നത് വിവരിക്കുവാൻ സമകാലീനസാഹിത്യത്തിന്റെ സങ്കൽപങ്ങളെ യേശുവും ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിൽനിന്ന് പൂർണ്ണമായി വിച്ഛേദിക്കപ്പെട്ട് നിത്യനാശത്തിന് വിധേയരാകുന്നവരുടെ അവസ്ഥയെയാണ് പ്രതിരൂപങ്ങളിലൂടെ വിവരിച്ചിരിക്കുന്നത്. മനുഷ്യബുദ്ധിക്ക് കടന്നുചെല്ലാൻ കഴിയുന്ന മണ്ഡലങ്ങൾക്കും അപ്പുറത്തുള്ള കാര്യങ്ങളെ ജീവിതാനുഭവങ്ങളിൽനിന്ന് അടർത്തിയെടുത്ത പ്രതിരൂപങ്ങളുടെ സഹായത്താൽ ഭാവനാത്മകമായി ആവിഷ്ക്കരിച്ചിരിക്കുന്നു. ചുരുക്കത്തിൽ എല്ലാവരും പുനരുത്ഥാനം ചെയ്യുമെന്നും, ഓരോരുത്തർക്കും പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലമുണ്ടെന്നും, ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷ കഠിനമായിരിക്കുമെന്നും പുതിയനിയമ വെളിപാട് പ്രതിരൂപങ്ങളുടെ സഹായത്തോടെ അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു.

## സഭാപാരമ്പര്യത്തിൽ

നരകശിക്ഷയെപ്പറ്റി സഭാപിതാക്കന്മാരുടെ പഠനങ്ങളിലും ചില ഉൾക്കാഴ്ചകൾ കണ്ടെത്താനാകും. നരകശിക്ഷ എപ്പോൾ ആരംഭിക്കുന്നു, നരകാഗ്നിയുടെ സ്വഭാവമെന്ത് തുടങ്ങിയവയിൽ ഇവർ വ്യത്യസ്ത വീക്ഷണങ്ങൾ വച്ചു പുലർത്തുന്നു. നരകശിക്ഷ അന്ത്യവിധിയോടെയേ തുടങ്ങൂ എന്നതായിരുന്നു ആദ്യകാല വിശ്വാസം. എന്നാൽ വി. അഗസ്റ്റിൻ ഇതിൽ നിന്നു വ്യത്യസ്തമായ ഒരു നിലപാടാണ് സ്വീകരിച്ചത്. ദുഷ്ടന്മാർ മരണത്തോടെതന്നെ ശിക്ഷാവിധിക്ക് അടിപ്പെടുന്നു. എന്നാൽ സാർവ്വത്രിക ഉയിർപ്പോടെ ഈ ശിക്ഷയിൽ സത്താപരമായ വർദ്ധന വന്നുഭവിക്കുന്നു എന്നദ്ദേഹം പഠിപ്പിച്ചു. സുവിശേഷത്തിലെ, ധനവാന്റെയും ലാസറിന്റേയും ഉപമയെ (ലൂക്കാ. 16:19–31) ആധാരമാക്കിയാണ് വി. അഗസ്റ്റിൻ ഈ നിഗമനത്തിൽ എത്തിച്ചേർന്നത്. നരകശിക്ഷ എപ്പോൾ മുതൽ എന്ന പ്രശ്നത്തിന് അന്തിമ തീരുമാനം കുറിക്കുന്നതു മഹാനായ ഗ്രിഗറിയാണ്. മരണത്താടെ നല്ലവർക്ക് ദൈവസായൂജ്യം സംലഭ്യമാകുന്നതുപോലെ ദുഷ്ടർക്ക് നിത്യശിക്ഷയും ലഭിക്കുമെന്ന് അദ്ദേഹം സമർത്ഥിച്ചു.

നരകം നിത്യമല്ലെന്നും എല്ലാവരും അവസാനനാളിൽ രക്ഷപ്പെടുമെന്നുമുള്ള ഒരിജന്റെ (Origen) തത്വമാണ് (apokatastais) ഇക്കാലഘട്ടത്തെ ശ്രദ്ധേയമായ മറ്റൊരു ചിന്ത. ആത്മാവിനെ സംബന്ധിച്ച പ്ലേറ്റോയുടെ ദർശനമാണ് ഈ ചിന്തയുടെ താത്വികാടിസ്ഥാനം. മനുഷ്യജന്മം സ്വീകരിക്കുന്നതിനുമുമ്പ് ആത്മാവ് പരിപൂർണ്ണ സ്വാതന്ത്ര്യത്തിൽ ദൈവരാജ്യത്തിൽ കഴിഞ്ഞിരുന്നുവെന്നും മനുഷ്യരൂപം സ്വീകരിക്കുക വഴി സംഭവിച്ച ദൂഷ്യങ്ങൾ നരകശിക്ഷയിലൂടെ മാറ്റിക്കളഞ്ഞശേഷം അവതങ്ങളുടെ പൂർവ്വസ്ഥിതി പ്രാപിക്കുമെന്നും ഒരിജൻ പഠിപ്പിച്ചു. എല്ലാ മനുഷ്യരും രക്ഷപ്പെടണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്നും, എല്ലാവരും ക്രിസ്തുവിൽ രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നും അനന്തദയാനിധിയായ അവിടുന്ന് ഒരുവനെയും നിത്യശിക്ഷക്കായി കൈവിടുകയില്ലെന്നും ഒരിജൻ വിശ്വസിച്ചു. ഇക്കാരണത്താലാണ് നരകശിക്ഷയ്ക്കുശേഷം ആത്മാവ് സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുമെന്ന് അദ്ദേഹം പഠിപ്പിച്ചത്. ജെറോം, അംബ്രോസ്, അഗസ്റ്റിൻ തുടങ്ങിയവരെല്ലാം ഒരിജിന്റെ പഠനത്തെ നിരാകരിക്കുന്നു. (A.D. 543 ൽ സഭ ഒരിജന്റെ പഠനത്തെ തിരസ്ക്കരിച്ചു).

## ഔദ്യോഗിക പ്രബോധങ്ങൾ

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ നരകത്തിന്റെ അസ്തിത്വത്തേയും നിത്യതയേയുംപറ്റിയുള്ള പ്രസ്താവനകൾ കാണാം. മരണത്തോടെ പാപി നരകത്തിലേക്കു പ്രവേശിക്കുന്നു. ദൈവദർശനം സാധിക്കാത്തതുകൊണ്ടുള്ള വേദനയും കഠിനപീഡകളും ഇവിടെ അവൻ അനുഭവിക്കണം. രണ്ടാം ലിയോൺസ് കൗൺസിൽ, ഫ്ളോറെൻസ് കൗൺസിൽ, ട്രെന്റു കൗൺസിൽ തുടങ്ങിയവയുടെ വിശ്വാസപ്രഖ്യാപനങ്ങളിൽ നരകത്തെക്കുറിച്ചുള്ള പഠനങ്ങൾ കാണാം. നാലാം ലാറ്ററൻ

കൗൺസിലും ബെനഡിക്ട് പന്ത്രണ്ടാമൻ മാർപാപ്പയുടെ ബെനഡിക്തൂസ് ദേവൂസ് (Benedictus Deus) എന്ന പ്രഖ്യാപനവും നിത്യശിക്ഷയെക്കുറിച്ച് പഠിപ്പിക്കുന്നതിലെ പ്രസക്തഭാഗങ്ങൾ താഴെ ഉദ്ധരിക്കാം. നാലാം ലാറ്ററൻ കൗൺസിൽ ആൽബിജെൻസിയൻകാർക്കെതിരെ നിർവ്വചിച്ചു പ്രഖ്യാപിച്ച വിശ്വാസപ്രഖ്യാപനത്തിൽ ഇപ്രകാരം പറയുന്നു. "അവിടുന്ന് സമയാന്ത്യത്തിൽ ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ വരികയും ഓരോരുത്തർക്കും, തിരഞ്ഞെടുക്കപ്പെട്ടവർക്കും ശപിക്കപ്പെട്ടവർക്കും അവരവരുടെ പ്രവൃത്തികൾക്കനുസൃതമായി പ്രതിഫലം നൽകുകയും ചെയ്യും... ദുഷ്ടന്മാർ പിശാചിനോടു കൂടെ നിത്യശിക്ഷയിലേക്കും ശിഷ്ടന്മാർ ക്രസ്തുവിനോടുകൂടെ നിത്യമഹിമയിലേക്കും പോകും (C.F.n.20) 'ബെനഡിക്തൂസ് ദേവൂസ ഇങ്ങനെ പ്രഖ്യാപിക്കുന്നു... കൂടാതെ ദൈവത്തിന്റെ പൊതുസംവിധാനമനുസരിച്ച് ചാവുദോഷത്തോടെ മരിക്കുന്നവരുടെ ആത്മാക്കൾ, മരണം കഴിയുന്ന ക്ഷണത്തിൽത്തന്നെ നരകത്തിലേക്കു പോകുമെന്നും അവിടെ നരകവേദനകൾ അനുഭവിക്കുമെന്നും നാം നിർവ്വചിച്ചു പ്രഖ്യാപിക്കുന്നു. എന്നാൽ വിധിദിവസം എല്ലാമനുഷ്യരും തങ്ങളുടെ ശരീരങ്ങളോടെ ആഗതരാകുകയും വ്യക്തിപരമായി ചെയ്തികൾക്ക് കണക്ക് കൊടുക്കുവാൻ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യും. ശരീരത്തിലായിരുന്നപ്പോൾ എന്തൊക്കെ ചെയ്തുവോ അവയനുസരിച്ച് ഓരോരുത്തരും അപ്പോൾ സൽഫലമോ ദുഷ്ഫലമോ സ്വീകരിക്കുകയും ചെയ്യും" (C.F.n. 2703). ദൈവദർശനം നഷ്ടപ്പെടുത്തുന്ന പാപി നിത്യമായ ശിക്ഷയ്ക്കു വിധേയനാവുമെന്നും ഈ ശിക്ഷ അവന്റെ മുഴുവൻ സത്തയിലും (Whole Being) പ്രതിഫലിപ്പിക്കുമെന്നുള്ള സഭയുടെ വിശ്വാസം, വിശ്വാസസംരക്ഷത്തിനായുള്ള തിരുസ്സംഘം ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്.

## നരകശിക്ഷയുടെ സ്വഭാവം

നരകശിക്ഷ ദൈവത്തെ നഷ്ടപ്പെടുത്തിയതിലുള്ള വേദനയും ഇന്ദ്രിയശിക്ഷയും ഉൾക്കൊള്ളുന്നു. അടിസ്ഥാനപരമായി ഈ ശിക്ഷകൾ നിത്യനാശത്തിന്റെ ഭാഗം തന്നെയാണ്. ദൈവത്തോടുകൂടെ ദൈവത്തിൽ വസിക്കുകയാണ് വിശുദ്ധി. ദൈവത്തിൽനിന്നകന്ന് ദൈവത്തെ മാറ്റിനിർത്തി അവിടുത്തെ സ്നേഹത്തിൽനിന്നും സൗഹൃദത്തിൽനിന്നും വിട്ടുനിൽക്കുകയാണ് നരകം. മനുഷ്യബുദ്ധിക്കു പൂർണ്ണമായി ഗ്രഹിക്കാനാവാത്ത രഹസ്യമാണ് നരകശിക്ഷ. നരകശിക്ഷയുടെ സ്വഭാവത്തെപ്പറ്റി സുവ്യക്തമായ പഠനങ്ങൾ വി. ഗ്രന്ഥത്തിലൊ സഭാപാരമ്പര്യത്തിലൊ കാണാനാവില്ല.

*നരകശിക്ഷ നിത്യമോ?*

നരകത്തിന്റെ നിത്യതയെപ്പറ്റി വി. ഗ്രന്ഥം പ്രഖ്യാപിക്കുന്നുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായ തെളിവുകൾ നമുക്കിവിടെ കാണാം. ദുഷ്ട

ന്മാരുടെ ശിക്ഷയെ നിത്യജീവിതത്തിൽ നിന്നുള്ള ബഹിഷ്ക്കരണമായാണ് വി. ഗ്രന്ഥം എല്ലായ്പ്പോഴും വീക്ഷിക്കുന്നത്. 'നിത്യമായ ജീവിത'ത്തിന് വിരുദ്ധമായ ശിക്ഷയും നിത്യമാണെന്നത് യുക്തിസഹമാണല്ലോ! ക്രിസ്തുവിന്റെ അന്യാപദേശങ്ങളിലെ, 'അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല' എന്ന പ്രസ്താവനകളും (ലൂക്ക. 14:24, മത്താ. 7 :21-23) ശിക്ഷയുടെ നിത്യതയെയാണ് വ്യക്തമാക്കുക. അവർക്ക് "ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യത്തിൽ അവകാശമില്ല" (എഫേ. 5:5). "അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല" (1 കോറ. 6:10). തുടങ്ങിയ വി. പൗലോസിന്റെ വാക്കുകളും നിത്യമായ ശിക്ഷയെയാണ് സൂചിപ്പിക്കുക. പാപികൾ രാപ്പകൽ നിത്യകാലത്തേക്കു നരകത്തിൽ പീഡിപ്പിക്കപ്പെടുമെന്ന് യോഹന്നാൻ തന്റെ വെളിപാടിൽ ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. (14:11, 20:11). നിത്യകാലം എന്ന പ്രയോഗം, വളരെക്കാലം എന്ന അർത്ഥത്തിലും വി. ഗ്രന്ഥത്തിലുപയോഗിക്കുന്നുണ്ട്. എങ്കിലും വളരെ വിരളമായ സാഹചര്യങ്ങളിലെ അപ്രകാരം കാണുന്നുള്ളൂ. അവസാനവിധിയെ സംബന്ധിച്ച വി. മത്തായിയുടെ സുവിശേഷത്തിലെ വിവരണത്തിലാണ് നരകത്തിന്റെ അനന്തസ്വഭാവത്തെപ്പറ്റി ഏറ്റവും സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നത്. "ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേയ്ക്കു പോകുവിൻ" (മത്താ. 25:41) എന്ന ക്രിസ്തുവിന്റെ വാക്കുകൾ നരകത്തിന്റെ നിത്യതയെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. നരകത്തിന്റെ നിത്യമായ സ്വഭാവം വി. ഗ്രന്ഥത്തിൽ വ്യക്തമാണെന്ന് എല്ലാ വി. ഗ്രന്ഥവ്യാഖ്യാതാക്കളും തറപ്പിച്ചുപറയുന്നു.

*നരകത്തിലെ തീ*

നരകാഗ്നിയെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് പലരും വച്ചുപുലർത്തുന്നത്. നരകത്തിൽ തീയുണ്ട് എന്നു പറയുമ്പോൾ നരകം ഒരു തീച്ചുളയാണെന്നോ ഉരുകിയൊലിക്കുന്ന അഗ്നിപർവ്വതമാണെന്നോ ധരിക്കേണ്ടതില്ല. വേദനയുടെ പര്യായമായാണ് അഗ്നിയെ പരാമർശിച്ചിരിക്കുന്നത്.

നരകാഗ്നിയെപ്പറ്റി വി. ഗ്രന്ഥത്തിൽ പലേടത്തും വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രതിപാദനങ്ങളെ വാച്യാർത്ഥത്തിൽ മനസ്സിലാക്കാണമോ? പാപത്തിനിരയായ ദൈവകോപവും പാപിക്കുള്ള ശിക്ഷയും മറ്റുമാണ് തീയെന്ന പ്രതീകത്തിലൂടെ പഴയനിയമം അർത്ഥമാക്കിയത്. ദൈവത്തിന്റെ പ്രത്യക്ഷീഭാവങ്ങളെല്ലാം തന്നെ തീയുമായി ബന്ധപ്പെടുത്തിയാണ് പഴയനിയമഗ്രന്ഥകാരന്മാർ ചിത്രീകരിക്കുന്നത്. പരിശുദ്ധിയില്ലാത്തവർക്ക് ഈ അഗ്നി പീഡനമായിരുന്നെന്ന് ഇവിടെ നാം വായിക്കുന്നു. നല്ലവർക്കാകട്ടെ ദൈവമഹത്വത്തിന്റെ അനുഭവവും. ഗ്രസിക്കുന്ന അഗ്നിയായി പഴയ നിയമം ദൈവത്തെ ചിത്രീകരിക്കുന്നു. ഇവിടെ അഗ്നി ഒരേ സമയം ദൈവകോപത്തിന്റെയും ദൈവമഹിമയു

ടെയും പ്രതീകമാണ്. പഴയനിയമത്തിലെ ഈ പഠനത്തിലെ പ്രതിധ്വനിയായി വേണം പുതിയ നിയമ വിവരണത്തിലെ അഗ്നിയെ കണക്കാക്കുവാനെന്ന് ലെയോൺ ഡെഫൂർ (Leon Defour) അഭിപ്രായപ്പെടുന്നു. സ്വർഗ്ഗസായൂജ്യത്തെ വിരുന്ന്, ജീവജലം, നിധി, സ്വർണ്ണം തുടങ്ങിയ പ്രതീകങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്നതുപോലെതന്നെ നരകാഗ്നിയെയും പ്രതീകാത്മകമായി ദർശിക്കുകയാണ് കൂടുതൽ യുക്തിപൂർവ്വകം. നരകാഗ്നി സംശയരഹിതമായ ആവിഷ്കൃത സത്യമല്ല. നരകാഗ്നിയെ പ്രതീകാത്മകമായി മനസ്സിലാക്കണമെന്നാണ് ദൈവശാസ്ത്രജ്ഞന്മാരുടെ പൊതുവായ അഭിപ്രായം.

നരകാഗ്നിയുടെ സ്വഭാവത്തെപ്പറ്റി സഭാപിതാക്കന്മാരും വ്യത്യസ്ത അഭിപ്രായക്കാരായിരുന്നു. തെർത്തുല്യൻ, ക്രിസോസ്റ്റോം, ബേസിൽ, അഗസ്റ്റിൻ തുടങ്ങിയവർ നരകാഗ്നി, യഥാർത്ഥ തീ തന്നെയാണെന്നു വാദിക്കുമ്പോൾ അലക്സാണ്ഡ്രിയായിലെ ക്ലെമന്റ്, ഒരിജൻ, അംബ്രോസ് തുടങ്ങിയവർ തീ പ്രതീകാത്മകം മാത്രമാണെന്നു സമർത്ഥിക്കുന്നു. നീസ്സായിലെ ഗ്രിഗറി, ജോൺ ഡമഷീൻ തുടങ്ങിയവർ രണ്ട് സാധ്യതകളേയും അംഗീകരിക്കുന്നവരാണ്.

നരകത്തെക്കുറിച്ചുള്ള വി. ഗ്രന്ഥപ്രതിപാദനങ്ങൾ യഹൂദന്മാരുടെ അക്കാലത്തെ ചിന്താഗതിയുമായി അഭേദ്യം ബന്ധപ്പെട്ടവയാണ്. ആദിമ സഭയുടെ പഠനങ്ങളും ഈ പാശ്ചാത്തലത്തിലെ വിലയിരുത്താൻ പറ്റൂ. നരകത്തിലെ 'തീയും', 'പുകയും', 'ഇരുട്ടും', 'പുഴുവും', 'കരച്ചിലും പല്ലുകടിയു'മെല്ലാം വാച്യാർത്ഥത്തിൽതന്നെ മനസ്സിലാക്കണമെന്നില്ല. അവ ദൈവശിക്ഷയെ ദ്യോതിപ്പിക്കുന്ന പ്രതിരൂപങ്ങളാണ്. അങ്ങനെ അവയെ വ്യാഖ്യാനിക്കുമ്പോൾ മാത്രമെ, വിശുദ്ധഗ്രന്ഥം നൽകുന്ന പഠനം വ്യക്തമായി ഗ്രഹിക്കാനാവൂ.

## നരകശിക്ഷ : ഒരു നൂതനഭാഷ്യം

### *നരകം അർത്ഥരഹിത അസ്തിത്വം*

പ്രസിദ്ധ ഫ്രഞ്ചുദൈവശാസ്ത്രജ്ഞനായ ഫാദർ ഈവ് കോങ്കാർ (Yves Congar) നരകശിക്ഷയെ എപ്രകാരമാണ് വിശദീകരിക്കുന്നതെന്നു നോക്കാം. സ്വാതന്ത്ര്യവും സന്തോഷവും നശിപ്പിക്കുന്ന ഒരു തടവറയാണ് നരകം. ദൈവത്തിന്റെ സ്നേഹം വ്യക്തമായി ദർശിക്കുകയും അതേസമയം അതിനോട് ഭാവാത്മകമായി പ്രതികരിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന വേദനാപൂർണ്ണമായ അനുഭവമാണിത്. ദൈവത്തെ നിഷേധിക്കുന്നതുകൊണ്ട് പാപിക്ക് ദൈവസ്നേഹം ഭയാനകവും അതിശക്തവുമായി പീഡനമായിത്തീരുന്നു.

അർത്ഥരഹിതമായ അസ്തിത്വത്തിനായി ശിക്ഷിക്കപ്പെട്ടവരാണ് നരകത്തിലുള്ളത്. സ്വർഗ്ഗത്തിലാണെങ്കിൽ പ്രസാദവരത്തിന്റെ ഫലങ്ങളായ സ്നേഹവും സൗഹൃദവുമുണ്ട്. ഭൂമിയിലാകട്ടെ, വിശ്വാസവും പ്രതീ

ക്ഷയും പുരോഗമനത്തിനുള്ള സാധ്യതയുമുണ്ട്. എന്നാൽ നരകം മാറ്റമില്ലാത്തതും അവസാനമില്ലാത്തതും അർത്ഥശൂന്യവും പ്രത്യാശാരഹിതവുമായ അസ്തിത്വമാണ്. നിത്യശിക്ഷയ്ക്ക് അർഹരായവർ അർത്ഥരഹിതമായ ജീവിതം നിത്യം തുടരാൻ നിർബന്ധിതരാണ്. രക്ഷയെക്കുറിച്ച് യാതൊരു പ്രത്യാശയും അവർക്കില്ല. നരകശിക്ഷയുടെ സ്വഭാവത്തെ ഒരുദാഹരണത്തിലൂടെ ഫാദർ കോങ്കാർ വ്യക്തമാക്കുന്നു. മാതാപിതാക്കളെ വേദനിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്ത ഒരു കുഞ്ഞിന്റെ കാര്യം എടുക്കുക, അവന് മറ്റാരും ആശ്രയമില്ല. തെറ്റിലൂടെ അവൻ മാതാപിതാക്കളിൽനിന്ന് ആന്തരികമായി അകലുന്നു. എങ്കിലും അവൻ താമസിക്കേണ്ടതും ഭക്ഷണം കഴിക്കേണ്ടതുമെല്ലാം ആ വീട്ടിൽ നിന്നുതന്നെ, അവരോടൊത്തുതന്നെ. ഇപ്പോൾ അന്യരായി തോന്നുന്ന മാതാപിതാക്കളോട് ഇടപെട്ടുകൊണ്ടേ ആ കുഞ്ഞിന് ജീവിക്കാനാവൂ. സ്നേഹത്തിലും ആശ്രയബോധത്തിലുമായിരുന്നു മുമ്പ് അവന്റെ സന്തോഷം. തെറ്റു ചെയ്തപ്പോൾ എല്ലാം അവനെതിരെ തിരിയുന്നു. വീട് ഒരു തടവറയായി അവന് അനുഭവപ്പെടുന്നു. രക്ഷപ്പെടാൻ ഒരു പഴുതുമില്ല... ഏതാണ്ടിതുപോലെയാണ് പാപം മൂലം ദൈവത്തെ നിഷേധിച്ചവന്റെ സ്ഥിതിയും. ദൈവവും സൃഷ്ടപ്രപഞ്ചവും ഇതര വ്യക്തികളും താൻതന്നെയും പാപിക്ക് ശത്രുക്കളായി ഭവിക്കുന്നു. ഇതിൽനിന്ന് മോചനം സാധ്യവുമല്ല.

### *നരകം മനുഷ്യന്റെ സൃഷ്ടി*

പശ്ചാത്തപിക്കാത്ത പാപിയോട് ദൈവത്തിന്റെ പ്രതികരമെന്നതിനേക്കാൾ പാപം ചെയ്യുന്ന ഓരോ വ്യക്തിയുടേയും സൃഷ്ടിതന്നെയാണ് നരകം. ബോറോസിന്റെ വീക്ഷണത്തിൽ പുറമെനിന്നു യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല നരകം. നമ്മുടെ ദുഷ്പ്രവൃത്തികളുടെ ഫലമായി ദൈവം നമ്മുടെമേൽ കെട്ടിവെക്കുന്നതുമല്ലത്. തന്നിൽതന്നെ സംതൃപ്തി കണ്ടെത്തുന്ന സ്വാർത്ഥനായ മനുഷ്യന്റെ നിത്യമായ അവസ്ഥയാണത്. ദൈവത്തിന്റെ മുൻനിശ്ചയപ്രകാരമാണ് ഒരുവൻ നരകശിക്ഷയ്ക്ക് അർഹനാകുന്നതെന്ന കാൽവിന്റെ സിദ്ധാന്തം ശരിയല്ല. മനുഷ്യജീവിതം ഒരു തിരഞ്ഞെടുപ്പിന്റെ സമയമാണ്, ദൈവത്തോടു നിഷേധാത്മകമായ നിലപാടു സ്വീകരിക്കുവാനും മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. ഈലോകജീവിതം അവസാനിക്കുന്നതോടെ ദൈവത്തിന് അനുകൂലമായോ പ്രതികൂലമായോ മനുഷ്യനെടുത്ത തീരുമാനം തിരുത്താനാവാത്ത ഒന്നായി ഭവിക്കുന്നു. (മരണം അത്യന്തിക തീരുമാനമാണല്ലൊ) നരകം, ദൈവനിഷേധാത്മക അടിസ്ഥാനനിലപാട് സ്വീകരിച്ചതിന്റെ പരിണിതഫലമാണ്. ദൈവം ഒരുവനെ തള്ളിക്കളയുകയല്ല, മനുഷ്യൻ സ്വതന്ത്രതീരുമാനത്തിലൂടെ ദൈവത്തിൽ നിന്നു സ്വയം അകലുകയാണ്.

### *നരകം സ്വാർത്ഥതയുടെ ഫലം*

ബോറോസ്, റാറ്റ്സിംഗർ തുടങ്ങിയ ദൈവശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ഒരു മനുഷ്യനും യാദൃശ്ചികമായി നിത്യശിക്ഷക്ക് പാത്രമാ

കുന്നില്ല. അപകടത്തിൽപെട്ട് പെട്ടെന്ന് മരണമടയുന്നതുകൊണ്ടോ, ജീവിതകാലത്ത് ദൈവത്തെ വേണ്ടപോലെ അറിയാൻ കഴിയാതത്തുകൊണ്ടോ, സ്നേഹം ഒട്ടും ലഭിക്കാത്ത അന്തരീക്ഷത്തിൽ വളർന്നുവന്നതുകൊണ്ടോ, നിയമദാതാവും അധികാരപ്രിയനുമായ ഒരു 'ദൈവ'ത്തെ എതിർത്തുകൊണ്ടോ, മറ്റുള്ളവരാൽ വേദനിപ്പിക്കപ്പെടുകയും വെറുക്കപ്പെടുകയും പരിത്യജിക്കപ്പെടുകയും ചെയ്തപ്പോൾ ദൈവമുൾപ്പെടെ സകലതിനോടും പ്രതിഷേധിച്ചതുകൊണ്ടോ ഒന്നും ഒരുവൻ നിത്യമായി നശിക്കണമെന്നില്ല. നന്മയെ സ്വീകരിക്കാനുള്ള നിസ്സംഗത, സ്വയം സംതൃപ്തിയടയുന്ന സ്വാർത്ഥത, തനിക്കു ചുറ്റും വേലിതീർത്ത് തികച്ചും ഒറ്റപ്പെട്ടു കഴിയുന്ന അവസ്ഥ – അതാണ് നരകം സൃഷ്ടിക്കുന്നത്.

ദൈവവുമായി രമ്യപ്പെടുവാൻ ജീവിതകാലത്ത് മനഃപൂർവ്വം വിമുഖത കാട്ടുന്നവർ നാശത്തിന്റെ പാതയിലാണ്. നന്മയ്ക്കുനേരെ പുറം തിരിഞ്ഞ് തിന്മയിൽ വളരുന്നതാണ്, ദൈവത്തിൽ നിന്ന് എന്നേക്കും അകലുന്നതാണ് നരകം. ഒരു പിശാചിനും മനുഷ്യന്റെമേൽ നരകം കെട്ടിവെക്കാനാവില്ല. സ്വയം മനസ്സാകാതെ ഒരുവനും ദൈവത്തിന്റെ സ്നേഹവലയത്തിനു പുറത്തുപോകുക്കയില്ല. ദൈവത്തിൽനിന്ന് സ്വമനസ്സാ നിത്യമായി വേർപ്പെട്ടിരിക്കുന്ന അവസ്ഥയാണ് നരകം. പാപം നാശത്തിന്റെ ആദ്യപടിയാണ്. ദൈവം ഇല്ലാത്തിടത്താണ്, ദൈവം അഭിലഷിക്കുന്ന അർത്ഥം കാര്യങ്ങൾക്ക് കൊടുക്കാതെ ദൈവത്തെ മാറ്റിനിറുത്തുന്നിടത്താണ് പാപം ജനിക്കുക. ആത്മാർത്ഥമായ അനുതാപത്താൽ ദൈവവുമായുള്ള ബന്ധം, ശരിയാക്കുന്നില്ലെങ്കിൽ ദൈവം അഭിലഷിക്കുന്ന അർത്ഥം ജീവിതത്തിന് നാം നൽകുന്നില്ലെങ്കിൽ അതുതന്നെ നരകമായിത്തീരും.

### *നരകം : അനൈക്യത്തിന്റെ പ്രതീകം (ഷർദ്ദാൻ)*

പ്രപഞ്ചം പരിണമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രപഞ്ചത്തിൽ നരകത്തിനു സുപ്രധാനമായൊരു സ്ഥാനമുള്ളതായി തെയ്യാർദ് ഷർദ്ദാൻ അഭിപ്രായപ്പെടുന്നു. പരിണാമം തിരഞ്ഞെടുപ്പിന്റെ ഫലകമാകയാൽ ഒരു തിരസ്കരണവും അതുൾക്കൊള്ളുന്നുണ്ട്. ദൈവവുമായി ഐക്യപ്പെടാനുള്ള മനുഷ്യമഹായജ്ഞത്തിലും തിരഞ്ഞെടുപ്പും തിരസ്ക്കരണവും സ്വാഭാവികമാണ്. നരകം ഈ സത്യത്തിന് സാക്ഷ്യം നൽകുന്നു. സ്വാതന്ത്ര്യം ദുരുപയോഗിക്കാനും മനുഷ്യനു സാധിക്കുന്നതിനാൽ എല്ലാവരും അത്യന്തികലക്ഷ്യം അവശ്യം പ്രാപിക്കണമെന്നില്ല എന്നാണ് ഷർദ്ദാന്റെ അഭിപ്രായം. നരകത്തെപ്പറ്റിയുള്ള പ്രബോധനം കുറെപ്പേരെങ്കിലും നശിച്ചുപോകുമെന്ന സാധ്യതയിലേക്കാണ് വെളിച്ചം വീശുക. ക്രിസ്തുവുമായി ഐക്യപ്പെടുവാൻ, ഒന്നാകുവാൻ, മനഃപൂർവ്വം വിസമ്മതിക്കുന്നവർ തങ്ങളെത്തന്നെ സ്വമനസ്സാലെ ശിക്ഷയ്ക്കു വിധിക്കുന്നു. ക്രിസ്തു ആരെയും മനഃപൂർവ്വം നിരാകരിക്കുന്നില്ല.

എല്ലാം നശിപ്പിക്കുന്ന അഗ്നിയെ അംഗീകരിക്കുന്ന ഷർദ്ദാൻ, ഏകാന്തതയുടെ നിശബ്ദ നിമിഷങ്ങളിൽ പ്രപഞ്ചനാഥനോട് ഇപ്രകാരം

പ്രാർത്ഥിച്ചു. "ഞങ്ങൾ വിശ്വസിക്കേണ്ട സത്യങ്ങളിൽ നിത്യനാശമെന്ന സത്യത്തോളം, മനുഷ്യബുദ്ധിയെ അമ്പരിപ്പിക്കുന്ന വേറൊന്നില്ല എന്നത് തീർച്ചയാണ്. ഞങ്ങൾ കൂടുതൽ മനുഷ്യരാകുന്തോറും അതായത് നിസ്സാരവസ്തുക്കളിൽപോലും ഒളിഞ്ഞിരിക്കന്ന അമൂല്യനിധിക ളെപ്പറ്റിയും അന്തിമ ഐക്യത്തിൽ ഏറ്റം ചെറിയ ഒരണുവിനുള്ള മൂല്യ ത്തെക്കുറിച്ചും ബോധമുണ്ടാകുന്തോറും നരകത്തെപ്പറ്റിയുള്ള ചിന്ത, ഞങ്ങളെ അലട്ടുന്നു. അസ്തിത്വമില്ലാതാകുക എന്നു പറഞ്ഞാൽ ഒരു പക്ഷേ ഞങ്ങൾക്ക് മനസ്സിലാകും. പക്ഷേ നിത്യമായ ഫലശൂന്യതയും നിത്യമായ സഹനവും എന്താണ്? ദൈവമേ, നരകത്തിൽ വിശ്വസിക്കു വാൻ അങ്ങു പറഞ്ഞിട്ടുണ്ട്. എന്നാൽ ഒരാളെങ്കിലും നിത്യനാശത്തിനു വിധിക്കപ്പെട്ടു എന്ന് ഉറപ്പിച്ചുപറയുവാൻ അനുവദിക്കുന്നില്ല. അവരുടെ കാര്യം ഞാൻ പരിഗണിക്കുന്നേയില്ല. അങ്ങനെ വല്ലവരുമുണ്ടോ എന്നു പോലും ഒരു വിധത്തിലും ഞാൻ അന്വേഷിക്കുകയില്ല. അങ്ങയുടെ വാക്കാൽ നരകമുണ്ടെന്ന്, അതു പ്രപഞ്ചപഠനം ആവശ്യപ്പെടുന്ന ഒന്നാ ണെന്ന് ഞാൻ അംഗീകരിക്കുന്നു".

നരകത്തിന്റെ അസ്തിത്വം ദൈവമേഖലയ്ക്ക് ശ്രേഷ്ഠവും നവ്യ വുമായ എന്തോ ഒന്ന് പ്രദാനം ചെയ്യുന്നുണ്ട്. ദൈവമേഖലയ്ക്ക് ഒരു ഗാംഭീര്യം, ഒരു ഗുരുത്വം, ഒരു ആഴം, ഒരു വൈരുദ്ധ്യം നരകംമൂലം ദൃശ്യ മാകുന്നു. നരകമില്ലെങ്കിൽ അതിനതുകിട്ടുകയില്ല. കൊടുമുടിയുടെ ഉയ രമളക്കുക, താഴ്വരയുടെ അടിത്തട്ടിൽനിന്നാണല്ലോ. നരകാഗ്നി, കഴി യുമെങ്കിൽ ഒരുവനെയും ഒരിക്കലും സ്പർശിക്കാതിരിക്കട്ടെ എന്ന് ഷർദ്ദാൻ ആത്മാർത്ഥമായി അഭിലഷിച്ചു.

### *കാലികമായ തിന്മയ്ക്കു നിത്യശിക്ഷയോ?*

വെളിപാടിന്റെ വെളിച്ചം നരകശിക്ഷ നിത്യമാണെന്നു കാണിക്കുന്നു. ഒരുതരത്തിലും തിരുത്താനാവത്ത തീരാനഷ്ടം! 'ശിക്ഷ എപ്പോഴും അനു പാതികമായിരിക്കേണ്ട കാലികമായ തെറ്റുകൾക്ക്, ഒരു നിമിഷത്തിന്റെ തെറ്റിന് അന്തമില്ലാത്ത ശിക്ഷയോ? എന്നിങ്ങനെ ചോദിക്കുന്നവരുണ്ട്. ക്രൂര നായ ഒരുശിക്ഷകനായും പീഡകനായും ദൈവത്തെ ദർശിക്കുന്നവരുണ്ട്. മനുഷ്യനെ നിത്യമായി പീഡിപ്പിച്ചു രസിക്കുന്ന കഠിനഹൃദയനാണ് ദൈവം എന്ന് ചിന്തിക്കുക ദൈവദോഷപരമാണ്. വ്യത്യസ്ത ഗൗരവമുള്ള തെറ്റു കൾക്ക് ഒരേ ശിക്ഷയെന്നുള്ളതും മനുഷ്യബുദ്ധിക്ക് ദുർഗ്രഹമാണ്. നിത്യ നരകത്തിന് അർഹരാകുവാൻ മാത്രം തിന്മ പ്രവർത്തിക്കുവാൻ മനുഷ്യർക്ക് സ്വാതന്ത്ര്യമുണ്ടോ എന്നതും പ്രസക്തമായ പ്രശ്നമാണ്.

മനുഷ്യജീവിതം ആത്യന്തികമായ തീരുമാനത്തിന്റെ വേദിയാണ്. ദൈവത്തിന് അനുകൂലമായോ പ്രതികൂലമായോ തീരുമാനമെടുക്കാൻ മനുഷ്യനു കഴിയുക ഈ ജീവിതത്തിലാണ്. ദൈവത്തെ സമഗ്രസാക ല്യതയിൽ കണ്ടുമുട്ടുന്ന മരണനിമിഷത്തിൽ മനുഷ്യന്റെ തീരുമാനങ്ങൾ നിത്യമായ നിശ്ചയവും സ്വതന്ത്രമായ തിരഞ്ഞെടുപ്പും ആയിത്തീരുന്നു. ജീവിതകാലമത്രയും അവൻ വച്ചുപുലർത്തിയിരുന്ന മനോഭാവത്തിന്റെ

സമ്പൂർണ്ണമായ ആവിഷ്ക്കാരമാണിത്. ക്രിസ്തുവിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തോട് ക്രിയാത്മകതമായ പ്രതികരണം ജീവിതകാലത്തു കാണിക്കാൻ കഴിയാതിരുന്നവർക്ക് മരണത്തിലും മറിച്ചൊരു നിശ്ചയം എളുപ്പമല്ല. ക്രിസ്തുവിന് അനുകൂലമായോ പ്രതികൂലമായോ തീരുമാനമെടുക്കേണ്ടത് സഹോദരങ്ങളിൽ ദൈവത്തെ ദർശിച്ചുകൊണ്ടാണ് എന്നു സുവിശേഷം ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. (മത്താ. 25:31 ff) ഇവിടെ മനുഷ്യൻ പരിപൂർണ്ണ സ്വതന്ത്രനാണല്ലൊ.

നിത്യശിക്ഷ ഒരു നിമിഷാർദ്ധത്തിലെ തെറ്റിന്റെ ഫലമല്ല. എല്ലാ പാപത്തിനും ഏറ്റം പൊതുവായ ഒരു ഘടകമുണ്ട്. ദൈവത്തിൽനിന്ന് അകൽച്ച, ദൈവനിഷേധം. ദൈവത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്നത് അനന്തമായ ഗൗരവമുള്ള ഒന്നാണ്. ദൈവത്തിന്റെ പരിശുദ്ധിയുമായി തട്ടിച്ചുനോക്കുമ്പോൾ മനുഷ്യന്റെ പാപം അനന്തമായ ശിക്ഷ അർഹിക്കുന്നതുതന്നെ. ആകയാൽ നരകശിക്ഷയുടെ കാരണം ജീവിതകാലം മുഴുവനും ദൈവനിഷേധാത്മകമായ നിലപാട് വച്ചുപുലർത്തുകയും, മരണത്തിൽ തിരുത്താനാവാത്തവിധം അത് സ്ഥിരീകരിക്കുകയും ചെയ്യുന്നതാണ്.

## ഉപസംഹാരം

ചുരുക്കത്തിൽ, നരകം അഥവാ നിത്യശിക്ഷ ഉണ്ടെന്നത് വേദപുസ്തകം സഭാ പ്രബോധനങ്ങളും വ്യക്തമാക്കുന്ന വിശ്വാസസത്യമാണ്. എല്ലാവരും രക്ഷപ്പെടുമെന്ന, ഒരിജന്റെ ചിന്താഗതിക്കോ, പാപം ചെയ്ത ആത്മാക്കൾ അവസാനവിധിയോടെ ഇല്ലായ്മ ചെയ്യപ്പെടുമെന്ന ധാരണയ്ക്കോ വ്യക്തമായ വേദപുസ്തക പിൻബലമില്ല. നരകം ഒരു ഭീഷണിയോ വെറും സാധ്യതയോ അല്ല; അഗ്നിയുടെയും അന്ധകാരത്തിന്റെയും ആഴക്കടലുമല്ല. ദൈവത്തെ അഭിമുഖം കണ്ടാനന്ദിക്കുവാൻ സൗഭാഗ്യമില്ലാത്ത അവസ്ഥയാണത്. നരകം ഒരു യാഥാർത്ഥ്യമാണ്. അനിവാര്യവും തികച്ചും യുക്തിസഹവുമാണ്. നിത്യമായ നാശത്തെ മുന്നിൽ കണ്ടുകൊണ്ട് വ്യക്തമായ തീരുമാനങ്ങൾ ഗൗരവബുദ്ധ്യാ എടുക്കുവാൻ നരകത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അവബോധം നമ്മെ സഹായിക്കുന്നു. വിശുദ്ധരുടെ ദർശനങ്ങളൊ, വ്യക്തിപരമായ വെളിപാടുകളൊ, ഭീതിപ്പെടുത്തുന്ന സാങ്കൽപിക വർണ്ണനകളൊ സഭയുടെ ഔദ്യോഗിക പഠനമായി തെറ്റിദ്ധരിക്കരുത്. നരകം ദൈവത്തിന്റെ സൃഷ്ടിയെന്നതിലുപരി മനുഷ്യപ്രകൃതി സ്വയം വരുത്തിവെച്ച അവസ്ഥാവിശേഷത്തിൽനിന്നുരുത്തിരിയുന്ന ഒന്നാണ്.

### *കടപ്പാട്*

ബിഷപ് ബോസ്കോ പുത്തൂർ (എഡി.) *മരണവും മരണാനന്തര ജീവിതവും* (ആലുവാ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1981)

# 06

# സ്വർഗ്ഗസൗഭാഗ്യം

## സ്വർഗ്ഗസങ്കൽപ്പങ്ങൾ

ജീവിതത്തിൽ എപ്പോഴെങ്കിലും ദുഃഖദുരിതങ്ങളും സഹനങ്ങളും ക്ലേശങ്ങളുമില്ലാത്ത, നിത്യമായ സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും സ്വർഗ്ഗീയാനുഭവത്തെപ്പറ്റി ചിന്തിക്കുകയോ അതിനായി ആഗ്രഹിക്കുകയോ അതു പ്രതീക്ഷിക്കുകയോ ഒന്നുമല്ലെങ്കിൽ സ്വപ്നം കാണുകയോ ചെയ്യുന്നവരാണ് എല്ലാ മനുഷ്യരും. ലോകത്തിലെ വിവിധ ജനപദങ്ങൾക്ക് സ്വർഗ്ഗസൗഭാഗ്യത്തെപ്പറ്റി അവബോധമുള്ളതായി കാണുവാൻ കഴിയും. ഹിന്ദുമതം, ബുദ്ധമതം, സൊരാസ്ട്രിയൻമതം, യഹൂദമതം, ഇസ്ലാംമതം, ക്രിസ്തുമതം എന്നിവയെല്ലാം പുനരുത്ഥാനത്തിലും സംതൃപ്തിയുടെയും സൗഭാഗ്യത്തിന്റെയും നികേതനമായ സ്വർഗ്ഗത്തിലും വിശ്വസിക്കുന്നു. ഓരോ മതവും വ്യത്യസ്തമായ രീതിയിലാണ് ഈ സങ്കല്പങ്ങൾക്ക് രൂപഭാവങ്ങൾ നൽകിയിരിക്കുന്നത്.

നന്നായി ജീവിച്ചവർ മരണശേഷം 'യമനാ'ൽ ഭരിക്കപ്പെടുന്നു എന്നാണ് പുരാതന ഹൈന്ദവ വിശ്വാസം. എല്ലാവിധ സൗഭാഗ്യങ്ങളുടെയും നാടാണ് നല്ലവരുടെ

വസതി. പിൽക്കാലഹൈന്ദവദർശനം, ഇന്ദ്രസ്വർഗ്ഗം, ശിവസ്വർഗ്ഗം, വിഷ്ണു സ്വർഗ്ഗം, കൃഷ്ണസ്വർഗ്ഗം, ബ്രഹ്മസ്വർഗ്ഗം എന്നിങ്ങനെ സ്വർഗ്ഗത്തിന്റെ അഞ്ചുനിലകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ബുദ്ധമതത്തിലെ മഹായാനവിഭാഗക്കാർ സ്വർഗ്ഗത്തിന്റെ മൂന്നുനിലകളെപ്പറ്റി പ്രതിപാദിക്കുന്നു. ആഗ്രഹത്തിന്റെ വേദി (എല്ലാ സുഖസന്തോഷങ്ങളുടെയും സ്ഥലം) ധ്യാനത്തിലൂടെ പ്രാപിക്കാവുന്ന രൂപവേദി, നിർവൃതിയുടെ അവസ്ഥയായ രൂപരഹിത വേദി എന്നിവയാണത്. പേർഷ്യൻ വിശ്വാസമനുസരിച്ച് ദൈവത്തോടൊന്നിച്ചുള്ള വാസമാണ് സ്വർഗ്ഗം. ഗ്രീക്കുകാർ ഒരു അധോലോകമാണ് സ്വർഗ്ഗത്തിന്റെ സങ്കേതമെന്ന് വിശ്വസിച്ചിരിക്കുന്നു. പൗരാണിക മതവിശ്വാസങ്ങളിലും, ഭാരതീയ വേദഗ്രന്ഥങ്ങളിലും, ഖുർആനിലും, ബൈബിളിലും സ്വർഗ്ഗസൗഭാഗ്യം കേന്ദ്ര ആശയമാണ്.

യുക്തിവാദത്തിന്റെയും സെക്കുലറിസത്തിന്റെയും മറ്റും സ്വാധീനത്താൽ ഇന്ന് വളരെയേറെ ചോദ്യം ചെയ്യപ്പെടുന്ന വിഷയമാണ് സ്വർഗ്ഗം, നരകം തുടങ്ങിയവയിലുള്ള വിശ്വാസം. കാല്പനിക കഥയുടെ വെളിച്ചത്തിൽ മുൻകാലത്ത് ദൈവശാസ്ത്രജ്ഞന്മാർ നൽകിയിരുന്ന വിവരണങ്ങൾ ഇന്നത്ര സ്വീകാര്യങ്ങളല്ല. പ്രസംഗങ്ങളിലും വർണ്ണനകളിലുമെല്ലാം മുൻകാലങ്ങളിൽ സ്വർഗ്ഗീയ ശാന്തിയെക്കാൾ മുൻതൂക്കം കൊടുത്തിരുന്നത് നരകാഗ്നിയുടെ ഭീകരതയ്ക്കായിരുന്നു. സച്ചരിതനായ ഒരുവന് ജീവിതവിജയത്തിനുള്ള പ്രതിഫലമായി സ്വർഗ്ഗസൗഭാഗ്യം ലഭിക്കുമെന്ന് സമർത്ഥിക്കുവാൻ മനുഷ്യബുദ്ധിക്കു കഴിഞ്ഞേക്കാം. എന്നാൽ അങ്ങനെ ഒരു സ്വർഗ്ഗമുണ്ടെന്ന് തെളിയിക്കുവാനോ അതിന്റെ സ്വഭാവം വിശദമാക്കുവാനോ മർത്യമനിഷ അപര്യാപ്തമാണ്. സ്വർഗ്ഗമെന്ന രഹസ്യത്തെ അൽപമെങ്കിലും വ്യക്തമാക്കിത്തരാൻ ദൈവികവെളിപാടിനേ സാധ്യമാകൂ. ആകയാൽ സ്വർഗ്ഗത്തെപ്പറ്റി വേദപുസ്തകം എന്തു പഠിപ്പിക്കുന്നു എന്ന് പരിശോധിക്കാം.

## സ്വർഗ്ഗം വി. ഗ്രന്ഥത്തിൽ

*പഴയനിയമത്തിൽ*

ദൈവപ്രസാദവരത്താൽ നീതീകരിക്കപ്പെട്ടവർക്ക് നിത്യസൗഭാഗ്യത്തിന്റേതായ ഒരു സ്വർഗ്ഗമുണ്ടെന്ന് പ്രതിപാദിക്കുന്ന ചുരുക്കം ചില ഭാഗങ്ങളെ പഴയനിയമത്തിൽ കണ്ടെത്താൻ പറ്റും. സ്വർഗ്ഗത്തെ ദൈവത്തിന്റെ വസതിയായും (ആമോ 26:15) രക്ഷയുടെ സ്രോതസ്സായും എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമായും (ഉല്പ 49:25, 1 രാജ. 8:83) വീക്ഷിക്കുന്ന ഭാഗങ്ങളുണ്ട്. സ്വർഗ്ഗം തുറന്ന് ദൈവം ഭൂമിക്ക് രക്ഷ കൈവരുത്തുന്ന ദിവസത്തെ, യഹൂദർ പ്രത്യാശയോടെ പാർത്തിരുന്നു. വിജ്ഞാനഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളിലെ സ്വർഗ്ഗത്തെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ ശ്രദ്ധേയമാണ്. “നീതിമാൻന്മാരുടെ ആത്മാക്കൾ ദൈവത്തിന്റെ കരങ്ങളിലാകുന്നു. അങ്ങിൽ ആശ്രയിക്കുന്നവർ സത്യം ഗ്രഹിക്കും. സ്നേഹത്തിൽ വിശ്വസ്തരായവർ അവിടുത്തോടുകൂടെ വസിക്കും” (വിജ്ഞാ.

3:19). "നീതിന്മാർ നിത്യം ജീവിക്കും. അവരുടെ വിചാരം കർത്താവിനെപ്പറ്റിയാണ്. അവരുടെ പ്രതിഫലവും കർത്താവിങ്കലത്രേ. മനോഹരമായ രാജ്യവും സുന്ദരമായ കിരീടവും കർത്താവിൽ നിന്ന് അവർക്കു ലഭിക്കും. തന്റെ വലതുകരംകൊണ്ട് അവിടുന്ന് അവരെ രക്ഷിക്കും. തന്റെ പരിശുദ്ധ ഭുജംകൊണ്ട് അവരെ പരിപാലിക്കും" (വിജ്ഞാ. 5:16–17). ദുഷ്ടരും ശിഷ്ടരും ഉത്ഥിതരാകുമെന്നും അവരുടെ ഓഹരി വ്യത്യാസപ്പെട്ടിരുക്കുമെന്നും ദാനിയേലിന്റെ പുസ്തകം പ്രതിപാദിക്കുന്നു. നിത്യജീവിതത്തെക്കുറിച്ച് ദാനിയേലിന്റെ പുസ്തകം ഇങ്ങനെ പഠിപ്പിക്കുന്നു. "ഭൂമിയിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ ചിലർ നിത്യജീവനായും ചിലർ നിത്യനിന്ദയ്ക്കായും ഉണരും" (ദാനി. 12:2). മക്കബായരുടെ രണ്ടാം പുസ്തകത്തിൽ 'ദൈവത്തോടും അവിടുത്തെ നിയമങ്ങളോടും വിശ്വസ്ത പുലർത്തിയവർക്ക് പ്രതിസമ്മാനമായി നിത്യജീവനിലേക്കുള്ള ഉയിർപ്പ് എന്ന് നാം വായിക്കുന്നു.

പഴയനിയമകാലത്തിനും പുതിയനിയമകാലത്തിനും ഇടയിൽ നിലവിലിരുന്ന പ്രത്യേക ജീവിത-സാഹിത്യശൈലിയായ അപ്പോക്കാലിപ്റ്റിക് ചിന്താധാരകൾ സ്വർഗ്ഗത്തെയും മരണാനന്തര ജിവതത്തെയുംപറ്റി പല കാര്യങ്ങളും വിവരിക്കുന്നുണ്ട്. ഇക്കാലത്തു രചിക്കപ്പെട്ട രണ്ടു ഗ്രന്ഥങ്ങളാണ് 'ഏനോക്കിന്റെ രഹസ്യങ്ങളും', 'ഏനോക്കിന്റെ പുസ്തകവും' ഈ ഗ്രന്ഥങ്ങൾ വി. ഗ്രന്ഥത്തിൽ ഉൾപ്പെട്ടവയല്ലെങ്കിലും പഴയനിയമത്തിലെയും പുതിയനിയമത്തിലെയും സ്വർഗ്ഗവിവരണങ്ങളിൽനിന്ന് വ്യത്യസ്തമായ മറ്റൊരു ചിന്താധാരയും യഹൂദരുടെയിടയിൽ നിലനിന്നിരുന്നു എന്നതിന് ഈ ഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. അക്കാലഘട്ടത്തെ ചിന്താഗതിക്കും സംസ്ക്കാരത്തിനും അനുസൃതമായ, സ്വർഗ്ഗത്തെപറ്റിയുള്ള വർണ്ണനകൾ ഈ കൃതികളിലുമുണ്ട്. ഏനോക്കിന്റെ പുസ്തകത്തിലെ സ്വർഗ്ഗവർണ്ണനയുടെ ഒരു ഭാഗം നോക്കുക: "സ്വർഗ്ഗത്തിന്റെ മതിലുകൾ തിളങ്ങുന്ന സ്ഫടികംകൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നു. അതിന്റെ തട്ട് നക്ഷത്രവിതാനത്താൽ അലംകൃതമാണ്. അഗ്നിനാളങ്ങളാലാണ് അത് പണിതുയർത്തിയിരിക്കുന്നത്. അവിടെ ഉന്നതമായ ഒരു സിംഹാസനത്തിൽ "മഹാമഹിമപ്രതാവാൻ" ആസനസ്ഥനാണ്. സൂര്യനെ അതിശയിക്കുന്ന തേജസ്സോടെ പ്രശോഭിക്കുന്നതാണ് അവിടുത്തെ വസ്ത്രം. നീതിമാന്മാരുടെ നിത്യവാസസ്ഥലമായ സ്വർഗ്ഗം ഒരു അഭൗമ പറുദീസയാകുന്നു. അതിന്റെ മധ്യത്തിലുള്ള ജീവവൃക്ഷത്തിന്റെ വേരുകളിൽനിന്ന് നാലു മഹാനദികൾ ഉത്ഭവിക്കുന്നു. പാൽ, തേൻ, വീഞ്ഞ്, എണ്ണ എന്നിവയാണ് ഓരോ നദിയിലൂടെയും ഒഴുകുന്നത്. ഇവിടെയാണ് നീതിമാന്മാർ വസിക്കുക..."

*പുതിയ നിയമത്തിൽ - സുവിശേഷങ്ങളിൽ*

പ്രപഞ്ചത്തെപ്പറ്റിയുള്ള പഴയനിയമദർശനത്തിന്റെ പശ്ചാത്തലത്തിൽ ഭാവനാത്മക സങ്കൽപങ്ങളുടെ സഹായത്തോടെ പുതിയ നിയമവും സ്വർഗ്ഗത്തെപ്പറ്റി വളരെ പ്രതിപാദിക്കുന്നുണ്ട്. യേശുവിന്റെ വര

വോടെ സ്വർഗ്ഗപ്രതീക്ഷ ഒരു യാഥാർത്ഥ്യമായി. ക്രിസ്തുവിന്റെ ശുശ്രൂഷാദൗത്യം ആരംഭിക്കുന്ന വിവരണം നൽകുമ്പോൾ, സ്വർഗ്ഗം തുറക്കപ്പെട്ടതായി സുവിശേഷകൻ പ്രഖ്യാപിക്കുന്നു (മത്താ. 3:16). മനുഷ്യന് സ്വശക്തിയാൽ സ്വർഗ്ഗത്തിലേക്കുയരുക സാധ്യമല്ലാത്തതിനാൽ, 'ദൈവം തന്റെ തിരുക്കുമാരനെ ലോകത്തിലേക്കയച്ചു'. 'അനേകം സഹോദരന്മാരിൽ ആദ്യജാതനെന്നനിലിയിൽ ക്രിസ്തു സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്കു കരേറി'. അനുയായികൾക്ക് സ്ഥലമൊരുക്കാനാണ് അവിടുന്നു, മുമ്പെ സ്വർഗ്ഗാരോഹണം ചെയ്തത്. അവിടുത്തെ സ്വർഗ്ഗാരോഹണം ഒരു നവയുഗപ്പിറവിയുടെ നാന്ദികുറിച്ചു. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ പിതാവിന്റെ ഭവനത്തിലേക്ക് അവിടുന്ന് സ്വാഗതം ചെയ്യുമെന്ന പ്രത്യാശയ്ക്ക് സ്വർഗ്ഗാരോഹണം ആരംഭമിട്ടു.

യുഗങ്ങൾ നീണ്ടുനിൽക്കുന്ന ജീവിതമാണ്, നിത്യജീവിതമാണ് നീതിമാൻമാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. സ്വജീവനെ പരിരക്ഷിക്കുവാൻ ശ്രമിക്കുന്നവന് അത് നഷ്ടമാകുമെന്നും ദൈവത്തെപ്രതി സ്വജീവൻ നഷ്ടമാക്കുന്നവൻ അത് കണ്ടെത്തുമെന്നും യേശു ഉദ്ഘോഷിച്ചു. നീതിമാന്മാർ നിത്യജീവനിലേക്കു പ്രവേശിക്കുമെന്നാണ് യേശുവിന്റെ വാഗ്ദാനം. വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ജീവിതം കർത്താവുമായി ഐക്യം അനുഭവിക്കുന്ന ജീവിതമാണ്. അത് കർത്താവിന്റെ സന്തോഷത്തിലുള്ള ഭാഗഭാഗിത്വം തന്നെ. വിശ്വസ്തനായ ഭൃത്യനോട് യജമാനൻ പറയുന്ന വാക്കുകൾ ഇതു വ്യക്തമാക്കുന്നു: "കൊള്ളാം ഉത്തമനുംവിശ്വസ്തനുമായ ഭൃത്യാ, അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നതിനാൽ ഞാൻ നിന്നെ വലിയ കാര്യങ്ങളിൽ അധികാരിയാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കുകൊള്ളുക" (മത്താ. 25:21–23).

വരാനിരിക്കുന്ന ദൈവരാജ്യത്തിൽ നീതിമാൻമാർക്കു ലഭിക്കുന്ന സന്തോഷപൂർണ്ണമായ ദൈവൈക്യത്തെ സൂചിപ്പിക്കുവാൻ മെസ്സയാനിക വിരുന്നിന്റെ സാദൃശ്യമാണ് സമാന്തര സുവിശേഷങ്ങളിൽ കാണുന്നത്. അന്ത്യഅത്താഴ സമയത്ത് യേശു ശിഷ്യന്മാരോട് സംസാരിക്കുമ്പോഴും ഇത് വ്യക്തമാക്കുന്നു. "ദൈവരാജ്യത്തിൽവെച്ച് നവമായി പാനം ചെയ്യുന്നതുവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്ന് ഞാൻ പാനം ചെയ്കയില്ലെന്ന് സത്യമായി നിങ്ങളോട് പറയന്നു" (മക്കോ. 14:25). പത്തുകന്യകകളുടെ ഉപമയിലും മഹാവിരുന്നിന്റെ ഉപമയിലും സ്വർഗ്ഗരാജ്യത്തെ, ഭാവിവിരുന്നായി ചിത്രീകരിക്കുന്നു. മാനവ ഐക്യം പുനഃസ്ഥാപിക്കപ്പെടുന്നത് സ്വർഗ്ഗരാജ്യത്തിലാണ്. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ ഭക്ഷണത്തിനിരിക്കുന്ന" (മത്താ. 8:11) മെസ്സയാനിക യുഗമാണത്.

യോഹന്നാന്റെ സുവിശേഷത്തിൽ, സ്വർഗ്ഗരാജ്യത്തെ നിത്യജീവനോട് തുലനം ചെയ്തിരിക്കുന്നു. ക്രിസ്തുവിനോടുള്ള മനോഭാവത്തെ ആശ്രയിച്ച് ഓരോരുത്തനും ഇപ്പോൾ ലഭ്യമാകുന്ന ഒന്നാണ് നിത്യജീ

വൻ. "എന്റെ വാക്കുകൾ കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്ന വനു നിത്യജീവനുണ്ട്... അവൻ മരണത്തിൽനിന്ന് നിത്യജീവനിലേക്കു പ്രവേശിച്ചു കഴിഞ്ഞു" (യോഹ. 5:24) എന്ന് യേശു പ്രഖ്യാപിക്കുന്നു. "ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17:3). സെന്റ് ജോണിന്റെ ഭാഷയിൽ ദൈവം തന്റെ പുത്രനെ അയച്ചത് "അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി യത്രെ" (യോഹ. 3:16). ശാരീരിക മരണത്തിന് നിത്യജീവനെ നശിപ്പി ക്കുക സാധ്യമല്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ. 11:25).

എല്ലാവരും ദൈവമക്കളാകുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവമക്ക ളെന്ന സ്ഥാനം ഭൂമിയിൽതന്നെ നൽകപ്പെട്ടിരിക്കുന്ന ദാനമാണ്. യോഹ ന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "നാമിപ്പോൾ ദൈവപുത്രരാണ്. ഭാവിയിൽ എന്തായിത്തീരുമെന്ന് നമുക്കിപ്പോൾ വ്യക്ത മായി വെളിപ്പെട്ടിട്ടില്ല. പക്ഷേ നമുക്ക് ഒന്നറിയാം. അവിടുന്ന് പ്രത്യക്ഷ നാകുമ്പോൾ നാം അവിടുത്തെപോലെയാകും. അവിടുന്ന് ആയിരിക്കു ന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും" (1 യോഹ. 3:2).

### *vi. പൗലോസ്*

'സ്വർഗ്ഗഭാഗ്യത്തെ അനശ്വരമായ കിരീട'മായിട്ടാണ് പൗലോസ് അപ്പ ലസ്തോലൻ കാണുന്നത് (1 കോറ. 9:25) ഓരോ മനുഷ്യനും തന്റെ അധ്വാനത്തിന് അനുസൃതമായ പ്രതിഫലം ലഭിക്കുമെന്നും നീതിമാന്മാർ നിത്യജീവൻ അവകാശമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ദൈവം, തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന മോക്ഷാന ന്ദത്തെപ്പറ്റി മനുഷ്യനു സങ്കൽപ്പിക്കാൻകൂടി കഴിയില്ല. അദ്ദേഹം എഴു തുന്നു: "തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം സജ്ജമാക്കിയിരി ക്കുന്നത് കണ്ണുകണ്ടിട്ടില്ല, കാതു കേട്ടിട്ടില്ല, മനുഷ്യഹൃദയങ്ങളിൽ പ്രവേ ശിച്ചിട്ടുമില്ല" (1കോറി. 2:9).

ദൈവത്തോടുകൂടി ദൈവത്തിലായിരിക്കുന്ന അനുഭവമാണ് സ്വർഗ്ഗം. ദൈവത്തെ അഭിമുഖം ദർശിക്കുവാൻ കഴിയുമെന്നതാണ് സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ സവിശേഷത. ഈ ലോകത്തിൽ ദൈവത്തെപ്പറ്റി അവ്യ ക്തവും പരിമിതവുമായ അറിവേ നമുക്കുള്ളൂ. "ഇപ്പോൾ കണ്ണാടിയിലൂടെ അവ്യക്തമായിക്കാണുന്നു. അപ്പോഴാകട്ടെ മുഖത്തോടുമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു. അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും" (1കോറി. 13:12). ഈ ലോകത്തായിരിക്കുമ്പോൾ വിശ്വാസമെന്ന മാധ്യമ ത്തിലൂടെയാണ് നാം ദൈവത്തെ അറിയുക. സ്വർഗ്ഗത്തിൽ വിശ്വാസ ത്തിന്റെ ആവശ്യമില്ല. വിശ്വാസവിഷയങ്ങളായ കാര്യങ്ങളെ നാം നേരിട്ട നുഭവിക്കുകയാണ്. ഈ ലോകത്തിൽ വിശ്വാസം, ശരണം സ്നേഹം എന്നീ പുണ്യങ്ങളിലൂടെയാണ് നാം ദൈവത്തോട് സമ്പർക്കം പുലർത്തു

ന്നതും ദൈവവുമായി ഐക്യപ്പെടുന്നതും. സ്വർഗ്ഗത്തിൽ ദൈവസാക്ഷാത്ക്കാരം ലഭ്യമാകുന്നതിനാൽ വിശ്വാസവും പ്രതീക്ഷയും ഇല്ലാതാകുകയും സ്നേഹം മാത്രം (അതിന്റെ സമ്പൂർണ്ണതയിൽ) നിലനിൽക്കുകയും ചെയ്യും).

വളരെ സങ്കീർണ്ണമാണ് സ്വർഗ്ഗത്തെപ്പറ്റിയുള്ള വേദപുസ്തക പരാമർശങ്ങൾ. അവ പൂർണ്ണമായി വ്യാഖ്യാനിച്ചപഗ്രഥിക്കുക ദുഷ്കരവുമാണ്. നിത്യവാസസ്ഥലം, പറുദീസാ, സ്വർഗ്ഗീയ ജറുസേലം, ദൈവത്തിന്റെ വാസസ്ഥലം, വിശുദ്ധരുടെ വീട് തുടങ്ങിയവയും, കർത്താവിനോടുകൂടെ ആയിരിക്കുക, ക്രിസ്തുവുമായി ഐക്യപ്പെടുക, ദൈവത്തിന്റെ സിംഹാസനത്തിന് മുമ്പിൽ ആയിരിക്കുക തുടങ്ങിയവയുമെല്ലാം സ്വർഗ്ഗത്തെയും സ്വർഗ്ഗീയജീവിതത്തെയും ദ്യോതിപ്പിക്കുവാൻ വി. ഗ്രന്ഥം ഉപയോഗിക്കുന്ന പ്രതീകങ്ങളും സംജ്ഞകളുമാണ്. ഭാവനകളാൽ മെനഞ്ഞെടുത്ത യുഗാന്ത്യദർശനമാണ് ഇത്തരം സംജ്ഞകളിൽ നിഴലിക്കുക. അവ ഭാവിയാഥാർത്ഥ്യങ്ങളെ യഥാതഥം കുറിക്കുന്നവയാകണമെന്നില്ല. ദൈവത്തിന്റെയും അവിടുത്തെ മാലാഖമാരുടെയും വിശുദ്ധരുടെയും നിത്യസായൂജ്യസങ്കേതമായി, പൂർണ്ണതയുടെയും രക്ഷയുടെയും ആനന്ദത്തിന്റെയും അനശ്വര പ്രതീകമായി ഇവിടെ സ്വർഗ്ഗത്തെ ആവിഷ്ക്കരിച്ചിരിക്കുന്നു. വാച്യാർത്ഥത്തിലെടുക്കാതെ അവതരണത്തിന് ഉപയോഗിച്ചിരിക്കുന്ന ആലങ്കാരികഭാഷയായി ഇവയെ പരിഗണിക്കേണ്ടതാണ്.

## സഭാപ്രബോധനം

സ്വർഗ്ഗസൗഭാഗ്യത്തെക്കുറിച്ചുള്ള സഭയുടെ പഠനങ്ങളെന്തെന്നു നോക്കാം. രണ്ടാം ലിയോൺസ് കൗൺസിൽ (1274), "ജ്ഞാനസ്നാനം സ്വീകരിച്ചശേഷം യാതൊരു പാപക്കറയും സ്പർശിച്ചിട്ടില്ലാത്തവരും പാപത്താൽ മലിനമായശേഷം ആ മാലിന്യത്തിൽ നിന്നെല്ലാം ശുദ്ധീകരിക്കപ്പെട്ടവരും സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുമെന്ന്" പഠിപ്പിക്കുന്നു. ഫ്ളോറെൻസിലെ എക്യുമെനിക്കൽ സൂനഹദോസും സ്വർഗ്ഗത്തെപ്പറ്റി വ്യക്തമായി പഠിപ്പിക്കുന്നു: "ജ്ഞാനസ്നാനം സ്വീകരിച്ചശേഷം യാതൊരുവിധ പാപക്കറയും സ്പർശിച്ചിട്ടില്ലാത്തവരും പാപത്താൽ മലിനമായശേഷം ഭൂമിയിൽ ശരീരത്തോടുകൂടി ആയിരിക്കുമ്പോഴോ മരണശേഷമോ പാപക്കറയിൽനിന്ന് ശുദ്ധീകൃതരായവരും മോക്ഷത്തിൽ ഉടനടി സ്വീകരിക്കപ്പെടുന്നു. അവർക്കു ത്രിയേകദൈവത്തെ, അവിടുത്തെ തനിരൂപത്തിൽ വ്യക്തമായി കാണുവാൻ സാധിക്കും. തങ്ങൾ സമ്പാദിച്ചിട്ടുള്ള പുണ്യയോഗ്യതകളുടെ ഏറ്റക്കുറവനുസരിച്ച് അവർക്ക് ദൈവദർശനം ലഭിക്കും".

1336ൽ ബെനഡിക്ട് പന്ത്രണ്ടാമൻ പാപ്പാ തന്റെ ശ്ലൈഹികാധികാരമുപയോഗിച്ച് ഇപ്രകാരം നിർവ്വചിച്ചു പഠിപ്പിച്ചു: ശുദ്ധീകരണം ആവശ്യമില്ലാത്ത എല്ലാ ആത്മാക്കളും, ആവശ്യമെങ്കിൽ അതു കഴിഞ്ഞവരും

തങ്ങളുടെ മരണശേഷം ക്രിസ്തുവിനോടും വിശുദ്ധരായ മാലാഖമാരുടെ ഗണത്തോടുംകൂടെ സ്വർഗ്ഗത്തിൽ ദൈവസത്തയെത്തന്നെ അഭിമുഖം ദർശിക്കുന്നു. വളരെ വ്യക്തവും പൂർണ്ണവും മറ്റു മാധ്യമങ്ങളുടെയൊന്നും സഹായമില്ലാത്തതുമായ ഈ ദൈവദർശനം അവർണ്ണനീയമായ ആനന്ദവും സൗഭാഗ്യവും പ്രദാനം ചെയ്യുന്നതും നിത്യവുമാകുന്നു" (C.F. n. 2305). പന്ത്രണ്ടാം പീയൂസ് മാർപാപ്പ 1943ൽ പ്രസിദ്ധപ്പെടുത്തിയ "മൗതീകശരീരം" എന്ന വിശ്വലേഖനത്തിൽ, "സ്വർഗ്ഗത്തിൽ ലഭിക്കുന്ന ദൈവദർശനത്തിൽ ആത്മാവ് അതിസ്വാഭാവികമായ ഒരു പ്രകാശത്താൽ ഉയർത്തപ്പെടുന്നതുമൂലം അതിന്റെ ദൃഷ്ടികൾക്കും ശക്തികൾക്കും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നേരിട്ടു കാണുന്നതിനും പരിശുദ്ധവും അവിഭാജ്യവുമായ ത്രിത്വം അനുഭവിക്കുന്ന സൗഭാഗ്യത്തിന് സദൃശമായ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതിനും ഇടയാകുമെന്ന്" പഠിപ്പിക്കുന്നു. വിശ്വാസസംരക്ഷണത്തിനായുള്ള തിരുസംഘം 1979 മെയ് മാസത്തിൽ എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുത്ത കത്തിലും നീതിമാന്മാരുടെ സ്വർഗ്ഗ സൗഭാഗ്യത്തിലുള്ള സഭയുടെ വിശ്വാസം അവർത്തിച്ചു പ്രകടമാക്കിയിട്ടുണ്ട്.

നിത്യമായ ആനന്ദവും ആഹ്ലാദവും നിറഞ്ഞുനിൽക്കുന്ന മോക്ഷം അഥവാ സ്വർഗ്ഗം ഉണ്ടെന്നും അത് ദൈവത്തിന്റെ വാസസ്ഥലമാണെന്നും അവിടെ ദൈവമഹത്വം ഉജ്ജ്വലമായി പ്രകാശിക്കുന്നുവെന്നും തിരുസ്സഭ പഠിപ്പിക്കുന്നു. ക്രിസ്തുനാഥൻ ഉത്ഥിതശരീരത്തോടെ 'ആരോഹണം ചെയ്തത്' സ്വർഗ്ഗത്തിലേയ്ക്കാണ്. വിശുദ്ധരും മാലാഖാമാരുമാണ് സ്വർഗ്ഗത്തിലെ പൗരന്മാർ. അനിർവ്വചനീയമായ സൗഭാഗ്യവും, സമാധാനവും, ജീവനും, സന്തോഷവും, സ്നേഹവും, ആനന്ദവും സ്വർഗ്ഗത്തിൽ നീതിമാന്മാർ അനുഭവിക്കും.

## സ്വർഗ്ഗസൗഭാഗ്യത്തിന്റെ സ്വഭാവം

*ക്രിസ്തുവുമായുള്ള നിത്യസഹവാസം*

സ്വർഗ്ഗത്തിന്റെ കാതൽ ക്രിസ്തുവുമൊത്തുള്ള സഹവാസമാണെന്ന് അഭിപ്രായപ്പെടുന്ന നിരവധി ദൈവശാസ്ത്രജ്ഞന്മാരുണ്ട്. കർത്താവിനോട് അടുത്തിരിക്കുവാനുള്ള (2 കോറ. 5:7) വി. പൗലോസിന്റെ തീക്ഷ്ണമായ ആഗ്രഹം സൂചിപ്പിക്കുന്നത് ഒരർത്ഥത്തിൽ ഇതുതന്നെയല്ലെ. കർത്താവിനോടുകൂടെ ആയിരിക്കുക എന്നു പറയുമ്പോൾ അർത്ഥമാക്കുക അവിടുത്തെ മുഖാഭിമുഖം ദർശിക്കുകയും അവിടുത്തോടു സംഭാഷിക്കുകയുമാണ്. നമ്മുടെ രക്ഷയ്ക്കുവേണ്ടി അസഹനീയ പീഡകൾ സഹിച്ചുമരിച്ച ക്രിസ്തുനാഥനെ, അവിടുത്തെ മഹത്വത്തിൽ ദർശിച്ച് സ്നേഹിക്കുക സ്വർഗ്ഗസൗഭാഗ്യത്തിന്റെ സുപ്രധാന ഘടകമാണെന്നത് തർക്കമറ്റ സംഗതിയാണ്. എന്നാൽ മോക്ഷസൗഭാഗ്യത്തിന്റെ സത്ത ക്രിസ്തുവിനോടുകൂടിയായിരിക്കുന്നതിലാണ് എന്നു പറയുവാൻ കഴി

യുമോ? വിശ്വാസത്തിലൂടെയും മാമ്മോദീസായിലൂടെയും ദിവ്യബലിയിലൂടെയും ഭൂമിയിൽവെച്ചു തന്നെ നാം ക്രിസ്തുവിനോടുകൂടെയാണെങ്കിലും നാം സ്വർഗ്ഗത്തിലല്ല. പരിശുദ്ധ കന്യാമറിയവും അപ്പസ്തോലന്മാരും ക്രിസ്തുവിനെ മുഖാഭിമുഖം ദർശക്കുകയും അവിടുത്തോടുകൂടി വസിക്കുകയും ചെയ്തിരുന്നു. എന്നാൽ അവർ സ്വർഗ്ഗത്തിലായിരുന്നില്ല ല്ലോ? സ്വർഗ്ഗസൗഭാഗ്യം ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതിലും അധികമാണെന്ന് അഭിപ്രായപ്പെടുന്നവരാണ് മിക്ക ദൈവശാസ്ത്രജ്ഞന്മാരും. മനുഷ്യന്റെ, ദൈവസദൃശവും മഹത്വപൂർണ്ണവുമായ അനശ്വര അസ്തിത്വമാണ് സ്വർഗ്ഗംകൊണ്ട് അർത്ഥമാക്കുക. ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനമാണ് ഇതിന് മനുഷ്യരെ പ്രാപ്തരാക്കുന്നത്. രക്ഷാകര പ്രവർത്തനത്തിന് അനുകൂലമായ പ്രതികരണം സ്വർഗ്ഗസായൂജ്യം സംലബ്ദമാക്കുന്നു. ഈ അർത്ഥത്തിൽ മഹത്വീകൃതനായ ക്രിസ്തുവുമൊത്തുള്ള നിത്യജീവിതമെന്ന് സ്വർഗ്ഗത്തെ വിശേഷിപ്പിക്കാം.

*ത്രിയേക ദൈവദർശനം*

ത്രിയേക ദൈവത്തെ ദർശിക്കുകവഴി മനുഷ്യന്റെ സമ്പൂർണ്ണ സാക്ഷാത്കാരം അനുഭവിക്കുകയാണ് സ്വർഗ്ഗസൗഭാഗ്യത്തിന്റെ അന്തഃസത്ത. സ്വർഗ്ഗസ്ഥരുടെ പരമമായ സൗഭാഗ്യം ത്രിയേക ദൈവത്തിന്റെ ജീവനിൽ പങ്കുചേരലാണ്. ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, അവിടുത്തെ തനിരൂപത്തിൽ നേരിട്ടു ദർശിക്കുന്നതിലാണ് സംതൃപ്തിയടയുക. ഈ ദൈവികദർശനത്തിലൂടെ സ്നേഹത്തിന്റെ നിത്യനൂനതമേഖലകളിലേക്ക് സ്വർഗ്ഗസ്ഥർ സംവഹിക്കപ്പെടുന്നു. തന്നെത്തന്നെ ശൂന്യനാക്കുകവഴി മഹത്വത്തിലേക്ക് ഉയർത്തപ്പെട്ട ക്രിസ്തുവുമൊരുമിച്ച് പിതാവായ ദൈവത്തിന് നിരന്തരം ആരാധന അർപ്പിക്കുകയാണ് സ്വർഗ്ഗസ്ഥർ ചെയ്യുന്നത്. സ്വർഗ്ഗത്തിലെത്തിയിരിക്കുന്നവർ ക്രിസ്തുവുമായി കൂടുതൽ ഗാഢമായ ഐക്യം പ്രാപിച്ചിരിക്കുന്നതിനാൽ ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടുകൂടെയും പിതാവിന്റെപക്കൽ നമുക്കായി നിരന്തരം മാധ്യസ്ഥ്യം വഹിക്കുന്നു.

## സ്വർഗ്ഗം – ജീവിതസാക്ഷാത്കാരം

പ്രപഞ്ചം സങ്കീർണ്ണതയിലൂടെ പക്വതയാർജ്ജിക്കുന്ന പ്രക്രിയയാണ് ചരിത്രം. നൂറ്റാണ്ടുകൾ പിന്നിട്ട ഈ ചലനം പുരോഗമിക്കുന്നത് ക്രിസ്തുവിലേക്കാണ്. ഓരോ മനുഷ്യനും തന്റെ ഹൃദയാന്തർഭാഗത്ത് ശൂന്യതയും അദമ്യമയായ ദാഹവവും അനുഭവപ്പെടുന്നുണ്ട്. ഈ ശൂന്യതയെ നികത്താനും ദാഹത്തെ ശമിപ്പിക്കാനും അനവധി ഉപാധികൾ അവൻ ഉപയോഗിക്കുന്നു. മദ്യത്തിലും മരിജ്ജുവാനയിലും, ഹിപ്പിസത്തിലും, ലൈംഗീകവിപ്ലവത്തിലുമൊന്നും മനുഷ്യൻ ശാശ്വതശാന്തി കണ്ടെത്തുന്നില്ല. 'യേശുപ്രസ്ഥാന'വും, 'ഹരേകൃഷ്ണ പ്രസ്ഥാന'വും അതീന്ദ്രീയ ധ്യാനവും, യോഗയും ഒന്നും മനുഷ്യന്റെ ശൂന്യത നിറയി

ക്കാൻ പര്യാപ്തമല്ല. "കർത്താവേ അങ്ങു ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു. അങ്ങയിൽ അഭയം തേടുന്നതുവരെ ഞങ്ങളുടെ ആത്മാവ് അസ്വസ്ഥമായിരിക്കും" എന്ന സെന്റ് അഗസ്റ്റിന്റെ വിലാപം തികച്ചും അർത്ഥസമ്പുഷ്ടമാണ്.

ഭഗീരഥപ്രയത്നം ചെയ്തിട്ടും പ്രാപഞ്ചിക ബന്ധത്തിൽനിന്ന് മോചനം നേടാനോ സ്വയം പര്യപ്തത കണ്ടെത്താനോ, സ്വയംശാസ നാധികാരിയായി വാഴാനോ, മാനസിക സമതോലനവും സംതൃപ്തിയും കൈവരിക്കാനോ, സുന്ദരമായ ഒരു പറുദീസ കെട്ടിപ്പടുക്കുവാനോ മനുഷ്യന് സാധിക്കുന്നില്ല. ഈ തോൽവി മനുഷ്യന്റെ ചിന്തയെ ഉന്നത ങ്ങളിലേക്ക് ഉയർത്തുവാനും മായകളിൽനിന്ന് മനസ്സിനെ വിമോചിപ്പിച്ചു കൊണ്ട് നിസ്വാർത്ഥതയോടും വിനയത്തോടുംകൂടെ അനശ്വരനായ, ആത്മസാക്ഷാത്കാരസ്രോതസ്സായ, ദൈവത്തിങ്കലേക്ക് ദൃഷ്ടിതിരിക്കു വാൻ പ്രചോദനമേകുന്നതാണ്.

മനുഷ്യനും അവനോടുകൂടെ പ്രപഞ്ചം മുഴുവനും പൂർണ്ണതയെ പ്രതീക്ഷിക്കുന്നു. "സമസ്തസൃഷ്ടവും ദൈവമക്കളുടെ വെളിപാടിനെ പ്രതീക്ഷിക്കുകയും നോക്കിപ്പാർക്കുകയും ചെയ്യുന്നു. എന്തെന്നാൽ സൃഷ്ടിജീർണ്ണതയുടെ അടിമത്തത്തിൽനിന്ന് മോചിതമാകുകയും ദൈവ മക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും" (റോമ. 8:19-29 ചരാച രങ്ങളോടൊപ്പം 'ആത്മാവിന്റെ ആദ്യഫലം സ്വീകരിച്ചിരിക്കുന്നവരായ നാമും നമ്മുടെ ശരീരങ്ങളുടെ പരിത്രാണമാകുന്ന ദത്തുപുത്രസ്ഥാനം പ്രതീക്ഷിച്ചുകൊണ്ട് ആന്തരാത്മാവിൽ വിലപിക്കുന്നു' ഈ പ്രതീ ക്ഷയിലാണ് നാം രക്ഷ പ്രാപിക്കുന്നത് (റോമ. 8:23-24). നീതി നിവസി ക്കുന്ന പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും ഉദയംകൊള്ളാനുള്ള കാത്തി രിപ്പാണത്.

'സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു. ബലവാന്മാർ അതു കയ്യടക്കു ന്നു'. ബലംചെയ്ത് നാം പൂർണ്ണമായി യത്നിക്കണമെന്നാണ് ക്രിസ്തു അഭിലഷിക്കുക. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പൂർണ്ണതയാണിത്. എല്ലാ ത്തിനുമുപരി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ എന്ന ക്രിസ്തുവിന്റെ ആഹ്വാനം, ജീവിതത്തെ മുഴുവൻ അത്യന്തിക ലക്ഷ്യത്തിനനുസൃതമായി പരിവർത്തനം ചെയ്യാനുള്ള വെല്ലുവിളിയാണ്.

## ഉപസംഹാരം

ചുരുക്കത്തിൽ, മനുഷ്യമനസ്സ് അഭിലഷിക്കുന്നത് നന്മയിൽ ആനന്ദം കണ്ടെത്തി നിർവൃതിയടയുവാനാണ്. സ്നേഹിക്കുവാനുള്ള ഉൽക്കടമായ അഭിനിവേശവും അറിയുന്നിതിനുള്ള ജിജ്ഞാസയും സംതൃപ്തിയി ലേക്കും ആനന്ദത്തിലേക്കും നയിക്കുന്ന മാർഗ്ഗങ്ങളാണ്. ആനന്ദത്തിനു സദാ കൊതിക്കുന്ന മനുഷ്യൻ, ആശ്രാന്തപരിശ്രമം ചെയ്യുന്ന മനുഷ്യൻ ലൗകികാനന്ദങ്ങൾകൊണ്ട് ഒരിക്കലും പൂർണ്ണസംതൃപ്തനല്ല. മറ്റുള്ളവരും

തന്റെ നന്മയിൽ ഭാഗമാക്കുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പരമനന്മയായ ദൈവം തന്നെയാണ് മനുഷ്യന്റെ ആത്യന്തികലക്ഷ്യം, ജീവിതസാക്ഷാത്കാരം. സ്വർഗ്ഗസൗഭാഗ്യമില്ലെങ്കിൽ, ആത്യന്തികമായ ദൈവസായൂജ്യം സാധ്യമല്ലെങ്കിൽ ലോകം അർത്ഥശൂന്യമാണ്, ജീവിതം നിരർത്ഥകമാണ്. സമാധാനത്തിനുവേണ്ടി മനുഷ്യഹൃദയത്തിലുരുവാകുന്ന എല്ലാ അഭിലാഷങ്ങളെയും അഭിനിവേശങ്ങളെയും സ്വർഗ്ഗസൗഭാഗ്യം പൂർത്തിയാക്കുകയും അതിശയിക്കുകയും ചെയ്യുന്നു. അക്ഷയത്വത്താൽ സർവ്വവും അലങ്കരിക്കപ്പെടും, സർവ്വവും വ്യർത്ഥതയുടെ ദാസ്യത്തിൽനിന്ന് സ്വതന്ത്രമാകുകയും ചെയ്യും.

ദൈവിക സഹവാസത്തിന്റെ ആനന്ദനിഭരമായ പുതിയ ആകാശവും പുതിയ ഭൂമിയും സ്വായത്തമാക്കാൻ യത്നിക്കുകയാണ് മാനവധർമ്മം. "ഇതാ മനുഷ്യരോടുകൂടി ദൈവത്തിന്റെ കൂടാരം. അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടുകൂടി ആയിരിക്കുകയും ചെയ്യും. അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണീരെല്ലാം തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമൊ മുറവിളിയൊ, വേദനയോ ഉണ്ടാവുകയില്ല. എന്തെന്നാൽ പഴയതെല്ലാം കടന്നുപോയി" (വെളി. 21:3-4). പുതിയ ജറുസലേമിന്റെ സമ്പൂർണ്ണാവിഷ്ക്കരണത്തിന് സർവ്വാത്മനാ അഭിലഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക വഴി മനുഷ്യൻ തന്റെ അർത്ഥം കണ്ടെത്തുന്നു.

### *കടപ്പാട്*

ബിഷപ് ബോസ്കോ പുത്തൂർ (എഡി.) *മരണവും മരണാനന്തര ജീവിതവും* (ആലുവാ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1981 )

# 07

# തെയ്യാർദ് ഷർദാന്റെ ദൃഷ്ടിയിൽ പ്രപഞ്ചത്തിന്റെ ക്രിസ്തൂന്മുഖത

## പശ്ചാത്തലം

ആധുനികലോകത്തെവിടെയും ഈശ്വരവിശ്വാസം ക്ഷയിച്ചുവരുന്നതായി നാം കാണുന്നു. ഭൗതിക ശാസ്ത്രങ്ങളുടെ വളർച്ചയാണ്, ഈശ്വരവിശ്വാസത്തിന്റെ തളർച്ചക്ക് കാരണമെന്ന് പലരും വിശ്വസിക്കുന്നു. ആധുനിക ശാസ്ത്രങ്ങൾ അത്ഭുതാവഹമായി പുരോഗമിച്ച പാശ്ചാത്യരാജ്യങ്ങളിൽ, ക്രിസ്തുമതം ക്ഷയോൻമുഖമായി വരുന്നതുപോലെ കാണപ്പെടുന്നു. പാശ്ചാത്യലോകത്ത് ദൃശ്യമാകുന്ന ഈ പ്രതിഭാസമാണ്, 'അക്രൈസ്തവീകരണം' (dechristianization) എന്ന പേരിൽ അറിയപ്പെടുന്നത്. ഉടനെ തന്നെ പരിഹാരം കാണേണ്ട ഒരു ഗൗരവപ്രശ്നമായി. ഈ 'അക്രൈസ്തവീകരണ'ത്തെ പാശ്ചാത്യചിന്തകർ പരിഗണിക്കുന്നു. പ്രസ്തുത പ്രശ്നത്തിന്റെ ഗൗരവം ഈ അടുത്ത കാലത്ത് ഏററവും കൂടുതൽ മനസ്സിലാക്കിയത് 'തെയ്യാർദ് ഷർദാൻ' ആയിരുന്നു. 'വർധമാനവും അപ്രതിരോധ്യവുമായ അക്രൈസ്തവീകരണ ത്തെക്കുറിച്ച് 1949-ൽ തന്നെ തെയ്യാർ എഴുതുകയുണ്ടായി. അക്രൈസ്തവീകരണ

ത്തിന്റെ അലകൾ ഇനിയും ശമിച്ചിട്ടില്ല; അത് പൂർവ്വാധികം ശക്തിയാർജിച്ച് വ്യാപിക്കുന്നതായി തോന്നുന്നു. ശൂന്യമായിക്കൊണ്ടിരിക്കുന്ന അനേകം ദൈവാലയങ്ങളും സന്യാസഭവനങ്ങളും വർധിച്ചുകൊണ്ടിരിക്കുന്ന ഈ അക്രൈസ്തവീകരണത്തിന്റെ, പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിലെ അക്രൈസ്തവീകരണത്തിന്റെ ദയനീയ സൂചനകളാണ്. ഇങ്ങനെ, ക്രൈസ്തവരാജ്യങ്ങളിൽ ഒരു 'നവപേഗനിസം' (neo-paganism) വേരുപാകുന്നതിന്റെ ഫലമായി, ക്രിസ്തുമതസൗധത്തിന്റെ അടിത്തറയ്ക്ക് ഇളക്കം തട്ടുന്നതായി അനുഭവപ്പെടുന്നു. മതയാഥാർഥ്യങ്ങളും മൂല്യങ്ങളും ഗ്രഹിക്കുവാനുള്ള ആധുനിക മനുഷ്യന്റെ കഴിവുകേടിന്റെ ഫലമായി ചിലർ അക്രൈസ്തവീകരണത്തെ വീക്ഷിച്ചു. ക്രിസ്തുമതം കാലഹരണപ്പെടുന്നതുനിമിത്തമാണ്, അക്രൈസ്തവീകരണം സംഭവിക്കുന്നതെന്ന് മറ്റുചിലർ അഭിപ്രായപ്പെട്ടു. എങ്കിലും ഈ രണ്ട് അഭിപ്രായങ്ങളും തെയ്യാറിന് സ്വീകാര്യമായിത്തോന്നിയില്ല. പ്രശ്നത്തിന്റെ യഥാർഥ കാരണം മറ്റെന്തോ ആണെന്നായിരുന്നു അദ്ദേഹത്തിന്റെ ഉൾക്കാഴ്ച. ക്രൈസ്തവരാജ്യങ്ങളിലെ ആധുനികപ്രതിസന്ധിയുടെ യഥാർഥകാരണത്തെക്കുറിച്ച് തെയ്യാറിനുണ്ടായിരുന്നവീക്ഷണം ഇപ്രകാരമായിരുന്നു: ആധുനികമനുഷ്യൻ സർവപ്രകാരേണയും തന്റെ ആത്മഭാവം സംരക്ഷിക്കുവാൻആഗ്രഹിക്കുന്നു; അതായത് ആധുനികനായിരിക്കാൻ വെമ്പൽകൊള്ളുന്നു. സാർഥകമായ മനുഷ്യത്വവും കലർപ്പില്ലാത്ത ആധുനികതയും അവൻ കാംക്ഷിക്കുന്നു. ഇതാണവന്റെ മൗലികദാഹം. ഈ ദാഹത്തെ പരിഗണിക്കാത്ത ഏതു മതത്തെയും അവൻ ശക്തമായി എതിർക്കുകയും പാടെ തിരസ്കരിക്കുകയും ചെയ്യും. ആധുനികമനുഷ്യന്റെ ഈ അഭിലാഷത്തോട് പൂർണമായും നീതി പുലർത്തുന്ന വിധത്തിലായിരുന്നില്ല സഭാധികാരികൾ ക്രിസ്തുമതത്തെ പലപ്പോഴും വിശദീകരിച്ചിരുന്നതും പ്രായോഗികമാക്കിയിരുന്നതും. ഇതത്രേ തെയ്യാറിന്റെ വീക്ഷണത്തിൽ ക്രൈസ്തവരാജ്യങ്ങളിലെ പ്രതിസന്ധിയുടെ യഥാർഥ കാരണം.

ആധുനികമനുഷ്യന് അഗാധവും ഉദാത്തവുമായ ഈശ്വര വിശ്വാസം പുലർത്തുവാൻ കഴിയുമെന്ന് തെയ്യാർ മനസ്സിലാക്കി. ഇക്കാലത്തു അവതരിപ്പിക്കപ്പെടുന്ന ദൈവത്തിനും മനുഷ്യനും തമ്മിൽ എന്തോ പൊരുത്തക്കേടുണ്ടെന്ന് അദ്ദേഹം പറയുന്നു. അതേസമയം ക്രിസ്തുവിന്റെ സദ്വാർത്ത ആധുനികമനുഷ്യനിൽ അർഥവത്തായ വിശ്വാസം ജനിപ്പിക്കുവാൻ അശക്തമാണെന്ന് തെയ്യാർ ഒരിക്കലും കരുതിയിരുന്നില്ല.

ക്രിസ്തുമതം ആധുനികമനുഷ്യന് പലപ്പോഴും രുചിക്കാതെ പോകുന്നത് അതിന് അതിന്റെ രുചി നഷ്ടപ്പെട്ടിട്ടുള്ളതുകൊണ്ടല്ല, പ്രത്യുത, ആധുനികജീവിതത്തിന് സാർഥകമായ വിധത്തിൽ അതിനെ വ്യാഖ്യാനിക്കാത്തതുകൊണ്ടാണ്.

എന്താണ് പ്രതിവിധി? ആധുനികമനുഷ്യന്റെ അർഥവത്തായ ഈ അഭിലാഷത്തിനനുയോജ്യമായ വിധത്തിൽ ക്രിസ്തുമതം അവതരിപ്പി

ക്കുക, പ്രാവർത്തികമാക്കുക. ഇവരണ്ടുമായിരുന്നു തെയ്യാർ ചെയ്യാനുദ്ദേശിച്ച കൃത്യങ്ങൾ. ഈ കൃത്യങ്ങൾ നിർവഹിക്കുകയും, അതുവഴി ആധുനികയുഗത്തിൽ ക്രിസ്തുമതത്തിനുള്ള സാംഗത്യം സ്ഥാപിക്കുകയും ചെയ്യുക തന്റെ പ്രത്യേക ദൗത്യമാണെന്ന് തെയ്യാറിന് നന്നേ ബോധ്യമായിരുന്നു. അദ്ദേഹത്തിന്റെ ഒരെഴുത്തിൽ നാമിപ്രകാരം വായിക്കുന്നു.

"എന്റെ ശ്രദ്ധയെ കൂടുതൽ പിടിച്ചുപറ്റുകയും, എന്റെ മനസ്സിനെ അലട്ടുകയും ചെയ്തുകൊണ്ടിരിക്കുന്ന കർത്തവ്യം, നിനക്ക് അറിയാവുന്നതുപോലെ, ഒരു പുതിയ മതം (അതിനെ വേണമെങ്കിൽ പരിഷ്കൃതക്രിസ്തുമതം എന്ന് വിളിച്ചുകൊള്ളൂ) എന്നിൽ രൂപപ്പെടുത്തുകയും, എന്റെ ചുറ്റുപാടും പ്രസരിപ്പിക്കുകയുമത്രേ. അതിലെ പുരുഷാത്മകനായ ദൈവം കഴിഞ്ഞുപോയ നവപ്രസ്തര (neo-lithic) യുഗത്തിലെ ഒരു വലിയ ജന്മിയെപോലെ ആയിരിക്കുകയില്ല. പിന്നെയോ നാമിപ്പോൾ എത്തിച്ചേർന്നിട്ടുള്ള സാംസ്കാരികവും മതപരവുമായ കാലഘട്ടം ആവശ്യപ്പെടുന്ന ലോകത്തിന്റെ ആത്മാവായിരിക്കും."

തെയ്യാർ പഠിപ്പിക്കുകയും ജീവിച്ചുകാണിക്കുകയും ചെയ്ത സാർഥക ക്രിസ്തുവിജ്ഞാനിയത്തിന്റെ (christolgy) കാതൽ കാണാനുള്ളശ്രമം മാത്രമാണ് ഈ പ്രബന്ധത്തിൽ. പരിഷ്കൃത ക്രിസ്തുമതത്തിന്റെ വിശദാംശങ്ങൾ ഇതിൽ കണ്ടെന്നുവരില്ല.

ഈ ക്രിസ്തുമതത്തിൽ നൂതനമായ എന്തോ ഒന്നുണ്ടെന്നുള്ളത് തീർച്ച. പുതിയ നിയമപ്രബോധനത്തിന്റെ ഏതെങ്കിലും ഒരംശം ഉപേക്ഷിക്കുന്നുവെന്നതിലല്ല ഈ നൂതനത്വം കുടികൊള്ളുന്നത്. ആധുനിക മനുഷ്യന് രുചിക്കുന്ന കൗതുകജനകമായ ഏതെങ്കിലും പുതിയ സിദ്ധാന്തം ഉൾക്കൊള്ളുന്നതുമല്ല ഇതിന്റെ നവീനതയ്ക്കു കാരണം. തെയ്യാർ തന്റെ ക്രിസ്തുകേന്ദ്രിതമായ പ്രപഞ്ചവീക്ഷണത്തിൽ അന്നുവരെ അമിതപ്രാധാന്യം കല്പിച്ചിരുന്ന ചിലവശങ്ങളെ പിന്നിലേക്ക് തള്ളുകയും, അന്നുവരെ അവഗണിക്കപ്പെട്ടിരുന്ന ഒരു വശത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. തെയ്യാറിന്റെ ക്രിസ്തുകേന്ദ്രിതവീക്ഷണം, ക്രിസ്തുവും പ്രപഞ്ചവുമായുള്ള ബന്ധം സംബന്ധിച്ച ഒരു പുതിയ ഉൾക്കാഴ്ചയുടെ ഫലമാണെന്ന് പറയാം. കുറേ പുതിയ സിദ്ധാന്തങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം ക്രിസ്തുമത സത്യങ്ങളെ, ക്രിസ്തുവും പ്രപഞ്ചവുമായുള്ള ബന്ധത്തെ പ്രത്യേകിച്ചും, അഗാധമായും നവീനമായും വിശദീകരിക്കുക എന്നതുമാത്രമായിരുന്നു തെയ്യാറിന്റെ ഉന്നം.

പ്രപഞ്ചത്തെക്കുറിച്ച് നമുക്കുള്ള ധാരണയാണ് ക്രിസ്തുവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു പുതിയവീക്ഷണം ആവശ്യപ്പെടുന്നത്. ധാരാളം തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രപഞ്ചം നിശ്ച

ലമല്ല എന്ന സത്യം ശാസ്ത്രം സ്ഥാപിച്ചിണ്ട്. സൈഥതിക പ്രപഞ്ചം ഒരു കെട്ടുകഥയായി മാറിക്കഴിഞ്ഞിരിക്കുന്നു. യഥാർഥപ്രപഞ്ചം ചലനാത്മകവും പരിണാമാത്മകവുമാണ്. പ്രപഞ്ചത്തെക്കുറിച്ചുള്ള ശാസ്ത്രീയവീക്ഷണത്തിൽ വന്ന സാരവും അർഥഗർഭവുമായ ഒരു മാറ്റമാണിത്. ഈ മാറ്റം ക്രിസ്തുവും പ്രപഞ്ചവുമായുള്ള ബന്ധത്തിന്റെ ഒരു പുനഃപരിശോധന ആവശ്യമാക്കിത്തീർക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഭാഷയിൽ, "വസ്തുക്കൾ പ്രായേണ നിശ്ചലമാണെന്ന് കരുതിയിരുന്ന ഒരു ചിന്താഗതിയിലേക്ക് മനുഷ്യവംശം പ്രവേശിച്ചുകഴിഞ്ഞിരിക്കയാണ്. തന്മൂലം ഉദ്ഗ്രഥനാപഗ്രഥനങ്ങൾക്ക് നവീനയത്നങ്ങൾതന്നെ ആവശ്യപ്പെട്ടുകൊണ്ട് പുതിയൊരുപ്രശ്നപരമ്പര തലപൊക്കിയിരിക്കുന്നു." യാഥാർഥ്യത്തെപ്പറ്റിയുള്ള പുതിയ വീക്ഷണം പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈപുതിയ പ്രശ്നങ്ങളിൽ ഒന്നാണ് ക്രിസ്തുശാസ്ത്രപരമായ പ്രശ്നം-ചലനാത്മകവും പരിണാമാത്മകവുമായ പ്രപഞ്ചത്തോട് ക്രിസ്തുവിനുള്ള ബന്ധം വിശദീകരിക്കുകയെന്ന പ്രശ്നം.

കുറെ ദശകങ്ങൾക്കു മുമ്പുതന്നെ തെയ്യാർ ഇതേപറ്റി ബോധവാനായിരുന്നു. ക്രിസ്തുവിനു പരിണാമ വിധേയമായപ്രപഞ്ചത്തോടുള്ള ബന്ധം പുനഃപരിശോധനാവിഷയമാക്കിക്കൊണ്ട് ദീർഘദൃഷ്ടിയോടെ ഈ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കുവാൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ. 'നവീനക്രിസ്തുമത'ത്തിന്റെ കേന്ദ്രബിന്ദുവായ ഈ ക്രിസ്തുശാസ്ത്രപ്രശ്നത്തിലേക്ക് വിരൽചൂണ്ടുകയാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശം.

## നവീനവും സാർഥകവുമായ ക്രിസ്തുമതത്തിന്റെ വിശ്വാസ പ്രമാണം

പരിണമിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തോട് ക്രിസ്തുവിനുള്ള സർഗാത്മകബന്ധം താഴെ ഉദ്ധരിക്കുന്ന തെയ്യാറിന്റെ വിശ്വാസപ്രമാണത്തിലെ നാലു പ്രമാണവാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

> പ്രപഞ്ചം പരിണമിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു.
>
> പരിണാമത്തിന്റെ മുന്നേറ്റം ചൈതന്യത്തി (spirit) ലേയ്ക്കാണെന്നും ഞാൻ വിശ്വസിക്കുന്നു.
>
> ചൈതന്യത്തിന്റെ പൂർണ സാക്ഷാത്ക്കാരം പുരുഷരൂപ (a form of personality) മായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.
>
> പരമപുരുഷൻ സാർവത്രിക ക്രിസ്തു (universal Christ) വാണെന്നും ഞാൻ വിശ്വസിക്കുന്നു."

പ്രപഞ്ചത്തിന്റെ ചലനാത്മക പ്രകൃതിയുടെ പ്രഖ്യാപനമാണ് ആദ്യ വാക്യം പ്രപഞ്ചം ചലനാത്മകമല്ലെങ്കിൽ ഒന്നുമല്ല. പ്രപഞ്ചത്തിന്റെപരിണാമത്തിന് ഒരു നിശ്ചിതലക്ഷ്യമുണ്ട്.

രണ്ടാമത്തെ വാക്യത്തിൽ ഈ ലക്ഷ്യത്തെ അരൂപിയിലേക്കുള്ള ആഭിമുഖ്യമായി നിർദ്ദേശിക്കുന്നു. പ്രപഞ്ചത്തിന്റെ പരിണാമാത്മക ചലനത്തെ പ്രപഞ്ചോപാദാന (cosmic stuff) ത്തിന്റെ വർദ്ധമാനമായ ചൈതന്യവത്കരണ (spiritualization) ത്തിലേയ്ക്കുള്ള പ്രയാണമെന്ന് പറയുന്നു. ചേതനപൂണ്ട പദാർഥം പിന്നീട് പുരുഷവത്ക്കരിക്കപ്പെടുകയും (personalized) ക്രിസ്തുവത്ക്കരിക്കപ്പെടുകയും ചെയ്യുന്നു (christified). പരിണാമനാദത്തിന്റെ ആരോഹണമാണത്. അതിന്റെ പാരമ്യം സമ്പൂർണ്ണ ക്രിസ്തു (Total Christ) വാണ്.

അരൂപീകരണത്തിനും പുരുഷവത്ക്കരണത്തിനുമുള്ള പ്രവണത ജീവോദയത്തിലും മനുഷ്യോദയത്തിലും അനുക്രമമായും വിജയകരമായും ഫലമണിഞ്ഞു. മനുഷ്യോദയം പരിണാമത്തിന്റെ പാരമ്യമാണെന്ന് തെയ്യാർ കരുതുന്നില്ല. മനുഷ്യോദയത്തോടെ പരിണാമത്തിന്റെ ഭാവി മനുഷ്യന്റെയും ഭാവിയായിത്തീർന്നിരിക്കുകയാണ്. മനുഷ്യന്റെ ഭാവിയോ, മനുഷ്യരുടെ ഏകത്ര കേന്ദ്രീകരണത്തിലും (convergence) കൂട്ടായ്മയിലും (communion) കുടികൊള്ളുന്നു. ഈ പ്രക്രിയയ്ക്ക് ഒരു ക്രിയാത്മകകേന്ദ്രം കൂടിയേ തീരൂ. ഈ കേന്ദ്രത്തെ തെയ്യാർ "ഓമെഗ ബിന്ദു" (point omega) എന്നു വിളിക്കുന്നു. (ഗ്രീക്ക്അക്ഷരമാലയിലെ അവസാനാക്ഷരമാണ് ഓമെഗാ) ക്രൈസ്തവപ്രബോധനത്തിന്റെ വെളിച്ചത്തിൽ "ഓമെഗാ ബിന്ദു" ക്രിസ്തുവാണെന്ന് സ്ഥാപിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു. തന്മൂലം തെയ്യാറിന്റെ ചിന്തയിൽ ക്രസ്തുവിനുള്ള സ്ഥാനം ഗ്രഹിക്കുവാൻ ഓമെഗാ ബിന്ദുവിനെ ലക്ഷ്യമാക്കിയുള്ള പ്രപഞ്ചപരിണാമവും ഓമെഗാ ബിന്ദുവും ക്രിസ്തുവും തമ്മിലുള്ള താദാത്മ്യവും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## ഓമെഗയിലേയ്ക്കുള്ള പ്രയാണം

പ്രപഞ്ചപരിണാമം അനിഷേധ്യമായ ഒരു വസ്തുതയാണെന്ന് തെയ്യാർ കരുതുന്നു. എന്നിരുന്നാലും പരിണാമത്തെപ്പററിയുള്ള ഓരോ സിദ്ധാന്തവും (ഉദാഹരണത്തിന് ഡാർവിൻ, ലമാർക്ക് തുടങ്ങിയവരുടെ സിദ്ധാന്തങ്ങൾ) അന്യൂനമാണെന്ന് അദ്ദേഹത്തിനഭിപ്രായമില്ല. യഥാർഥ പ്രപഞ്ചം ഒരു സാധനം മാത്രമല്ലെന്നും, പ്രത്യുത അതൊരു യഥാർഥ പ്രക്രിയയാണെന്നുമത്രേ തെയ്യാറിന്റെ സിദ്ധാന്തം (not a mere thing but a real process). പ്രപഞ്ചമെന്ന ഒന്നില്ല. മറിച്ച് പ്രപഞ്ചോദയമാണുള്ളത്-പരിണാമപ്രക്രിയയ്ക്ക് വിധേയമാകുന്ന പ്രപഞ്ചമേയുള്ളൂ.

പ്രപഞ്ചോദയമെന്ന പ്രക്രിയ ഒരു ലക്ഷ്യത്തെ മുൻനിർത്തിയുള്ളതാണ്. ഈ ലക്ഷ്യമാണ് ഓമെഗ. പ്രപഞ്ചോദയം ഒരു നിയമമനുസരി

ച്ചാണ് ഭവിച്ചുകൊണ്ടിരിക്കുന്നത്. "സങ്കീർണ്ണത-അവബോധം" (complexity consciousness) എന്ന് ആ നിയമത്തിന് പേരുപറയാം.

പ്രപഞ്ചോദയത്തിന് മൂന്ന് ദശകളുണ്ട്. ഈ മൂന്നു ദശകൾ യഥാക്രമം ജീവനിലേയ്ക്കും മാനുഷ്യകത്തിലേക്കും അതിമാനുഷ്യകത്തിലേയ്ക്കുമുള്ള പ്രയാണമത്രേ. തന്മൂലം പ്രപഞ്ചോദയമെന്ന പ്രക്രിയ മനസ്സിലാക്കണമെങ്കിൽ സങ്കീർണതവും അവബോധവും മേൽപ്രസ്താവിച്ച മൂന്നുദശകളും ഗ്രഹിച്ചേ മതിയാവൂ. പ്രപഞ്ചോദയത്തെപ്പറ്റി ഈ വിധം പഠനം തുടങ്ങിയാൽ അതിന്റെ ലക്ഷ്യമായ ഓമെഗയിലേയ്ക്കും നാമെത്താതിരിക്കയില്ല.

## സങ്കീർണ്ണതാ-അവബോധം

### മനുഷ്യൻ: ഇതരവസ്തുക്കളുടെ മാനദണ്ഡം

സങ്കീർണതാ-അവബോധമെന്ന മൗലികനിയമം ഗ്രഹിക്കുവാൻ മനുഷ്യപ്രകൃതി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വസ്തുക്കളുടെ വളർച്ചയെ നിയന്ത്രിക്കുന്ന നിയമങ്ങൾ അവയുടെ വികാസദശയിൽ എളുപ്പം ഗ്രഹിക്കുവാൻ കഴിയും. ഓക്ക് വൃക്ഷത്തിന്റെ വിത്ത് വളരുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ "കരുത്തേറിയ തായ്ത്തടിയും അതിനനുസരിച്ച ശാഖകളും പൂക്കളും ഫലങ്ങളും അടങ്ങിയ" ഓക്കുമരം തന്നെ പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രപഞ്ചോദയം പ്രപഞ്ചത്തിന്റെ വികാസമാണ്. പ്രപഞ്ചത്തിന്റെ ഇന്നുവരെയുള്ള വളർച്ചയെ മനുഷ്യൻപ്രധിനിധാനം ചെയ്യുന്നു. തൻമൂലം പ്രപഞ്ചവികാസം സംബന്ധിച്ച നിയമങ്ങൾ മനസ്സിലാക്കുവാനുള്ള സൂചന മനുഷ്യനാണെന്ന് സ്പഷ്ടമത്രേ. ബെർഡിയേവി (Berdyaev) ന്റെ ഭാഷയിൽ "മനുഷ്യപ്രശ്നത്തിൽനിന്ന് വേർപെടുത്തിയാൽ പ്രപഞ്ചത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. സകലത്തിന്റെയും അർഥം കുടികൊള്ളുന്നത് മനുഷ്യനിലാണെന്നതുതന്നെ കാരണം."

മനുഷ്യൻ മാത്രമാണ് പ്രപഞ്ചത്തെ മനസ്സിലാക്കുവാനുള്ള പര്യാപ്തമായ മാർഗ്ഗം. അലക്സാണ്ടർ പോപ്പിന്റെ ഭാഷയിൽ, "മനുഷ്യന്റെ യഥാർഥ പഠനവിഷയം മനുഷ്യൻ തന്നെയത്രേ." അവബോധമാകുന്ന ആന്തരിക പ്രകാശവും തദനുസാരമുള്ള സീങ്കർണ്ണ ഘടനയുമാണ് മനുഷ്യന്റെ സവിശേഷതകൾ. പ്രപഞ്ചത്തിൽ ഒരുതരം ഐകരൂപ്യം ദൃശ്യമാകയാൽ മനുഷ്യനു കീഴെയുള്ള പ്രപഞ്ചതലങ്ങളിലും സങ്കീർണതയുടേയും അവബോധത്തിന്റെയും ഒരേ മാതൃക പ്രവർത്തിക്കുന്നുവെന്ന് തെയ്യാർ കരുതുന്നു. പ്രപഞ്ചത്തെക്കുറിച്ച് ഉൾച്ചേർച്ചയുള്ള (coherent) ഒരു വീക്ഷണം പുലർത്തുന്നതിൽ മനുഷ്യപ്രകൃതിയുടെ മാതൃക പ്രപഞ്ചത്തിനു മുഴുവൻ ബാധകമാണെന്ന് തെയ്യാർ സിദ്ധാന്തിക്കുന്നു. അങ്ങനെ അദ്ദേഹം സാർവത്രികമായ സങ്കീർണത-അവബോധ നിയമത്തിലെത്തിച്ചേരുന്നു.

**സങ്കീർണതയുടെ അർഥം**

ഒരു വസ്തു സങ്കീർണമാണെന്നു പറയുക അന്യോന്യം സുസൂക്ഷമം ബദ്ധങ്ങളായ അനേകം മൂലകങ്ങൾ അതുൾക്കൊള്ളുമ്പോഴാണ്. യഥാർഥത്തിൽ സങ്കീർണത സമ്മിശ്രതയിൽനിന്ന് വ്യത്യസ്തമത്രേ. സംഘടിതമായ ബഹുത്വ (organized multiplicity) മാണ് ഒരു വസ്തുവിനെ സങ്കീർണമാക്കുന്നത്. ഈ അർത്ഥത്തിൽ സങ്കീർണത ഘടകമൂലകങ്ങളുടെ സംഖ്യയെ ആസ്പദമാക്കി മാത്രമല്ല നിർണയിക്കുന്നത്, പ്രത്യുത ഘടകമൂലകങ്ങളെ തമ്മിൽ തമ്മിൽ ബന്ധിക്കുന്ന കണ്ണികളുടെ എണ്ണത്തേയും ബലത്തേയും ദാർഢ്യത്തേയും ആസ്പദമാക്കിയാണ്. അങ്ങനെ ഒരു പരമാണു അനേകം സംഘടിതാംശങ്ങളടങ്ങിയ ഒരു വസ്തുവാണെന്നു പറയാം. മോളിക്യൂൾ കുറേക്കൂടി സങ്കീർണമാണ്. കാരണം, അനേകം പരമാണുക്കളടങ്ങുന്ന സംഘടിതമായ ഒരു ബഹുത്വമാണത്. ജീവനുള്ള ഒരു കോശം ഇവയിലുമുപരി സങ്കീർണമാണ്. കാരണം സുസൂക്ഷമം സംഘടിതമായ അനേകം മോളിക്യൂളുകളെ അതുൾക്കൊള്ളുന്നു.

**സങ്കീർണതയുടെ പ്രാധാന്യം**

സങ്കീർണതയുടെ പ്രാധാന്യം, അതവഗണിച്ചാൽ വന്നുകൂടുന്ന അന്തമററ കുഴപ്പങ്ങളിൽനിന്ന് ഏററവും നന്നായി മനസ്സിലാക്കാം. സങ്കീർണതയാകുന്ന മാനം വിസ്മരിച്ചുകൊണ്ട് കുറെ ശാസ്ത്രജ്ഞർ പ്രപഞ്ചഘടന വലുപ്പക്രമ (axis of size) ത്തിലടിസ്ഥിതമാണെന്ന് സങ്കല്പിക്കുന്നു എന്നുവയ്ക്കുക. അവരുടെ വീക്ഷണത്തിൽ പ്രപഞ്ച വസ്തുക്കൾ ഏററവും ചെറുതിൽനിന്ന് ഏററവും വലുതിലേയ്ക്ക് എന്ന ക്രമത്തിൽ സജ്ജീകൃതമായിരിക്കുന്നു. ജീവന് വലുപ്പവുമായി ബന്ധമില്ല. തന്മൂലം വലുപ്പത്തെ ആസ്പദമാക്കി പ്രപഞ്ചക്രമം സങ്കൽപിക്കുന്ന പക്ഷം ജീവന് അർഹമായ പ്രാധാന്യം ലഭിക്കുകയില്ല. ആ പ്രപഞ്ചത്തിൽ ജീവനെന്ന സുന്ദരദൃശ്യം അവഗണിക്കപ്പെടും. ജീവൻ “വിചിത്രമായ ഒരപവാദമായും, ക്രമരഹിതമായ ഒരു ധർമ്മമായും ആനുഷംഗികമായ ഒരു ലക്ഷണമായും” തരം താഴും. ജീവനെപ്പററിയുള്ള ഏതാദൃശവീക്ഷണം ജീവിതത്തെതന്നെ അപ്രധാനമാക്കും; അതോടൊപ്പം അർഥരഹിതവും! സങ്കീർണതയെന്ന മാനം അവഗണിച്ചാലുണ്ടാകുന്ന ഒരനന്തരഫലമാണിത്.

മറിച്ച്, സങ്കീർണതാധിഷ്ഠിതമായ പ്രപഞ്ചക്രമത്തിൽ സംഘടിതമായ ഒരു പൂർണതയുണ്ട്. ജീവൻ സങ്കീർണതയോട് ബദ്ധമായിരിക്കുന്നു. അജൈവപദാർഥങ്ങളിൽ ഈ സങ്കീർണത അതിന്റെ പ്രാഥമികരൂപത്തിലേ ദൃശ്യമാവുന്നുള്ളൂ. തന്മൂലം തെയ്യാർ അവയെ പ്രാഥമികദശയിലുള്ള ‘സചേതന’ങ്ങളെന്ന് വിളിക്കുന്നു. അമ്പരപ്പിക്കുന്നവിധം സങ്കീർണമാണ് സചേതനങ്ങളുടെ ഘടന. സചേതനങ്ങളിൽ ഏററവും സങ്കീർണമായത് മനുഷ്യന്റെ ഘടനയാണ്. സങ്കീർണതാധിഷ്ഠിത പ്രപ

ഞ്ചക്രമത്തിൽ എല്ലാററിനും പ്രത്യേക സ്ഥാനങ്ങളുണ്ട്. ജീവന്റെ സ്ഥാനം വളരെ ഉയർന്നതാണ്. ഏററവും ഉയർന്ന സ്ഥാനം മനുഷ്യന്റേതും. സങ്കീർണതാപ്രക്രിയയെ പിൻചെല്ലുമ്പോൾ വ്യാപകാർഥത്തിൽ ജീവനും നിഷ്കൃഷ്ടാർഥത്തിൽ മനുഷ്യനും പ്രപഞ്ചോദയഗതിയെ പ്രതിനിധാനം ചെയ്യുന്നുവെന്ന് വ്യക്തമാകും. ഇതാണ് സങ്കീർണതയുടെ പ്രത്യേക പ്രാധാന്യം. ജീവന് പരമപ്രാധാന്യം നൽകുന്നുവെന്നതാണ് സങ്കീർണതയയുടെ പ്രാധാന്യം. വലുപ്പത്തെ ആസ്പദമാക്കിയുള്ള പ്രപഞ്ചക്രമത്തിൽ ജീവൻ പ്രായേണ നിഷ്പ്രഭമാകുന്നു. സങ്കീർണതാധിഷ്ഠിതമായ ക്രമത്തിലാകട്ടെ, അതിന്റെ പ്രാധാന്യം അന്യാദൃശംതന്നെയാണ്. എന്നിരുന്നാലും സങ്കീർണതമാത്രമാണ് ജീവനെന്ന് തെയ്യാർ വിവക്ഷിക്കുന്നില്ല.

### സങ്കീർണത – അവബോധനിയമത്തിന്റെ അർഥം

ഓരോ സചേതനത്തിനും ആന്തരികം, ബാഹ്യം എന്നിങ്ങനെ രണ്ടു മാനങ്ങളുണ്ട്. അസ്പൃശ്യമായ ആന്തരികത അഥവാ അവബോധമാണ് ആന്തരികമാനം. അസ്പൃശ്യമായ പദാർഥികഘടന ബാഹ്യമാനവും പദാർഥികഘടനയുടെ സങ്കീർണത വർധിക്കുന്തോറും അവബോധം ഏറിക്കൊണ്ടിരിക്കും. ഇതാണ് സങ്കീർണത – അവബോധനിയമം. ഈ നിയമമനുസരിച്ച് സങ്കീർണതയും അവബോധവും "ഒരേയൊരു പ്രതിഭാസത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്."

### സങ്കീർണത – അവബോധനിയമത്തിന്റെ സർവാശ്ലേഷകത്വം

സങ്കീർണതയും അവബോധവും ജീവന്റെ തലത്തിൽ ദൃശ്യമാണ്. പ്രപഞ്ചത്തെപ്പറ്റിയുള്ള അനുക്രമവീക്ഷണം അവയെ ജീവതലത്തിൽ ഒതുക്കിനിർത്തുവാൻ നമ്മെ അനുവദിക്കുകയില്ല.അചേതനങ്ങളെന്നു വിശേഷിപ്പിക്കപ്പെടുന്ന വസ്തുക്കളിലും കുറെ സങ്കീർണതയുണ്ട്. അവയിലും ഒരു തരത്തിലുള്ള ആന്തരികത സന്നിഹിതമത്രേ. തെയ്യാർ ഈ ആന്തരികതയെ ജീവൻ അഥവാ അബോധം എന്നു വിളിക്കുന്നു. അവയിലുള്ള ജീവൻ അതിനിസ്സാരവും അവഗണനീയവുമാകയാൽ നാമതിനെ ശ്രദ്ധിക്കാറില്ല. എന്നുവെച്ച് ഈ ജീവൻ നിഷേധിച്ചുകൂടാ. ഇത് അനുഭവഗോചരമല്ല എന്നതുകൊണ്ട് ഇതിന്റെ അസ്തിത്വം നിഷേധിക്കാനൊരുമ്പെടുന്നത്, കുറഞ്ഞ വേഗത്തിലുണ്ടാകുന്ന അതിനിസ്സാരമായ പിണ്ഡവർദ്ധനവ് കണ്ടെത്തുക പ്രയാസമാകയാൽ വർദ്ധനവുണ്ടാകുന്നില്ല എന്നു ശഠിക്കുന്നതുപോലെയാണ്. പ്രപഞ്ചത്തെപ്പറ്റിയുള്ള ഏകീകൃത വീക്ഷണം (coherent weltanschauung)–തെയ്യാറിന്റെ ദൃഷ്ടിയിൽ ഇതു മാത്രമേ ശരിയായ പ്രപഞ്ചവീക്ഷണമാകൂ–ജീവൻ അജൈവതലത്തിലേക്ക് വ്യാപിച്ചു കിടക്കുന്നതായി കരുതുവാൻ നമ്മെ നിർബന്ധിക്കുന്നു. അങ്ങനെ ജീവനെ വ്യത്യസ്തതലങ്ങളിൽ വിഭിന്നഅളവുകളിൽ സ്ഥിതിചെയ്യുന്ന ഒരു പ്രപഞ്ച ഗുണമായി തെയ്യാർ വീക്ഷിക്കുന്നു. നിർജീവമെന്നു കരുതപ്പെടുന്ന പദാർഥവും അതിപ്രാഥമികമായതരത്തിൽ സജീ

വമത്രേ. ഈ പ്രാഥമികരൂപത്തിലുള്ള ജീവനെ പ്രാഗ്-ജീവൻ (pre-life) എന്നു വിളിക്കാം. അത് മെച്ചപ്പെട്ടതും യഥാർഥത്തിലുള്ളതുമായ ജീവ രൂപം പ്രാപിക്കുക, സങ്കീർണതയും അവബോധവും വർധിക്കുന്നതിന നുസരിച്ചാണ്. പ്രപഞ്ചോപാദാനത്തിന്റെ ഈ പ്രവണത ക്രമാനുഗതം യാഥാർഥ്യമാകുന്ന പ്രക്രിയയാണ് പരിണാമം. പരിണാമപ്രക്രിയയുടെ അവരോഹണഗതിയിലൂടെ സഞ്ചരിച്ചാൽ സങ്കീർണതയും അവബോ ധവും കുറഞ്ഞുവരുമെന്ന് മനസ്സിലാക്കാൻ കഴിയും. "പരിണാമസരണി യിലൂടെ പുറകോട്ടു പോകുന്തോറും അവബോധം വ്യതിചലിച്ചുകൊ ണ്ടിരിക്കുന്ന ഒരു വർണരാജിയെപ്പോലെ പ്രത്യക്ഷപ്പെടുന്നു. വർണരാ ജിയുടെ താഴത്തെ പ്രതിബിംബങ്ങൾ രാത്രിയിൽ ലയിച്ച് അപ്രത്യക്ഷ മാകുന്നതുപോലെ അവബോധവും ക്രമേണ തിരോഭവിക്കുന്നു." പ്രപ ഞ്ചോദയത്തിന്റെ താഴ്ന്ന ദശകളിൽ അവബോധപ്രകാശം ഇല്ലെന്ന് തോന്നും. ഈ ദശകളെ അവബോധത്തിന്റെ രാത്രിയായി കരുതാം. പക്ഷേ ഈ രാത്രി തീർത്തും അന്ധകാരവൃതമല്ല. അതിൽ വളരെ മങ്ങിയ അവബോധം പ്രകാശിക്കുന്നുണ്ട്. ചുരുക്കത്തിൽ പ്രപഞ്ചോദയത്തിന്റെ ഓരോ ദശയിലും സങ്കീർണതയും ആനുപാതികമായ അവബോധവും ഉണ്ടായിരുന്നു. സങ്കീർണത-അവബോധനിയമം."ആവർത്തനത്തിന്റേ തായ ഒരു നിയമ(a law of recurrence)മാണ്". അതൊരു സാർവത്രിക നിയമവുമത്രേ. തെയ്യാറിന്റെ പ്രപഞ്ചവീക്ഷണത്തിന്റെ ഊടും പാവുമായി നിലകൊള്ളുന്നതും ഈ നിയമമല്ലാതെ മറ്റൊന്നുമല്ല.

## പ്രപഞ്ചോദയത്തിലെ മൂന്നു ദശകൾ

### ഒമെഗയിലേയ്ക്കുള്ള പ്രപഞ്ച പ്രയാണത്തിന്റെ അദ്യദശ, ജീവോദയം:

സങ്കീർണത-അവബോധനിയമമനുസരിച്ച് പ്രപഞ്ചോപാദാനം സങ്കീർണതരമായിക്കൊണ്ടിരുന്നു; ആനുപാതികമായഅവബോധം അതിന് കൈവന്നുമിരുന്നു. വർദ്ധമാനമായിരുന്ന ഈ പ്രവണത ഒടുവിൽ ഭൂമിയിലെ ജീവോദയത്തിന് വഴിതെളിച്ചുവെന്ന് തെയ്യാർ കരുതുന്നു. പക്ഷേ ഈ സങ്കല്പത്തിന് വല്ല അർഥവുമുണ്ടോ? ഇത് യുക്തിയുക്ത മായ വിശദീകരണം തന്നെയോ? ജീവോദ്ഭവം വിശദീകരിക്കാൻ ജീവ സ്രോതസ്സായ സ്രഷ്ടാവിന്റെ ഇടപെടൽ ആവശ്യമല്ലേ?

തികച്ചും ശാസ്ത്രീയമായ വിശകലനത്തിൽ സ്രഷ്ടാവിന്റെ ഇട പെടൽ ജീവോദ്ഭവത്തിന്റെ വിശദീകരണമല്ല. പ്രപഞ്ചത്തിൽ നടക്കുന്ന സംഭവങ്ങളെ പ്രാപഞ്ചികകാരണങ്ങൾ നൽകി വിശദീകരിക്കുക ശാസ്ത്ര ത്തിന്റെ ധർമ്മമാണ്. പ്രപഞ്ചത്തിൽ നടക്കുന്ന ഒരു സംഭവമാണ് ജിവോ ദയം. തന്മൂലം പ്രാപഞ്ചിക കാരണങ്ങൾ നൽകി അതിനെ വിശദീകരി ക്കുക ശാസ്ത്രത്തിന്റെ കടമയാണ്.

എത്ര പരിശ്രമിച്ചാലും ജീവൻ ഭൂമിയിലെത്തിച്ചേരുന്നതിനുമുമ്പ് പിന്നിട്ട യഥാർഥ പാത കണ്ടുപിടിക്കുവാൻ ശാസ്ത്രത്തിനു കഴിയുകയി

ല്ല. എങ്കിലും ജീവോദയത്തെക്കുറിച്ച് യുക്തമായ അഭ്യൂഹം കാഴ്ചവെയ്ക്കുക ശാസ്ത്രത്തിന്റെ കർത്തവ്യമാണെന്ന് തെയ്യാർ കരുതുന്നു. ഈ അഭ്യൂഹം പരീക്ഷണങ്ങളിലൂടെ സ്ഥാപിക്കപ്പെടുകയാണെങ്കിൽ ജീവോദയം സംബന്ധിച്ച് സാധ്യതയുള്ള ഒരു വ്യാഖ്യാനം നമുക്കു ലഭിക്കും.

തെയ്യാറിന്റെ അഭിപ്രായത്തിൽ, പ്രപഞ്ചോപാദാനത്തിന്റെ വർദ്ധമാനമായ സങ്കീർണീകരണ (complexification) മെന്ന പാതയിലുടെയാണ് ജീവൻ ഭൂമിയിൽ ആവിർഭവിച്ചത്. മൂലകങ്ങൾചേർന്ന് സംയുക്തങ്ങൾ രൂപപ്പെടുന്നു ലളിതമായ കാർബൺ സംയുക്തങ്ങൾ അചേതനങ്ങളിൽനിന്ന് സ്വയം രൂപപ്പെട്ടുവെന്ന് സങ്കല്പിക്കപ്പെടുന്നു. പ്രാകൃതഭൂമിയിൽ സമൃദ്ധമായുണ്ടായിരുന്ന ഊർജ്ജത്തിന്റെ പ്രവർത്തനഫലമായി ലളിതകാർബൺസംയുക്തങ്ങൾ ഉദ്ഗ്രഥിതമാവുകയും സങ്കീർണതരപദാർഥങ്ങൾ രൂപം കൊള്ളുകയും ചെയ്തു. പ്രപഞ്ചോപാദാനത്തിന്റെ സങ്കീർണത അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആന്തരികത, അഥവാ അവബോധം, ഒപ്പം വർധിച്ചുവന്നു. ഈ പ്രപഞ്ചോപാദാനം പ്രഥമത: ഒരു ഉപജീവനാൽ (sub-life) അല്ലെങ്കിൽ അർദ്ധജീവനാൽ ( semi-life) സചേതനമാക്കപ്പെട്ടു. ഈ അർദ്ധസചേതനഘടകങ്ങളിൽ ചിലത് പിന്നെയും സങ്കീർണതരമായി. ഒടുവിൽ ആദ്യത്തെ സചേതനവസ്തുക്കളായി അവ വളർന്നു. വൈറസുകളുടെ കണ്ടുപിടുത്തം, അമിനോ ആസിഡുകളുടെയും പ്രോട്ടിനോയ്ഡുകളുടെയും കൃത്രിമനിർമാണം, സചേതനങ്ങളെ ആശ്രയിക്കാതെയുള്ള ഹൈഡ്രോ - കാർബണുകളുടെ രൂപവൽക്കരണം എന്നിവ പരിണാമസിദ്ധാന്താധിഷ്ടിതമായ ജീവോദയ വ്യാഖ്യാനത്തിന് കൂടുതൽ പരീക്ഷണക്ഷമമായ തെളിവു നൽകിയിട്ടുണ്ട്. ഈ സിദ്ധാന്തം പ്രബലമായി വരുന്നുവെന്ന് കരുതുന്നവരും ഉണ്ട്.

ജീവന്റെ പ്രത്യക്ഷീഭാവം പരിണാമത്തിലെ അതിശ്രദ്ധേയമായ ഒരു പരിവർത്തനഘട്ടത്തെ കുറിക്കുന്നു. സങ്കീർണതരമായിത്തീർത്ത പദാർഥം മാത്രമല്ല ജീവൻ. അജൈവലവണങ്ങളുടെ ഉയർന്നപടിയുമല്ലത്. ഒരു രൂപാന്തരീകരണത്തിന്റെ, അല്ലെങ്കിൽ സമഗ്രമായ ഒരു പരിവർത്തനത്തിന്റെ, അനന്തരഫലമാണ് ജീവൻ. ഏറ്റവും ലളിതമായ സചേതനത്തിനും ഏറ്റവും സങ്കീർണമായ അചേതനത്തിനും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. ജീവനിലേക്കുള്ള പ്രയാണം അനന്തതയിലേക്കുള്ള ചാട്ടമായിരുന്നു. ജീവോദയം ഒരു പുതിയ യുഗത്തിന്റെ തുടക്കംകുറിക്കുന്നു.

### ദ്വിതീയ ദശ, ജീവവികാസം

ജീവന്റെ ആവിർഭാവത്തെ തുടർന്ന് അത് വികാസം പ്രാപിക്കുവാൻ തുടങ്ങി. ഈ വികാസത്തിന്റെ അനന്തരദശകൾ നന്നായി മനസ്സിലാക്കുവാൻ അതിന്റെ ഗതി എങ്ങോട്ടാണെന്ന് ഗ്രഹിക്കേണ്ടിയിരിക്കുന്നു. തെയ്യാ

റിന്റെ അഭിപ്രായത്തിൽ, ജീവവികാസത്തിന്റെ ലക്ഷ്യം കൃത്യമായി കണ്ടുപിടിക്കുവാൻ സാധിക്കും. ബാഹ്യമാനത്തിന്റെ വർധമാനമായ സങ്കീർണീകരണമായിരുന്നു ജീവവികാസത്തിന്റെ ദൃശ്യപഥമെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. തന്മൂലം ജീവവികാസം മനസ്സിലാക്കുവാൻ ജിവികളുടെ ബാഹ്യമാനത്തിന്റെ വർധമാനമായ സങ്കീർണീകരണം ശ്രദ്ധിച്ചാൽ മതി.

ജീവികളുടെ ബാഹ്യമാനത്തിൽ വിഭിന്നഭാഗങ്ങളുണ്ട്. വ്യത്യസ്ത ജീവികളിലെ വിഭിന്നഭാഗങ്ങൾ സങ്കീർണീകൃതമായത് ഒരേ വിധത്തിലല്ല. ഒരു പ്രത്യേകഭാഗം വളരെയേറെ സങ്കീർണത പ്രാപിക്കുമ്പോൾ മറ്റൊരു ഭാഗത്തിനുണ്ടാവുന്ന സങ്കീർണീകരണം അതിനിസ്സാരമാവാം. തന്മൂലം ഒരു ജീവിയുടെ ബാഹ്യമാനത്തിലെ സങ്കീർണീകരണത്തെ മറ്റൊന്നിൽ വന്നതിനോട് താരതമ്യം ചെയ്യാവുന്നതല്ല. ഉദാഹരണത്തിന്, സങ്കീർണതയുടെ അടിസ്ഥാനത്തിൽ മയിലിനേയും മുയലിനേയും താരതമ്യം ചെയ്യാനൊക്കുമോ? എല്ലാജീവികൾക്കും ബാധകമായ സങ്കീർണതയുടെ ഒരു വസ്തുനിഷ്ഠമാനദണ്ഡമുണ്ടോ?

എല്ലാറ്റിനും ബാധകമായ, വസ്തുനിഷ്ഠവും സാർവത്രികവുമായ, സങ്കീർണതാ മാനദണ്ഡമുണ്ടെന്ന് തെയ്യാർ വിശ്വസിക്കുന്നു. തലച്ചോറിൽ കേന്ദ്രീകൃതമായ നാഡീവ്യൂഹവികാസമാണ് ആ മാനദണ്ഡം, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ.

തലച്ചോറിൽ കേന്ദ്രീകൃതമായ നാഡീവ്യൂഹം ജീവികളുടെ പല അംശങ്ങളിൽ ഒന്നു മാത്രമല്ലേ എന്നൊരു ചോദ്യമുയർന്നേക്കാം. അല്ലെന്നു തന്നെയാണ് ഉത്തരം. ജീവികളിലെ കേന്ദ്രഭാഗമാണ് തലച്ചോറിൽ കേന്ദ്രീകൃതമായ നാഡീവ്യൂഹം. ഈ വ്യൂഹമാണ് ജീവിയിലെ ഇതര വ്യൂഹങ്ങളിലെയും ഭാഗങ്ങളിലെയും പ്രവർത്തനങ്ങളെ ക്രമവത്ക്കരിക്കുന്നത്. സ്മൾഡേർസി (P. Smulders) ന്റെ വാക്കുകളിൽ, "ജീവികളുടെ ഘടന നിർണയിക്കുകയും അവയെ ഏക സജീവ പ്രവർത്തനതത്ത്വമാക്കിത്തീർക്കുകയും ചെയ്യുന്ന എല്ലാ അവയവങ്ങളേയും ബന്ധിക്കുന്ന കേന്ദ്രസ്വിച്ച് ബോർഡാണ് വാസ്തവത്തിൽ തലച്ചോറ്."തലച്ചോറിന്റെ ക്രമവത്കരണ പ്രവർത്തനഫലമായി ജീവികൾ പ്രവർത്തനത്തിൽ ഐക്യം പുലർത്തുന്നു. പക്ഷേ ഈ ഐക്യത്തിലോ ക്രമനിബദ്ധതയിലോ ഉള്ള വികാസം ആന്തരിക മാറ്റത്തിന്റെ ഐക്യവികാസത്തിന്റെ പ്രകാശനമാവാതെ തരമില്ല. തന്മൂലം തലച്ചോറിൽ കേന്ദ്രീകൃതമായ നാഡീവ്യൂഹത്തിന്റെ സങ്കീർണീഭവനം (ഇതിനെ പലപ്പോഴും 'കെഫാലൈസേഷൻ' എന്നു പറയാറുണ്ട്.) ജീവമണ്ഡലത്തിലെ മൗലികവ്യതിയാന (fundamendal variable) ഘടകമത്രേ. ഈ മൗലികവ്യതിയാനഘടകം, ജീവന്റെ ആന്തരിക ബാഹ്യതലങ്ങളിലെ വികാസഗതിയെ സംശയലേശമെന്യേ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ, ജീവവികാസം കെഫാലൈസേഷന്റെ വളർച്ചയാണ്. ഇതുതന്നെയാണ് ശാസ്ത്രജ്ഞന്റെ നോട്ടത്തിൽ

ജീവവികാസത്തിന്റെ യഥാർഥ ഗതിയും. മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, സസ്തനങ്ങൾ, പ്രൈമെയ്റ്റുകൾ എന്നിവയിലൂടെ പരിണാമത്തിന്റെ വളർച്ച കെഫാലൈസേഷന്റെ വളർച്ചയാണ്. പരിണാമത്തെക്കുറിച്ചുള്ള ശരീരശാസ്ത്രപരമായ വീക്ഷണമാണിത്. ഈ വീക്ഷണത്തിൽ നിന്നാണ് മുഖ്യമായും മനുഷ്യോദ്ഭവത്തെ ഇവിടെ വിശദീകരിക്കുന്നത്. മനുഷ്യോദയത്തിന്റെ സർവകാരണങ്ങളും സർവവശങ്ങളും ചർച്ചാവിഷയമാക്കുവാൻ ശ്രമിക്കുന്നില്ല.

**പ്രൈമെയ്റ്റുകളിൽനിന്ന് മനുഷ്യനിലേക്ക്**

കെഫാലൈസേഷന്റെ വളർച്ച ജീവപരിണാമത്തിലെ വികാസമാണെങ്കില്, ഇതരജീവികളെ അപേക്ഷിച്ച് സസ്തനങ്ങളിൽ വളരെയേറെ പരിണാമം സംഭവിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തം. ഇതേ തത്വമനുസരിച്ച് സസ്തനങ്ങളിൽ പ്രൈമെയ്റ്റുകൾ മുൻപന്തിയിൽ നിൽക്കുന്നുവെന്നും പറയാം. ശരീരാവയവങ്ങളുടെ വളർച്ചയിൽ പ്രൈമെയ്റ്റുകൾ ഏറ്റവും പിന്നിലാണെന്ന് തോന്നുന്നു. ഈ തലത്തിൽ അവ നിന്നനിൽപിൽതന്നെ കഴിഞ്ഞുകൂടിയെന്നു ചുരുക്കം. മറ്റു സസ്തനങ്ങളിൽ ശരീരാവയവങ്ങൾ വളരെയേറെ വികസിച്ചു. ഈ മുന്നേറ്റം അവയുടെ തലച്ചോറിനെ ദോഷകരമായി ബാധിച്ചു. അത് പ്രാകൃതാവസ്ഥയിൽ നിലനിന്നു. പ്രൈമെയ്റ്റുകളിലാകട്ടെ, ശരീരാവയവങ്ങൾ പ്രാഥമികാവസ്ഥയിൽ തുടർന്നപ്പോൾ തലച്ചോറ് വളരെയധികം വളർന്നുവന്നു. തെയ്യാർ എഴുതുന്നു: ശരീരാവയവങ്ങളുടെ കാര്യത്തിൽ ഏറ്റവും പ്രാകൃത സസ്തനങ്ങളെപ്പോലെ പ്രൈമെയ്റ്റുകൾ അസ്തിത്വത്തിൽ തുടർന്നു.......(അവയിൽ) പരിണാമം നേരിട്ട് തലച്ചോറിൽ പ്രവർത്തിച്ചു. മറ്റെല്ലാം ഇതിന്റെ സ്വാധീനത്തിൽനിന്ന് അകന്നുനിന്നു. തലച്ചോറ് വ്യതിയാനക്ഷമമായി വർത്തിച്ചു. അതുകൊണ്ടാണ് അവ അവബോധത്തിലേക്കുള്ള മുന്നോട്ടും മുകളിലോട്ടുമുള്ള പ്രയാണത്തിൻ മുമ്പിൽ നിൽക്കുന്നത്.

പ്രൈമെയ്റ്റുകളിൽത്തന്നെ ആന്ത്രോപ്പോയ്ഡുകളാണ് കൂടുതൽ വിജയം കൈവരിച്ചത്. ആന്ത്രോപ്പോയ്ഡുകളിൽ കൂടുതൽ കൂടുതൽ നിവർന്ന രൂപം കൈവന്നവ പരിണാമവികാസത്തിന് വഴിതെളിയിച്ചു. അവ എത്രമാത്രം നിവർന്നുവന്നുവോ, അത്രമാത്രം അവയുടെ കൈകൾ സ്വതന്ത്രമായിത്തീർന്നു. ഈ കരസ്വാതന്ത്ര്യം ആന്തരിക സ്വാതന്ത്ര്യോദയത്തിന്റെ ക്രിയാത്മക ചിഹ്നമായിരുന്നു. നിവർന്ന ശരീരനില ലഭിച്ചതോടെ ഇവയിൽ ഗ്രഹണധർമ്മം (prehensile function) താടിയിൽനിന്ന് കൈകൾ ഏറ്റടുത്തു. ഇത് മുഖം കൂടുതൽ പരക്കുന്നതിനും 'മാക്സിലറി' മാംസപേശികൾ ചെറുതും ഭാരം കുറഞ്ഞതുമാകുന്നതിനു കാരണമായി. മുമ്പ് ഭീമാകാരവും ഭാരമേറിയവയുമായ മാക്സിലറി മാംസപേശികളാൽ ഞെരുക്കപ്പെട്ടിരുന്ന തലയോട്ടി അതു മുതൽ വികസിക്കുവാൻ തുടങ്ങി. അതുവഴി തലച്ചോറ് അത്ഭുതാവഹമാംവിധം വളർച്ച പ്രാപിച്ചു. തലച്ചോറിന്റെ വളർച്ചയുടെ പാരമ്യവും ചിന്തയുടെ ഉദയവും ഒരുമിച്ചായിരുന്നു.

ഇപ്രകാരം ബുദ്ധിശക്തിയും സ്വതന്ത്ര്യവുമുള്ള മനുഷ്യൻ ഏകദേശം പത്തുലക്ഷം വർഷങ്ങൾക്കുമുമ്പ് ഭൂമിയിൽ പ്രത്യക്ഷനായെന്ന് കരുതപ്പെടുന്നു.

തെയ്യാറന്റെ വീക്ഷണത്തിൽ മനുഷ്യൻ ഒരുയർന്ന മൃഗം മാത്രമല്ലെന്ന കാര്യം ശ്രദ്ധേയമാണ്. മനുഷ്യനും മൃഗത്തിനുമിടയ്ക്ക് അഗാധവും വിസ്തൃതവുമായ ഒരു ഗർത്തമുണ്ട്. അദ്ദേഹം പറയുന്നു: "ഒരു വലിയ വിടവ് നമ്മെ വേർതിരിക്കുന്നു. മനുഷ്യനിലേയ്ക്കുള്ള പടിവാതിൽ തുറക്കുവാൻ മൃഗത്തിനെക്കൊണ്ടാവില്ല. മനനശക്തിയുള്ള നാം മൃഗത്തിൽനിന്ന് വിഭിന്നരാണെന്ന് മാത്രമല്ല, തീർത്തും വ്യത്യസ്ത ജീവികളുമത്രേ. അളവിൽ മാത്രമല്ല മാറ്റമുള്ളത്. പ്രത്യുത അവസ്ഥാഭേദത്താൽ ഉളവാകുന്ന സ്വഭാവന്തരവുമുണ്ട്." മൃഗത്തിനുമുണ്ട് അറിയാൻ കഴിവ്. മനുഷ്യനാകട്ടെ അറിയുവാൻ മാത്രമല്ല, താനറിയുന്നുവെന്ന വസ്തുത അറിയുവാനും കഴിയും. സ്വന്തം അവബോധത്തെക്കുറിച്ച് മനുഷ്യൻ ബോധവാനാണ്. അവനിൽ അവബോധം ദ്വിഗുണീഭവിച്ചിരിക്കുന്നു. അതിന്റെ മാനം ഇരട്ടിയായിരിക്കുന്നു. അങ്ങനെ മനുഷ്യനെ ഇപ്രകാരം ഒരു സമവാക്യംകൊണ്ട് നിർദേശിക്കാം: മനുഷ്യൻ=അവബോധം. മനുഷ്യനിൽ അവബോധം സ്വയാവബോധമായി രൂപാന്തരം പ്രാപിച്ചു. അതിപ്രധാനവും അന്യാദൃശവുമാണീ രൂപാന്തരം. മനുഷ്യ ജനനത്തോടെ "ഭൂമി അതിന്റെ ആത്മാവിനെ കണ്ടെത്തുന്നു." പരിണാമചരിത്രത്തിൽ ഈ രൂപാന്തരത്തിന് പരമ പ്രാധാന്യമുണ്ട്. ഈ രൂപാന്തരീകൃത മനുഷ്യൻ "പരിണാമം സ്വാവബോധം നേടിയതത്രേ."

**തൃതീയദശ, അതിമാനുഷ്യകത്തിലേക്കുള്ള പ്രയാണം**

അനേകം ദശലക്ഷവർഷങ്ങളിലെ പ്രപഞ്ചപരിണാമ ഫലമായി മനുഷ്യൻ ആവിർഭവിച്ചു. പ്രപഞ്ച പരിണാമത്തിന്റെ കനിഷ്ഠസന്തതിയല്ല മനുഷ്യൻ. മനുഷ്യോദയത്തോടെ പരിണാമം മാനുഷികീകൃതമായി. "മനുഷ്യവത്ക്കരണം പരിണാമത്തിന് നങ്കൂരമിടാനുള്ള തുറമുഖമായുരുന്നില്ല."പ്രകൃതിയുടെ സൃഷ്ട്യുന്മുഖമായ ഫലഭൂയിഷ്ടതയിൽനിന്ന് മനുഷ്യൻ ജന്മമെടുത്തു. എന്നാൽ മനുഷ്യനെ പ്രസവിച്ചതോടെ പ്രകൃതിമാതാവിന്റെ ആർത്തവം നിലയ്ക്കുന്നില്ല. മനുഷ്യൻ പരിണാമത്തിന്റെ ശ്രേഷ്ഠതമവും അന്തിമവുമായ ഫലമാണെന്ന അഭിപ്രായത്തെ "വിനാശകരമായ ഒരു വ്യാമോഹ"മായി തെയ്യാർ തിരസ്കരിക്കുന്നു. മനുഷ്യവത്ക്കരണം അസ്തമിതപ്രായമായിരിക്കുകയാണെന്ന ആശയം യുക്തിരഹിതവും ഊഹാധിഷ്ഠിതവുമാണ്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ.

മനുഷ്യോദയം പരിണാമത്തിലെ ഒരു പുതിയ ദശയുടെ ആരംഭമത്രേ. പരിണാമജലയാനം മനുഷ്യവത്കരണമെന്ന തുറമുഖത്തുനിന്ന് നങ്കൂരമഴിച്ച് അതിമാനുഷ്യകമാകുന്ന സമുദ്രത്തിലേക്ക് യാത്രതിരിക്കുന്നു. അതിമാനുഷ്യകത്തിലേക്കുള്ള പ്രയാണം യഥാർഥവും പരമപ്രധാ

നവുമാണെന്ന് തെയ്യാർ കരുതുന്നു. ഈ അനന്തരദശയുടെ അഭാവത്തിൽ പരിണാമഫലം അലസിപ്പോകുന്നതിനു സമമായിരിക്കുമെന്നത്രേ അദ്ദേഹത്തിന്റെ അഭിപ്രായം. ഈ ദശയുടെ വിശദവിവരങ്ങൾ ഭാവിയുടെ ഗർഭത്തിൽനിന്ന് പുറത്തുവരാനിരിക്കുന്നതേയുള്ളൂ. എന്നിരുന്നാലും ഈ അതിമാനുഷ്യക രൂപാന്തരീകരണത്തിന്റെ ഗതിയും അച്ചുതണ്ടും ചൂണ്ടികാണിക്കുവാൻ സാധിക്കും.

മനുഷ്യനിൽനിന്നുള്ള പരിണാമം മനുഷ്യനു കീഴേയുള്ള ജീവിവംശങ്ങളുടെ പരിണാമംപോലെയായിരിക്കുകയില്ല. മനുഷ്യനൊഴികെ മറ്റെല്ലാ വംശങ്ങൾക്കും (species) ഭേദങ്ങളു (varieties) ണ്ട്. ഭേദങ്ങൾ പ്രാരംഭദശയിലുള്ള വംശങ്ങളാണ്. അതിദീർഘമായ ഒരു കാലഘട്ടം കൊണ്ട് ഈ ഭേദങ്ങൾ വ്യത്യസ്തവംശങ്ങളായിത്തീരുന്നു. പക്ഷേ ഈ പ്രവണതയ്ക്ക് മനുഷ്യനിൽ പ്രാബല്യമില്ല. ശാഖോപശാഖകളായി പിരിഞ്ഞ് വ്യത്യസ്തവംശങ്ങൾ രൂപപ്പെടുത്തുവാൻ മനുഷ്യനുണ്ടാകാമായിരുന്ന പ്രവണതയെ വംശാന്തരൈക്യം പുലർത്തുവാനുള്ള പ്രയാണം മനുഷ്യർക്കിടയിൽത്തന്നെയുള്ള ദൃഢഗാഢബന്ധത്തിലാണ് കലാശിക്കുക. അതുതന്നെയത്രേ അതിമാനുഷ്യകത്തിലേക്കുള്ള പാത.

തെയ്യാർ വിഭാവനംചെയ്യുന്ന അതിമാനുഷ്യകത്തിനും നീത്ഷേ (Nietzsche)യുടെ അതിമാനുഷനും (superman) തമ്മിൽ സാരമായ വ്യത്യാസമുണ്ട്. ഹോമോ സാപ്പിയെൻസിന്റെ പരിണാമം അതിബുദ്ധിമാനായും മനുഷ്യനിലേക്കോ (homo sapientior) മനുഷ്യേതര ജീവിയിലേക്കോ (metanthropos) നയിക്കുമെന്ന് തെയ്യാർ കരുതുന്നില്ല. മറ്റു വാക്കുകളിൽ ഇന്നത്തേക്കാൾ മെച്ചപ്പെട്ടവരോ ഉയർന്നവരോ ആയ മനുഷ്യവ്യക്തികൾ പ്രത്യക്ഷപ്പെടുമെന്ന അഭിപ്രായം അദ്ദേഹത്തിനില്ല. ഒരു വംശമെന്ന നിലയിൽ ഭാവിമനുഷ്യനെ അദ്ദേഹം ചിത്രീകരിക്കുവാൻ ശ്രമിക്കുന്നു, അതി മാനുഷ്യകപ്രശ്നം ഒരു വ്യക്തിയേയോ ഒരു ജാതി മനുഷ്യരേയോ ബാധിക്കുന്നതല്ല. മനുഷ്യരാശി മുഴുവന്റേയും പൊതുപ്രശ്നമാണത്. സ്മാൾഡേർസിന്റെ ഭാഷയിൽ “മനുഷ്യനുശേഷം മാനവവംശം.” മനുഷ്യനുശേഷമുള്ള പരിണാമത്തിന്റെ ഫലം “അർഹിക്കുന്നതിന്റെ അതിജീവന” മായിരിക്കയില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം നിലനിൽപ് സാകലികമായിരിക്കും. മറിച്ചെങ്കിൽ ആരും നിലനിൽക്കുകയുമില്ല. ഏറ്റവും അർഹതയുള്ള ജീവി എന്ന സ്ഥാനം സ്ഥാപിച്ച് നിലനിൽപ് സമ്പാദിക്കുവാനുള്ള മനുഷ്യവ്യക്തികളുടെ ശ്രമം പരാജയപ്പെടുകയേ ഉള്ളൂ. അർഥവത്തായ അസ്തിത്വമുള്ള വ്യക്തികളുടെ ഒരു സമൂഹമെന്നനിലയിൽ മാത്രമേ നാം നിലനിൽക്കുകയുള്ളൂ. മനുഷ്യപരിണാമത്തെ ഭരിക്കുന്ന “സാകാലികാതിജീവന” (collective survival) നിയമമാണിത്. ഈ നിയമം മനസ്സിലാക്കുകയും അനുസരിക്കുകയും ചെയ്യുക മാനവകുലത്തിന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്.

## സമൂഹവത്ക്കരണം

മനനശക്തിയില്ലാത്ത വംശങ്ങളെപ്പോലെ മനുഷ്യവംശവും പരിണമിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ അവയെപ്പോലെ മനുഷ്യവംശത്തിന് വിഭജിക്കപ്പെടാനുള്ള പ്രവണതയില്ല. മനുഷ്യവംശം സഹജമായ ഗുണവിശേഷത്താൽ വർദ്ധമാനമായ വംശാന്തരൈക്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിലെ അംഗങ്ങൾ തമ്മിലുള്ള ഈ ഐക്യത്തിന്റെ ദൃഢീകരണത്തേയും സ്ഥിരീകരണത്തേയുമാണ് സമൂഹവത്ക്കരണം (Socilization) എന്നു പറയുന്നത്.

മനുഷ്യന്റെ ലോകത്തിൽ സമൂഹവത്ക്കരണം ഏറ്റവും പ്രധാനമായ പ്രക്രിയയാണ്. ഇതും സങ്കീർണത–അവബോധനിയമത്തിന്റെ പ്രവർത്തനഫലമാണെന്നതിൽ സംശയമില്ല. ഈ നിയമമനുസരിച്ച് ചിന്താണുക്കൾ ഏകീകരണത്തിലൂടെ സങ്കീർണത പ്രാപിക്കുന്നു. ഒപ്പം അവബോധം വളരുകയും ചെയ്യുന്നു. മനുഷ്യർക്കിടയിലുള്ള ബന്ധങ്ങൾ സ്ഥിരീകരിക്കുന്നതും അവബോധം വർദ്ധിപ്പിക്കുന്നതും മനുഷ്യരാശിയെ മുഴുവൻ ബാധിക്കുന്നതുമായ സമൂഹവത്ക്കരണം മനുഷ്യർക്കു പ്രത്യേകമുള്ള ഒരു പ്രക്രിയയാണ്. ദ്വിഗുണീകൃതാവബോധം (consciousess) മനുഷ്യനുണ്ടെന്നതാണ് അവന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത. ജ്ഞാനത്തെ സംബന്ധിക്കുന്ന ജ്ഞാനം മനുഷ്യനുണ്ട്. മനുഷ്യൻ മനനംതന്നെയാണ്. മനുഷ്യൻ സ്വയം അറിയുന്നു. എന്നാൽ ഒറ്റപ്പെട്ടുനിൽക്കുകയാണെങ്കിൽ മനുഷ്യന്റെ ആത്മജ്ഞാനം പരിമിതമായിരിക്കും. അന്യരിൽകൂടി മാത്രമേ മനുഷ്യന് തന്നെപ്പറ്റി അറിയുവാൻ കഴിയൂ. അന്യരോടുള്ള സഹവാസത്തിലൂടെയാണ് മനുഷ്യന് പൂർണത കൈവരുക. സ്വയം കണ്ടെത്താനും സ്വന്തം വ്യക്തിത്വത്തെ പൂർണമാക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്ന ഈ സഹവാസത്തെയാണ് സമൂഹവത്ക്കരണമെന്നു പറയുന്നത്.

സമൂഹവത്ക്കരണം രണ്ടു ദശയിലായി സംഭവിക്കുന്നു. ആദ്യം അത് വ്യാപിക്കുന്നു; പിന്നീട് സാന്ദ്രീകൃതമാവുന്നു. ഗോളത്തിന്റെ ഒരു ധ്രുവത്തിൽനിന്ന് മറ്റൊരു ധ്രുവത്തിലേക്ക് വ്യാപിക്കുന്ന സ്പന്ദനംപോലെയാണ് സമൂഹവത്ക്കരണം. ഒരു ധ്രുവത്തിലാരംഭിച്ച് മധ്യരേഖയിലെത്തുന്നതുവരെ സ്പന്ദനം വ്യാപിക്കുന്നു. മധ്യരേഖ പിന്നിട്ടാൽ സ്പന്ദനം സാന്ദ്രീകൃതമാവുന്നു. അവസാനം മറ്റേ ധ്രുവത്തിൽ കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്നു. മാനുഷികമാകുന്ന അലയുടെ ഭൂമുഖവ്യാപനവും ഇതേരീതിയിലാണ്.

മനുഷ്യവർഗത്തിന്റെ വ്യാപനം അതിന്റെ സാന്ദ്രീകരണത്തിന് വഴി തെളിയിക്കുന്നു. മനുഷ്യരാശിയുടെ പ്രചരണം അവരുടെ ഐക്യത്തിലേക്ക് നയിക്കുന്നു.

മനുഷ്യാവിർഭാവത്തോടെ ആദ്യദശ ആരംഭിച്ചു. മനുഷ്യരുടെ സംഖ്യ വർദ്ധിക്കുകയും, അവർ ക്രമേണ ഭൂമി മുഴുവൻ അധിവസിക്കുകയും,

വിവിധ സംസ്ക്കാരങ്ങളും നാഗരികതകളും ജനപദങ്ങളും രൂപപ്പെടുകയും ചെയ്തത് ആ ദശയുടെ തുടർച്ചയായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ വ്യാപനദശ അവസാനിച്ചുവെന്ന് തെയ്യാർ വിശ്വസിക്കുന്നു. മാനുഷികത്തിന്റെ അല മധ്യരേഖയെ അതിലംഘിച്ചുകഴിഞ്ഞു.

ദ്വിതീയ ദശയായ മനുഷ്യരാശിയുടെ സാന്ദ്രീകരണം ഒരു നൂറ്റാണ്ടുമുമ്പ് ആരംഭിച്ചു. ഭൂഗോളത്തിന്റെ ഗോളാകൃതി മനുഷ്യരുടെ സാന്ദ്രീകരണത്തിനും അടുത്ത ഐക്യത്തിനും ഉപോദ്ബലകമായിരുന്നിട്ടുണ്ട്. ഗോളത്തിന്റെ ശേഷിക്കുന്ന പരിമിതവും വക്രവുമായ ഉപരിതലത്തിലേക്ക് മുന്നേറുന്നതുവഴി മനുഷ്യർ പരസ്പരം അടുക്കുന്നു. നേതാക്കൾ വരകൾ വരയ്ക്കുകയും അതിർത്തികൾ വരയ്ക്കുകയും മതിലുകളുയർത്തുകയും ചെയ്യുന്നുണ്ട്. പക്ഷേ തള്ളിക്കേറിക്കൊണ്ടിരുന്ന മാനുഷികമാകുന്ന അല ആ വരകൾ മായ്ക്കുകയും അതിർത്തികൾ ലംഘിക്കുകയും മതിലുകൾ തകർക്കുകയും ചെയ്യുന്നു.

ആശയവിനിമയോപാധികളുടെ അത്ഭുതാവഹമായ പുരോഗതി-അച്ചടി, ടെലിവിഷൻ, റേഡിയോ, സിനിമ ആദിയായവ-മനുഷ്യസാന്ദ്രീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഈ ഉപാധികളിൽകൂടി മനുഷ്യർ, ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും, പരസ്പരം വളരെ അടുക്കുന്നു. സഹജീവികളുടെ സുഖവും ദുഃഖവും വിജയവും പരാജയവും നേട്ടങ്ങളും കോട്ടങ്ങളും ദുരന്തങ്ങളും പ്രതിസന്ധികളുമെല്ലാം, വിദൂരസ്ഥമായ അതിർത്തികളിലുള്ളവയോ ചരിത്രത്തിൽ വിസ്മൃതമായിപ്പോയവയോ ആയിക്കൊള്ളട്ടെ, ഈ ഉപാധികളിലൂടെ നമ്മുടെ സജീവനുഭവങ്ങളായി മാറുന്നു. പ്രത്യാശാജനകമോ നിരാശാജനകമോ ആയ ലോകസംഭവങ്ങൾ, ഭൂമിയിൽ ഏതെങ്കിലും പ്രദേശത്ത് ആർക്കെങ്കിലും നേരിടേണ്ടിവരുന്ന സംഭവങ്ങൾ, ഈ വിനിമയോപാധികളിലൂടെ ലോകം മുഴുവനിലുമുള്ള മനുഷ്യരിലേയ്ക്കെത്തുന്നു. ഗതാഗതസൗകര്യങ്ങൾ സമൂഹവത്ക്കരണത്തിന്റെ ദ്വിതീയ ദശയെ ത്വരിപ്പിക്കുന്നുണ്ടെന്നതിൽ സംശയമില്ല. മനുഷ്യപ്രപഞ്ചം അതിവേഗം സങ്കോചിച്ചുകൊണ്ടിരിക്കുകയാണ്.

ആധുനിക ജീവിതരീതികൾ ബഹുവിധബന്ധങ്ങളുൾക്കൊള്ളുന്ന ഒരു വല നെയ്തെടുക്കുന്നു. പ്രാകൃതമനുഷ്യൻ പ്രകൃതിയെ അധികവും സഹജീവികളെകുറച്ചും ആശ്രയിച്ചിരുന്നു. നമ്മുടെ പിതാക്കന്മാർ പ്രകൃതിയുടെ അടിമകളായിരുന്നു. അവർ പ്രകൃതിയുടെ കാരുണ്യം യാചിച്ചു കഴിഞ്ഞു. അവർ പലപ്പോഴും ക്രൂരമായി പെരുമാറി. ശാസ്ത്രീയ സാങ്കേതിക പുരോഗതിയുടെ ഫലമായി നമുക്കിന്ന് പ്രകൃതിയുടെമേൽ കൂടുതലാധിപത്യമുണ്ട്. പക്ഷേ ഇത് പ്രശ്നത്തിന്റെ ഒരു വശം മാത്രം. സ്വതന്ത്രനായ ആധുനിക മനുഷ്യന് സഹജീവികളെ അങ്ങേയറ്റം ആശ്രയിച്ചു കഴിയേണ്ടിയിരിക്കുന്ന. നാം പ്രകൃതിയിൽനിന്ന് എത്രമാത്രം സ്വതന്ത്രരായോ, അത്രത്തോളം സഹജീവികളെ ആശ്രയിച്ചേ മതിയാവൂ. ആധുനിക മനുഷ്യന് ഇലക്ട്രീഷനേയും എൻജിനീയറെയും ടെലഫോൺ ഓപ്പ

റേറ്ററേയും പോസ്റ്റ്മാനേയും ഡോക്ടറേയും പൈലറ്റിനേയും പത്രക്കാരനേയും ആശാരിയേയും തയ്യൽക്കാരനേയും ക്ഷുരകനേയും കശാപ്പുകാരനേയും തൂപ്പുകാരനേയും, എന്നുവേണ്ട മറ്റു പലരേയും ആവശ്യമുണ്ട്. നമ്മുടെ പൂർവികർക്ക് ഇവരെ ആവശ്യമില്ലായിരുന്നു. ആധുനികരുടെ ഈദൃശബന്ധങ്ങളുടെ എണ്ണം വർധിക്കുകയും ഇവ കൂടുതൽ ദൃഢമാവുകയും ചെയ്തുകൊണ്ടിരിക്കുകയാണെന്നും കാണാൻ വിഷമമില്ല. മനുഷ്യരാശി മുഴുവൻ ഇപ്രകാരം ഒരു സമൂഹമായി, ഒരു കുടുംബമായി, പരിണമിച്ചുകൊണ്ടിരിക്കുന്നു. നമുക്കിഷ്ടമാണെങ്കിലും അല്ലെങ്കിലും ആധുനികജീവിതസമ്പ്രദായം നമ്മെ പരസ്പരം അടുപ്പിക്കുന്നു. "സാമ്പത്തികവും മാനസികവുമായ ബന്ധങ്ങളാൽ പ്രപഞ്ചമാകുന്ന വല ത്വരിതഗതിയിൽ നെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന വസ്തുത ആർക്കും നിഷേധിക്കുക സാധ്യമല്ല. ഈ ബന്ധങ്ങൾ നമ്മെ വലയം ചെയ്യുന്നു. നാമോരുത്തരിലേക്കും കൂടുതൽ  കൂടുതൽ ആഴ്ന്നിറങ്ങുന്നു. സാമൂഹികമായല്ലാതെ ചിന്തിക്കുവാനുള്ള കഴിവ് അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു." പ്രാകൃത മനുഷ്യന് സ്വസഹോദരനിൽനിന്ന് ഓടിയകലുവാനും ഒറ്റപ്പെട്ടു ജീവിക്കുവാനും കഴിയുമായിരുന്നു. ആധുനിക മനുഷർക്ക് ഇത് സാധ്യമല്ല. സമൂഹവത്ക്കരണം ഒരു യാഥാർഥ്യമായിക്കഴിഞ്ഞിരിക്കുന്നു.

## ആന്തരികമാനത്തിൽനിന്നുള്ള സമൂഹവത്ക്കരണം

പരിമിതവും ഗോളാകാരവുമായ ഭൂമിയുടെ ഉപരിതലം, ജനസംഖ്യയുടെ വർദ്ധന, വിനിമയോപാധികളുടെയും ഗതാഗതസൗകര്യത്തിന്റേയും അത്ഭുതാവഹമായ പുരോഗതി, ആധുനിക ജീവിതമുൾക്കൊള്ളുന്ന ബന്ധങ്ങളുടെ വലയം ആദിയായവയെല്ലാം മനുഷ്യരെ പരസ്പരം അടുപ്പിക്കുകയും അവരെ ഒരു സമൂഹമാക്കുകയും ചെയ്യുന്നു. പക്ഷേ ഈ ബാഹ്യഘടകങ്ങൾ ഒരു യഥാർഥ മനുഷ്യസമൂഹത്തിന് രൂപം കൊടുക്കുവാൻ പോരുന്നവയല്ല. ആന്തരിക തലത്തിൽനിന്നേ യഥാർത്ഥ സമൂഹവത്ക്കരണം സാധ്യമാകൂ. മനുഷ്യവ്യക്തികളുടെ ഹൃദയൈക്യത്തിലാണ് അത് കുടികൊള്ളുന്നത്. തെയ്യാറിന്റെ അഭിപ്രായത്തിൽ നാത്സിസവും ഫാസ്സിസവും കമ്മ്യൂണിസവും വികൃതമായ വ്യതിയാനങ്ങളാണ്. ജീവിതത്തിന്റെ സാമൂഹികമാനത്തിന് പ്രാധാന്യം നൽകുന്ന ഈ വ്യവസ്ഥിതികളാൽ വ്യക്തി അപ്രധാനമാകുന്നു; സമൂഹം മാത്രമേ ശ്രദ്ധയർഹിക്കുന്നുള്ളൂ. വ്യക്തികൾക്ക് പ്രാധാന്യം നൽകാത്ത സമുദായങ്ങൾ മനുഷ്യർക്ക് യോജിച്ചവയല്ല. തന്മൂലം ഈദൃശമായ സർവ്വാധിപത്യസംവിധാനങ്ങൾ യഥാർഥത്തിലുള്ള അതിമാനുഷ്യകത്തെ പ്രതിനിധാനം ചെയ്യുന്നില്ല. ഈ വ്യവസ്ഥിതികളിൽ സമൂഹവത്ക്കരണശക്തിക്ക് മാർഗഭ്രംശം ഭവിച്ചിരിക്കയാണ്. അവ വ്യാജസമുദായങ്ങളത്രേ.

യഥാർഥ സമൂഹവത്ക്കരണം സങ്കീർണത-അവബോധനിയമമനുസരിച്ചേ പ്രാബല്യത്തിൽ വരു. ഐക്യാവസ്ഥയിൽ ഐക്യവിധേയമാകുന്ന മൂലകങ്ങൾക്ക് ഹാനി ഭവിക്കരുത്. പിന്നെയോ, ഐക്യംവഴി അവ

ഉപര്യുദാത്തമാവണം. ഘടകമൂലകങ്ങളെ ഉദാത്തമാക്കിത്തീർക്കുന്ന ഈ ഐക്യത്തെ "വിഭേദകൈക്യം (Differentiating Union) എന്നു തെയ്യാർ നാമകരണം ചെയ്യുന്നു. ഈ വിധത്തിലുള്ള ഐക്യത്തിൽ മൂലകങ്ങളിൽ മെച്ചമായിട്ടുള്ളതൊന്നും നഷ്ടപ്പെടുകയില്ല. മറിച്ച് അവ കൂടുതൽ മെച്ചപ്പെടുകയത്രേ ചെയ്യുക. സമൂഹവത്ക്കരണം "വിഭേദകൈക്യ" ത്തിന്റെ ഫലമായിരിക്കും. സമൂഹവത്ക്കരണത്തിൽ മനുഷ്യർ ഒന്നിക്കുന്നു. മനുഷ്യരുടെ സവിശേഷതയാണ് വ്യക്തിത്വം. തന്മൂലം സമൂഹവത്ക്കരണത്തിൽ മനുഷ്യർ ഉത്തമവ്യക്തികളായിത്തീരണം. അവരുടെ വ്യക്തിത്വം വളരണം.

വ്യക്തിത്വത്തെ മുറുകെപ്പിടിക്കുകയും സർവ്വാധിപത്യ വ്യവസ്ഥിതികളെ എതിർക്കുകയും ചെയ്യുന്നതുകൊണ്ട് തെയ്യാർ മുതലാളിത്ത വ്യവസ്ഥിതിയുടെ അനുഭാവിയാണെന്ന് ധരിക്കുക വലിയ അബദ്ധമായിരിക്കും. സാമൂഹിക മൂല്യങ്ങളെ അവഗണിക്കുന്ന, ഒറ്റപ്പെട്ട വ്യക്തികളെ പൂജിക്കുന്ന, മുതലാളിത്തവ്യവസ്ഥിതി ഒരു വൈകൃതമാണ്. സമൂഹവത്ക്കരണ പ്രക്രിയയുടെ അച്ചുതണ്ടിന് അതിലൂടെ പ്രവേശിക്കുവാൻ സാധ്യമല്ല. യഥാർഥ സമൂഹവത്ക്കരണംവഴി വ്യക്തികളുടെ ഒരു കൂട്ട (A Crowd of Individuals) മായിരിക്കുകയില്ല രൂപംകൊള്ളുക; പ്രത്യുത അവഗാഢം ബന്ധിതമായ നിർവ്യാജവ്യക്തികളുടെ ഒരു സമൂഹമായിരിക്കും (A Community of Authentic Persons).

**ഓമെഗ**

സങ്കീർണത-അവബോധക്രമമനുസരിച്ച് പ്രപഞ്ചോപാദനം യഥാക്രമം ജീവവത്ക്കരിക്കപ്പെടുകയും മനുഷ്യവത്ക്കരിക്കപ്പെടുകയും ചെയ്തു. പ്രകൃതത്തിൽ ഈ ചോദ്യം ഉയർന്നേക്കാം: സമൂഹവത്ക്കരണത്തിന്റെ ഭാവിയെന്ത്? സമൂഹവത്ക്കരണത്തിന്റെ ഭാവിയെക്കുറിച്ചുള്ള തെയ്യാറിന്റെ വ്യാഖ്യാനം നമ്മെ ഓമെഗയിലേക്കെത്തിക്കുന്നു.

സമൂഹവത്ക്കരണത്തോട് ബന്ധപ്പെടുത്തിയാണ് തെയ്യാർ ഓമെഗയെ വീക്ഷിക്കുന്നത്. ഓമെഗയ്ക്കും സമൂഹവത്ക്കരണത്തിനും തമ്മിലുള്ള ബന്ധം ഗ്രഹിക്കുവാൻ തനിക്കു പ്രേരകമായിരുന്നത് തന്റെ ക്രൈസ്തവ വിശ്വാസമാണെന്ന് തെയ്യാർ നിസന്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഐക്യനിയമങ്ങളെ പൂർണമായും അനുസരിച്ച് കേന്ദ്രങ്ങളുടെ ഉദ്ഗ്രഥനത്തിലൂടെ പ്രപഞ്ചം സ്വയം പൂർണമാക്കുന്നു. ദൈവം കേന്ദ്രങ്ങളുടെ കേന്ദ്രമാണ്. ഈ ആത്യന്തികദർശനത്തിൽ ക്രൈസ്തവപ്രബോധനം അതിന്റെ പാരമ്യത്തിലെത്തുന്നു. ഇത് എത്രയോ കൃത്യമായും എത്രയോ സൂക്ഷ്മമായും ഓമെഗയോട് താദാത്മ്യമുള്ളതാണ്. ഒരു വിശ്വാസിയുടെ അവബോധംവഴി ഓമെഗയുടെ മാനസികരൂപവും ജീവത്തായ ഭാവവും എനിക്കനുഭവവേദ്യമായിരുന്നില്ലെങ്കിൽ ഓമെഗയെ വിഭാവനം ചെയ്യുവാനോ യുക്തിതലത്തിൽ അതേപ്പറ്റി ഒരു അഭ്യൂഹത്തിന് രൂപം നൽകു

വാനോ ഞാൻ തുനിയുമായിരുന്നില്ല എന്നത് സംശയരഹിതമത്രേ. ഈ വരികളിൽനിന്ന് മതാത്മകവിശ്വാസത്തിന്റെ പ്രേരണയില്ലായിരുന്നു വെങ്കിൽ ഓമെഗയെക്കുറിച്ച് യുക്ത്യാധിഷ്ഠിതമായ ഒരഭ്യൂഹം രൂപപ്പെടു ത്തുവാൻ തെയ്യാർ മുതിരുകയില്ലായിരുന്നുവെന്ന് വ്യക്തമാണല്ലോ.

തെയ്യാറിന്റെ അഭിപ്രായത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഓമെഗയെക്കുറിച്ച് സ്ഥിരവും അന്തിമവുമായ ഒരു തീരുമാനം ലഭിക്കും. അതേസമയം ക്രിസ്തുവിനെ സ്വീകരിച്ചിട്ടില്ലാത്തവരെ സംബ ന്ധിച്ചിടത്തോളം ഓമെഗയിലേക്കുള്ള പാത അടഞ്ഞുമല്ല കിടക്കുന്നത്. ഏതൊരാളേയും ആത്യന്തികമായി ഓമെഗയിലേക്ക് നയിക്കുന്ന പാത സമൂഹവത്കരണമാണ്. മതവിശ്വാസഭേദമേന്യേ എല്ലാവർക്കും അഭി ഗമ്യമായ ഈ പാതയാണ് ഇനിയത്തെ നമ്മുടെ പരിഗണനാവിഷയം.

സമൂഹവത്കരണം തുടർന്നുകൊണ്ടിരിക്കുന്നുവെന്നതിൽ സംശയ മില്ല. ഓമെഗ യഥാർത്ഥത്തിൽ സമൂഹവത്കരണത്തിന്റെ ഭാവിയാണ്. ഈ പ്രക്രിയ അതിന്റെ പരമകാഷ്ഠയിലെത്തുമെന്നതാണ് അതിന്റെ ഭാവി. സമൂഹവത്കരണത്തിന്റെ പരമകാഷ്ഠയാണ് ഓമെഗ. സമൂഹവത്ക്കരണത്തിന്റെ പരമകാഷ്ഠ മനുഷ്യസമൂഹത്തിന്റെ ഏകീ കരണ പ്രക്രിയയുടെ പാരമ്യമാണ്. തന്മൂലം മാനവസമുദായത്തിന്റെ ആത്യന്തികവും അത്യുന്നതവുമായ ഏകീകരണദശയാണ് ഓമെഗ. തത്ഫലമായി സങ്കീർണ്ണത അവബോധത്തിന്റെ പരമ സാക്ഷാത് ക്കാരവും ആയിരിക്കുമത്.

സമൂഹവത്ക്കരണത്തിന്റെ പരമകാഷ്ഠയിലേക്ക് നാമെത്തിയിട്ടി ല്ലെന്ന് വ്യക്തം. മനുഷ്യസമൂഹത്തിന്റെ പരമമായ ഏകീകരണം ഇനിയും നടക്കേണ്ടിയിരിക്കുന്നു. തന്മൂലം ഓമെഗാ ഒരു ഭാവി യാഥാർത്ഥ്യമാണ്. വാസ്തവത്തിൽ അത് പരിണാമത്തിന്റെയും ഭാവിയത്രേ.

പരിണാമം ആത്മാവബോധം നേടിയതാണ് മനുഷ്യൻ എങ്കിൽ പരിണാമത്തിന്റെ ഭാവി മനുഷ്യന്റേയും ഭാവിയാണ്. മനുഷ്യൻ സ്വാഭാവികമായ സവിശേഷത നിമിത്തം സ്വന്തം ഭാവിയെ മെനഞ്ഞെ ടുക്കുന്നു. മനുഷ്യന്റെ ഭാവിയായ ഓമെഗ മനുഷ്യപ്രയത്നത്തിലൂടെ മാത്രമേ യാഥാർഥ്യമായിത്തീരൂ. തന്മൂലം ഓമെഗ സർവ്വമനുഷ്യരുടേയും പരമകർത്തവ്യമാകുന്നു.

പരിണാമത്തിലാണ് ഓമെഗ നിലകൊള്ളുന്നത്. പരിണാമാതീ തവുമാണത്. സമൂഹവത്ക്കരണത്തിന്റെ പരമകാഷ്ഠയായ ഓമെഗ പരിണാമത്തിന്റെ ആത്യന്തികബിന്ദുവാണ്. പരിണാമത്തിന്റെ അന്തിമ ബിന്ദു തീർച്ചയായും പരിണാമഭാഗമായിരിക്കും. അതേ സമയം പരിണാമ ത്തിന്റെ യഥാർത്ഥ ആത്യന്തിക ബിന്ദുവെന്ന നിലയിൽ അത് പരിണാമാ തീതവുമായിരിക്കണം. പരിണാമത്തിന്റെ അന്തിമബിന്ദു അഥവാ ലക്ഷ്യം പൂർണ്ണമായും പരിണാമത്തിന് ആന്തരികമായിരിക്കുകയില്ല. അല്ലെങ്കിൽ

അതിന് അന്തിമമായിരിക്കുക വയ്യ. മറ്റു വാക്കുകളിൽ ഓമെഗ പരിണാമത്തിന് ബാഹ്യവുമായിരുന്നേ മതിയാവൂ. പരിണാമത്തിലാണെങ്കിലും ഓമെഗയെ ഉൾകൊള്ളാൻ പരിണാമത്തിന് കഴിവില്ല.

മനുഷ്യവ്യക്തികളുടെ പൂർണ്ണതയാണ് ഓമെഗ. പുരുഷാത്മകമല്ലാത്തത് വ്യക്തികളുടെ പൂർണ്ണതയ്ക്ക് യോജിച്ചതല്ല. എങ്കിൽ ഓമെഗ പുരുഷാത്മകമായിരിക്കണം.

ഒറ്റപ്പെട്ടു നിൽക്കുന്ന വ്യക്തികൾ പൂർണരാവില്ല. സമൂഹത്തിലൂടെ മാത്രമേ വ്യക്തികൾക്ക് പൂർണ്ണത കൈവരൂ. വ്യക്തികളെ ഒരു സമൂഹമായി ബന്ധിക്കുന്നത് സ്നേഹമത്രേ. അങ്ങനെ ഓമെഗ പരമമായ സ്നേഹത്തിന്റെ അവസ്ഥയാണെന്ന് വരുന്നു. പരിണാമിയായ പ്രപഞ്ചത്തിൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്നത് സ്നേഹമാണ്; തന്മൂലം പരിണാമത്തിന്റെ പാരമ്യം "സ്നേഹവത്കരണ " (amorization) ത്തിന്റെ പാരമ്യവും.

ഓമെഗയ്ക്ക് അനുകൂലമോ പ്രതികൂലമോ ആയ സാക്ഷ്യം നൽകുവാൻ ശാസ്ത്രത്തിന് കഴിവില്ല. പരിണാമ പ്രപഞ്ചത്തിനുള്ളിൽ പൂർണ്ണമായി നിൽക്കുന്നതു മാത്രമേ ശാസ്ത്രത്തിനു ഗ്രഹിക്കുവാൻ കഴിയൂ. എന്നാൽ ഓമെഗ ഇത്തരത്തിൽ പെടുന്നതല്ല. അത് പരിണാമത്തിന് അതീതമാണ്. ഓമെഗ, അതായത് സമൂഹവത്കരണത്തിന്റെ പരമകാഷ്ഠ, സംഭവ്യമാണെന്ന് സ്ഥാപിക്കുവാൻ ശാസ്ത്രത്തെ കൊണ്ടാവില്ല. സമൂഹവത്കരണം അതിന്റെ പാരമ്യത്തിലെത്തുകയില്ലെന്ന് സ്ഥാപിക്കുവാനും ശാസ്ത്രം അശക്തമാണ്.

ശാസ്ത്രത്തിന് അസാധ്യമായത് വിശ്വാസത്തിന് കഴിയും. ഓമെഗാ യാഥാർത്ഥമായിത്തീരുമെന്ന ബോധ്യത്തിലേക്ക് വിശ്വാസം സത്യാന്വേഷിയെ നയിക്കും. ഇവിടെ മതാത്മക വിശ്വാസമല്ല വിവക്ഷ; ഒരു തരം ദാർശനികവിശ്വാസമാണ്. ഇത് അന്ധമായ വിശ്വാസമല്ല. ജീവിതത്തിന് അർഥമുണ്ട്; അഥവാ പ്രപഞ്ചം വ്യർഥമല്ല എന്ന തത്വത്തിലധിഷ്ഠിതമാണീ വിശ്വാസം. തെയ്യാറിന്റെ വീക്ഷണത്തിൽ ജീവിതത്തിനോ പ്രപഞ്ചത്തിനോ അർഥവത്തായ വ്യാഖ്യാനം നൽകാൻ ശ്രമിക്കുന്നവരെല്ലാം മൗലികമായ ഈ തത്വം – ജീവിതം അർഥപൂർണ്ണ മാണ് എന്നത് അംഗീകരിച്ചേ മതിയാവൂ. ഓമെഗയ്ക്ക് മാത്രമേ ജീവിതത്തെ അർഥവത്താക്കാൻ കഴിയൂ എന്നും അദ്ദേഹം കരുതുന്നു. ഓമെഗയുടെ അഭാവത്തിൽ ജീവിതം അർഥശൂന്യമായിത്തീരും; പ്രപഞ്ചം നിരർഥകവും. പ്രപഞ്ചോദയത്തിന്റെ പാരമ്യമായ ഓമെഗ യാഥാർഥ്യമാവുന്നില്ലെങ്കിൽ, പ്രപഞ്ചം ആത്മവിനാശകമായ ഒരു പ്രക്രിയയാണെന്ന് വരും. ഇതിനേക്കാൾ വലിയ ദുരന്തമില്ല. ജീവിതത്തിന്റെ അന്ത്യം ഒരു കൊടും വിപത്തായിരിക്കുമെന്ന് തെയ്യാർ കരുതുന്നില്ല. അതിന്റെ പൂർണ്ണത ഓമെഗ ആയിരിക്കുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം.

പരിണാമത്തിന്റെ അപ്രതിഹത പാരമ്യമായ ഓമെഗയ്ക്ക് മനുഷ്യപ്രയത്നവും ആവശ്യമാണ്. ഓമെഗ നമ്മുടെ കർത്തവ്യമാണെന്ന് നാം കണ്ടുകഴിഞ്ഞു. അതിനു നമ്മുടെ ശ്രമം കൂടിയേ തീരൂ. നമുക്ക് ദീർഘവീക്ഷണവും സ്വാതന്ത്ര്യവുമുണ്ട്. അവസാനം നിഷ്ഫലമായി പ്പോകാനിരിക്കുന്ന ഒന്നിനുവേണ്ടി നാം പ്രയത്നിക്കാറില്ല. ഓമെഗയുടെ വിപര്യയ സാധ്യതയെക്കുറിച്ചുള്ള ചിന്ത തന്നെ "മനുഷ്യവർഗ്ഗത്തെ നിരുന്മേഷമാക്കും". ആ അവബോധം "ജീവിതത്തിന്റെ ഉന്മേഷം നശിപ്പി ക്കും"; നമ്മെ കർമ്മാനുഷ്ഠാന വിമുഖരാക്കും, ആ വിധത്തിലുള്ള ബോധമാണുള്ളതെങ്കിൽ നമ്മുടെ കർത്തവ്യങ്ങൾ താൽപര്യത്തോടെ നാം ചെയ്തുതീർക്കുകയില്ല. ജീവിതോന്മേഷത്തിനും പ്രവർത്തന ചൈതന്യത്തിനും അപ്രതിഹത സ്വഭാവമുള്ള ഓമെഗ ഉണ്ടായേ തീരൂ. "പ്രവർത്തിക്കുവാനുള്ള നമ്മുടെ മനസ്സ് നഷ്ടപ്പെടുന്നു; മനുഷ്യ ചൈതന്യം മൗലികമായി കുറയുകയും ചുരുങ്ങുകയും ചെയ്യുന്നു".

ഇതുവരെ പറഞ്ഞതിൽനിന്ന് തെയ്യാറിന്റെ വിശ്വവീക്ഷണത്തിൽ ഓമെഗ ഒരു ദശയാണെന്ന് വ്യക്തമായല്ലോ. പ്രപഞ്ചോദയത്തിലെ അന്തിമദശയാണത്. പരമമായ സമൂഹവത്കരണത്തിന്റെ ദശയുമാണത്.

സമൂഹവത്കരണത്തിന്റെ പരമകാഷ്ഠ മനുഷ്യവ്യക്തിയുടെ അന്തിമവും അപ്രതിഹതവുമായ ഏകത്രകേന്ദ്രീകരണവും സഹവാസ വും ഒരു യാഥാർഥ്യമാക്കിത്തീർക്കാൻ കഴിയൂ. പക്ഷേ മനുഷ്യസ്നേഹം ദുർബലമാണ്. തന്മൂലം അതിന് സ്വയം ഈ ഏകത്രകേന്ദ്രീകരണത്തെ യും സഹവാസത്തെയും ഉളവാക്കുവാനോ നിലനിർത്തുവാനോ കഴിയുകയില്ല. ഈ അന്തിമ ദശയ്ക്ക് മാനുഷികസ്നേഹം അവശ്യാ വശ്യമാണ്. എന്നാൽ അതുമാത്രം പോരാ. മനുഷ്യരുടെ അന്തിമവും അപ്രതിഹതവുമായ ഏകത്രകേന്ദ്രീകരണവും സഹവാസവുമാക്കുന്ന അന്തിമദശയെ പ്രാപിക്കുവാൻ ഒരു അതിമാനുഷികകേന്ദ്രത്തിൽനിന്ന് നിസ്സരിക്കുന്ന അതിമാനുഷികസ്നേഹം കൂടിയേ തീരൂ. ഈ അതിമാനുഷികകേന്ദ്രം മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിക്കുവാൻ തുടങ്ങിക്കഴിഞ്ഞു. ഈ പരമോന്നതകേന്ദ്രം മനുഷ്യസമൂഹത്തിന്റെ അന്തിമമായ ഏകീകരണം സാധിക്കണമെങ്കിൽ സ്ഥലകാലബദ്ധമായ പ്രപഞ്ചത്തിന്നതീതമായിരിക്കണമത്. ആരംഭം മുതലേ അത് പ്രപഞ്ച ത്തിൽ പ്രവർത്തിച്ചിരുന്നിരിക്കണം. ഈ പരമോന്നതകേന്ദ്രം പരമസ്നേഹ ത്തിന്റെയും സ്നേഹയോഗ്യതകളുടെയും കേന്ദ്രവുമായിരിക്കണം. ഈ പരമോന്നതകേന്ദ്രമാണ് തെയ്യാറിന്റെ വിശ്വവീക്ഷണത്തിൽ "ഓമെഗ ബിന്ദു".

പരസ്നേഹത്തിന്റെയും സ്നേഹയോഗ്യതയുടെയും നിലയനമായ ഈ കേന്ദ്രത്തിലെ സ്നേഹം മനുഷ്യരെയെല്ലാം പുരുഷാത്മകതയ്ക്ക് ഭംഗംവരാതെ ഒരു സമൂഹമാക്കി സംയോജിപ്പിക്കും-പൊതു സ്നേഹ ത്തിൽനിന്നുയിർക്കൊള്ളുന്ന സമൂഹം. അതിമാനുഷിക സ്നേഹത്തിന്റെ

പരമോന്നതകേന്ദ്രത്തോട് ബന്ധിതമാക്കുമ്പോൾ മനുഷ്യസ്നേഹത്തിന്റെ ദൗർബല്യവും ചാഞ്ചല്യവും അപ്രത്യക്ഷ മാക്കുന്നു; അത് മരണത്തേക്കാൾ കരുത്തുറ്റതായിത്തീരുന്നു.

കേന്ദ്രങ്ങളുടെ കേന്ദ്രം ഉളവാക്കുന്ന ഈ സ്നേഹൈക്യം സാരാംശത്തിൽ "വിഭേദകൈക്യമാണ്." "സചേതന വ്യക്തികളുടെ ആത്മഭാവത്തെ പൂർത്തീകരിക്കുകയും പൂർണ്ണമാക്കുകയും ചെയ്യത്തക്കവിധം അവയെ സംയോജിപ്പിക്കുവാൻ സ്നേഹത്തിനു മാത്രമേ കഴിയൂ. കാരണം, അവയിലെ അഗാധതമങ്ങളായ ഭാവങ്ങളെ സ്വീകരിക്കുവാനും സംയോജിപ്പിക്കുവാനും സ്നേഹത്തിനു മാത്രമേ കഴിവുള്ളൂ." "വിഭേദകൈക്യ"ത്തിന്റെ പരമകാഷ്ഠയാണിത്.

മുകളിൽ നൽകിയ വിവരണത്തിൽനിന്ന് തെയ്യാറിന്റെ ചിന്തയിൽ ഓമെഗ ഒരു ദശയും ഒരു ബിന്ദുവുമാണെന്ന് അനുമാനിക്കാം. വിഭിന്നങ്ങളായ രണ്ട് ഓമെഗകളില്ലെന്ന് വ്യക്തം. പരിണാമത്തിന്റെ അന്തിമദശ പ്രപഞ്ചത്തിന്റെ പരമകേന്ദ്രമായ ഓമെഗ ബിന്ദുവിനു ചുറ്റുമുള്ള പ്രപഞ്ചകേന്ദ്രീകരണമാണ്. ഒരു കേന്ദ്രത്തിന്റെ അഭാവത്തിൽ ക്രിയാത്മകമായ ഈ പ്രപഞ്ചത്തെക്കുറിച്ച് ചിന്തിക്കുവാനേ സാധ്യമല്ല; ഇതാണ് തെയ്യാറിന്റെ ദൈവശാസ്ത്രേതര ചിന്തയുടെ സാരാംശം.

പരിണാമ പ്രക്രിയയെ തെയ്യാർ സമഗ്രമമായി വിഭാവനം ചെയ്യുന്നത് താഴെവരുന്ന വിധമാണ്:

## ഓമെഗക്രിസ്തു

മനുഷ്യനെന്ന പ്രതിഭാസത്തിന്റെ ഉപസംഹാരത്തിലും ക്രൈസ്തവ ജീവിതത്തിന് ഒരാമുഖം എന്ന പ്രബന്ധത്തിലും തെയ്യാർ ദൈവാവിഷ്ക്കരണത്തിന്റ സാധ്യതയെക്കുറിച്ച് ചർച്ചചെയ്തിട്ടുണ്ട്. ഓമെഗ അതിന്റെ ധർമ്മമനുഷ്ഠിക്കുന്നതെപ്രകാരമാണെന്ന വിചിന്തനത്തിൽനിന്ന് ദൈവാവിഷ്കരണത്തിന്റെ സാധ്യത വ്യക്തമാണ്. പരിണാമിയായ പ്രപഞ്ചത്തിന്റെ പരമമായ ആകർഷണകേന്ദ്രമായി വർത്തിക്കുക എന്നതാണ് ഓമെഗയുടെ ധർമ്മം. പക്ഷേ ഓമെഗയുടെ ഈ ധർമ്മാനുഷ്ഠാനം എല്ലാ വസ്തുക്കളെ സംബന്ധിച്ചും ഏകരൂപമല്ല. വ്യക്തികളെ വ്യക്തികൾക്കനുയോജ്യമായ വിധത്തിൽ ഓമെഗ ആകർഷിക്കുന്നു. വ്യക്തികൾ തങ്ങളുടെ പ്രകൃതിക്കനുസൃതമാണ് ആകർഷിക്കപ്പെടുക. വ്യക്ത്യനുസ്യതമായ ആകർഷണം, ഉച്ചരിക്കപ്പെട്ട വാക്കിനോ സന്ദേശത്തിനോ യോജിക്കുന്നവിധത്തിൽ സ്വതന്ത്രവും സ്നേഹപ്രേരിതവുമായ പ്രത്യുത്തരം ഉളവാക്കുന്നതിൽ കുടികൊള്ളുന്നു. ഓമെഗ പ്രകാശിപ്പിക്കുന്ന വചനവും സന്ദേശവും ഓമെഗയുടെ ആവിഷ്കരണം ആയിരിക്കണം. അങ്ങനെ ഓമെഗയുടെ വ്യക്തിക്കനുയോജ്യമായ വിധത്തിലുള്ള ആകർഷണ സ്വഭാവത്തിൽനിന്നും ആവിഷ്കരണത്തിന്റെ സാധ്യതയെങ്കിലും വ്യക്തമാക്കുന്നുണ്ട്.

ആവിഷ്കരണത്തിന്റെ സാധ്യത മാത്രമല്ല തെയ്യാർ ചൂണ്ടിക്കാട്ടുന്നത്. പ്രത്യുത ഓമെഗയുടെ യഥാർഥാവിഷ്കരണത്തെ വ്യാജാവിഷ്ക്കരണങ്ങളിൽനിന്ന് വേർതിരിച്ചറിയുവാൻ സഹായകമായ മാനദണ്ഡവും അദ്ദേഹം നിർദ്ദേശിക്കുന്നു. പ്രപഞ്ചത്തിന്റെ പരമമായ ഏകീകരണ കേന്ദ്രമാണ് ഓമെഗ. തന്മൂലം ഓമെഗയുടെ യഥാർത്ഥാവിഷ്ക്കരണം ഒരേകീകൃതപ്രപഞ്ചവീക്ഷണമാകാതെ തരമില്ല.

ചേതോഹരമായ ഒരേകീകൃത പ്രപഞ്ചവീക്ഷണം അവശ്യം പ്രമാദരഹിതമായിരിക്കുമെന്ന് തെയ്യാറിന് വിവക്ഷയില്ല. പ്രവർത്തനമാണ് വീക്ഷണത്തിന്റെ ഉരകല്ല്. ഏകീകൃതവീക്ഷണം ഏകീകൃതപ്രവർത്തനത്തിലേക്ക് നയിക്കണം. യഥാർത്ഥാവിഷ്ക്കരണത്തെപ്പറ്റിയുള്ള ഏകീകൃതവീക്ഷണം ഏകീകരിക്കപ്പെടേണ്ട പ്രപഞ്ചത്തെപ്പറ്റിയുള്ള വീക്ഷണം തന്നെയാണ്. അതുകൊണ്ട് ഏകീകൃത വീക്ഷണത്തിൽനിന്നുയിർക്കൊള്ളുന്ന ഏകീകരണ പ്രവർത്തനം യഥാർത്ഥാവിഷ്ക്കരണത്തിന്റെ സുനിശ്ചിത രേഖയാണ്. ചുരുക്കത്തിൽ യഥാർത്ഥാവിഷ്ക്കരണത്തിനും മതത്തിനും പ്രായോഗിക സൈദ്ധാന്തികതലങ്ങളിൽ തികച്ചും പൊരുത്തപ്പെട്ടുപോകുവാൻ കഴിയും.

ക്രിസ്തുവിൽ കേന്ദ്രീകൃതവും ഏകീകൃതവുമാകേണ്ട പ്രപഞ്ചത്തെക്കുറിച്ചുള്ള ചേതോഹരമായ ഒരു ദർശനമാണ് ക്രൈസ്തവാവിഷ്ക്കരണം. തന്മൂലം ക്രൈസ്തവാവിഷ്ക്കരണം പ്രപഞ്ചവസ്തുക്കളെയെല്ലാം അവയുടെ ഏകീകരണകേന്ദ്രത്തിലേക്ക് നയിക്കുവാൻ പ്രേരണനൽകുന്ന ഒരാഹ്വാനം കൂടിയാണ്. "ക്രിസ്തുവിൽ എല്ലാം പുനഃസ്ഥാപിക്കുക" എന്നുവെച്ചാൽ എല്ലാം ക്രിസ്തുവിൽ ഏകീകരിക്കുക എന്നർത്ഥം. ഇതത്രേ ക്രൈസ്തവാവിഷ്ക്കരണത്തിന്റെ കാതൽ. ക്രൈസ്തവപ്രവർത്തനത്തിന്റെ ഏകലക്ഷ്യവും ഇതുതന്നെയാണ്. ചുരുക്കത്തിൽ ഏകീകൃതവീക്ഷണത്തിൽ നിന്നുളവാക്കുന്ന ഏകീകരണപ്രവർത്തനത്തിനുള്ള ഒരാഹ്വാനമാണ് ക്രൈസ്തവാവിഷ്ക്കരണം. ഇത് യുക്തിഭദ്രമാണ്. തന്മൂലം ഇത് യഥാർത്ഥാവിഷ്ക്കരണമായിരിക്കണം.

ഓമെഗയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദം വിശദീകരിക്കുക തെയ്യാറിന്റെ ചിന്തയുടെ രണ്ടാം ദശയിൽപെടുന്നു. തെയ്യാറിന്റെ ചിന്തയിൽ രണ്ടു ദശകൾ വേർതിരിക്കാൻ കഴിയും: ദൈവശാസ്ത്രേതരം; ദൈവശാസ്ത്രപരം. ആദ്യത്തെ അവസ്ഥയിൽ അദ്ദേഹം അനുഭവവേദ്യമായ പ്രതിഭാസങ്ങളിൽനിന്ന് അന്വേഷണം ആരംഭിക്കുന്നു. ശാസ്ത്രീയനിരീക്ഷണം അദ്ദേഹത്തെ സങ്കീർണ്ണത അവബോധനിയമത്തിലേക്കെത്തിക്കുന്നു. ഈ സങ്കീർണ്ണത അവബോധനിയമമാകുന്ന അച്ചുതണ്ടിന്മേൽ പ്രപഞ്ചത്തെക്കുറിച്ചുള്ള ഒരേകീകൃതവീക്ഷണം അദ്ദേഹം ക്രമപ്പെടുത്തുന്നു. ഈ വീക്ഷണം സർവാതിരിക്തമായ ഓമെഗയുടെ അനുമാനത്തിലേക്ക് നയിക്കുന്നു. ദൈവശാസ്ത്രേതരദശ ക്രൈസ്തവപ്രതിഭാസ പരിഗണനയിൽ അവസാനിക്കുന്നു.

ക്രൈസ്തവാവിഷ്ക്കരണത്തിന്റെ അംഗീകരണത്തിൽ തെയ്യാറിന്റെ ചിന്തയുടെ ദൈവശാസ്ത്രപമായ ദശ ആരംഭിക്കുന്നു. ഈ അംഗീകാരം അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തീർത്തും ഒരു ബൗദ്ധിക പ്രവർത്തനമല്ല. പ്രകൃത്യാതീതവിശ്വാസമുണ്ടെങ്കിലേ ക്രൈസ്തവാവിഷ്ക്കരണം സ്വീകരിക്കുവാൻ കഴിയൂ. വിശ്വാസപ്രേരിതമായി ക്രൈസ്തവാവിഷ്ക്കരണം സ്വീകരിച്ചിട്ടുള്ളവർക്ക് പരിണാമത്തിന്റെ ഒമെഗ ക്രിസ്തുവാണെന്ന് വ്യക്തമാക്കുവാൻ തെയ്യാർ ശ്രമിക്കുന്നു.

ഒമെഗയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദം മനസ്സിലാക്കിയേതീരൂ എന്നാണ് തെയ്യാറിന്റെ അഭിപ്രായം. ദൈവശാസ്ത്രദശയിൽ വിഭാവനം ചെയ്യുന്ന ഓമെഗ പ്രാപഞ്ചിക പരിണാമാന്തത്തിൽനിന്ന് സ്വീകരിക്കുന്ന ഒരു നിഗമനമാണ്.

ഓമെഗയുടെ ചിത്രം വ്യക്തമായി വരക്കുവാൻ തെയ്യാർ ഉദ്യമിക്കുന്നുണ്ടെങ്കിലും, അത് ഏറെക്കുറെ അവ്യക്തമാണെന്ന വസ്തുത അദ്ദേഹത്തിനറിയാം. എന്നിരുന്നാലും നമ്മുടെ പ്രതീക്ഷയുടെ അച്ചാരമാണത്. വിശ്വാസവെളിച്ചത്തിന്റെ സഹായത്താൽ ഓമെഗയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദം മനസ്സിലാക്കാത്തപക്ഷം ഓമെഗ നമ്മുടെ പ്രതീക്ഷയുടെ അച്ചാരമാവണമെന്നില്ല.

ഈ അഭേദത്തിന് പ്രധാനമായി നാലുവശങ്ങളുണ്ട്.

i ഓമെഗയുടെ ചരിത്രവ്യക്തിയായ ക്രിസ്തുവാണ്. നസ്രത്തിലെ യേശു തന്നെയാണ് പ്രപഞ്ചത്തിന്റെ പരമോന്നതകേന്ദ്രം.

ii ഈ അഭേദം യഥാർത്ഥത്തിലുള്ളതാണ്, അവശ്യം ഉണ്ടായിരിക്കേണ്ടതല്ല.

iii വ്യക്ത്യനുസൃതമായ രീതിയിൽ ക്രിസ്തു പ്രപഞ്ചത്തിന്റെ പരമോന്നത കേന്ദ്രമാണ്.

iv ഭൗതികമായ അർത്ഥത്തിൽ ക്രിസ്തു പരമോന്നതകേന്ദ്രമാണ്.

## ഓമെഗയ്ക്കും ചരിത്രപുരുഷനായ ക്രിസ്തുവിനും തമ്മിലുള്ള അഭേദം

"നവീന ദൈവശാസ്ത്രത്തിനു സഹായകമായ ചില നിർദ്ദേശങ്ങൾ" എന്ന പ്രബന്ധത്തിൽ ആദിമസഭയുടെ മാതൃക അനുകരിക്കുവാൻ തെയ്യാർ ദൈവശാസ്ത്രജ്ഞരോട് ആഹ്വാനം ചെയ്യുന്നു. ആദിമസഭ "സുവിശേഷക്രിസ്തുവിനെ അലക്സാൻഡ്രിയൻ ലോഗോസു"മായി താദാത്മ്യപ്പെടുത്തി. "സുസ്ഥിര പ്രപഞ്ചത്തിന്റെ ക്രമീകരണതത്വമായിരുന്നു" അലക്സാൻഡ്രിയൻ ലോഗോസ്. മറ്റു വാക്കുകളിൽ അക്കാലത്തെ ജനതയ്ക്ക് പരിചിതമായ പ്രപഞ്ചചിത്രംവരച്ച് ആദിമസഭ ക്രിസ്തുവിനെ അവതരിപ്പിച്ചു. അന്നത്തെ ജനത പ്രപഞ്ചത്തെ ഒരു സ്ഥൈതിക വസ്തുവായിട്ടാണ് കണ്ടിരുന്നത്. ഈ പ്രപഞ്ചദർശനം സാരമായി മാറിയിരിക്കുന്നുവെന്ന് തെയ്യാർ കരുതുന്നു. പ്രപഞ്ചം

"സുസ്ഥിരപ്രപഞ്ച"മല്ലെന്ന് ഇന്ന് നമുക്കറിയാം. പ്രപഞ്ചം യഥാർത്ഥ ത്തിൽ പ്രപഞ്ചോദയമാണ്; പരിണാമദശയിലുള്ള പ്രപഞ്ചമാണ്. ഈ പ്രാപഞ്ചിക പരിണാമത്തിന്റെ ആത്യന്തിക ബിന്ദു അഥവാ പരമോന്ന തകേന്ദ്രമാണ് ഓമെഗ. തന്മൂലം സുസ്ഥിര പ്രപഞ്ചത്തിന്റെ ക്രമീകരണ തത്വത്തോട് സുവിശേഷക്രിസ്തുവിനെ താദാത്മ്യപ്പെടുത്തിയ ആദിമ സഭയെ അനുകരിച്ച്, ആധുനിക ദൈവശാസ്ത്രജ്ഞർ സുവിശേഷക്രി സ്തുവിനെ പരിണാമിയായ പ്രപഞ്ചത്തിന്റെ ആത്യന്തിക തത്വത്തോട് അഥവാ ഓമെഗയോട് താദാത്മ്യപ്പെടുത്തുന്നതിൽ അപാകതയില്ലെന്ന് തെയ്യാർ കരുതുന്നു.

അതേ പ്രബന്ധത്തിൽ, ഓമെഗയോട് താദാത്മ്യമുള്ള സുവിശേഷ ക്രിസ്തു ചരിത്രപുരുഷനായ ക്രിസ്തുവാണെന്ന് തെയ്യാർ തുടർന്ന് വ്യക്തമാക്കുന്നു. നസ്രത്തിലെ യേശുതന്നെയത്രേ ഓമെഗ. കഴു തക്കുട്ടിയുടെ പുറത്ത് ജെറുസലത്തേക്ക് സഞ്ചരിച്ച യേശു പ്രപഞ്ച ത്തിന്റെ സർവാധിനാഥനാണ്, ഓമെഗയാണ്. തന്റെ Le Milieu Divin എന്ന കൃതിയിൽ കുറെക്കൂടി ശക്തമായ ഭാഷയിൽ ഇത് തെയ്യാർ ആവർത്തിച്ചിട്ടുണ്ട്. കുരിശിന്റെ അർത്ഥം ചർച്ചചെയ്യുന്നവേളയിൽ ചരിത്രവ്യക്തിയായ ക്രിസ്തുവിന്റെ ഓമെഗ സ്വഭാവം അദ്ദേഹം വിശദീ കരിക്കുന്നു: "ചരിത്രപുരുഷനായ ക്രിസ്തുവെന്ന ഉദ്വേഗജനകവും അഗ്രാ ഹ്യവുമായ യാഥാർത്ഥ്യം ക്രിസ്തുമതം നമ്മുടെ കൺമുമ്പിലും ഹൃദയ ങ്ങളിലും അനാവരണം ചെയ്യുന്നു. അദ്ദേഹത്തിലെ മാതൃകായോഗ്യനായ വ്യക്തിയുടെ ജീവിതത്തിൽ ഒരു നിഗൂഢനാടകം അരങ്ങേറുകയായിരുന്നു: പ്രപഞ്ചാധിനാഥൻ പ്രപഞ്ചത്തിലെ ഒരു മൂലകത്തെപ്പോലെ ഘടകജീ വിതം മാത്രമല്ല നയിച്ചിരുന്നത്. പ്രത്യുത (അതിനുപുറമേ, അതേ കാര ണത്താൽ) പ്രപഞ്ചജീവിതം മുഴുവൻ നയിച്ചിരുന്നു. സ്വന്തം അനുഭവ ത്തിലൂടെ അതദ്ദേഹം ഏറ്റെടുത്തു; സ്വാംശീകരിച്ചു."

ചരിത്രപുരുഷനായ ക്രസ്തുവിനോട് മാത്രമല്ല ഓമേഗയ്ക്ക് താദാ ത്മ്യമുള്ളത്. പ്രത്യുത, "സമഗ്രക്രിസ്തു"വിനോടുമത്രേ. "ക്രിസ്തുവും അദ്ദേഹത്തിൽ ഒരു ശരീരത്തിലെന്നവിധം കേന്ദ്രീകൃതരായ മറ്റെല്ലാവരും ചേർന്നതാണ് സമഗ്രക്രിസ്തു." തെയ്യാറിന്റെ വീക്ഷണത്തിൽ രണ്ടു ക്രിസ്തുമാരില്ലെന്ന് പറയേണ്ടതില്ലല്ലോ. ചരിത്രപുരുഷനായ ക്രിസ്തുവും സമഗ്രക്രിസ്തുവും ഒന്നുതന്നെയാണ്. സർവത്തിനേയും തന്നിലേക്ക് ആകർഷിക്കുന്ന പുരുഷാത്മക സ്വഭാവമുള്ള സ്വതന്ത്രകേന്ദ്രമായ ഓമെ ഗയ്ക്കും പരിണാമത്തിന്റെ പരമകാഷ്ഠയായ ഓമെഗയ്ക്കും തമ്മിലുള്ള താദാത്മ്യം എപ്രകാരമാണോ, അപ്രകാരമത്രേ ചരിത്രപുരുഷനായ ക്രിസ്തുവിനും സമഗ്രക്രിസ്തുവിനും തമ്മിലുള്ള താദാത്മ്യം.

## യഥാർത്ഥത്തിലുള്ള താദാത്മ്യം

പ്രകൃതത്തിൽ രണ്ടു കാര്യങ്ങൾ ഊന്നിപ്പറയേണ്ടിയിരിക്കുന്നു: ഓമെ ഗയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദം വാസ്തവിക (de facto) മാണ്; താത്വിക (de jure) മല്ല. താത്വികതലത്തിൽ ഓമെഗയ്ക്ക് ക്രിസ്തു

വിനോട് താദാത്മ്യം ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ആകാമെന്ന് തെയ്യാർ കരുതുന്നു. പക്ഷേ വാസ്തവത്തിൽ ഓമെഗ ക്രിസ്തുവാണ്. കാരണം അതായിരുന്നു ദൈവാഭിഷ്ടം. ഓമെഗ അവശ്യം ക്രിസ്തുവിനോട് താദാത്മ്യമുള്ളതാകണമെന്നില്ല എന്നു പറയുമ്പോൾ, പ്രപഞ്ചം ആവശ്യമാണെന്നതത്വം സംരക്ഷിക്കുന്നുണ്ട് തെയ്യാർ. പ്രപഞ്ചത്തിന്റെ ആവശ്യതയ്ക്ക് നിദാനം ദൈവത്തിനും പ്രപഞ്ചത്തിനുമിടയിലുള്ള ഏതെങ്കിലും പരമോന്നത മധ്യവർത്തിക്ക് സാർവത്രിക കേന്ദ്രസ്ഥാനം നൽകപ്പെട്ടിട്ടല്ല എന്നതുതന്നെയാണ്; പിന്നെയോ, ആ സ്ഥാനം ദൈവംതന്നെ ഏറ്റെടുക്കുകയാണ് ചെയ്തത്.

ഈ താദാത്മ്യം യുക്തിയുടെ സഹായത്താൽമാത്രം ലഭിക്കുന്ന നിഗമനമല്ല എന്ന വസ്തുതയും ശ്രദ്ധേയമാണ്. ഓമെഗയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദം അംഗീകരിക്കുവാൻ വിശ്വാസം കൂടിയേതീരു. വിശ്വാസമില്ലാത്തവന് ക്രിസ്തു നിർഭാഗ്യനും അവഗണനാർഹനുമായ നസ്രസ്സിലെ തച്ചനായിരിക്കും. അത്യുന്നതമായ ഓമെഗയുടെ സവിശേഷതകൾക്കും അദ്ദേഹത്തിനും തമ്മിൽ ഒരു ബന്ധവും അനുഭവപ്പെടുകയില്ല.

### പ്രപഞ്ചത്തിന്റെ പുരുഷാത്മക കേന്ദ്രം

പ്രപഞ്ചോദയം ഒരു പരമോന്നത കേന്ദ്രത്തിൽ പര്യവസാനിക്കുവാൻ നൈസർഗ്ഗിക പ്രവണതയുള്ളതാണെന്ന് ഇതിനകം വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഈ പരമോന്നതകേന്ദ്രം പുരുഷാത്മകവും പുരുഷവത്ക്കരിക്കുന്നതുമാണെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. ഇതിൽനിന്ന് പ്രപഞ്ചോദയത്തിന്റെ പര്യവസാനം സ്വാഭാവികമായും പരമവും പുരുഷാത്മകവും പുരുഷവത്കരിക്കുന്നതുമായ ഒരു കേന്ദ്രമാണെന്ന് വരുന്നു. യുക്തിയുടെ സഹായത്താൽ ഇത്രയും ഗ്രഹിക്കാം.

അതേസമയം ക്രിസ്തു പ്രപഞ്ചത്തിന്റെ പ്രകൃത്യാതീത പര്യവസാനത്തിന്റെ പരമോന്നത കേന്ദ്രമാണെന്ന് ദൈവാവിഷ്ക്കരണത്തിൽനിന്ന് നാം മനസ്സിലാക്കുന്നു. പ്രകൃത്യാതീതവും പ്രകൃത്യാനുസൃതവും പരസ്പരവിരുദ്ധമല്ല. വാസ്വകിതതലത്തിൽ അവ ഭിന്നമല്ലതാനും. തന്മൂലം പ്രപഞ്ചത്തിന്റെ പ്രകോത്യാതീത പര്യവസാനം പ്രകൃത്യാനുസൃത പര്യവസാനത്തിൽനിന്ന് വ്യത്യസ്തമല്ല. പ്രപഞ്ചത്തിന് ഇരു ശിരസ്സുകൾ പാടില്ലല്ലോ. അതുകൊണ്ട് പ്രപഞ്ചത്തിന്റെ പ്രകൃത്യാനുസൃത പര്യവസാനവും പ്രകൃത്യാതീതപര്യവസാനവും വ്യത്യസ്തമല്ലെന്ന് വ്യക്തം. പ്രകൃത്യതീതപര്യവസാനത്തിന്റെ കേന്ദ്രം യേശുവാണ്. പ്രകൃത്യനുസൃതപര്യവസാനത്തിന്റെ കേന്ദ്രമോ, പുരുഷാത്മകനും പുരുഷവത്കരിക്കുന്നവനുമായ യേശുവും. തന്മൂലം യേശുക്രിസ്തു ഈ പ്രപഞ്ചത്തിന്റെ പുരുഷാത്മകനും പുരുഷവത്ക്കരിക്കുന്നവനുമായ കേന്ദ്രമാണെന്ന് സിദ്ധിക്കുന്നു.

### ക്രിസ്തു: ഭൗതിക കേന്ദ്രമായ ഓമെഗ

കേന്ദ്രമായ ക്രിസ്തുവിന്റെ പുരുഷാത്മക സ്വാധീനം ധാർമ്മിക തലത്തിൽ മാത്രമുള്ളതല്ല. അത് പ്രസാദവരത്തിന്റെ തലത്തേയും ബാധി

ക്കുന്നതാണ്. നമ്മുടെ ജീവിതത്തിനുതന്നെ ചൈതന്യം പകരുന്ന ക്രിസ്തുവിന്റെ വരപ്രസാദത്തിന്റെ ഭൗതിക സ്വഭാവത്തിൽ ദൈവശാസ്ത്രജ്ഞർ ശ്രദ്ധയൂന്നിയിരുന്നത് തെയ്യാർ കൗതുകപൂർവ്വം വീക്ഷിച്ചു. നമ്മുടെ അധഃപതിച്ച പ്രകൃതിയുടെ അലങ്കാരമായി വർത്തിക്കുകയോ അതിനു സുഗന്ധം ചാർത്തുകയോ മാത്രമല്ല വരപ്രസാദത്തിന്റെ ധർമ്മം. വരപ്രസാദത്തിന്റെ സജീവശക്തി നമ്മുടെ പ്രകൃതിയിലേക്ക് ആഞ്ഞിറങ്ങുകയും അതിന് സമഗ്രമായ രൂപാന്തരം വരുത്തുകയും ചെയ്യുന്നു. ഈ വീക്ഷണം വരപ്രസാദത്തിന്റെ പ്രവർത്തനം ബാഹ്യവും ആരോപിതവുമാണെന്ന ചില ക്രൈസ്തവ കേന്ദ്രങ്ങളിലെ ധാരണയ്ക്കെതിരായിരുന്നു.

ക്രിസ്തുവിന്റെ മിസ്റ്റിക് ശരീരത്തെപ്പറ്റി വിശദീകരിക്കുമ്പോൾ ദൈവശാസ്ത്രജ്ഞരിൽ ചിലർ വരപ്രസാദത്തിന്റെ പ്രവർത്തനചൈതന്യത്തെ ലഘൂകരിക്കുന്നതുപോലെ തോന്നുന്നു. അവരുടെ അഭിപ്രായത്തിൽ മിസ്റ്റിക് ശരീരം ധാർമ്മികതലത്തിലുള്ള ഒരു യാഥാർത്ഥ്യമാണ്. അത് ധാർമ്മികതലത്തിൽനിന്നോ നിയമതലത്തിൽനിന്നോ ഉയരുന്നതല്ല. അല്ലെങ്കിൽ ക്രിസ്തുവും മിസ്റ്റിക് ശരീരാംഗങ്ങളും തമ്മിലുള്ള ബന്ധം സർവ്വദേവതാവാദത്തിലേക്ക് വഴുതിവീഴും. ഈ അപകടം ഒഴിവാക്കുന്നതിന് മിസ്റ്റിക് ശരീരത്തെ ധാർമ്മികമോ നിയമപരമോ ആയ ഒരു യാഥാർത്ഥ്യമായി മാത്രം അവർ പരിഗണിച്ചുപോന്നു. മിസ്റ്റിക് ശരീരത്തെപ്പറ്റിയുള്ള വീക്ഷണം പ്രസാദവരത്തേയും ധാർമ്മികവും നിയമപരവുമായ തലത്തിലേക്ക് ഒതുക്കിനിർത്തുമെന്ന് പറയേണ്ടതില്ലല്ലോ.

വരപ്രസാദത്തിലൂടെ മനുഷ്യരാശിയുടേയും പ്രപഞ്ചത്തിന്റേയും മേൽ ക്രിസ്തു ചെലുത്തുന്ന സ്വാധീനം ധാർമ്മികം മാത്രമാണെന്ന് വിശദീകരിക്കുവാനുള്ള പ്രവണത അപകടകരവും പുതിയനിയമ പ്രബോധനത്തിന് വിരുദ്ധവുമാണെന്ന് തെയ്യാറിന് തോന്നി. ഈ സ്വാധീനത്തെ സജീവവും യഥാർത്ഥവുമായി മനസ്സിലാക്കിയിരുന്ന ക്രൈസ്തവചിന്തകരും ഉണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. ഉദാഹരണത്തിന് പ്വാതിയേയിലെ വിശുദ്ധ ഹിലരിയുടെ (St. Hilary of Poitiers) വീക്ഷണത്തിൽ, "ക്രിസ്തുവിന്റെ ധാർമ്മിക സ്വാധീനത്തിന്റേയും ക്രിസ്തുവിനോടുള്ള ധാർമ്മികൈക്യത്തിന്റേയും അടിസ്ഥാനം അവിടുത്തെ യഥാർത്ഥ സ്വാധീനവും യഥാർത്ഥ ഐക്യവുമാണ്." ഹിലരിയുടെ ഈ വീക്ഷണം പുതിയ നിയമത്തിൽ അധിഷ്ഠിതമാണെന്നും തെയ്യാർ ഗ്രഹിച്ചു. ഈ പാതയിലൂടെ മുന്നേറി പ്രപഞ്ചത്തിന്റെ മേൽ ക്രിസ്തു ചെലുത്തുന്ന സ്വാധീനം ഭൗതികമാണെന്നുവരെ തെയ്യാർ അഭിപ്രായപ്പെട്ടു.

"എന്റെ പ്രപഞ്ചം" എന്ന പ്രബന്ധത്തിൽ ഓമെഗയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദം തെയ്യാർ സ്ഥാപിക്കുന്നു. അതിനുശേഷം ഓമെഗയായ ക്രിസ്തുവിന്റെ സ്വാധീനം നിയമപരം മാത്രമല്ലെന്ന് വ്യക്തമാക്കുന്നു. അവിടുന്ന് പ്രപഞ്ചത്തിലെ പ്രഭു മാത്രമല്ല. പ്രപഞ്ചത്തിന്മേലുള്ള

അവിടുത്തെ പരമസ്വാധീനം യഥാർത്ഥത്തിൽ ഭൗതികമാണ്. ഇത് വളരെ ശക്തമായി അദ്ദേഹം പ്രഖ്യാപിക്കുന്നു; എത്ര പ്രാവശ്യം ആവർത്തിച്ചിട്ടും മതിവരുന്നുമില്ല. പ്രപഞ്ചത്തിലെ പ്രകൃത്യാനുസൃതവും പ്രകൃത്യാതീത വുമായ എല്ലാ വികാസവും ആത്യന്തികമായി ക്രിസ്തുവിനെ "ഭൗതിക മായ രീതിയിൽ ആശ്രയിച്ചുള്ളതാണ്." "നമുക്ക് അവിടത്തെക്കുറിച്ച് കീർത്തിക്കാവുന്ന മഹത്തും അത്യന്താപേക്ഷിതവുമായ അപദാനം, അവി ടന്ന് ഒന്നൊഴിയാതെ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും പരമവും യഥാർത്ഥവുമായ ജീവത്സ്വാധീനം ചെലുത്തുന്നുവെന്നതാണ്." ഇതേ പ്രബന്ധത്തിൽത്തന്നെ പ്രപഞ്ചത്തിന്റെ അന്തരാളം വരെ അവിടുത്തെ (ഓമെഗയായ ക്രിസ്തുവിന്റെ) മനുഷ്യാതീത പ്രകൃതിയുടെ സ്വാധീനം ഭൗതികമായ രീതിയിൽ പൂരിതമായിരിക്കുന്നുവെന്ന് അദ്ദേഹം പറയുന്നു. "നമുക്കു ചുറ്റും എല്ലാറ്റിനേയും നിയന്ത്രിക്കുവാൻവേണ്ടി ഭൗതികമായി വർത്തിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിനെപ്പറ്റിയും" അദ്ദേഹം പരാമർശി ക്കുന്നുണ്ട്. നമുക്കു ചുറ്റുമുള്ള വസ്തുക്കളുടെ "ഭൗതിക ക്രിസ്തുവ ത്ക്കരണ"ത്തിന്റെ പുരോഗതിയെക്കുറിച്ചും അദ്ദേഹം പറയുന്നു. ഈ ഉദ്ധൃതവരികളിൽനിന്ന് തെയ്യാറിന്റെ വീക്ഷണത്തിൽ ക്രിസ്തുവിന്റെ പ്രാപഞ്ചിക സ്വാധീനം ഭൗതികമാണെന്ന് സുനിശ്ചിതമത്രേ.

ക്രിസ്തുവിന്റെ ഭൗതികമായ പ്രാപഞ്ചിക സ്വാധീനമെന്ന വസ്തുത സ്പഷ്ടമാണ്, തെയ്യാറിന്റെ അഭിപ്രായത്തിൽ. പക്ഷേ ഇതിന്റെ അർത്ഥം എല്ലാവർക്കും വ്യക്തമാകുമോ എന്നൊരു ഭയം അദ്ദേഹത്തിനുണ്ടായി രുന്നു. അത് അസ്ഥാനത്തായിരുന്നില്ല. ഈ ഭൗതിക സ്വാധീനത്തിന്റെ വിധായക പ്രാധാന്യം പൂർണ്ണമായും വ്യക്തമായിട്ടില്ല. "യുക്തിയുടെ സഹായത്താലല്ല, ഉൾക്കാഴ്ചയാൽ പ്രേരിതമായാണ്" താനീ ഭൗതിക സ്വാധീനതത്വം അംഗീകരിക്കുന്നതെന്ന് പ്രസ്താവിക്കുമ്പോൾ തെയ്യാർ ഇതിന്റെ അവ്യക്തത ഏറ്റുപറയുകയാണെന്ന് തോന്നുന്നു.

പ്രപഞ്ചത്തിന്റെ ജീവവത്ക്കരണത്തെക്കുറിച്ചുള്ള ചർച്ചയിൽ ക്രിസ്തുവിനെ പദാർത്ഥത്തിലേക്ക് "കുത്തിവെയ്ക്കുന്നതിനെപ്പറ്റി" തെയ്യാർ പരാമർശിക്കുന്നു. വെറും ആലങ്കാരികമല്ല ഈ പ്രയോഗം. ക്രിസ്തുവിന് പ്രപഞ്ചത്തിന്മേലുള്ള സ്വാധീനം നിയമാനുസൃതം മാത്ര മല്ലെന്ന് ഇത് വ്യക്തമാക്കുന്നു. ഏതെങ്കിലും ഒരു വസ്തുവിലേക്ക് എന്തെ ങ്കിലും കുത്തിവെച്ചാലുണ്ടാകുന്നഫലം നിയമപരം മാത്രമല്ലല്ലോ. ശക്തവും സജീവവുമായ സ്വാധീനം ചെലുത്തുവാൻ കഴിയും കുത്തി വെയ്ക്കപ്പെടുന്ന പദാർത്ഥത്തിന്. ക്രിസ്തുവിന് പ്രപഞ്ചത്തിന്മേലുള്ള ഭൗതിക സ്വാധീനം മുഴുവനായും വ്യക്തമാക്കുവാൻ ഈ രൂപകം അപ ര്യാപ്തമാണ്. ആ സ്വാധീനം വാസ്തവമാണെന്ന് ഇത് ഉറപ്പുതരുന്നു. എങ്കിലും ആ സ്വാധീനത്തിന്റെ സ്വഭാവം സ്പഷ്ടമാവുന്നില്ല.

"എന്റെ പ്രപഞ്ചം" എന്ന പ്രബന്ധത്തിൽ ഓമെഗ ആയ ക്രിസ്തു വിന്റെ ഈ ഭൗതിക സ്വാധീനത്തിന്റെ സ്വഭാവം കൂടുതൽ വ്യക്തമാണ്.

നമ്മിലും നമ്മിലൂടെ പ്രപഞ്ചം മുഴുവനിലും ക്രിസ്തു ചെലുത്തുന്ന വരപ്രസാദമാകുന്ന സജീവ സ്വാധീനമാണ് ഓമെഗായായ ക്രിസ്തുവിന്റെ ഭൗതികസ്വാധീനമെന്ന് തെയ്യാർ ഈ പ്രബന്ധത്തിൽ വിശദീകരിക്കുന്നു. വരപ്രസാദം അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ആഗന്തുകമല്ല. നമ്മുടെ പ്രകൃതിയിലേക്ക് ഊറിയിറങ്ങി അതിൽ ജീവദായകമായ സ്വാധീനം ചെലുത്തുകയും അതിനെ പൂർണ്ണമാക്കുകയും ചെയ്യുന്ന ഒരു ശക്തിയാണത്. അതിന് ആഗുന്തുകമെന്നതിനേക്കാൾ യഥാർത്ഥത്തിൽ നമ്മുടെ പ്രകൃതിയോട് ബന്ധമുണ്ട്. "മാനവികത നമ്മോട് എന്തുമാത്രം സ്പർശിക്കുന്നുവോ, അതുപോലെതന്നെയാണ് വരപ്രസാദവും; വാസ്തവത്തിൽ അതിലധികവുമാണ്." വരപ്രസാദത്തിലൂടെ മാത്രമേ മനുഷ്യർക്ക് അവരുടെ ആത്മഭാവം പൂർണ്ണമായും കൈവരൂ എന്ന് തെയ്യാർ തുടർന്ന് സ്ഥാപിക്കുന്നു. വരപ്രസാദത്തിനു മാത്രമേ നമ്മുടെ പ്രകൃതിയെ പൂർണ്ണമാക്കുവാൻ കവിയൂ. വരപ്രസാദമാണ് ക്രിസ്തുവിന് നമ്മുടെ മേലുള്ള സ്വാധീനം. അത് നമ്മുടെ പ്രകൃതിക്ക് രൂപാന്തരം വരുത്തുന്നു; അതിനെ പൂർത്തിയാക്കുന്നു. വരപ്രസാദത്തിന്റെ ഈ വിധത്തിലുള്ള സ്വാധീനത്തെ ന്യായമായും ഭൗതികമെന്ന് വിളിച്ചേക്കാമെന്നാണ് തെയ്യാറിന്റെ അഭിപ്രായം.

ക്രിസ്തുവിന്റെ ഭൗതിക സ്വാധീനം മനുഷ്യവംശത്തിൽ ഒതുങ്ങി നിൽക്കുന്നില്ല. മനുഷ്യനു കീഴേയുള്ള അസ്തിത്വ തലങ്ങളിലേക്കും ജീവത്തായ ഈ ശക്തി അരിച്ചിറങ്ങുന്നുണ്ട്. വരപ്രസാദത്തിന്റെയും തദ്വാര ക്രിസ്തുവിന്റെയും പ്രവർത്തനം ഇപ്രകാരം പ്രപഞ്ചത്തിൽ മുഴുവൻ ആരോപിക്കുക തെയ്യാറിന്റെ വീക്ഷണ ഗതിയിൽ യുക്തിയുക്തമാണ്. മനുഷ്യൻ മറ്റെല്ലാ വസ്തുക്കളുടേയും മാനദണ്ഡമാണെങ്കിൽ പ്രപഞ്ചോദയമെന്ന മഹാപ്രക്രിയയുടെ വികസിതദശയെ മനുഷ്യൻ സൂചിപ്പിക്കുന്നുവെങ്കിൽ അവനിൽ നടന്നുകൊണ്ടിരിക്കുന്ന മൗലികമായ ഒരു രൂപാന്തര ശക്തിക്ക് അവനു പുറമേയും സ്വാധൂനമുണ്ടായേ തീരൂ. ക്രിസ്തുവിന്റെ ഭൗതിക സ്വാധീനം മനുഷ്യനെ മാത്രമല്ല അഖില പ്രപഞ്ചത്തേയും ബാധിക്കുന്നു.

ചുരുക്കത്തിൽ പ്രപഞ്ചത്തിൻമേൽ പുരുഷാത്മകവും ഭൗതീകവുമായ സ്വാധീനം ചെലുത്തികൊണ്ടിരിക്കുന്ന ചരിത്ര വ്യക്തിയായ ക്രിസ്തു തന്നെയാണ് പരിണാമ പ്രപഞ്ചത്തിന്റെ ഓമെഗ. ഇതുവരെ വിശദീകരിച്ച ഇവയ്ക്കു തമ്മിലുള്ള ഈ അഭേദം തെയ്യാറിന്റെ വീക്ഷണത്തിൽ വെറും സങ്കല്പമല്ല. ബൈബിളിലും ശാസ്ത്രത്തിലും ഇതിന് കരുത്തുറ്റ അടിസ്ഥാനമുണ്ട്. ഓമെഗയുടെ സ്വഭാവവും വിശുദ്ധ യോഹന്നാന്റെയും അതിലുപരി വിശുദ്ധ പൗലോസിന്റെയും വീക്ഷണത്തിൽ ക്രസ്തുവിന്റെ പ്രാപഞ്ചിക സ്വഭാവവും ഗ്രഹിക്കുന്ന ഒരാൾ  ഈ അഭേദം കണ്ടെത്താതിരിക്കുകയില്ല. ഒമെഗെയ്ക്കും ക്രിസ്തുവിനും തമ്മിലുള്ള അഭേദത്തെ സൂചിപ്പിക്കുന്ന ധാരാളം പരാമർങ്ങൾ വിശുദ്ധ പൗലോ

സിന്റെ ലേഖനങ്ങളിൽ ഒരു യഥാർത്ഥ സത്യാന്വേഷകന് കണ്ടെത്താൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. "ക്രിസ്തുവിൽ എല്ലാം നിലകൊള്ളുന്നു" ക്രിസ്തു "എല്ലാ വസ്തുക്കളിലും നിറഞ്ഞിരിക്കുന്നു" "ക്രിസ്തു എല്ലാറ്റിലും എല്ലാമാണ്" ആദിയായവ ഉദാഹരണങ്ങൾ. ഇവ തന്നെയാണ് "ഓമെഗ ആയ ക്രിസ്തുവിന്റെ നിർവ്വചനം."

പൗലോസിന്റെ വീക്ഷണത്തിലുള്ള ക്രിസ്തു പരിണാമത്തിന്റെ ഓമെഗ ആണെന്ന് തെയ്യാർ പറയുന്നു. പൗലോസ് ഒരു പരിണാമ വാദിയായിരുന്നെന്ന് ഇതുകൊണ്ടദ്ദേഹം അർത്ഥമാക്കുന്നുണ്ടോ? ഒരിക്കലുമില്ല. മുക്തി ഭാഷ്യത്തിലായിരുന്നു പൗലോസിന്റെ പ്രഥമ ശ്രദ്ധ; പ്രപഞ്ച ഭാഷ്യത്തിലായിരുന്നില്ല. ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തെ ഒരു പ്രാപഞ്ചിക ധർമ്മമായി അദ്ദേഹം വീക്ഷിച്ചു. ഇതേപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രസ്താവനകൾ പ്രപഞ്ചം മുഴുവനിലുമുള്ള ക്രിസ്തുവിന്റെ ഭൗതികമായ പരമാധികാരത്തിന് പ്രാധാന്യം നൽകുന്നു. പരിണാമാശയത്തെ ഈ പ്രബോധനം ഉൾക്കൊള്ളുന്നില്ല; പുറന്തള്ളുന്നുമില്ല. തെയ്യാറിന്റെ അഭിപ്രായമിതാണ്: പരിണാമിയായ പ്രപഞ്ചത്തെക്കുറിച്ചുള്ള വീക്ഷണത്തിൽ ക്രിസ്തുവിന്റെ പ്രാപഞ്ചിക ധർമ്മത്തെപ്പറ്റിയുള്ള വിശുദ്ധ പൗലോസിന്റെ പ്രബോധനം കൂടുതൽ അർത്ഥവത്തും വ്യക്തവുമാകുന്നു. ആർ. എൽ. ഫരിസി പറയുന്നു: "തെയ്യാറിന്റെ പ്രപഞ്ചഭാഷ്യം വിശുദ്ധ പൗലോസിന്റെ ലേഖനത്തിലുണ്ടെന്ന് തെയ്യാർ അവകാശപ്പെടുന്നില്ല. ആധുനീക ശാസ്ത്രീയ പദങ്ങൾ വിശുദ്ധ പൗലോസ് പ്രയോഗിക്കുന്നുണ്ടെന്നോ പരിണാമത്തെക്കുറിച്ചുള്ള ധാരണയിൽ അദ്ദേഹത്തിന്റെ ദൈവശാസ്ത്രം അധിഷ്ഠിതമാണെന്നോ തെയ്യാർ ഒരിക്കലും അവകാശപ്പെടുമായിരുന്നില്ല. പരിണാമത്തെക്കുറിച്ചുള്ള തന്റെ നിരീക്ഷണഫലങ്ങൾ വിശുദ്ധ പൗലോസിന്റെ പ്രബോധനത്തൊടൊത്ത് പ്രയോഗിക്കുകയായിരുന്നു അദ്ദേഹം. ഈ രണ്ടു പ്രമാണങ്ങളേയും ആധാരമാക്കി യേശുവെന്ന ചരിത്ര വ്യക്തി.. സുവിശേഷങ്ങളിലെ ക്രിസ്തു പുരുഷാത്മകവും മിസ്റ്റിക്കുമായ പ്രപഞ്ചകേന്ദ്രവും പ്രപഞ്ചപരിണാമത്തിന്റെ കേന്ദ്രബിന്ദുവും ആണെന്ന് അദ്ദേഹം വാദിക്കുന്നു.

## ഉപസംഹാരം

അക്രൈസ്തവീകരണത്തിന്റെ കാരണങ്ങളും അതിന് തെയ്യാർ നിർദ്ദേശിക്കുന്ന പ്രതിവിധികളും 'La vie intellectuelle' എന്ന ഫ്രഞ്ചുപ്രസിദ്ധീകരണത്തിൽ കാണുന്നു: "എന്റെ അഭിപ്രായത്തിൽ ആധുനിക യുഗത്തിലെ അവിശ്വാസത്തിനു കാരണം (ഈ അവിശ്വാസം വളരെ വ്യാപകമത്രേ. ബുദ്ധിജീവികളിൽ വിശ്വാസികളെ അപവാദങ്ങളായി മാത്രമേ ഇപ്പോൾ കാണുന്നുള്ളൂ), നവോത്ഥാനത്തിനുശേഷം ക്രിസ്തുമതത്തെ ക്രമേണ കീറിമുറിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാനരഹിതമായ ഒരു ശീശ്മയാണ്. ഇതിനെ സ്വാഭാവിക-മാനുഷിക-മതാത്മക-പ്രവണത

(natural human religious current) എന്നു വിളിക്കാം. ആധുനികലോകം മൗലികമായും വിശ്വാസരഹിതമോ മതരഹിതമോ ആണെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ അതിന്റെ ആരാധനാപാത്രം പ്രപഞ്ചമായിത്തീർന്നിരിക്കുന്നു. പ്രസ്തുത പ്രപഞ്ചമോ, ക്രിസ്തുമതത്തിലെ ദൈവത്തിന് വിരുദ്ധമായി പ്രത്യക്ഷപ്പെടുന്നു. അവിടെയാണ് പ്രശ്നം; പരിഹാരവും."

ആധുനികമനുഷ്യൻ ക്രിസ്തുമതത്തിൽനിന്ന് ഒരുതരം പ്രപഞ്ചമതത്തിലേക്ക് ആകർഷിക്കപ്പെടുന്നുവെന്ന് തെയ്യാർ കരുതുന്നു. ഈ മതത്തിൽ ആരാധനയും വിശ്വാസവും ഭക്തിയുമൊക്കെ ഇല്ലെന്നില്ല. ആരാധിക്കുവാനുള്ള കഴിവ് ആധുനികരിലുണ്ടുതാനും. പക്ഷേ അവർ ആരാധിക്കുന്നത് പ്രപഞ്ചത്തെത്തന്നെയാണെന്ന് മാത്രം. ആധുനികമനുഷ്യന് വിശ്വസിക്കുവാനുള്ള കഴിവുമുണ്ട്. പക്ഷേ പ്രപഞ്ചത്തിൽത്തന്നെയാണ് അവൻ വിശ്വസിക്കുന്നത്. സ്വയം മറക്കുന്ന സമഗ്രമായ ഭക്തിയും ആധുനികരിലുണ്ട്. പക്ഷേ പ്രപഞ്ചത്തെ പണിതുയർത്തുന്നതിലാണ് ഈ ഭക്തി പ്രകടമാക്കുന്നത്. പ്രപഞ്ചത്തെ കേന്ദ്രമാക്കിയുള്ള ആരാധനയും വിശ്വാസവും ഭക്തിയും പുലർത്തുന്ന ആധുനിക മനുഷ്യന്റെ നിലപാടിനെയാണ് തെയ്യാർ പ്രപഞ്ചമതമെന്ന് വിളിക്കുന്നത്.

പ്രപഞ്ചമതം ആധുനികമനുഷ്യന് വളരെ രുചികരമായിത്തോന്നുന്നു. ആധുനിക സമുദായത്തിലെ പ്രഗത്ഭരായ പലരും ഈ മതത്താൽ ആകൃഷ്ടരാവുന്നു എന്ന വസ്തുതയും ശ്രദ്ധേയമാണ്. ഈ മതത്തിന് നിയതമായ വിശ്വാസപ്രമാണമില്ല. അതിന്റെ പേരിലല്ല ഈ മതത്തിന്റെ ആകർഷകത്വം, വ്യക്തവും യുക്തിയുക്തവുമായ പ്രബോധനമെന്നതിനേക്കാൾ "വ്യക്തമായ ഒരു ധാർമ്മികാഭിമുഖ്യം അതിനുണ്ടെന്നുള്ളതാണ് അതിന്റെ ആകർഷകതയ്ക്കു നിദാനം.സാകല്യത്തിന് വ്യക്തികളെ കവിഞ്ഞുള്ള പ്രാധാന്യം; മനുഷ്യപ്രയത്നങ്ങളുടെ മൂല്യത്തിലും സാധുതകളിലുമുള്ള ദൃഢവിശ്വാസം; എല്ലാ രംഗങ്ങളിലും നടത്തുന്ന ഗവേഷണങ്ങളുടെ സംപൂജ്യതയെക്കുറിച്ചുള്ള അതിയായ മതിപ്പ് – ഇവയെല്ലാം ആ ധാർമ്മികാഭിമുഖ്യത്തിന്റെ സവിശേഷതകളത്രേ." പ്രപഞ്ചത്തെ പണിതുയർത്തുവാൻ അനന്യസാധാരണമായ ആവേശവും കറകളഞ്ഞ ഭക്തിയും ഈ മതവിശ്വാസികൾക്ക് ലഭിക്കുന്നു. ഇവരിൽക്കാണുന്ന പ്രയത്നശീലവും അപകടങ്ങൾ പതിയിരിക്കുന്ന രംഗങ്ങളിൽ ഗവേഷണങ്ങൾ നടത്തുവാനുള്ള ദൃഢചിത്തതയും സമ്പൂർണ്ണമായ അർപ്പണബോധവും മതവിശ്വാസികളെന്ന പേരിൽ അറിയപ്പെടുന്ന പലരേയും ലജ്ജിപ്പിക്കുവാൻ പോരുന്നവയാണ്. തന്മൂലം ആധുനിക മനുഷ്യന് ഈ മതം വളരെ ആകർഷകമായി തോന്നുന്നു. തന്റെ അഭിനിവേശങ്ങളെ തൃപ്തിപ്പെടുത്തുവാൻ ഈ മതത്തിന് കഴിയുമെന്ന് അവൻ വിശ്വസിക്കുന്നു. ഇതിനു കടകവിരുദ്ധമായാണ് ക്രിസ്തുമതത്തെ അവൻ കാണുന്നത്. അതുകൊണ്ടത്രേ ക്രിസ്തുമതത്തിൽ ഒരു പ്രതിസന്ധി ഉളവായിരിക്കുന്നത്.

ഈ പുതിയ പ്രപഞ്ചമതം അപ്പാടെ തെറ്റാണെന്ന് തെയ്യാറിന് അഭിപ്രായമില്ല. ഇതിൽ അർഥവത്തായ അനേകം മാനുഷിക മൂല്യ ങ്ങളുണ്ട്. അവയെ ക്രിസ്തുമതത്തിന് നിരാകരിക്കുവാൻ കഴിയുകയില്ല. അല്ലെങ്കിൽ ആത്മവിശ്വസ്തത പുലർത്തുവാൻ ക്രിസ്തുമതത്തിന് സാധ്യമല്ല. ഈ മൂല്യങ്ങളെ ക്രിസ്തുമതത്തോട് സമരപ്പെടുത്തിയേ മതിയാവൂ.പ്രപഞ്ചത്തിലുള്ള വിശ്വാസം ന്യായീകരിക്കത്തക്കതാണെന്ന് തെയ്യാർ കരുതുന്നു. അതേ സമയം ഒരു കേന്ദ്രമില്ലാത്ത ഒരു പ്രപഞ്ചത്തെക്കുറിച്ച് ചിന്തിക്കാനേ സാധ്യമല്ല. പ്രപഞ്ചത്തിന്റെ യഥാർഥ കേന്ദ്രം ദൈവ മനുഷ്യനായ ക്രിസ്തുവത്രേ. അങ്ങനെ പ്രപഞ്ചവിശ്വാസം ദൈവവിശ്വാസത്തിന് വിരുദ്ധമല്ലെന്ന് വരുന്നു. പ്രപഞ്ചത്തിലുള്ള ആത്മാർഥമായ വിശ്വാസം ദൈവിശ്വാസത്തിൽ പൂർണ്ണമാവുന്നു. പ്രപഞ്ചത്തിന് ഒരു കേന്ദ്രമുണ്ടെന്നും, ആ കേന്ദ്രം ഉത്ഥിതനായ ക്രിസ്തുവാണെന്നും ബോധ്യമുള്ളതുകൊണ്ടാണ് യഥാർത്ഥ ക്രൈസ്തവർ പ്രപഞ്ചത്തിൽ വിശ്വസിക്കുക.

ഉൾചേർച്ച (Principle of Coherence) എന്ന തത്വത്തിന്റെ വെളിച്ച ത്തിൽ വേണം തെയ്യാറിന്റെ ചിന്തയെ വിലയിരുത്തുവാൻ. ഉൾചേർച്ച അദ്ദേഹത്തെ സംബന്ധിച്ചിടത്തോളംസർവപ്രധാനമാണ്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അതുതന്നെയാണ് സത്യം. തികച്ചും ഉൾച്ചേർച്ചയുള്ള ഒരു പ്രപഞ്ചവീക്ഷണവും യുക്തിഭദ്രമായ ജീവിതത്തിന് പ്രേരണ നൽകു ന്നുവെങ്കിൽ അത് നിർവ്യാജമാകാതിരിക്കാൻ ഇടയില്ല. പ്രപഞ്ചത്തെക്കു റിച്ചും ജീവിതത്തെക്കുറിച്ചും തെയ്യാർ ഇപ്രകാരമുള്ള യുക്തിഭദ്രമായ ഒരു വീക്ഷണം കാഴ്ചവെച്ചിട്ടുണ്ടോ? ഇല്ലെന്ന് തോന്നുന്നു. തെയ്യാറിന്റെ പ്രപഞ്ചവീക്ഷണത്തെ സൂക്ഷ്മമായി പഠിക്കുന്ന ഒരാൾക്ക് അതു തികച്ചും യുക്തിഭദ്രമാണെന്ന് പറയുവാൻ കഴിയുകയില്ല.

തെയ്യാറിന്റെ വീക്ഷണങ്ങൾക്കുനേരെ ഉയർന്നിട്ടുള്ള പ്രതികരണ ങ്ങൾ വിഭിന്നങ്ങളത്രേ. സി. എഫ്. മുനി എഴുതുന്നു: ‘‘തെയ്യാറിന്റെ മര ണശേഷം ഒരു ദശാബ്ദം കഴിയുന്നതിനുമുമ്പ് അദ്ദേഹത്തിന് വലിയ പ്രസിദ്ധിയും കുപ്രസിദ്ധിയും ഒന്നിച്ചുളവായി. അദ്ദേഹമിപ്പോൾ ജീവി ച്ചിരുന്നെങ്കിൽ ഇവ കണ്ട് അമ്പരന്നേനേ. ശാസ്ത്രജ്ഞരേയും തത്വജ്ഞ രേയും ദൈവവിജ്ഞാനികളേയും അദ്ദേഹം അസ്വസ്ഥരാക്കിയിട്ടുണ്ട്. അദ്ദേഹത്തെ ശക്തമായി പിൻതാങ്ങുകയും പുറന്തള്ളുകയും ചെയ്യുന്ന വരെ ക്രൈസ്തവരുടെയും അക്രൈസ്തവരുടെയുമിടയിൽ കാണാം. പ്രതിഭാശാലി, നവീനവും അർത്ഥവത്തുമായ ക്രിസ്തുമതത്തിന്റെ പ്രണേ താവ് എന്നെല്ലാം അദ്ദേഹം പ്രശംസിക്കപ്പെട്ടിട്ടുണ്ട്. അതേ സമയം അപ കടകാരിയായ ഒരു നവീകരണക്കാരനായി അദ്ദേഹത്തെ മറ്റുചിലർ വീക്ഷിക്കുന്നു; ഇവരുടെ അഭിപ്രായത്തിൽ, സഭയ്ക്ക് അസ്വീകാര്യമായ പല പ്രസ്താവനകളും തെയ്യാർ കൃതികളിലുണ്ട്; എങ്കിലും തെയ്യാർ ആത്മാർത്ഥത തികഞ്ഞ ഒരു ചിന്തകനാണെന്ന കാരണത്താൽ സഭാ

ധികാരികൾ കർശനമായി ശിക്ഷണനടപടികൾ അദ്ദേഹത്തിനെതിരായി സ്വീകരിച്ചില്ല. ചിലരെ സംബന്ധിച്ചിടത്തോളം അദ്ദേഹം പ്രതിഭാശാലി യായ ഒരു അഗാധചിന്തകനാണ്. മറ്റുചിലരുടെ ദൃഷ്ടിയിലോ, ഒരു ശാസ്ത്രജ്ഞന്റെ കർക്കശമായ ജീവിതചര്യയിൽനിന്ന് വ്യതിചലിച്ച് വ്യക്തിപരമായ മതാത്മകാനുഭവത്തിന്റെ കാവ്യഭാഷയിൽ സംസാരിക്കു വാൻ തുനിഞ്ഞ ശാസ്ത്രജ്ഞനും. സ്കൊളാസ്റ്റിക് ചിന്തയോട് തികഞ്ഞ അസഹിഷ്ണുത പുലർത്തിയിരുന്ന അദ്ദേഹത്തെ ഈ യുഗത്തിലെ ഏറ്റവും സുധീരനായ ആധ്യാത്മിക ചിന്തകരിലൊരുവനെന്ന് ഒരു പ്രസി ദ്ധനായ സ്കൊളാസ്റ്റിക് ചിന്തകൻ (Josef Pieper) പ്രശംസിക്കുകയു ണ്ടായി.

തെയ്യാർ കടുത്ത വിമർശനത്തിനിരയായിട്ടുണ്ട്. പലരും അദ്ദേഹ ത്തിനെതിരെ ദണ്ഡുകൾ ചുഴറ്റി. ഡിയട്രിക്ക് ഫോൺ ഹിൽഡെ ബ്രാൻഡ് (Dietrich von Holdebrand) എന്ന ഗ്രന്ഥകാരൻ അതിനിശിത മായ ഒരു വിമർശനത്തിലൂടെ തെയ്യാറിനെ പിച്ചിച്ചീന്തുവാൻ ശ്രമിക്കുക യുണ്ടായി. തെയ്യാറിന്റെ പ്രയത്നം മുഴുവൻ വൃഥാവിലായിരുന്നുവെ ന്നാണ് ഹിൽഡെ ബ്രാൻഡിന്റെ അഭിപ്രായം. ശാസ്ത്രത്തിനും ക്രൈസ്ത വവിശ്വാസത്തിനും തമ്മിലുള്ള പൊരുത്തക്കേടുകൾ ഇല്ലാതാക്കാൻ തെയ്യാർ ശ്രമിച്ചു. ഇങ്ങനെ ഒരു പൊരുത്തക്കേട് ഉണ്ടെന്ന ധാരണ മിഥ്യ യാണ്. ഹിൽഡെ ബ്രാൻഡിന്റെ അഭിപ്രായത്തിൽ, അനവധാനരായ ചിന്ത കരുടെ ഹൃദയങ്ങളാണ് ഈ പൊരുത്തക്കേടിന്നാസ്ഥാനം. തന്മൂലം തെയ്യാർ ചർച്ച ചെയ്യുന്ന പ്രശ്നവും അതിനു നൽകുന്ന ഉത്തരവും ഒരു പോലെ അർത്ഥശൂന്യമായ ജല്പനങ്ങളാണ്. ഈ ജല്പനങ്ങളിൽ നിര വധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായും അദ്ദേഹം കാണുന്നു. ''തികഞ്ഞ ചിന്താക്കുഴപ്പവും'' ''ദൈവശാസ്ത്രാപാകത''യുമാണ് ഹിൽഡെ ബ്രാൻഡ് തെയ്യാറിൽ ദർശിച്ചത്. പ്രകൃത്യനുസൃതവും പ്രകൃത്യതീതവുമായവയെ തെയ്യാർ കൂട്ടികുഴച്ചു. പദാർത്ഥവും അരൂ പിയും തമ്മിലുള്ള മൗലികമായ വ്യത്യാസം മനസ്സിലാക്കാനുള്ള കഴിവു കേട് തെയ്യാറിന്റെ മറ്റൊരു വലിയ പോരായ്മയാണ്. ഈ കഴിവുകേടു കൾ മറച്ചുവെക്കുവാനായി അദ്ദേഹം പകിട്ടേറിയ ചില പുതിയ പദങ്ങ ളുടെ സഹായം തേടുന്നു (ഈ പദങ്ങളെ അദ്ദേഹത്തിന്റെ ആരാധകർ വലിയ കാര്യമാക്കുന്നുണ്ട്!). വ്യക്തിയെപ്പറ്റിയുള്ള തെയ്യാറിന്റെ ധാരണ പരമാബദ്ധമാണ്. സ്വാതന്ത്ര്യം പരോക്ഷമായി അദ്ദേഹം നിഷേധിച്ചു. ഇവയ്ക്ക് സദൃശ്യമായ അനേകം കാരണങ്ങളാൽ ഹിൽഡെ ബ്രാൻഡ് തെയ്യാറിനെ ''ഒരു വ്യാജപ്രവചക''നായി പരിഗണിക്കുന്നു. വേഷം മാറി നടക്കുന്ന ഒരു സർവദേവതാവാദികൂടിയാണ് തെയ്യാർ. ''ക്രൈസ്തവ ക്കുപ്പായമണിഞ്ഞ നോസ്റ്റിക്ക് (Gnostic) അദ്വൈതവാദ''മാണ് തെയ്യാ റിന്റെ ചിന്ത. ഹിൽഡെബ്രാർഡിന്റെ വീക്ഷണത്തിൽ, ''വോൾട്ടയർ, റെനൻ, നീത്ഷേ തുടങ്ങിയവരേക്കാൾ അപകടകാരിയാണ്'' തെയ്യാർ.

ഷാക്ക് മാരിത്താന്റെ തെയ്യാർവിമർശനങ്ങളും നിശിതങ്ങളത്രേ. അദ്ദേഹത്തിന്റെ വിമർശനത്തിൽ തെയ്യാറിന്റെ ചിന്തക്കെതിരെ വാക്കുകളുടെ ഒരു കൂമ്പാരംതന്നെ കാണുന്നുണ്ട്. താൻ ചെയ്യുന്നത് ന്യായീകരിക്കത്തക്കതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. സ്കൊളാസ്റ്റിസിസത്തിന്റെ ആവനാഴിയിൽ നിന്ന് അനേകം കൂർത്ത ശരങ്ങൾ അദ്ദേഹം തെയ്യാറിന്റെ ചിന്തയ്ക്കുനേരെ തൊടുത്തുവിടുന്നു. തെയ്യാറിന്റെ ചിന്ത അവസരാരാധന (chronolatry) മാത്രമാണ്, മാരിത്തേന്റെ വീക്ഷണത്തിൽ. സത്യത്തെ കാലത്തിന്റെ ദാസിയാക്കുകയെന്നതാണ് അതിന്റെ പ്രത്യേകത. ആധുനികയുഗത്തിലെ മാർസിയന്നായി തെയ്യാറിനെ അദ്ദേഹം ചിത്രീകരിക്കുന്നു. തെയ്യാറിന്റെ ചിന്തയെ ശക്തമായി എതിർക്കുന്നതോടൊപ്പം വിശിഷ്ടമായ പല ഗുണങ്ങളുടേയും ഉടമയായി തെയ്യാറിനെ മാരിത്താൻ ആദരിക്കുന്നു.

അടുത്തകാലത്ത് തെയ്യാറിനെക്കുറിച്ച് സന്തുലിതവും സമചിത്തതയുമുള്ളതുമായ കുറെ പഠനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ടെന്നുള്ള വസ്തുത ചാരിതാർഥ്യജനകമാണ്. ഹെന്റി ഡി ലുബാക്ക്, ക്രിസ്റ്റൊഫർ എഫ്. മൂനി. പിയേസ്മൾഡേഴ്സ്, റോബർട്ട് എൽ. ഫാരിസി എന്നിവരുടെ കൃതികൾ ഉദാഹരണങ്ങൾ. ഇവരും ഇവരെപ്പോലെയുള്ള മറ്റു പലരും അഭിപ്രായപ്പെടുന്നത്, തെയ്യാറിനെപ്പറ്റിയുള്ള ചില വിമർശനങ്ങൾ അദ്ദേഹത്തിന്റെ ഉദ്ദേശ്യവും സമീപനരീതിയും ഗ്രഹിക്കാതെയുള്ളവയാണത്രേ. അദ്ദേഹത്തിന്റെ നവീനപദങ്ങളെക്കുറിച്ചു പറഞ്ഞാൽ, അപൂർവ്വകല്പനവിഭവനായ ഒരു ചിന്തകന് തന്റെ ഉൾക്കാഴ്ചകൾ ആവിഷ്കരിക്കുവാൻ പുതിയ വാക്കുകൾ കണ്ടുപിടിക്കാതെ തരമില്ല; അഥവാ പഴയ വാക്കുകൾക്ക് പുതിയ അർത്ഥങ്ങൾ കല്പിക്കാതിരിക്കുക വയ്യ. അദ്ദേഹത്തിന്റെ ചിന്തയെ അർത്ഥശൂന്യമായ പദങ്ങളുടെ കൂമ്പാരമായോ കവികളുടെ സങ്കല്പമായോ തരംതാഴ്ത്തിക്കാണിക്കുന്നത് അദ്ദേഹത്തിന്റെ ശ്രമത്തെ വേണ്ടത്ര ഗ്രഹിച്ചിട്ടില്ലെന്ന് വെളിപ്പെടുത്തുന്നതിന് തുല്യമായിരിക്കും. അദ്ദേഹത്തിന്റെ ചിന്തയെ ആഴമായി പഠിക്കുന്തോറും അതിനെ കൂടുതൽ കൂടുതൽ ആഴമായി പഠിക്കേണ്ടതിന്റെ ആവശ്യകത പലർക്കും ബോധ്യപ്പെട്ടു വരികയാണ്. ആഴത്തിലേക്കിറങ്ങുമ്പോൾ വ്യക്തമായി കാണാനും വിവേചിക്കുവാനും കഴിയുന്നു. ബെർനാർഡ് ഡെൽഫ്ഗാവിന്റെ അഭിപ്രായം ബുദ്ധിപൂർവകവും കുറിക്കു കൊള്ളുന്നതാണ്: ''ഈ വിധത്തിലുള്ള ചിന്ത പല ഭാഗത്തുനിന്നും ആക്രമണ വിധേയമായേക്കും. പക്ഷേ അതിപ്രധാനമായ പ്രശ്നം ഇതാണ്. അതിന്റെ പ്രകടലക്ഷണങ്ങൾ സ്വീകാര്യമാണോ? അവയെ അടിസ്ഥാനമാക്കി ശാസ്ത്രീയവും ദാർശനികവും ദൈവഭാഷ്യപരവുമായ അന്വേഷണങ്ങളെ സമരസപ്പെടുത്തുവാൻ കഴിയുമോ? വിമർശനബുദ്ധ്യാ വിലയിരുത്താതെ തെയ്യാറിന്റെ സിദ്ധാന്തത്തെ ഉന്മാദത്തള്ളലിൽ അംഗീകരിച്ചുകളയുന്നത് അതിനെ അപ്പാടെ നിരസിക്കുന്നതുപോലെതന്നെ ബുദ്ധിശൂന്യമാണ്.

അഭികാമ്യമായ ഏകകർത്തവ്യം അതിനെ മതശാസ്ത്രചിന്താതലങ്ങളിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും അതിന്റെ അനന്തരഫല ങ്ങളെ വിശകലനം ചെയ്യുകയുമത്രേ.''

അവസാനമായി, തെയ്യാറിന് സ്വന്തം ചിന്തയെക്കുറിച്ചുണ്ടായിരുന്ന അഭിപ്രായം ആരായുക ഉചിതമാണ്. ''ദൈവശാസ്ത്രം ചിന്തയുടെ ഉണ ക്കിയെടുത്ത ജഡമല്ല'' എന്ന് തെയ്യാർ കരുതുന്നു. ജീവനുള്ള മറ്റെന്തി നേയും പോലെ ജീവിക്കുന്ന ദൈവശാസ്ത്രം നിരന്തരം നവീകരണപ്ര ക്രിയയ്ക്ക് വിധേയമായിക്കൊണ്ടിരിക്കണം. സത്യം ആവിഷ്കൃതസ ത്യങ്ങളുടെ വിശിദീകരണമനുസരിച്ചാണത്. കൂടുതൽ ഉദ്ഗ്രഥിതമായ ഒരാശയത്തിലേക്ക് അഥവാ നിലപാടിലേക്ക് ഈ പ്രക്രിയ എപ്പോഴും വഴിതെളിക്കുന്നു. ദൈവശാസ്ത്രനവീകരണം കൂടിയേതീരു. അതേ സമയം നവീകരണം അപകടകാരിയാണ്. നവീകരണത്തിനുവേണ്ടി യത്നിക്കുന്ന ദൈവശാസ്ത്രജ്ഞന്മാർ അവ്യക്തത ഉളവാക്കുകയെന്ന അപകടത്തിൽ ചാടാനിടയുണ്ട്. ചില തെറ്റുകൾ പറ്റിയെന്നു വരാം. നവീ കരണത്തിന് ഇവ കൂടിയേ തീരൂ. ധീരമായ മുന്നേറ്റവും ബുദ്ധിപൂർവ്വക മായ പരീക്ഷണങ്ങളുമില്ലെങ്കിൽ ദൈവശാസ്ത്രപുരോഗതി അസാധ്യം. അബദ്ധങ്ങൾ പിണയാമെന്ന ധാരണ ഇവർക്കെപ്പോഴുമുണ്ടായിരിക്ക ണം. തന്മൂലം അധികാരികളിൽനിന്ന് ന്യായമായ നിർദേശങ്ങൾ സ്വീക രിക്കേണ്ടതിന്റെ ആവശ്യകത അവർ അംഗീകരിക്കണം. ദൈവശാസ്ത്ര നവീകരണത്തെക്കുറിച്ച് തെയ്യാറിനുണ്ടായിരുന്ന അഭിപ്രായം ഇതുതന്നെ ആയിരുന്നുവെന്ന് തോന്നുന്നു, തന്റെ സമീപനത്തിൽ അപാകതകൾ ഉണ്ടായിരിക്കാമെന്ന അവബോധം അദ്ദേഹം സദാ പുലർത്തിയിരുന്നു .തിരുത്തലുകൾ സ്വീകരിക്കുവാൻ വിസമ്മതിച്ചുരുന്നില്ല. അദ്ദേഹത്തിന്റെ ഒരെഴുത്തിൽനിന്ന് ഇക്കര്യം വ്യക്തമാണ്. 1916 ൽ അദ്ദേഹം ഇപ്രകാരം എഴുതി: ''എന്റെ ആശയങ്ങൾ വളരെ അവ്യക്തമാണ്. അവ ഒരേ സമയം വളരെ വിശുദ്ധരും വളരെ മാനുഷിക ഭാവമുള്ളവരുമായുടെ പരിശോധ നക്ക് വിധേയമാകേണ്ടിയിരിക്കുന്നു.'' ജീവിതാവസാനമായപ്പോൾ തന്റെ വീക്ഷണം ഒരു മാനസികഭ്രമം മാത്രമാണോ എന്ന ഭീതിപോലും അദ്ദേ ഹത്തിനുണ്ടായി. 1955-ൽ അദ്ദേഹം എഴുതിയതിപ്രകാരമായിരുന്നു. എന്റെ വീക്ഷണം എത്രമാത്രം ആകർഷകമാണെങ്കലും, ഞാൻ ഒട്ടും മെച്ചപ്പെ ടാത്തതും എനിക്ക് തോന്നുന്ന അത്ഭുതാവഹമായ ഐക്യം എന്റെ പ്രവർത്തനങ്ങളിലേക്കും മറ്റുള്ളവരിലേക്കും വ്യാപിക്കുവാൻ കഴിയാ ത്തതും എന്തുകൊണ്ടാണ്? സാർവത്രിക ക്രിസ്തു? ദൈവികമായ പരി സരം? ഒരു മാനസിക വിഭ്രാന്തിയുടെ ഇരയാണെന്നു വരുമോ ഞാൻ? ഇതാണ് എനിക്കു പലപ്പോഴും തോന്നുന്നത്.'' തനിക്ക് തെറ്റു പറ്റുവാ നിടയുണ്ടെന്ന് തെയ്യാറിന് നന്നേ ബോധ്യമായിരുന്നു.

.ചുരുക്കത്തിൽ, അന്തിമതീരുമാനങ്ങളെന്നതിനേക്കാൾ നിർദ്ദേശ ങ്ങളെന്ന നിലക്കാണ് തെയ്യാർ തന്റെ അഭിപ്രായങ്ങൾ,വിശിഷ്യാ ദൈവ

ശാസ്ത്രപരമായ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നത്. തന്റെ അഭിപ്രായങ്ങൾക്ക് അമിതപ്രാധാന്യം നൽകരുതെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്: ''ഞാൻ അവതരിപ്പിക്കുന്ന അഭിപ്രായങ്ങൾ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും അവയുടെ ശൈശവാവസ്ഥയിലാണ്. അവയെ സർവ്വസ്വീകാര്യമായോ അന്തിമമായോ നോക്കികാണരുത് . ഞാൻ നൽകുന്ന നിർദ്ദേശങ്ങളാണ്; വിധിത്തീർപ്പുകളല്ല. അനിയതരൂപത്തിലുള്ള എന്റെ ആശയങ്ങളിലേക്ക് മറ്റുള്ളവരെ തിരിക്കുകയല്ല എന്റെ ലക്ഷ്യം. പ്രത്യുത, അവരുടെ ചിന്തയ്ക്ക് പുതിയ ചക്രവാളങ്ങൾ തുറക്കുകയത്രേ.''

ബൗദ്ധിക നവീകരണത്തിന്റെ ഓമെഗയിൽ താനെത്തിച്ചേർന്നുവെന്ന് തെയ്യാർ ഒരിക്കലും അവകാശപ്പെടുന്നില്ല. തികച്ചും യുക്തിയുക്തവും പരസ്പരബദ്ധവുമായ ചിന്താസംഹിതയ്ക്ക് അന്തിമരൂപം കൊടുത്തുവെന്നും അദ്ദേഹം അഭിമാനിക്കുന്നില്ല. (വാസ്തവത്തിൽ അദ്ദേഹത്തിന് ന്യായമായി ഇത്തരം ഒരവകാശവാദം നടത്താൻ അർഹതയില്ലായിരുന്നുതാനും.) യാതൊരു കുറവുമില്ലാത്ത ഒരു പരിപൂർണ്ണ ചിന്താപദ്ധതി രൂപപ്പെടുത്തുവാൻ ആർക്കെങ്കിലും കഴിയുമോ? എന്നെങ്കിലും അതൊരു യാഥാർഥ്യമായിത്തീരുമോ? മനുഷ്യജീവിതംതന്നെ പൂർണ്ണസത്തയിലേയ്ക്കുള്ള ആരോഹണമാണല്ലോ. സത്യം തന്നെ മോക്ഷദായകം (യോഹ 8:32) ജീവിതം തന്നെ സത്യത്തിലേയ്ക്കുള്ള തീർഥാടനമല്ലേ? ''സത്യേന മുച്യതേ.''

***കടപ്പാട്***

ഡോ. ജോർജ്ജ് പുഞ്ചക്കുന്നേൽ എഡി. *ക്രിസ്തുദർശനം* (കോട്ടയം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1975)